

അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണം
# എടക്കാട്
# ഗ്രാമപഞ്ചായത്ത്

# വികസനരേഖ
## 1996

144 - 2

1

# ജനകീയ ആസൂത്രണപദ്ധതി

## എടക്കാട് ഗ്രാമപഞ്ചായത്ത്

**വികസന സെമിനാർ**

**96 ഡിസംബർ 1 ഞായറാഴ്ച**

**തോട്ടട ഗവ: ഹൈസ്കൂൾ**

# ROUTE MAP OF EDAKKAD GRAMA PANCHAYAT



# എടക്കാട് ഗ്രാമപഞ്ചായത്ത്
## ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| പി.വി. ലളിത | : | പ്രസിഡന്റ് |
| എം.പി. രാധാകൃഷ്ണൻ | : | വൈസ് പ്രസിഡന്റ് |
| താപ്പള്ളി ശശീന്ദ്രൻ | : | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |
| പി.കെ. രമണി | : | മെമ്പർ |
| മുരളി വീനസ് | : | ,, |
| പാറക്കാട്ട് ശ്രീനിവാസൻ | : | ,, |
| കെ.പി. നന്ദിനി | : | ,, |
| കൂവ നാരായണൻ | : | ,, |
| പി.എം. മീരാൻ മാസ്റ്റർ | : | ,, |
| സി. ഭാനുമതി | : | ,, |
| സി. രമണി | : | ,, |
| കെ. സതി | : | ,, |
| വി.പി. ദാസൻ | : | ,, |

# പഴയകാല ഭരണസമിതി അംഗങ്ങൾ

## I

1. ടി. കുഞ്ഞിരാമൻ (പ്രസിഡന്റ്)
2. കെ.വി. വേലായുധൻ
3. വി.കെ. കുമാരൻ
4. ടി.പി. കുഞ്ഞിരാമൻ.
5. കെ. വിജയൻ നമ്പ്യാർ
6. കൂടാളി കണ്ണൻ
7. കെ.കെ. കൃഷ്ണൻ
8. സി. അംബുക്കുട്ടി
9. പി.പി. കുഞ്ഞിരാമൻ

## II

1. ആർ. കൃഷ്ണൻ (പ്രസിഡന്റ്)
2. എ. ഗോവിന്ദൻ
3. സി.സി. യശോദ
4. പി. ഗോവിന്ദൻ
5. പി.കെ. അബ്ദുൾ ഖാദർ.
6. പി.പി. ഇബ്രാഹിം (വൈസ് പ്രസിഡന്റ്)
7. എം.കെ. കുമാരൻ
8. സി.എച്ച്. കുമാരൻ
9. പി.പി. രാഘവൻ നമ്പ്യാർ
10. സി. അച്ചുതൻ

## III

1. കെ. മുകുന്ദൻ (പ്രസിഡന്റ്)
2. സി.കെ. അച്ചുതൻ
3. പി.കെ. അഹമ്മദ്കുട്ടി
4. ചന്ദ്രൻ കിഴുത്തള്ളി
5. കെ. ലക്ഷ്മി
6. കെ. അച്ചുതൻ
7. എ. ഗോവിന്ദൻ
8. ഹംസ്സ ടി.കെ. (വൈസ് പ്രസിഡന്റ്)
9. പി.കെ. കരുണാകരൻ
10. കെ.വി. ഗോവിന്ദൻ.

## IV

1. ചന്ദ്രൻ കിഴുത്തള്ളി (പ്രസിഡന്റ്)
2. കെ.കെ. നാരായണൻ
3. വി.പി. വിജയൻ
4. പുത്തൻപുരയിൽ രവീന്ദ്രൻ
5. പാറയിൽ പുത്തൻവീട് ലക്ഷ്മണൻ
6. ആലക്കാട്ട് നാരായണൻ (വൈസ് പ്രസിഡന്റ്)
7. വി.പി. ഉമ്മർക്കുഞ്ഞി
8. എം.സി. രാമൻ
9. കെ.വിമല
10. എട്ടുതെങ്ങിൽ ശശീന്ദ്രൻ
11. ഇ. പങ്കജാക്ഷി
12. എം.എം. ഫാത്തിമ

# എടക്കാട് ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട് '96

## *വിഷയവിവരം:*


1. ആമുഖം
2. പൊതുവിവരണം
3. ചരിത്രപശ്ചാത്തലം
4. ഭൂപ്രകൃതി ജലവിഭവം
5–1 കൃഷിയും ജലസേചനം
5–2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5–3 വ്യവസായം
5–4 വിദ്യാഭ്യാസം
5–5 കുടിവെള്ളവും പൊതുജനാരോഗ്യവും
5–6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5–7 പാർപ്പിടവും സമൂഹ്യക്ഷേമവും
5–8 സംസ്കാരം
5–9 വനിത
5–10 സഹകരണം
5–11 പട്ടികജാതി–പട്ടികവർഗക്ഷേമം
5–12 വിഭവസമാഹരണം

# ആമുഖം

**കേ**രള സംസ്ഥാനത്തിന്റെയും ആസൂത്രണ പ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമാണ് ജനകീയ ആസൂത്രണ പരിപാടി. 1996 ജൂലായ് 14–ന് ചേർന്ന സംസ്ഥാന ആസൂത്രണ ബോർഡ് യോഗം ആസൂത്രണം വികേന്ദ്രീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതോടുകൂടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് തുടക്കമാകുന്നത്. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ പരിഹരിച്ച് പദ്ധതി ആസൂത്രണം ജനകീയവത്കരിച്ചുകൊണ്ട് ഒമ്പതാം പദ്ധതിക്ക് രൂപം കൊടുക്കുന്നതിനുവേണ്ടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് ഇതുവരെയുള്ള പദ്ധതികളിലൂടെ ഒരുപാട് നേട്ടങ്ങൾ നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഉദ്ദേശിക്കപ്പെട്ട ലക്ഷ്യപ്രാപ്തി ഒരിക്കലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി ആസൂത്രണം മേൽതട്ടിൽ നടക്കുന്നതുകൊണ്ട് പ്രദേശങ്ങൾക്കും ജനങ്ങൾക്കും ആവശ്യം വേണ്ട പദ്ധതികൾക്ക് അനുവാദം കിട്ടാതിരിക്കുമ്പോൾതന്നെ അനാവശ്യമായ പദ്ധതികൾക്ക് വേണ്ടി ധനം ദുർവ്യയം ചെയ്യുന്ന എത്രയോ അനുഭവങ്ങൾ ചൂണ്ടികാണിക്കാൻ കഴിയും. ഇത്തരം അപാകതകൾ പരിഹരിക്കാനും അതത് പ്രദേശത്തിനാവശ്യമായ പദ്ധതികൾക്ക് അവിടുത്തെ ജനങ്ങൾതന്നെ രൂപം കൊടുക്കാനും ജനകീയ ആസൂത്രണത്തിലൂടെ സാധിക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയയുഗം തുടങ്ങാൻ പോവുകയാണ്. താഴെതട്ടിൽനിന്ന് ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം ഒമ്പതാം പദ്ധതിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് ഈ സമീപനത്തെ അടിസ്ഥാനമാക്കിയായിരിക്കും.

സ്വാതന്ത്ര്യലബ്ധി മുതൽ നാം തുടർന്നുവന്ന ആസൂത്രണ സമ്പ്രദായത്തിന് അടിസ്ഥാനപരമായി വൈകല്യങ്ങളുണ്ടായിരുന്നുവെന്ന് അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

വികസനപദ്ധതികൾ സംബന്ധിച്ച കാര്യങ്ങളെല്ലാം ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാന തലത്തിലും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ വഴി നടപ്പാക്കുകയാണ് ചെയ്യുന്നത്. ഇതുമൂലം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ ജനകീയാവശ്യങ്ങൾക്കോ യോജിച്ചവയായിരുന്നില്ല മിക്ക പദ്ധതികളും.

ആസൂത്രണം അതിന്റെ പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചു. സ്ഥലജലവിഭവങ്ങളുടെ സാദ്ധ്യതകളെയും അവയുടെ വിനിയോഗത്തെയും കണ്ടുകൊണ്ട് പരിപാടികൾ തയാറാക്കുന്നതിന് പകരം ഇന്ത്യൻ ആസൂത്രണം വെറും ഡിപ്പാർട്ട്മെന്റലിസമായി തീർന്നു.

പദ്ധതിയുടെ ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ജനപങ്കാളിത്തമുണ്ടായിരുന്നില്ല. താൻമൂലം പദ്ധതി പ്രവർത്തനം ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ടു. ഇത് പ്രാദേശിക വിഭവ

സമാഹകരണ സാധ്യതകൾ ഇല്ലാതാക്കി. നടത്തിപ്പിന്റെ കാര്യക്ഷമതയും ഇല്ലാതാക്കി.

കേരളം ഇന്ന് അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. കാർഷികമേഖല പ്രതീക്ഷകൾക്കൊപ്പം വളരുന്നില്ല. വ്യവസായമേഖല മുരടിച്ചു നില്ക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു. സേവനമേഖലകളുടെ നിലവാരത്തകർച്ച ജനജീവിതത്തെ ബാധിച്ചിരിക്കുന്നു. വൈദ്യുതക്ഷാമം നിലവിലുള്ള വ്യവസായങ്ങളുടെ നടത്തിപ്പിനെപ്പോലും അവതാളത്തിലാക്കിയിരിക്കുകയാണ്. ഇത് അടിയന്തിരമായി പരിഹരിക്കുകയും കാർഷിക ചെറുകിട വ്യവസായമേഖലകളുടെ ഉൽപാദനക്ഷമത ഉയർത്തുകയും സേവനത്തുറകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേണം. ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് ഇപ്പോഴത്തെ കേരള ഗവൺമെന്റ് ധാരാളം പദ്ധതികൾ ആസൂത്രണം ചെയ്യുകയും പലതും വിജയപ്രതീക്ഷ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇത് വളരെ ശ്ലാഘനീയമായ കാര്യമാണ്.

ഇത് വരെയുള്ള ആസൂത്രപ്രക്രിയയുടെ വൈകല്യങ്ങൾ ഇല്ലാതാക്കുന്നതിന് ആസൂത്രണം സമഗ്രമായി ജനപങ്കാളിത്തത്തോടെ വികേന്ദ്രീകരിക്കണം. ഗ്രാമപഞ്ചായത്തിൽവച്ച് തീരുമാനിക്കാൻ കഴിയുന്ന കാര്യങ്ങൾ അവിടെ തീരുമാനിക്കപ്പെടണം. അതിന് നിർവ്വാഹമില്ലാത്തവ മാത്രം ബ്ലോക്ക് ജില്ലാ സംസ്ഥാന തലത്തിൽ തീരുമാനിക്കപ്പെടണം.

വളരെ വലിയ ഉത്തരവാദിത്തമാണ് ഗ്രാമപഞ്ചായത്തുകൾക്ക് കൈവരുന്നത്. ഒമ്പതാം പദ്ധതിയുടെ അടങ്കലിന്റെ 35-40% വരുന്ന തുക എങ്ങിനെ വിനിയോഗിക്കണമെന്ന് പഞ്ചായത്തുകൾ തീരുമാനിക്കാൻ പോവുകയാണ്. 4000-ത്തിനും 5000ത്തിനും ഇടയ്ക്ക് കോടിരൂപ വരുന്ന സംഖ്യയാണ് ഇങ്ങനെ ചിലവഴിക്കപ്പെടുക. ഇതുവരെയുള്ളതിൽ നിന്നും വ്യത്യസ്തമായ ഈ കടമ വിജയകരമായി നിർവ്വഹിക്കണമെങ്കിൽ അതിവിപുലമായ രീതിയിൽ ജനങ്ങളെ ഈ പ്രസ്ഥാനത്തിൽ അണിനിരത്തേണ്ടതുണ്ട്.

ഈ ലക്ഷ്യം നേടാൻ സാധിക്കുമെന്ന് ഇതുവരെയുള്ള അനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വിവിധ തലങ്ങളിൽ നിരവധി ചർച്ചകൾക്കും ആലോചനകൾക്കും ശേഷമാണ് പ്ലാനിംഗ് ബോർഡ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. ഇതിനകത്ത് കക്ഷി രാഷ്ട്രീയ പരിഗണനകൾ കടന്നുവരാതിരിക്കാൻ പരമാവധി ശ്രദ്ധവച്ചിട്ടുണ്ട്. പ്രതിപക്ഷനേതാവ് ഉൾപ്പെടെ പ്രധാന രാഷ്ട്രീയ പാർട്ടി നേതാക്കൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബഹുജന സംഘടനകളുടെ ഭാരവാഹികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 27 യോഗങ്ങൾ ജനകീയ ക്യാമ്പയിൻ ആരഭിക്കുന്നതിന് മുമ്പ് സംഘടിപ്പിക്കുകയുണ്ടായി.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ നമ്മുടെ പഞ്ചായത്തിലെ വിജയകരമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്ത് സമിതി നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. 18-9-96 നാണ് നമ്മുടെ പഞ്ചായത്തിൽ ഒന്നാംഘട്ട പ്രാദേശിക പരിശീലനം നടന്നത്. അതിൽ 54 പേരാണ് പങ്കെടുത്തത്. 3-11-96ന് രണ്ടാം ഘട്ടം പരിശീലന പരിപാടിയിൽ 97 പേർ പങ്കെടുത്തു. ഒന്നാം ഘട്ടത്തിലേതിനേക്കാൾ കൂടിയ പങ്കാളിത്തം രണ്ടാംഘട്ടത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞു. ഇതിൽനിന്നു തന്നെ പഞ്ചായത്ത് സമിതി ചിട്ടയായ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തുവെന്ന് കാണാവുന്നതാണ്.

ഒക്ടോബർ 2ന് മുമ്പായി ഗ്രാമസഭകൾ നടത്തിതീർക്കണം എന്നാണ് ആദ്യം തീരുമാനിച്ചതെങ്കിലും 6-10-96നാണ് നമുക്ക് 13 ഗ്രാമസഭകളും നടത്തിതീർക്കാൻ കഴിഞ്ഞത്. 54 മുതൽ 122 വരെ(മൊത്തം 1165) ആളുകൾ 13 ഗ്രാമസഭകളിലായി പങ്കെടുത്തു. പൊതുവെ സജീവമായ ചർച്ചകൾ ഗ്രാമസഭകളിൽ നടന്നു.

3-11-96ന്റെ രണ്ടാംഘട്ട പരിശീലന പരിപാടിയിൽ തീരുമാനിക്കപ്പെട്ടതനുസരിച്ച് ഭൂപ്രകൃതി നേരിൽകണ്ട് മനസ്സിലാക്കുന്നതിന് 4-11-96, 6-11-96, 10-11-96 തീയതികളിലായി ധൃതഗ്രാമപര്യടനം നടത്തി പഞ്ചായത്തിന്റെ എല്ലാ അതിരുകളും സ്പർശിച്ചുകൊണ്ട് നടത്തിയ പ്രസ്തുത പരിപാടി ഒരു അനുഭവമായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ ആദ്യം കരാറിനകം പ്രദേശം ഉൾപ്പെട്ടിരുന്നില്ല. മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും ഉൾപ്പെടാതെ കിടന്നിരുന്ന പ്രദേശം പിന്നീടാണ് നമ്മുടെ പഞ്ചായത്തിന്റെ

ഭാഗമായി തീർന്നത്.

ആദ്യത്തെ ഭരണസമിതിയിൽ പ്രസിഡന്റായി സേവനം അനുഷ്ടിച്ചത് ടി. കുഞ്ഞിരാമനായിരുന്നു. തുടർന്ന് ആർ. കൃഷ്ണൻ, കെ. മുകുന്ദൻ, ചന്ദ്രൻ കിഴുത്തള്ളി എന്നിവർ പ്രസിഡന്റുമാരായിക്കൊണ്ട് ഭരണസമിതികൾ ഭരണം നടത്തി. ഇപ്പോൾ പി.വി. ലളിത പ്രസിഡന്റും ശ്രീ. എം.പി. രാധാകൃഷ്ണൻ വൈസ് പ്രസിഡന്റും ശ്രീ താപ്പള്ളി ശശീന്ദ്രൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായി പ്രവർത്തിച്ചു വരുന്നു.

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ എടക്കാട് വില്ലേജ് മാത്രമാണ് നമ്മുടെ പഞ്ചായത്തിന്റെ പരിധി. 18.5 ച.കി.മീ മൊത്ത വിസ്തീർണം.

പടിഞ്ഞാറ് അറബിക്കടലും തെക്ക് അറബിക്കടലും മുഴപ്പിലങ്ങാട് പഞ്ചായത്തും, വടക്ക് എളയാവൂർ ചേലോറ പഞ്ചായത്തുകളും കണ്ണൂർ മുനിസിപ്പാലിറ്റിയും കിഴക്ക് ചെമ്പിലോട്, കടമ്പൂർ പഞ്ചായത്തുകളും അതിർത്തിയായുള്ള നമ്മുടെ പഞ്ചായത്തിന് 7 കി.മീറ്ററോളം നീളം വരുന്ന കടൽതീരം പ്രകൃതി അനുഗ്രഹിച്ചു നൽകിയിട്ടുണ്ടെങ്കിലും വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ ടൂറിസം പോഷിപ്പിക്കുന്നതിനോ ഉപയോഗപ്പെടുത്താൻ കഴിയാത്തത് ഒരു വിരോധാഭാസമായി തോന്നാം.

അഭൂതപൂർവ്വമായ കൂട്ടായ്മയുടെ സംഗമവേദിയായ ഗ്രാമസഭകളിൽ സജീവമായ ചർച്ചകളിലൂടെ ഉയർന്നുവന്ന പ്രശ്നങ്ങളുടെയും പഠനപര്യടനം, ദ്വിതീയ വിവരശേഖരണം, നാട്ടറിവ് എന്നിവ മുഖേന ലഭ്യമായ വിവരങ്ങളുടെയും വെളിച്ചത്തിൽ തയാറാക്കപ്പെട്ടതാണ് എടക്കാട് ഗ്രാമപഞ്ചായത്തിന്റെ ഈ വികസന റിപ്പോർട്ട്. നമ്മുടെ പഞ്ചായത്തിന്റെ വരുംകാല ചരിത്രത്തിന് അടിസ്ഥാന രേഖയായി തീരേണ്ട ഈ റിപ്പോർട്ട് വികസന സെമിനാറിലെ ചർച്ചയിലൂടെയും നിർദേശങ്ങളിലൂടെയും മാത്രമേ പൂർണ്ണമാവുകയുള്ളൂ.

സ്വയം സമ്പൂർണ്ണമായ ഗ്രാമങ്ങൾ എന്നത് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മഗാന്ധിയുടെ സ്വപ്നമായിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതം അര നൂറ്റാണ്ട് പിന്നിട്ടെങ്കിലും ഈ സ്വപ്നം സാധിത പ്രായമായില്ലെന്ന് മാത്രമല്ല ഉല്പാദനവും കൃഷിയും നശിച്ച് പഴയതിനേക്കാൾ മോശമായ അവസ്ഥയിലേക്ക് നമ്മുടെ ഗ്രാമങ്ങൾ നീങ്ങുകയാണ്. ഗ്രാമങ്ങളുടെ നഗരവൽക്കരണം പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. ഇത്തരം പരിതസ്ഥിതിയിൽ നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും ഗ്രാമങ്ങളുടെ പുരോഗതിക്കും ജനകീയാസൂത്രണ പ്രസ്ഥാനം ഉതകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

OL 12

# പൊതുവിവരണം

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി മലബാർ ജില്ലയിൽ ചിറക്കൽതാലൂക്കിൽ പെടുന്ന ഭൂവിഭാഗമായിരുന്നു ഇന്നത്തെ എടക്കാട് ഗ്രാമപഞ്ചായത്ത് പ്രദേശം. ആദ്യം കരാറിനകം പ്രദേശം ഇതിൽ ഇൾപ്പെട്ടിരുന്നില്ല. പിന്നീട് കരാറിനകം പ്രദേശം കൂടി ഉൾപ്പെടുത്തിയ ഈ പഞ്ചായത്ത് എടക്കാട് എന്ന പേര് തന്നെയുള്ള ഒരു വില്ലേജ് മാത്രം ഉൾപ്പെട്ടതാണ്.

7 കി.മീറ്ററോളം വരുന്ന കടൽത്തീരവും മുഴപ്പിലങ്ങാട്, കടമ്പൂർ, ചെമ്പിലോട്, ചേലോറ, എളവായൂർ പഞ്ചായത്തുകളും, കണ്ണൂർ മുനിസിപ്പാലിറ്റിയും നമ്മുടെ അതൃത്തികളാണ്. 18.5 ചതുശ്ര കി.മീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 1996ലെ കണക്കനുസരിച്ച് 34413 ആണ് പുരുഷൻമാർ 16639 സ്തീകൾ 17774.

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിലെ എടക്കാട് വികസന ബ്ലോക്കിൽ പെടുന്ന എടക്കാട് വില്ലേജ് മാത്രമാണ് പഞ്ചായത്തിന്റെ പരിധി.

13 വാർഡുകളാണ് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉള്ളത്. അതിൽ 5 വാർഡുകൾ സ്ത്രീ സംവരണവും 1 പട്ടിക ജാതി സംവരണവും ആണ്.

പഞ്ചായത്തിനകത്ത് ഒരു കൃഷി ഭവൻ ഒരു വെറ്റിനറി ഹോസ്പിറ്റൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ രണ്ട് മാതൃ ശിശു സംരക്ഷണ കേന്ദ്രം ഒരു പോളി ടെക്നിക്ക് ഒരു ഐ.ടി.ഐ ഒരു വില്ലേജ് ഓഫീസ് ഒരു വി.ഇ.ഒ ഓഫീസ് ഒരു ഗവൺമെന്റ് ഹൈസ്കൂൾ എന്നിവയും ബ്ലോക്ക് ഓഫീസും ഗ്രാമപഞ്ചായത്ത് ഓഫീസുമാണ് ഗവൺമെന്റ് സ്ഥാപനങ്ങളായി ഉള്ളത്.

ഇവയ്ക്ക് പുറമെ ഇ.എസ്.ഐ ഹോസ്പിറ്റലും വികലാംഗർക്ക് വേണ്ടിയുള്ള 'ആശ്രയ' സ്കൂളും മന്ദബുദ്ധികൾക്ക് വേണ്ടിയുള്ള ഒരു സ്കൂളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അഗതികൾക്ക് വേണ്ടിയുള്ള അഭയ നികേതനവും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

# പഞ്ചായത്ത് പൊതുവിരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | – എടക്കാട് ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | – എടക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | – എടക്കാട് |
| താലൂക്ക് | – കണ്ണൂർ |
| ജില്ല | – കണ്ണൂർ |
| അസംബ്ലി മണ്ഡലം | – എടക്കാട് |
| ലോകസഭാമണ്ഡലം | – കണ്ണൂർ |
| വിസ്തീർണ്ണം | – 18.5 ച.കി.മീ |
| വാർഡുകൾ | – 13 |
| അതിരുകൾ | – വടക്ക് എളയാവൂർ, മലോറ പഞ്ചായത്തുകളും കണ്ണൂർ മുനിസിപ്പാലിറ്റിയും തെക്ക് –അറബിക്കടൽ, മുഴപ്പിലങ്ങാട് പഞ്ചായത്ത്, കിഴക്ക്–ചെമ്പിലോട്, കടമ്പൂർ പഞ്ചായത്തുകളും പടിഞ്ഞാറ് – അറബിക്കടൽ |
| ജനസാന്ദ്രത | –1860 |
| ജനസംഖ്യ: 1996 | –34413 |
| ആൺ | –16639 |
| പെൺ | –17774 |
| സാക്ഷരത | |

പ്രസിഡന്റ് –ശ്രീ പി.വി.ലളിത

വൈസ് പ്രസിഡന്റ് –ശ്രീ എം.പി.രാധാകൃഷ്ണൻ

സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ– താപ്പള്ളി ശശീന്ദ്രൻ

17

# ചരിത്രപശ്ചാത്തലം



ചരിത്രരചനയ്ക്ക് വ്യതസ്തങ്ങളായ രീതികളുണ്ട്. ഈ രീതികൾക്കെല്ലാം അതിന്റേതായ പരിമിതികളുമുണ്ട്. അതുകൊണ്ട് ചരിത്രത്തിലെ സംഭവങ്ങൾക്ക് രീതിവ്യത്യാസമനുസരിച്ച് പാഠംഭേദകങ്ങളും ഉണ്ടായിത്തീരുന്നു. ഈ രചനയും സമഗ്രമായ ഒന്നല്ല. പക്ഷെ, സമഗ്രതയിലേക്കുള്ള സമന്വയം സാധിക്കാൻ ഇതിനു കഴിയുമെന്നുറപ്പിച്ചു പറയാം.

നമ്മുടെ ഗ്രാമപഞ്ചായത്ത് ഒമ്പത് ദേശങ്ങൾ കൂടിച്ചേർന്നതാണ് ആറ്റടപ്പ, ചാല പടിഞ്ഞാരെക്കര, ചാല പന്ത്രണ്ടുകണ്ടി, ചിറക്കുതാഴെ, തോട്ടട, കിഴുന്ന, കുറ്റിക്കകം, എടക്കാട്, കണ്ണൂർ കരാർ എന്നിവയാണ് ഈ ഒമ്പതു ദേശങ്ങൾ. ഇവയിൽ കരാറിനകം 1962–ലാണ് നമ്മുടെ പഞ്ചായത്തിനോടു കൂട്ടിച്ചേർക്കപ്പെട്ടത്. ഈ പ്രദേശം അറക്കൽ കോവിലകത്തിന്റെ ഭാഗമായിരുന്നു.

പതിനേഴ്, പതിനെട്ടു നൂറ്റാണ്ടുകളായപ്പോഴേക്കും പോർത്തുഗീസുകാരും, ഫ്രഞ്ചുകാരും നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തിരുന്നു. സ്ഥലനാമങ്ങൾ, പാണ്ടികശാലകളുടെയും കോട്ടകളുടെയും അവശിഷ്ടങ്ങൾ തുടങ്ങിയവ ഇതിലേക്ക് വെളിച്ചം വീശുന്നുണ്ട്. പോർത്തുഗീസുകാരും ഫ്രഞ്ചുകാരും തമ്മിൽ നടന്ന യുദ്ധത്തിൽ കുറ്റിയടിച്ചു വേർപെടുത്തിയ സ്ഥലമാണ് പിന്നീട് കുറ്റിക്കകം ദേശം എന്ന് അറിയപ്പെട്ടു തുടങ്ങിയത്. അതുപോലെ കരാറിനകം ദേശം അറക്കൽ സ്വരുപവും ഈസ്റ്റിന്ത്യാ കമ്പിനിയും തമ്മിലുള്ള ഒരു കരാറിനെ അനുസ്മരിപ്പിക്കുന്നു. പോർത്തുഗീസുകേന്ദ്രമായ കണ്ണൂരിലെ കോട്ടയെ സംരക്ഷിക്കുന്നതിന് പ്രതിരോധനിരയായി നിർമ്മിച്ച ഒരു കോട്ടയുടെ അവശിഷ്ടവും കപ്പൽത്തൂണും കടലായിയിൽ ഇപ്പോഴും കാണാം.

ചരിത്രത്തിന്റെ മാറ്റത്തിനു നിദാനമായ പ്രധാനപ്പെട്ട എല്ലാ സംഭവങ്ങളുടെയും അനുരണനങ്ങൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇവയെല്ലാം പ്രധാനമായും രണ്ട് കേന്ദ്രങ്ങളിൽ ഒതുങ്ങിയിരുന്നു. കരാറിനകം പ്രദേശത്തെ എല്ലാ സംഭവങ്ങളുടെയും കേന്ദ്രം കുറുവയും പരിസരപ്രദേശങ്ങളുമായിരുന്നുവെങ്കിൽ കേന്ദ്രം ശേഷിക്കുന്ന ഭാഗത്തു നിന്ന് എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രം കിഴുന്നയും പരിസരപ്രദേശങ്ങളും ആയിരുന്നു. ഈ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഇതിനു കാരണമായിട്ടുണ്ട്. കരാറി

നകം പ്രദേശത്തുകാർക്ക് പട്ടണത്തിൽ എത്തിച്ചേരാനുള്ള കുറുക്കുവഴി ആയിരുന്ന കുറുവ ആറ്റടപ്പ പ്രദേശം രാഷ്ട്രീയ-സാംസ്കാരിക രംഗത്ത് സമുജ്ജ്വമായ അധ്യായങ്ങൾ എഴുതിച്ചേർത്ത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലായിരുന്നു.

വായനശാലകളും മറ്റു സാമൂഹ്യ സ്ഥാപനങ്ങളും സ്ഥാപിതമായത് വളരെ വൈകിയാണെങ്കിലും അന്നത്തെ പൊതു കേന്ദ്രങ്ങളായിരുന്ന ചാലപ്പീടികകളും മറ്റു അവയുടെ ദൗത്യം നിർവഹിച്ചിരുന്നു. തിലകന്റെ അറസ്റ്റും യുദ്ധവും ഭക്ഷ്യക്ഷാമവുമെല്ലാം ഉത്തരം കേന്ദ്രങ്ങളിൽ ചർച്ചയ്ക്കുള്ള വിഷയമായിരുന്നു. പലേടത്തും സാഹിത്യചർച്ചകളും അക്ഷരശ്ലോകം ചൊല്ലലും വരെ നടന്നിരുന്നു.

കരാറിനകത്തുള്ളവർ പ്രൈമറി വിദ്യാഭ്യാസത്തിന് ശേഷം സെന്റ് ആന്റണീസ് സ്കൂൾ തയ്യിൽ വാർഡാ മോഡൽ സ്കൂൾ, ചാല എലിമെന്ററി ബോർഡ് സ്കൂൾ എന്നിവിടങ്ങളിൽ വെച്ചായിരുന്നു വിദ്യാഭ്യാസം തുടർന്നത്. ദേശീയ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചതിന്റെ പേരിൽ സെന്റ് ആന്റണീസ് സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ട അധ്യാപകരായിരുന്നു വാർഡ മോഡൽ സ്കൂൾ സ്ഥാപിച്ചത്. ഇവരെപ്പോലെ തന്നെ ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ട അധ്യാപകരായിരുന്നു. ചാല എലിമെന്ററി ബോർഡ് സ്കൂളിലും പഠിപ്പിച്ചിരുന്നത്. ഇവർ വഴി പുരോഗമനാശയം പ്രചരിക്കുകയും കുറവ കേന്ദ്രീകരിച്ച് ഒരു 'പന്തിഭോജനം' നടക്കുകയും ചെയ്തു. ഖാദി, ഹിന്ദി പ്രചാരണവുമായി ബന്ധപ്പെട്ട് എടുത്തുപറയേണ്ടുന്ന ഒരു പേരാണ് ചാലക്കുന്നിലെ ശ്രീ.കെ.വി.കോരന്റേത്. വീട്ടിൽവെച്ച് തക്ലിയിൽ നൂറ്റനൂലുമായി പണിശാലയിലേക്കു പോകുമ്പോൾ 'ഝാൻസി റാണിയും പഴശ്ശിരാജയും ശ്രമിച്ച് മാറ്റാൻ കഴിയാത്തത് ഇയാൾ മാറ്റാൻ പോകുന്ന'തെന്ന് യാഥാസ്ഥിതികൾ പരിഹസിച്ചിരുന്നു. പിന്നീട് അദ്ദേഹം ഒറ്റപ്പാലത്തു പോയി ഹരിജനോദ്ധാരണത്തിനായുള്ള ഒരു സ്കൂളിൽ അധ്യാപകനായിത്തീരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ മൂർത്തിമദ്ഭാവമായ ഉപ്പു സത്യാഗ്രഹത്തോടനുബന്ധിച്ച്, ഗാന്ധിജിയും അനുയായികളും സബർമതിയിൽ നിന്ന് ദണ്ഡിയിലേക്ക് മാർച്ചു ചെയ്തപ്പോൾ അബ്ദുൾ റഹ്മാൻ (മുഴിപ്പിലങ്ങാട്) കുഞ്ഞപ്പ വൈദ്യർ (ആറ്റടപ്പ), കടേപ്രത്ത് നാരായൺ മാസ്റ്റർ (കാടാച്ചിറ), പുന്നയ്ക്കൽ കുഞ്ഞപ്പമാസ്റ്റർ (എടക്കാട്) എന്നീ നാലു സന്നദ്ധ ഭടൻമാർ കിഴുന്ന കടപ്പുറത്തും ഉപ്പു കുറുക്കി അറസ്റ്റു വരിച്ചു.

കോൺഗ്രസിനകത്ത് ഇടതു-വലതു വ്യതിയാനങ്ങൾ രൂപപ്പെടുകയും കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയിൽ ഒരു വിഭാഗം ആദ്യം കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയായും പിന്നീട് കമ്മ്യൂണിസ്റ്റു പാർട്ടിയായും മാറിയപ്പോൾ അതിന്റെ അനുരണനങ്ങൾ. ഇവിടെയും ഉണ്ടായി. അക്കൂട്ടത്തിൽ എടുത്തുപറയേണ്ടുന്ന രണ്ടുപേരാണ് ചാലക്കുന്നിലെ ശ്രീ കെ.വി.കോരനും കിഴുന്നയിലെ ശ്രീ പി.അനന്തനും. സ്വാതന്ത്ര്യാനന്തരം ശ്രീ കെ.വി.കോരനെ താമ്രപത്രം നൽകി ആദരിച്ചിരുന്നു. ശ്രീ.പി.അനന്തനാകട്ടെ, മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പർ എന്ന നിലയിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു. തികഞ്ഞ ഗാന്ധിയൻമാരായിരുന്ന അവർ പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയിലും കമ്മ്യൂണിസ്റ്റു പാർട്ടിയിലും പ്രവർത്തിച്ചു. ഇ.എം.എസിന്റെ പത്രാധിപത്യത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയുടെ മുഖപത്രമെന്ന നിലയിൽ 'പ്രഭാതം' വാരിക പുറത്തവന്നപ്പോൾ (1935) ഇവരിരുവരും അതിന്റെ ഏജന്റുമാരും വില്പനക്കാരും ആയിരുന്നു. 'ദേശാഭിമാനി'യുടെ ഉൽഭവത്തെത്തുടർന്ന് അതിന്റെ ഏജന്റുമാരായും വില്പനക്കാരായും പ്രവർത്തിച്ച ഇവരിൽ ശ്രീ പി.അനന്തൻ, പിന്നീട് വളരെക്കാലം ആ പത്രത്തിന്റെ പത്രാധിപസമിതി അംഗമായും മാനേജരായും സേവനമനുഷ്ടിച്ചിരുന്നു.

ഈ വിധത്തിൽ കിഴുന്നയേയും കുറുവയേയും കേന്ദ്രീകരിച്ചു നടന്നിരുന്ന സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങളിൽ, ആറ്റടപ്പയിൽ നിന്നും ആർ. കൃഷ്ണനെ പോലുള്ള ധാരാളം യുവാക്കൾ പങ്കെടുത്തിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ സ്വീധീന വലയത്തിൽപ്പെട്ട ഇവരിൽ ശ്രീ ആർ.കൃഷ്ണൻ പിന്നീട പഞ്ചായത്തു പുന:സംഘടനയെത്തുടർന്ന് (1962) നമ്മുടെ പഞ്ചായത്ത് പ്രസിഡന്റാവുകയും പതിനാറുവർഷം ആ സ്ഥാനത്ത് തുടരുകയും ചെയ്തു.സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ രണ്ടു

പ്രധാനസംഭവങ്ങളായ കാർഷികനിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ട് 1961-ൽ നടന്ന 'ജയിൽ നിറക്കൽ' സമരവും 1975 ലെ മിച്ചഭൂമിസമരവും നയിച്ചത് അദ്ദേഹമായിരുന്നു.പിന്നീട് അദ്ദേഹം കേരള രാഷ്ട്രീയത്തിലെ സമുന്നത നേതാക്കളിലൊരാളായിത്തീർന്നു.

അതുപോലെ, എടക്കാടു പഞ്ചായത്തിന്റെ,വിശിഷ്യാ കരാറിനകം പ്രദേശത്തിന്റെ ചരിത്രം സ്പർശിക്കുമ്പോൾ ശ്രീ. ആയാടത്തിൽ ഗോവിന്ദന്റെ സംഭാവനകളും വിസ്മരിക്കാവതല്ല.

എടക്കാടു ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ-സാമൂഹ്യരംഗങ്ങളുടെ പരിണാമം ഇപ്രകാരമാണ്. സംസ്കാരികരംഗത്തും ധാരാളം പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. 1930 കളിൽത്തന്നെ കിഴുന്ന ശ്രീനാരായണശാന്തി മിഷ്യൻ എന്നൊരു സംഘടന രൂപംകൊണ്ടിരുന്നു. ഇതിനു ശത്രുവായി ശ്രീനാരായണ ധർമ്മസ്ഥാപനസംഘം എന്ന പേരിൽ മറ്റൊരുസംഘടനയും രൂപംകൊണ്ടിരുന്നു.

ശാന്തിമിഷൻ ചൈതന്യവത്തായ നാളുകളിൽ അതിന്റെ കാര്യദർശി ശ്രീ.ടി.പി. ചന്തുകുട്ടി മാസ്റ്ററായിരുന്നു.അദ്ദേഹത്തിന്റെ ശ്രമഫലമായി എത്രയെത്ര സാംസ്കാരികയോഗങ്ങളാണ് കിഴുന്നച്ചാറയിൽ നടന്നത് എന്നതിന് കൈയ്യും കണക്കുമില്ല. മംഗളാനന്ദസ്വാമി മുതൽ ഫാദർ തേർമഠം വരെ ഇവിടെ വന്നു പ്രസംഗിച്ചിരുന്നു. കൂടാതെ, ശ്രീനാരായണ സേവാ സംഘത്തതിന്റെ ആഭിമുഖ്യത്തിൽ കുറ്റിക്കകം കേന്ദ്രീകരിച്ച് സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾ നടന്നിരുന്നു. പിന്നീട് ഇതിന്റെ പേര് കുറ്റിക്കകം ദേശോദ്ധാരണ സംഘം എന്നാക്കി മാറ്റി.

ഇതൊക്കെയാണ് നമ്മുടെ ഭൂതകാലചരിത്രം പക്ഷേ, തികച്ചും വ്യത്യസ്തമായ മറ്റൊരു ദൗത്യം കാലം നമ്മിൽ ഏൽപ്പിച്ചിരിക്കുകയാണ്. ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനു മതീതമായി നാടിന്റെ വികസനത്തിനു വേണ്ടി പ്രവർത്തിക്കുക എന്നതാണ് ആ ദൗത്യം. അതിനു നമുക്കു കഴിയുമാറാകട്ടെ എന്നാശിക്കാം.

എടക്കാടു ഗ്രാമപഞ്ചായത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് എടുത്തു പറയേണ്ടുന്ന മറ്റു വ്യക്തികൾ.

1. എ.ടി.കുമാരൻ
   ആദ്യത്തെ പത്രവിവരണം (മാതൃഭൂമി)
2. മൊട്ടമ്മൽ രാമുണ്ണി

**ഇന്നും ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യസമര സേനാനികൾ**

3. സി.എച്ച്. കുമാരൻ
4. കെ.പി.അച്ചുതൻ മാസ്റ്റർ
5. മൊഞ്ചുമ്മൽ അച്ചുതൻ
6. സി.എച്ച്.കറുവൻ മാസ്റ്റർ

**ദിവംഗതരായ സ്വാതന്ത്ര്യസമര സേനാനികൾ**

7. ആയാടത്തിൽ ഗോവിന്ദൻ
8. ചന്ദ്രോത്ത് മാണിക്കര നാരായണൻ നമ്പ്യാർ
9. എ.കെ.ഗോവിന്ദൻ നമ്പ്യാർ
10. യു.കെ.കരുണാകരൻ
11. യു.കെ.ബാവ.
12. വിദ്വാൻ. കെ.പി. കറുപ്പൻ
13. ടി.പി. കുഞ്ഞിരമാൻ മാസ്റ്റർ
14. കെ.ടി. ഗോവിന്ദൻ നമ്പ്യാർ
15. കെ.വി. കുഞ്ഞിരാമൻ.

# ഭൂപ്രകൃതി

**18.5** ച.കി. മീറ്റർ വിസ്തൃതിയുള്ള എടക്കാട് ഗ്രാമപഞ്ചായത്ത് അറബിക്കടലിനോട് ചേർന്നു കിടക്കുന്നതും കുന്നുകളും കുന്നിൻ ചരിവുകളും സമതലങ്ങളും താഴ്വരകളും ഇടകലർന്ന് ഭൂവിഭാഗമാണ്. നടാൽ പുഴയെന്നും ഇരിഞ്ഞിക്കൽ പുഴയെന്നും വിളിക്കപ്പെടുന്ന ഒരു പുഴ പഞ്ചായത്തിന്റെ തെക്കു ഭാഗത്തുകൂടി ഒഴുകി അറബിക്കടലിൽ ചേരുന്നു. സാധാരണ നദീ തീരങ്ങളെപോലെ ഈ നദിയുടെ തീരങ്ങൾ ഫലഭൂയിഷ്ഠമല്ല. കടലിനോട് ചേരുന്നതിനടുത്തുള്ള സ്ഥലങ്ങളിൽ ഉപ്പവെള്ളം കയറുന്നതിനാല് കൃഷിക്കുപയുക്തമാക്കാൻ കഴിയാതെ പോകുന്നു.

പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറായി ഒഴുകുന്ന കാനാംപുഴയുടെ തീരങ്ങൾ പൊതുവെ ഫലഭൂയിഷ്ഠമാണ്. എങ്കിലും ഇതിന്റെ തീരങ്ങളിലും ഉപ്പ് വെള്ളത്തിന്റെ ഭീഷണിയുണ്ട്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ നാലായി തിരിക്കാം. അതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക–1**

| | ഏ. സെ. | ശതമാനം |
|---|---|---|
| 1. ഉയർന്ന പ്രദേശം | 975.8 | 22.65 |
| 2. ചെരിവ് പ്രദേശം | 2068.4 | 47.95 |
| 3. താഴ്‌വര | 775.0 | 18 |
| 4. പൂഴിപ്രദേശം (തീരപ്രദേശം) | 287.1 | 6.65 |
| 5. പീഠഭൂമി | 204.3 | 4.75 |
| | 4310.6 | |

## കുഞ്ഞിമംഗലം മുമ്പ് മുതൽ മാടായിപ്പറമ്പ് വരെ




| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ഉയർന്നപ്രദേശം | കടവ്കര | കുത്തനെ ചരിവ് | ഉയർന്ന സമതലം | ചെറിയ ചരിവ് | [illegible] | ചതുപ്പുനിലം | കയ്പാട് | ചെറിയ ചെരിവ് | ചെറിയ ചെരിവ് | | ഉയർന്ന സമതലം |
| ജലലഭ്യത | മിതം | ധാരാളം | ധാരാളം | മിതം | ധാരാളം | ധാരാളം | ധാരാളം | ധാരാളം | ധാരാളം | ധാരാളം | മിതം | മിതം |
| മണ്ണിനം | ചെമ്മണ്ണ്, പാറ | പാറ, മണൽ | ചെമ്മണ്ണ് പാറ | ചെമ്മണ്ണ് | മണൽ മണ്ണ് | മണൽ | മണൽ | ചെളിമണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് |
| സസ്യാവരണം | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ്, കാട്മരം | തെങ്ങ്, കവുങ്ങ് | തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ് | |
| പരിസ്ഥിതി | | | | | | | ഉപ്പുവെള്ളം | | | | മണ്ണൊലിപ്പ് | |

## പഠന പര്യടനങ്ങൾ

### തോട്ടട ഹൈസ്കൂൾ മുതൽ വട്ടക്കുളം - കവേര - കടലായിക്കോട്ട വരെ




| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചെറിയചരിവ് | ചെറിയ ചെരിവ് | സമതലം | കുത്തനെ ചരിവ് | ഉയർന്നപീഠഭൂമി | ചെറിയ ചരിവ് | ചെരിവ് | | ഉയർന്ന ചരിവുള്ള പ്രദേശം | ചെറിയചരിവ് | ഉയരമുള്ളപീഠഭൂമി | കുത്തനെ ചരിവ് | തീരസമതലം | ചെറിയചരിവ് | ചെറിയചരിവ് | പീഠഭൂമി |
| ജലലഭ്യത | ദരിദ്രം | മിതം | ധാരാളം | ദരിദ്രം | ദരിദ്രം | മിതം | മിതം | മിതം | മിതം | ദരിദ്രം | ദരിദ്രം | മിതം | ധാരാളം | ധാരാളം | ദരിദ്രം | ദരിദ്രം |
| മണ്ണിനം | പാറയും, ചെമ്മണ്ണും | ചെമ്മണ്ണ് | മണൽ മണ്ണ് | പാറയും, ചെമ്മണ്ണും | പാറയും, ചെമ്മണ്ണും | ചെമ്മണ്ണ് | ചെ | മ്മ | ണ്ണ് | പാറയും, ചെമ്മണ്ണും | പാറ | പാറയും ചെമ്മണ്ണും | മണൽ മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | പാറയും, ചെമ്മണ്ണും |
| സസ്യാവരണം | കശുമാവ്, തെങ്ങ് | തെങ്ങ് | തെങ്ങ് | കശുമാവ് തെങ്ങ് | കശുമാവ് | തെങ്ങ് പ്ലാവ് | തെങ്ങ് പ്ലാവ് | തെങ്ങ് | | തെങ്ങ് | കശുമാവ് | തെങ്ങ് കവുങ്ങ് | തെങ്ങ് കവുങ്ങ് | തെങ്ങ് | തെങ്ങ് | കശുവണ്ടി |
| പരിസ്ഥിതി | | | | | പാറപൊട്ടിക്കൽ | | | | | | | മണ്ണൊലിപ്പ് | | | | |

## തോട്ടട മുതൽ കിഴുന്ന കടപ്പുറം വരെ




| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചെറിയ ചരിവ് | സമതലം | സമതലം | | | | | | പീഠഭൂമി | പീഠഭൂമി | | | | | |
| ജലലഭ്യത | മിതം | ധാരാളം | ധാരാളം | ധാരാളം | ധാരാളം | മിതം | ദരിദ്രം | ദരിദ്രം | ദരിദ്രം | ദരിദ്രം | ദരിദ്രം | മിതം | മിതം | ധാരാളം | ധാരാളം |
| മൺതരം | ചെമ്മണ്ണ് | മണൽ മണ്ണ് | [illegible] | മണൽ മണ്ണ് | ചെമ്മണ്ണ് | പാറ ചെമ്മണ്ണ് | പാറ | ചെമ്മണ്ണ് | പാറ | പാറ | ചെമ്മണ്ണ് | പാറ ചെമ്മണ്ണ് | ചെമ്മണ്ണ് | മണൽ മണ്ണ് | |
| സസ്യാവരണം | വാഴ, നെല്ല്, കവുങ്ങ്, തെങ്ങ്, മരച്ചീനി | | തെങ്ങ് | നെല്ല് | തെങ്ങ്, കശുമാവ് തെങ്ങ് | | തെങ്ങ് | കശുമാവ് തെങ്ങ് | കശുമാവ് | തെങ്ങ് | തെങ്ങ് | കശുമാവ്, തെങ്ങ് | തെങ്ങ് | നെല്ല്, തെങ്ങ് | |
| പരിസ്ഥിതി | | | | | | | | | | | | | | ഉപ്പുവെള്ളം കയറുന്നു. | ഉപ്പുവെള്ളം |

# കൃഷിയും ജലസേചനവും



എടക്കാട് പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമായിരുന്നു. എങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം യഥാർത്ഥ കൃഷിക്കാർക്കായിരുന്നില്ല. അത് പ്രധാനമായും ഏതാനും ദേവസ്വത്തിന്റെയും രാജവംശത്തിന്റെയും കൈകളിലായിരുന്നു. ഇതു സംബന്ധിച്ചവിവരം പട്ടികയിൽ കൊടുക്കുന്നു.

വയലുകൾ വെറും കൊഴുനടപ്പ് അവകാശത്തിനും പറമ്പുകൾ കുഴിക്കാണ അവകാശത്തിനും വാരം, പാട്ടം തുടങ്ങിയവ കൊടുത്ത് കുടിയാന്മാർ കൃഷിചെയ്തുവന്നു. ഏതുസമയത്തും ഭൂമി ഒഴിപ്പിക്കുവാനും മേൽ ചാർത്ത് വഴി അവകാശം ഇല്ലാതാക്കുവാനും ജന്മിമാർക്ക് കഴിയുമായിരുന്നു. എന്നാൽ, 1959–ലെ ഭൂപരിഷ്ക്കരണനിയമം ഭൂവുടമബന്ധത്തിൽ സമൂലമായ മാറ്റംവരുത്തി. മണ്ണിൽ പണിയെടുക്കുന്ന കർഷകൻ ഭൂമിയുടെ യഥാർത്ഥ ഉടമയായിതീരുകയും താല്പര്യപൂർവം കൃഷിചെയ്യുന്ന നില ഉണ്ടാവുകയും ചെയ്തു.

പിന്നീടുള്ള കാലഘട്ടത്തിൽ കൈവശഭൂമിയുടെ വിസ്തീർണം കുറയാൻ തുടങ്ങി. തുണ്ടുകളാക്കി മാറ്റപ്പെട്ട ഭൂമിയുടെ ഉമടസ്ഥർ ഭൂരിപക്ഷവും 25 സെന്റോ അതിൽ കുറവോ കൈവശമുള്ള കൃഷിക്കാരായി മാറി. ഇതുസംബന്ധിച്ചുള്ള വിവരം പട്ടികയിൽ കാണുക.

| കൈവശഭൂമിയുടെ വീസ്തീർണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 1 സെന്റ് മുതൽ 10 സെന്റ് വരെ | 2201 |
| 11 " 25 " | 1417 |
| 26 " 50 " | 803 |
| 51 " 1 ഏക്രവരെ | 268 |
| 1.01 " 2" | 196 |
| 2.01 " 5" | 103 |
| 5 എക്കറിന് മുകളിൽ | 7 |

(പട്ടിക 2 അവലംബം: വില്ലേജ് ഓഫീസ് രേഖ)

ഭൂമിശാസ്ത്രപരമായി പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്ത് കുന്നിൻപ്രദേശങ്ങളും ചരിവുകളും സമതലപ്രദേശങ്ങളും ചതുപ്പുകളും നിറഞ്ഞതാണെന്നു കാണാം.

മണ്ണുകളുടെ തരംതിരിച്ചുള്ള കണക്ക് പട്ടിക യിൽ കൊടുത്തത് നോക്കുക.

| മൺതരം | ശതമാനം |
|---|---|
| ചരൽമണ്ണ് | 70 ശതമാനം |
| ചെളിമണ്ണ് | 20 ശതമാനം |
| മണൽ മണ്ണ് | 10 ശതമാനം |

(പട്ടിക 3 അവംലംബം CESS Report)

നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ് മുതലായവയാണ് പ്രധാന കൃഷികൾ. വാഴ മരച്ചീനി, പച്ചക്കറി, മറ്റുപയർവർഗങ്ങൾ, പഴം, കിഴങ്ങ് വർഗങ്ങളും കൃഷിചെയ്തുവരുന്നു. ആധുനിക കൃഷിരീതികളൊന്നും ഇല്ലാത്ത പഴയകാലത്ത് കൃഷിക്കാർക്ക് ലഭിച്ചുവന്നിരുന്ന ഉല്പാദനത്തിൽ സംതൃപ്തിയുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ നിലം ഉഴുന്നതിന് കാളകളെ മാത്രമാണ് ആശ്രയിച്ചിരുന്നത്. യന്ത്രങ്ങളുടെ ഉപയോഗം തീരെ ഉണ്ടായിരുന്നില്ല. താല്പര്യപൂർവം കൃഷി ചെയ്യുന്നതിനു കർഷകർ തയാറായിരുന്നു. ജൈവളങ്ങളും നാടൻവിത്തിനങ്ങളും മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. കീടനാശിയുടെ ഉപയോഗം തീരെ ഉണ്ടായിരുന്നില്ല. മുറംവീശിയും ചേറ് മരത്തിന്റെ കൊമ്പുകൾ പാടങ്ങളിൽ അവിടവിടെ കുത്തിക്കൊടുത്തുമാണ് കീടങ്ങളെ നിയന്ത്രിച്ചിരുന്നത്. കൃഷിക്കാർ പരസ്പരം സഹകരിച്ച് ജലസേചനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയിരുന്നു. നാട്ടിൻപുറങ്ങളിൽ കിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ച് തോടുകൾക്ക് ചീർപ്പുകെട്ടിയും കുളങ്ങൾ വൃത്തിയാക്കിയും വെള്ളം തയാറായിരുന്നു. അന്ന് കർഷകർ കൃഷിചെയ്യുന്നതിൽ വളരെ തല്പരരായിരുന്നു എന്ന് മനസിലാക്കാം. പട്ടിക ശ്രദ്ധിക്കുക.

**കൃഷിയിനം (വിസ്തീർണം ഹെക്ടറിൽ)**

| | |
|---|---|
| നെല്ല് | 220.06 |
| തെങ്ങ് | 786.00 |
| മറ്റ് ഇനങ്ങൾ | 440.00 |

പട്ടിക–4

പഞ്ചായത്തിലെ നെൽവയലുകളുടെ വിസ്തൃതി 220.06 ഹെക്ടറിൽ നിന്ന് വെറും 25 ഹെക്ടറായി കുറഞ്ഞിട്ടുള്ളതായി പട്ടിക 5 ശ്രദ്ധിച്ചാൽ കാണാവുന്നതാണ്. അതേ അവസരം മറ്റ് നാണ്യവിളകളുടെ വിസ്തൃതി കൂടിയതായും കാണാവുന്നതാണ്.

ഇതിൽനിന്നു നമുക്ക് മനസിലാക്കാൻ കഴിയുന്നത് 90 ശതമാനം നെൽവയലുകളും നികത്തി നാണ്യവിളകൾക്കോ കെട്ടിടം കെട്ടുന്നതിനോ ഉപയോഗപ്പെടുത്തി എന്നുള്ള വസ്തുതയാണ്. ഇതിന് പ്രധാനകാരണം നെൽകൃഷി ലാഭകരമല്ലാതായതാണ്. കർഷകതൊഴിലാളികളിൽ ഭൂരിപക്ഷംപേരും ഇതരമേഖലകളിലേക്ക് മാറിപ്പോയതിനാൽ കാർഷികവൃത്തിക്ക് ആളെ കിട്ടുന്നില്ല എന്നതും ജലസേചന സൗകര്യങ്ങൾ തീരെയില്ല എന്നതും കാരണങ്ങളാണ്. മുൻകാലങ്ങളിൽ സംരക്ഷിക്കപ്പെട്ടിരുന്ന കുളങ്ങളും തോടുകളും ഇപ്പോൾ മണ്ണിടിഞ്ഞും മറ്റും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല എന്നതാണ് പരമാർത്ഥം. വയലുകൾ നികത്തപ്പെട്ടതോടെ കർഷർ പരമ്പരാഗതമായി കൃഷിചെയ്തിരുന്ന വാഴ, വത്തക്ക, പച്ചക്കറികൾ, കിഴങ്ങുകൾ, പയറുകൾ എന്നിവ കൃഷിചെയ്യാൻ സാധിക്കാതെയായി. ഇടവിളകൃഷിയിൽ നിന്നുള്ള ഉല്പാദനത്തിൽ ഗണ്യമായ കുറവുവരാൻ തുടങ്ങി. വിളക്രമത്തിൽ വന്നിട്ടുള്ള മാറ്റം പട്ടികയിൽ വിശദമാകുന്നു.

| വിള | വിസ്തീർണ്ണം | ഉല്പാദനക്ഷമത |
|---|---|---|
| നെല്ല് ഒന്നാംവിള | 25 ഹെ | 2.37 ടൺ/Ha |
| നെല്ല് രണ്ടാംവിള | 20 " | 2 ടൺ/Ha |
| എള്ള് | 4" | 120 കിഗ്രാം/Ha |
| തെങ്ങ് | 965 " | 35 തേങ്ങ/തെങ്ങ് |
| പച്ചക്കറികൾ | 10" | 4300 കി/Ha |
| വാഴ | 16 " | 18ടൺ/Ha |
| മരച്ചീനി | 10 " | 13 ടൺ/Ha |
| കുരുമുളക് | 25" | 400 കിഗ്രാം /Ha |
| കശുമാവ് | 26" | 12 ടൺ/Ha |
| കവുങ്ങ് | 20 " | 650 അടക്ക/കവുങ്ങ് |

(പട്ടിക 5 അവലംബം: കൃഷിഭവൻ രേഖ)

കാർഷികമേഖലയിലെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനശരാശരിയെക്കാളും താഴ്ന്നതാണ് നമ്മുടെ പഞ്ചായത്തിലെ ഉല്പാദനക്ഷമത. കാർഷികമേഖലയിൽ കൂട്ടായ്മ പ്രോത്സാഹിപ്പിച്ചുകൊണ്ടും പഞ്ചായത്തും മറ്റ് സർക്കാർ സംവിധാനങ്ങളും പരമാവധി സഹായംചെയ്തു കൊടുത്തുകൊണ്ടും പരിശ്രമിച്ചാൽ അത് സാധിക്കും എന്ന കാര്യം തർക്കമറ്റതാണ്.

## മണ്ണ് ജലസംരക്ഷണം

ചാലക്കുന്ന്, കിലന്ന, മുനമ്പ്, അവേര, കടലായി, തോട്ടട അഭയകോളനി പ്രദേശങ്ങൾ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജലക്ഷാമവും വരൾച്ചയും അനുഭവപ്പെടുന്നവയാണ്. വരൾച്ചയുടെ രൂക്ഷത കുറക്കുന്നതിന് പഴയ കാലത്തുള്ള കർഷകർ നിരവധി പ്രവർത്തികൾ നടത്തിയിരുന്നു. പെയ്യുന്ന വെള്ളം ഒഴുകിപ്പോകാതെ തടഞ്ഞു നിർത്തിയാൽ വരൾച്ചയുടെ രൂക്ഷത കുറയ്ക്കാനും മണ്ണൊലിപ്പു തടയാനും സാധിക്കും. കുന്നിൻപ്രദേശങ്ങൾ തട്ടുകളായി തിരിച്ചും ചെറുകക്കുഴിയിൽ എടുത്തും പാഴ്വാസ്തുക്കൾ കൊണ്ട് പുതയിട്ടും പണ്ടുള്ളവർ ഇത് സാധിച്ചിരുന്നു. കൂടാതെ അതിർത്തികളിലും മറ്റും മരങ്ങൾ നട്ടുപിടിപ്പിച്ചു. തൊടിയിൽ വരമ്പിട്ടും കിളച്ച് തട്ടി പൂലടക്കിയും പാടങ്ങൾ പലപ്രാവശ്യം ഉഴുതു കിളച്ചും മണ്ണ് സംരക്ഷണപ്രവർത്തനം നടത്തിയിരുന്നു. അത്കൊണ്ട് തന്നെ മണ്ണിന്റെ ഫലഭൂയിഷ്ടത ഒരു പരിധിവരെ നിലനിർത്താൻ കഴിഞ്ഞു. ഇന്ന് ഇത്തരം പ്രവർത്തികൾ നാമമാത്രമായതിനാൽ മണ്ണൊലിപ്പ് കൂടുകയും മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുകയും ചെയ്തു കൊണ്ടിരിക്കുന്നു.

## നേഴ്സറി

യഥാസമയം നടീൽവസ്തുക്കളും നല്ലയിനം വിത്തുകളും ലഭിക്കുന്നില്ല എന്നത് പ്രധാനമായ ഒരു പ്രശ്നമാണ്. കൃഷിഭവൻ മുഖേന ലഭിക്കുന്ന നടീൽവസ്തുക്കളാണ് കൃഷിക്കാർക്ക് ആശ്രയമായിട്ടുള്ളത്. അത് വേണ്ടുന്ന സമയത്ത് ആവശ്യമായ അളവിൽ ഒരിക്കലും ലഭ്യമാകാറില്ല. പലപ്പോഴും വിത്ത് വരുന്നത് വിത്തിറക്കേണ്ട സമയം കഴിഞ്ഞായിരിക്കും. എല്ലാവർക്കും കൃത്യസമയത്ത് ആവശ്യമായ നടീൽ വസ്തുക്കൾ ലഭിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഉണ്ടാവേണ്ടതാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി കൃഷിഭവൻ മുഖേന വിതരണംചെയ്ത വിത്ത്, നടീൽവസ്തുക്കളുടെ വിവരം പട്ടികയിൽ കൊടുക്കുന്നു.

## ജലസേചനം

പരിമിതമായ ജലസേചന സൗകര്യം മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളൂ. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്. ജൂൺ മുതൽ ആരംഭിക്കുന്ന കാലവർഷവും സപ്തംബർമുതൽ ലഭിക്കുന്ന തുലാവർഷവും ആണ് ജലലഭ്യതക്കാധാരം. കഴിഞ്ഞ 10 വർഷങ്ങളിൽ ലഭിച്ച മഴയുടെ അളവ്.

തോടുകൾ, പുഴകൾ, ആറ്റടപ്പയിലെ ചെറിയ കൈത്തോടുകളും ചാലത്തോട്, തോട്ടടത്തോട്, പീച്ചിത്തോട്, തോട്ടട വെസ്റ്റ് യു.പി. സ്കൂൾ പരിസരമുള്ള തോട്, നടാൽപുഴ, എരഞ്ഞിക്കൽ, ഇണ്ടേരി കാനായ് പുഴകൾ എന്നിവയാണ് എടക്കാട് ഗ്രാമപഞ്ചായത്തിലെ ജലസ്രോതസുകൾ. ഇതിൽ ആറ്റടപ്പ, ചാലതോടുകൾ ഒഴിച്ച് മറ്റെല്ലാം ഉപ്പുവെള്ളം കയറുന്നവയാണ്. ഇതിൽ ചാലതോടിന് രണ്ട് ബണ്ടുകളുണ്ടെങ്കിലും ഇതിന്റെ പലകകൾ കേടുവന്ന് ഉപയോഗശൂന്യമായിരിക്കുകയാണ്. പലകകൾ മാറ്റി പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. ഉപ്പുവെള്ളം കയറുന്ന പുഴയുടെയും തോടിന്റെയും സൈഡുകൾ കെട്ടി ഉയർത്തിയും ഷട്ടറുകൾ ഇട്ടും പ്രശ്നപരിഹാരം കാണേണ്ടതാണ്.

## കുളങ്ങൾ

നിലവിലുള്ള കുളങ്ങൾപോലും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യത്തിന് ഉപയോഗിക്കപ്പെടുകയോ ചെയ്യുന്നില്ല. മണ്ണിടിച്ചിലിനാലും മറ്റ് പലകാരണങ്ങളാലും ആഴം കുറഞ്ഞ് വേനൽകാലത്ത് വെള്ളം ലഭിക്കാത്തവയാണ് മിക്ക കുളങ്ങളും. മുൻ കാലങ്ങളിൽ പല കുളങ്ങളും നെൽകൃഷിക്കും വേനൽക്കാല പച്ചക്കറികൃഷിക്കും ഉപയോഗപ്പെട്ടിരുന്നു.

നമ്മുടെ പഞ്ചായത്തിൽ 6–ാം വർഡിലെ ചാലിൽകുളം കുണ്ടുകുളം, താളെകുളം, ചായിപ്പിൽകുളം, 8–ാം വാർഡിലെ അവനക്കാട് കുളം, ചീരൻകുളം, ചെമ്മരൻകുളം ഓട്ടായികുളം, 13–ാം വാർഡിലെ മൂലോത്തും കുളം, കാക്കിക്കുളം എന്നിവ ആഴംകൂട്ടിയും സംരക്ഷണ പ്രവർത്തനം നടത്തിയും കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

(൯.)

കൃഷിഭവൻ മുഖേന വിതരണം ചെയ്ത വിത്ത്, നടീൽ വസ്തുക്കൾ

| ഇനം | 93-94 | 94-95 | 95-96 |
|---|---|---|---|
| തെങ്ങ് | 1000 എണ്ണം | 330 എണ്ണം | 830 എണ്ണം |
| കശുമാവ് | 56 " | ഇല്ല | ഇല്ല |
| കുരുമുളക് | 12082 " | 2000 എണ്ണം | 8000 എണ്ണം |
| കവുങ്ങ് | 170 " | ഇല്ല | ഇല്ല |
| നെല്ല് വിത്ത് | 150 കി.ഗ്രാം | 200 കി.ഗ്രാം | 370 കി.ഗ്രാം |
| ഫലവൃക്ഷത്തൈകൾ | 66 എണ്ണം | 20 എണ്ണം | 50 എണ്ണം |
| ജാതിക്ക | ഇല്ല | 100 " | 170 എണ്ണം |
| പയർ വിത്ത് | ഇല്ല | 152 കി.ഗ്രാം | — |

([illegible] - അവലംബം. കൃഷിഭവൻ)

## കാർഷികോപകരണങ്ങൾ

1995 വരെ 18 റോക്കർ സ്പ്രെയറും 12 കുറ്റി പമ്പും 837 മോട്ടോർ പമ്പ് സെറ്റും പാടശേഖരസമിതിക്കായി ഒരു പവ്വർ ടില്ലറും കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. പണിയായുധങ്ങൾ സബ്സിഡിനിരക്കിൽ കർഷകർക്കും കർഷകതൊഴിലാളികൾക്കും വിതരണംചെയ്യാൻ കഴിയേണ്ടതുണ്ട്. അതുപൊലെ യന്ത്രോപകരണങ്ങൾ കൂടുതലായി വിതരണംചെയ്യുകയും അത് യഥാസമയം റിപ്പയർചെയ്തു കിട്ടുന്നതിന് കൃഷിഭവനുമായി ബന്ധപ്പെട്ട് സംവിധാനം ഏർപ്പെടുത്തണം. ഡമോൺസ്ട്രേറ്റർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഗൃഹസന്ദർശന പരിപാടി പുന:സ്ഥാപിക്കുകയും വേണം.

## വളപ്രയോഗം

നമ്മുടെ പഞ്ചായത്തിൽ രാസവളം വിതരണത്തിന് ഇന്ന് സംവിധാനം ഇല്ല. പഞ്ചായത്തിനുവെളിയിൽ രാസവളം വരുന്നത് കൃഷിക്കാരന് വളത്തിന്റെ വില വർധനവിനൊപ്പം കൂനിൽമേൽകുരു എന്നപോലെ കൂടുതൽ ചെലവിന് ഇടയാക്കുന്നു. മുമ്പ് പഞ്ചായത്തിനകത്ത് സഹകരണ മേഖലയിൽ ഉണ്ടായിരുന്ന 3 വളം ഡിപ്പോകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എങ്കിലും ഏകദേശം 85 ശതമാനത്തോളം രാസവളം തന്നെയാണ് കർഷർ ഉപയോഗിക്കുന്നത് എന്ന് മനസിലാക്കുന്നു. അശാസ്ത്രീയ വളപ്രയാഗം കാരണം വേണ്ടുന്നതിന്റെ എത്രയോ ഇരിട്ടി വളം കർഷകർ ഉപയോഗിച്ചുവരുന്നു. ഇതുകാരണം കൃഷിചെലവ് വർധിക്കുകയും കീടരോഗബാധയുടെ വർധനവ് ഉണ്ടാക്കുകയും ചെയ്യുന്നു. കാലാകാലങ്ങളിലുള്ള മണ്ണ് പരിശോധയുടെ അടിസ്ഥാനത്തിൽ ഇതിനു പരിഹാരം കാണാവുന്നതാണ്. കർഷർക്ക് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലാതെ അത് പരിശോധിക്കാനുള്ള സൗകര്യം ഇന്ന് നിലവിലുണ്ടെങ്കിലും ഫലപ്രദമായി ഉപയോഗപ്പെടുന്നില്ല. ജൈവവളത്തിന്റെ ലഭ്യതക്കുറവും വിലക്കൂടുതലും കാരണം പല കർഷകരും വളരെ കുറച്ച് മാത്രമേ ഉപയോഗിച്ചുവരുന്നുള്ളു.

## കീടനാശിനികൾ

വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യേണ്ട ഒരു കാര്യമാണ് കീടനാശിനി പ്രയോഗം. നെല്ല്, പച്ചക്കറി, വാഴ എന്നീ വിളകൾക്കാണ് കീടനാശിനി

| | ജ | ഫെ | മാ | ഏ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോ | നവം: | ഡിസംബർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1986 | | | | 10 | 50 | 1106 | 1027 | 562 | 90 | 251 | 96 | 133 | 3325 |
| 1987 | | | | 14 | 64 | 1003 | 903 | 506 | 172 | 303 | 99 | 147 | 3211 |
| 1988 | | | | 7 | 139 | 901 | 307 | 288 | 60 | 412 | 22 | 38 | 2704 |
| 1989 | | | | 0 | 169 | 677 | 1205 | 918 | 33 | 218 | 8 | 60 | 3338 |
| 1990 | | | | 10 | 71 | 891 | 1069 | 453 | 24 | 230 | 123 | 190 | 3061 |
| 1991 | | | | - | 128 | 803 | 1431 | 613 | 69 | 384 | 61 | 189 | 3678 |
| 1992 | | | | 15 | 114 | 911 | 1341 | 409 | 168 | 478 | 102 | 98 | 3636 |
| 1993 | | | | 7 | 127 | 1054 | 1201 | 396 | 173 | 501 | 180 | 20 | 3659 |
| 1994 | | | | 18 | 89 | 869 | 1221 | 515 | 47 | 308 | 201 | 278 | 3544 |
| 1995 | | | | 9 | 198 | 893 | 1141 | 491 | 62 | 391 | 169 | 41 | 3395 |

..... [illegible]

| ഉടമകളുടെ പേര് | ആയിനത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം ഏക്കർ . സെന്റ് |
|---|---|
| 1. കാപ്പാട് ദേവസ്വം | 2 . 97 |
| 2. ഊരാൾ പഴശ്ശി ദേവസ്വം | 277 . 59 |
| 3. തിരുവങ്ങാട് ദേവസ്വം | 7 . 83 |
| 4. ചാല ദേവസ്വം | 118 . 73 |
| 5. എടക്കാട് ദേവസ്വം | 77 . 25 |
| 6 ഇടക്കര ദേവസ്വം | 8 . 31 |
| 7. കുനിഞ്ഞാൽ ദേവസ്വം | 14 . 32 |
| 8. ചിറക്കൽ കോവിലകം | 76 . 88 |
| 9. ചിരിഞ്ഞിക്കൽ ദേവസ്വം | 45 . 32 |
| 10. അറക്കൽ രാജാവ് | 821 . 65 |
| 11. നമ്പൂതിരി | 192 . 09 |
| 12 നമ്പ്യാർ | 1107 . 41 |
| 13 മുസ്ലീം | 790 . 11 |
| 14 [illegible] | 590 . 36 |
| 15 മറ്റുള്ളവർ | 179 . 88 |
| ആകെ | 4310 . 60 |

കൾ അധികവും ഉപയോഗിച്ചുവരുന്നത്. മുൻകാലങ്ങളിൽ മുൻകൂറായി കീടനാശിനി ഉപയോഗിക്കാറുണ്ടായിരുന്നു. അത് അത്രത്തോളം അപകടകരമല്ല. ഇപ്പോൾ കീടരോഗം കൊണ്ട് വിളനാശം സംഭവിക്കുന്ന ഘട്ടത്തിൽ മാത്രമേ മരുന്നുതളിക്കേണ്ടതുള്ളു. പലപ്പോഴും കർഷകർ രോഗവും കീടവും ശ്രദ്ധിക്കാതെ കീടനാശിനി പ്രയോഗം നടത്താറുണ്ട്. പച്ചക്കറികൾക്ക് മരുന്നുതളിച്ച് മണിക്കൂറുകൾക്കകം വിളവെടുത്ത് മാർക്കറ്റിലെത്തിക്കുന്ന കർഷകരെ ഇന്നു നമുക്ക് കാണാൻകഴിയും. അത്തരം പച്ചക്കറികളിൽ വിഷാംശം തങ്ങിനിൽക്കും. ഭൂരിപക്ഷംപേരും അറിയാതെ മാരകരോഗം വിലയ്ക്കുവാങ്ങുന്നു. നമ്മുടെ അടുക്കളത്തോട്ടത്തിൽ ഇത്തരം മാരകവിഷമുള്ള കീടനാശിനികൾ പാടെ ഒഴിവാക്കി അത്യാവശ്യഘട്ടത്തിൽ പുകയിലകഷായം, വേപ്പിൻകുരു സത്തുലായിനി എന്നിവയൊക്കെ കീടനാശിനിയായി ഉപയോഗിക്കാവുന്നതാണ്. ഇതിനാവശ്യമായ ബോധവൽക്കരണം കർഷകരുടെയിടയിൽ നടത്തേണ്ടതാണ്.

## കാർഷികവായ്പ

വിത്തും വളവും കഴിഞ്ഞാൽ കൃഷിക്ക് ഏറ്റവും അത്യാവശ്യമായിട്ടുള്ളത് വായ്പാസൗകര്യമാണ്. നമ്മുടെ പഞ്ചായത്തിൽ ചാല സർവീസ് സഹകരണ ബാങ്ക്, കരാറിനകം സർവീസ് സഹകരണ ബാങ്ക്, എറക്കാടപ്പൻ സർവീസ് സഹകരണബാങ്ക്, കുറ്റിക്കകം സർവ്വീസ് സഹകരണബാങ്ക്, എസ്.ബി.ടി. തോട്ടട എന്നീ ബാങ്കുകൾ കാർഷിക വായ്പ വിതരണംചെയ്യുന്നുണ്ട്. ആവശ്യമായ വായ്പ വിതരണം ചെയ്യപ്പെടുന്നുണ്ടെങ്കിലും അത് കാർഷികേതര ആവശ്യങ്ങൾക്കാണ് ഉപയോഗിക്കപ്പെടുന്നത് എന്ന വസ്തുത വിസ്മരിച്ചുകൂടാ. ഇതു നിരുത്സാഹപ്പെടുത്തി കാർഷികവായ്പ മുഴുവനും കൃഷിക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

## കൂലിനിരക്ക്:

പഞ്ചായത്തിന്റെ എല്ലാഭാഗത്തും കർഷതൊഴിലാളികളുടെ കൂലിനിരക്ക് ഒരുപോലെയല്ല. പുരുഷതൊഴിലാളികൾക്ക് 80 രൂപ മുതൽ 120 രൂപ വരെയും സ്ത്രീ തൊഴിലാളികൾക്ക് 40 രൂപ മുതൽ 60 രൂപ വരെയും കൂലി കൊടുത്തുവരുന്നുണ്ട്. ഇതിനു പുറമെ ഭക്ഷണവും കൊടുക്കുന്നുണ്ട്. പഞ്ചായത്തിലെ ഇന്നുള്ള കൂലിനിരക്ക് കർഷകരെ സംബന്ധിച്ചിടത്തോളം താങ്ങാൻ കഴിയാത്തതാണ്. ഈ മേഖലയിൽ ഗവൺമെന്റ് അംഗീകരിച്ച കൂലി നിരക്ക് പുരുഷ തൊഴിലാളികൾക്ക് 40 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 30 രൂപയുമാണ്.

## പാടശേഖരസമിതിയും കേരസമിതിയും

എടക്കാട് പഞ്ചായത്ത് മുഴുവൻ പ്രവർത്തനപരിധി ആയിക്കൊണ്ട് പഞ്ചായത്ത് കേരവികസന സമിതിയും 2, 3 വാർഡുകൾ പരിധി ആയിക്കൊണ്ട് ചാലവയൽ പാടശേഖരസമിതിയും രജിസ്ട്രർ ചെയ്തു പ്രവർത്തിച്ചുവരുന്നു. കൃഷിഭവന്റെ കീഴിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ശാസ്ത്രീയകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുകയാണ് ഈ സമിതിയുടെ ലക്ഷ്യം. സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പാടശേഖരസമിതിയിൽ 65 ഓളം അംഗങ്ങളും കേരവികസനസമിതിയിൽ 300ലധികം അംഗങ്ങളുമാണുള്ളത്. നിലവിലുള്ള സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മറ്റ് വാർഡുകളിലും പാടശേഖരസമിതികൾ രൂപീകരിക്കുകയും വേണം.

## വിപണന സൗകര്യം

കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തിനകത്ത് പ്രത്യേക സൗകര്യം ഒന്നുംതന്നെയില്ല. കൊപ്രയും കശുവണ്ടിയും സംഭരിക്കുന്നതിന് സഹകരണ ബാങ്കുകൾ ഡിപ്പോ തുറക്കാറുണ്ടെങ്കിലും കർഷകർക്ക് പൂർണമായി പ്രയോജനപ്പെടാറില്ല. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് കർഷകർക്ക് ഒരു പരിധിവരെ സംരക്ഷണം കിട്ടുന്നതിനുവേണ്ടി പഞ്ചായത്ത് ഒരു വിപണനകേന്ദ്രം തുടങ്ങേണ്ടതാണ്.

## കൃഷിഭവൻ:

വാടകകെട്ടിടത്തിലാണ് കൃഷിഭവൻ പ്രവർത്തിച്ചുവരുന്നത്. പഞ്ചായത്തിൽ എല്ലാ കർഷകർക്കും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്തല്ല കൃഷിഭവൻ പ്രവർത്തിക്കുന്നതെന്ന പരാതി നിലവിലുണ്ട്. താരതമ്യേന കൃഷി കൂടുതലുള്ള ചാലയിലാണ് കൃഷിഭവൻ പ്രവർത്തിക്കുന്നത്.

ഇവിടെ ഒരു കൃഷി ഓഫീസറും 3 അസിസ്റ്റന്റുമാരും ജോലി ചെയ്തുവരുന്നു. കൃഷിഭവനിലെ സ്ഥലപരിമിതിമൂലം നടീൽവസ്തുക്കൾ സ്റ്റോക്ക് ചെയ്യുന്നതിനും വിതരണംചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. കൂടുതൽ സൗകര്യപ്രദമായ ഒരു സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ സാധ്യതയുണ്ടാകേണ്ടതുണ്ട്. കൃഷിഭവൻ മുഖേന വിതരണംചെയ്യുന്ന ആനുകൂല്യങ്ങൾ യഥാസമയം എല്ലാ കർഷകരിലും എത്തിക്കുന്നതിന് കൃഷി ഉദ്യോഗസ്ഥരുടെ സേവനം പൂർണമായി ലഭിക്കത്തക്കവിധം ക്രമീകരണം വരുത്തേണ്ടതാണ്.

### കൂട്ടായ്മ -കൃഷിയിൽ

നമ്മുടെ പഞ്ചായത്തിലെ കൃഷിഭൂമിയുടെ 95 ശതമാനവും ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകഷണങ്ങളാണ്. ഈ അവസ്ഥ ഇനി മാറ്റാൻ കഴിയില്ല. ഭൂപരിഷ്കരണ നടപടികളുടെ സ്വാഭാവികമായ ഫലവും ജനകീയ സമരങ്ങളുടെ ഗുണപരമായ പരിസമാപ്തിയുമാണിത്. എന്നാൽ, വിവിധ വിളകളെടുത്ത് പരിശോധിച്ചാൽ കാർഷികോല്പാദനക്ഷമത തുടർച്ചയായി കുറയുന്നതായാണ് കാണുന്നത്. എങ്ങനെയിത് മാറ്റിയെടുക്കാം? സാധ്യമായതിന്റെ പരമാവധി ഉലാപാദനക്ഷമത വിവിധ വിളകളിൽ എങ്ങനെ കൈവരിക്കാം? ആധുനിക ശാസ്ത്രസാങ്കേതികവിദ്യ ശരിയായും സംഘടിതമായും കൃഷിഭൂമിയിൽ പ്രാവർത്തികമാക്കപ്പെടുമ്പോഴേ കാർഷികോല്പാദനവും ഉല്പാദനക്ഷമതയും കൂട്ടാൻ കഴിയൂ. നമ്മുടെ പഞ്ചായത്തിലെ തുണ്ടുവൽകൃത കൃഷിയിടങ്ങളിൽ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ പുതിയൊരു കൂട്ടായ്മ (സംഘബോധം) അനിവാര്യമായിരിക്കുന്നു. വിത്തും വെള്ളവും വളവും പോലെ ഒഴിവാക്കാനാവാത്ത ഒരു നിവേശവസ്തു (input) ആണ് ഇന്നത്തെ പരിതസ്ഥിതിയിൽ കൂട്ടായ്മ. നെൽകൃഷിയിൽ ഞാറ്റടി മുതൽ കൊയ്ത്തു വരെയുള്ള കാർഷികപ്രവർത്തനങ്ങളിൽ ഇത് ഉടലെടുക്കേണ്ടതുണ്ട്. നമ്മുടെ മണ്ണും കാലാവസ്ഥയും സാമൂഹ്യസാഹചര്യങ്ങളുമറിഞ്ഞുകൊണ്ട് അതാതിടത്തെ കർഷകരുടെയും കർഷകതൊഴിലാളികളുടെയും മുൻകൈയിൽ രൂപപ്പെട്ടുവരേണ്ട ഒന്നാണിത്. ഈ പ്രക്രിയക്ക് നേതൃത്വം കൊടുക്കാൻ സാധിക്കുന്ന സംഘടനാസംവിധാനങ്ങളാണ് മേൽപ്പറഞ്ഞ വിവിധസമിതികൾ. മേൽപ്പറഞ്ഞ ഓരോ സമിതിയേയും അതതിന്റെ പ്രത്യേകതകൾക്കനുസരിച്ച് പുനഃസംഘടിപ്പിച്ചും വികസന കാഴ്ചപ്പാടുകൾ സ്വാംശീകരിച്ചും എങ്ങനെ പ്രവർത്തനരംഗത്ത് സജീവമാക്കാമെന്നത് ഈ പഞ്ചായത്തിലെ കാർഷിക വികസനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്.

## പ്രശ്നങ്ങൾ

1. കൃഷി മുഖ്യതൊഴിലായുള്ളവർ ന്യൂനപക്ഷവും ഉപതൊഴിലായി മാത്രം കൃഷി ചെയ്യുന്നവർ ഭൂരിപക്ഷവും ആയതോടുകൂടി കൃഷിയിൽ ശ്രദ്ധ കുറയുന്നു.
2. മണ്ണ് പരിശോധനയുടെ ആവശ്യകത എല്ലാ കൃഷിക്കാർക്കും വേണ്ടത്ര ബോധ്യപ്പെട്ടിട്ടില്ല. മണ്ണ് പരിശോധന നടത്താതെ വളപ്രയോഗം നടത്തുന്നതുകൊണ്ട് പലപ്പോഴും ആവശ്യമുള്ള അളവിലല്ല വളം പ്രയോഗിക്കുന്നത്.
3. കീടനാശിനികൾ അശാസ്ത്രീയമായി ഉപയോഗിക്കുന്നതുകൊണ്ട് ഫലങ്ങളിൽ വിഷാംശം കലരുന്നു.
4. നൂതനമായ കൃഷി സാങ്കേതികവിദ്യകൾ കൃഷിക്കാരിൽ എത്തിക്കാൻ കഴിയാത്തതുകൊണ്ട് ഉല്പാദനവർധനവ് കൈവരിക്കാൻ കഴിയുന്നില്ല.
5. കാലാവധികഴിഞ്ഞ വിത്ത്, വളം, കീടനാശിനി എന്നിവ ഉപയോഗിക്കുന്നതുമൂലം കൃഷിക്കാരന് വലിയ നഷ്ടം സംഭവിക്കുന്നു.
6. വളത്തിനും കീടനാശിനിക്കും അമിതമായ വിലവർധിപ്പിക്കുന്നത് നിമിത്തം കൃഷിക്കാരന് ഇവ ഉപയോഗിക്കാൻ കഴിയുന്നില്ല.
7. ഉഴവുകാളകൾ ദുർലഭമാവുകയും പവ്വർടില്ലറുകൾ പാടത്തെത്തിക്കാൻ കഴിയാതെവരികയും ചെയ്യുന്നതുകൊണ്ട് ഉഴവ് പ്രവൃത്തിസമയത്ത് ചെയ്യാൻ കഴിയുന്നില്ല.
8. കൃഷിചെയ്യാൻ പറ്റിയ സ്ഥലം വിവിധ കാരണങ്ങളാൽ തരിശിടുന്നു.
9. കാർഷികമേഖലയിൽ തൊഴിലാളികളെ കിട്ടുന്നില്ല.
10. വയലുകൾ നികത്തി കെട്ടിടം കെട്ടുന്നു.
11. പാടശേഖര സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. എല്ലാഭാഗത്തും പാടശേഖരസമിതിയില്ല.

12. ജൈവവള ഉൽപ്പാദനവും ഉപയോഗവും വളരെ കുറവ്.
13. നെല്ലിന് പോളരോഗവും കശുമാവ് കൃഷിക്ക് തണ്ടുതുരപ്പന്റെയും തേയില കൊതുകിന്റെയും കുരുമുളകിന് ദ്രുതവാട്ടത്തിന്റെയും തെങ്ങിന് കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളും വ്യാപകമായി കണ്ടുവരുന്നുണ്ടെങ്കിലും മതിയായ സംരക്ഷണപ്രവർത്തനം നടക്കുന്നില്ല.
14. നെൽകൃഷിക്ക് നാമമാത്രമായ ധനസഹായം മാത്രമാണ് അനുവദിക്കുന്നത്.
15. 6, 7, 8, 9, 10, 12, 13 വാർഡുകളിൽ ഉപ്പുവെള്ളം കയറുന്നതിനാൽ കൃഷിചെയ്യാൻ കഴിയുന്നില്ല.
16. കേരസമിതിയുടെ പ്രവർത്തനം കർഷകരിൽ വേണ്ടത്ര എത്താറില്ല.
17. പച്ചക്കറി, വാഴ, കിഴങ്ങ് എന്നിവയുടെ കൃഷി വളരെ കുറവായതുകൊണ്ട് ഇവയ്ക്ക് മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.
18. രാസവളം, കീടനാശിനി ഡിപ്പോകളില്ലാത്തതുകൊണ്ട് ഇവ മറ്റു പ്രദേശങ്ങളിൽ പോയി വാങ്ങേണ്ടിവരുന്നു.
19. കൂൺ, പുഷ്പകൃഷി, ഔഷധകൃഷി തീറ്റപ്പുൽകൃഷി എന്നിവയ്ക്ക് നല്ല സാധ്യതയുണ്ടെങ്കിലും ചെയ്യുന്നില്ല.
20. മണ്ണ്, ജലസംരക്ഷണ പ്രവർത്തനം നടത്താറില്ല.
21. കാർഷികസെമിനാറിനും പഠന ക്ലാസുകൾക്കും കർഷക പങ്കാളിത്തം കുറവാണ്.

## സാധ്യതകൾ

1. കാർഷികപ്രവൃത്തിയിൽ യുവജനങ്ങളെ വയലിലിറക്കാൻ കർമപദ്ധതിയുണ്ടാകണം. തൊഴിൽരഹിതരുടെ രജിസ്റ്റേർഡ് സംഘം ഉണ്ടാക്കി വേതനവ്യവസ്ഥ സർക്കാർ നിശ്ചയിക്കുകയും വേതനത്തുക സർക്കാർ നൽകുകയും വേണം.
2. കൃഷിയിൽ ആഭിമുഖ്യം വളർത്താനായി പ്രൈമറിതലം തൊട്ട് സ്കൂൾ സിലബസിൽ കൃഷി ഉൾപ്പെടുത്തണം.
3. മണ്ണു പരിശോധന കർഷകർ ആവശ്യപ്പെടാതെ തന്നെ നടത്തുകയും ചേർക്കേണ്ട വളം നിർദ്ദേശിക്കുയും ചെയ്യണം.
4. നാണ്യവിളകൾ കൃഷി ചെയ്യുമ്പോൾ കൃത്യമായ അകലം പാലിക്കുകയും ശാസ്ത്രീയമായ രീതികൾ ഉറപ്പുവരുത്തുകയും വേണം.
5. കർഷകസെമിനാറിലും പഠനക്ലാസിലും കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കണം.
6. കർഷകർക്ക് ലഭിക്കുന്ന വളം, കീടനാശിനി, നടീൽവസ്തുക്കൾ എന്നിവ യഥാസമയം ലഭിക്കാനും ഗുണനിലവാരം ഉറപ്പുവരുത്താനും ശ്രദ്ധിക്കണം.
7. നെല്ലു കർഷകർക്ക് നിലവിൽ നൽകിവരുന്ന ഉൽപ്പാദനബോണസ് ഏക്കറിന് 100 രൂപയാണ്. അത് 500 രൂപയായി വർധിപ്പിക്കണം.
8. ടില്ലറുകൾ കൊണ്ടുപോകാൻ വഴിയില്ലാത്ത പാടശേഖരങ്ങളിലേക്ക് കർഷകർ സഹകരിച്ച് വഴിയുണ്ടാക്കണം.
9. ആറ്റടപ്പ, മേലേഭാഗം, മനയത്തു മൂല എന്നിവിടങ്ങളിൽ തരിശിട്ടിരിക്കുന്ന 10 ഹെക്ടർ സ്ഥലവും പഞ്ചായത്തിന്റെ മറ്റു മേഖലയിലെ തരിശുഭൂമിയും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സമിതികളെ കൃഷിചെയ്യാൻ അനുവദിക്കണം.
10. ഏകീകരിച്ച വിത്ത് ഉപയോഗിക്കുന്നതിനായി പൊതുഞാറ്റടി ഉണ്ടാക്കി കർഷകർക്ക് വിതരണം ചെയ്യണം. അതിനാവശ്യമായ സാമ്പത്തിക സഹായം സർക്കാർ ചെയ്യണം.
11. വിത്തുൽപ്പാദകനെ നിശ്ചയിച്ച് കർഷകർക്ക് ആവശ്യമായ വിത്തുൽപ്പാദിപ്പിക്കുമെന്നും ഉറപ്പുവരുത്തണം.
12. നിലവിലുള്ള പാടശേഖരസമിതിയുടെ പ്രവർത്തനം സജീവമാക്കുകയും സമിതിയില്ലാത്ത വാർഡുകളിൽ പുതിയ പാടശേഖരസമിതികൾ രൂപീകരിക്കുകയും ചെയ്യണം.
13. ഏറ്റവും കൂടുതൽ വിളവുണ്ടാക്കുന്ന കർഷകന് അവാർഡ് നൽകണം.
14. നെൽവയലുകൾ നികത്തി കെട്ടിടങ്ങളുണ്ടാക്കുന്നതും നാണ്യവിളകൾ കൃഷിചെയ്യുന്നതും നിരുത്സാഹപ്പെടുത്തണം.
15. ചകിരിച്ചോറ്, ഈർച്ചപ്പൊടി എന്നിവ ഉപയോഗിച്ച് ജൈവവളമുണ്ടാക്കാനുള്ള സാധ്യത പരീക്ഷിക്കണം.
16. ജൈവവളം ഉൽപ്പാദിപ്പിച്ച് വിതരണംചെയ്യാൻ

തയാറുള്ള കർഷകർക്ക് പ്രോത്സാഹനം നൽകണം.

17. രണ്ടാംവാർഡിലെ മവ്വൂർ താഴെ ബണ്ടുകെട്ടി കൈത്തോട് നിർമ്മിക്കുകയും ചാലത്തോടിനുള്ള രണ്ട് ബണ്ടിന് പുതിയ പലകയിടുകയും ചെയ്യുക.

18. ആറാം വാർഡിലെ നടക്കൽ പാലത്തിന് സമീപമുള്ള നടാൽപുഴയ്ക്ക് ബണ്ട് കെട്ടിയും ഏഴാം വാർഡിലെ പടിക്കേരി തോടിന് ചീർപ്പ് കെട്ടിയും ഉപ്പുവെള്ളം കയറുന്നത് തടയണം. ഇണ്ടേരിത്തോടിന് നിലവിലുള്ള ചീർപ്പ് മാറ്റി പുതിയത് കെട്ടണം. ഒമ്പതാം വാർഡിലെ കാനായിപ്പുഴയ്ക്ക് ഭീത്തികെട്ടി ഉയർത്തി കൈത്തോടുകൾക്ക് ബണ്ടു കെട്ടുക. തോട്ടട പീച്ചിത്തോട് ഷട്ടർ കെട്ടി ഉയർത്തുക. തോട്ടട യു.പി. സ്കൂൾ പരിസരത്തുള്ള തോടിന് ബണ്ടുകെട്ടുക.

19. അറ്റടപ്പ മേലേഭാഗത്തുനിന്നുള്ള കൈത്തോട് ആഴംകൂട്ടി സൈഡ് കെട്ടി ഇടവിട്ട് ചെക്ക് ഡാമുകൾ നിർമ്മിക്കുക. രണ്ടാം വാർഡിൽപ്പെട്ട ചാല പടിഞ്ഞാറേക്കര എൽ.പി.സ്കൂൾ മുതൽ ചാലപ്പാലം വരെയുള്ള തോട് ആഴംകൂട്ടി വശങ്ങൾ കെട്ടുക. നള്ളക്കണ്ടിതാഴെ തന്നടയിൽ നിന്നും വരുന്ന വെള്ളം ഇതേ തോടിൽ ബണ്ടുകെട്ടി തടഞ്ഞുനിർത്തി മൂന്നാംവിള നെൽക്കൃഷി ചെയ്യാൻ ഉപയുക്തമാക്കണം. അഞ്ചാം വാർഡിൽ ഭഗവതി മുക്കിൽ കൃഷി ആവശ്യത്തിന് ഒരു കിണറും ഏഴാം വാർഡിൽ ഒരു കിണറും കുഴിക്കണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുള്ള കുളങ്ങൾ റിപ്പയർചെയ്ത് കൃഷിക്ക് ഉപയുക്തമാക്കണം.

20. നാളികേര കർഷകർക്ക് നിലവിലുള്ള പദ്ധതി തുടരുകയും ഒരു സംഘം രൂപീകരിച്ച് നാളികേര സംസ്കരണ യൂണിറ്റ് ഉണ്ടാക്കുകയും ചെയ്യണം.

21. കൃഷിഭവൻ ഓഫീസ് പഞ്ചായത്തിന്റെ മധ്യമേഖലയിലേക്ക് മാറ്റി സ്ഥാപിക്കുക.

22. രോഗംബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതുതായി വച്ചുപിടിപ്പിക്കുന്നതിന് തെങ്ങിൻ തൈകളും 500 രൂപ ധനസഹായവും നൽകണം.

23. അപകടസാധ്യതയുള്ള തൊഴിൽചെയ്യുന്ന തെങ്ങുകയറ്റ തൊഴിലാളികൾക്കും കിണർ കുഴിക്കുന്നവർക്കും അപകട ഇൻഷുറൻസ് ഏർപ്പെടുത്തുക.

24. പഞ്ചായത്തുതലത്തിൽ ഒരു സസ്യസംരക്ഷണ സ്ക്വാഡ് രൂപീകരിക്കുക.

25. കേരസമിതി പ്രവർത്തനം എല്ലാ കർഷകരിലും എത്തത്തക്ക വിധത്തിൽ പുനഃസംഘടിപ്പിക്കണം.

26. കശുമാവ് കൃഷിക്ക് തേയില കൊതുക് നിവാരണത്തിനായി സൗജന്യനിരക്കിൽ കീടനാശിനിയും സസ്യസംരക്ഷണ ഉപകരണങ്ങളും നൽകണം.

27. ഉൽപ്പാദനക്ഷമത കുറഞ്ഞ കശുമാവ് വെട്ടിമാറ്റി പുതിയത് വച്ചുപിടിപ്പിക്കുന്നതിനും തരിശുഭൂമിയിൽ കശുമാവ് വച്ചുപിടിപ്പിക്കുന്നതിനും അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻ തൈകളും നടുന്നതിനുള്ള കൂലിച്ചെലവും അനുവദിക്കണം.

28. കുരുമുളക് കൃഷി ദ്രുതവാട്ട രോഗനിവാരണത്തിന് കുമിൾനാശിനി സൗജന്യമായി അനുവദിക്കണം.

29. വേരുപിടിച്ച കുരുമുളകുവള്ളി വിതരണം ചെയ്യുക.

30. ഒരു വീട്ടിൽ ഒരു പോഷകത്തോട്ടം പദ്ധതി പഞ്ചായത്തിലെ എല്ലാ വീടുകളിലേക്കും വ്യാപിപ്പിക്കണം.

31. വ്യാപാരാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നവർക്ക് ഏക്കറിന് 2,500 രൂപ സബ്സിഡിയും ധനകാര്യസ്ഥാപനത്തിൽനിന്ന് കുറഞ്ഞനിരക്കിൽ വായ്പയും ലഭ്യമാക്കണം.

32. വേനൽക്കാല പച്ചക്കറികൾ നടുന്നവർക്ക് വെള്ളം ലഭ്യമാക്കുന്നതിന് താൽക്കാലിക കുഴികൾ സന്നദ്ധ സേവനപ്രവർത്തനം കൊണ്ട് നിർമ്മിക്കുക.

33. ഇടവിള കൃഷിയായി കൈതച്ചക്ക, വാഴ, കിഴങ്ങുവർഗ്ഗം എന്നിവ പ്രോത്സാഹിപ്പിക്കുകയും ഹ്രസ്വകാല വായ്പകൾ ലഭ്യമാക്കുകയും ചെയ്യണം.

34. കാർഷിക ഉൽപ്പന്നങ്ങൽ വിനിമയംചെയ്യാനായി പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ഏർപ്പാടുണ്ടാക്കണം.

35. സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുന്ന

തിനും തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പുഷ്പകൃഷി, ഔഷധകൃഷി എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക. നാട്ടിൻപുറങ്ങളിൽനിന്ന് ലഭിക്കുന്ന പഴം ഉപയോഗിച്ച് ജാം, ജ്യൂസ്, കായ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിറ്റഴിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.

36. ഉയർന്നപ്രദേശങ്ങളിൽ മണ്ണ്, ജലസംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് സന്നദ്ധപ്രവർത്തകരുടെ ഗ്രൂപ്പ് ഉണ്ടാക്കുക.

37. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി പുൽവിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണംചെയ്യുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗപരിപാലനം മത്സ്യബന്ധനം എന്നിവ കൃഷിയുടെ അനുബന്ധ മേഖലയാണല്ലോ. കൃഷി യാകട്ടെ മനുഷ്യന്റെ പുരോഗതിയുടെ പരിത്ര ത്തിലെ പ്രഥമവും പ്രധാനവുമായ ചുവട്വെ പ്പാണ് വേട്ടക്കാരനിൽനിന്ന് കർഷകനിലേക്കുള്ള വികാസത്തിൽ മനുഷ്യൻ ഇതുവരെ താൻ കൊന്നു തിന്ന ജീവിവർഗ്ഗങ്ങളെ മെരുക്കിയെടുക്കുന്നത് കൂടുതൽ ഫലദായകമാണെന്ന് കണ്ടു. ആധുനീക മനുഷ്യന് യന്ത്രങ്ങളാണ് സഹായി എങ്കിൽ അന്നത്തെ മനുഷ്യന് സങ്കീർണ്ണങ്ങളായ യന്ത്രങ്ങ ളല്ല പ്രത്യുത തന്റെ ചുറ്റുമുള്ള ജന്തുജാലങ്ങളാമ് കൂട്ടിനുണ്ടായിരുന്നത്. ഈ നൂറ്റാണ്ടിന്റെ (20 നൂറ്റാ ണ്ടിന്റെ) തുടക്കംവരെയും നമ്മുടെ സംസ്ഥാന ത്തിൽ യന്ത്രനിയന്ത്രിതമായ കാർഷീകോല്പാദക രീതി വന്നു കഴിഞ്ഞിരുന്നില്ല.

## മൃഗസംരക്ഷണം

അരനൂറ്റാണ്ട്മുമ്പുവരെ നമ്മുടെ പഞ്ചായ ത്തിലെ മിക്കവാറും എല്ലാ വീടുകളിലും കന്നുകാ ലികളെ വളർത്തിയിരുന്നു. പശു, ആട് എരുമ എന്നിവയായിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ. ചിലേടത്ത് ഗോശാലകൾ ഉണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിലെ മാളികപ്പറമ്പ് ഉർപ്പഴശ്ശി ദേവസ്വ ത്തിന്റെ ഭാഗമായിരുന്നു. നൂറ് ഏക്കറോളം വരുന്ന മേച്ചിൽ സ്ഥലത്ത് പരിസരങ്ങളിലുള്ള ഏതാണ്ട് ഇരുന്നൂറോളം പശുക്കളെ ഇളക്കി മേയ്ക്കാറുണ്ടാ യിരുന്നു. ഇതുപോലെ കുറ്റിക്കകം മുനമ്പിലെ തെക്കെപറമ്പ് എന്ന സ്ഥലത്ത് പശുക്കളെ ഇളക്കി മേയ്ക്കുമായിരുന്നു. ഒരു വീട്ടിൽതന്നെ ഒന്നില ധികം പശുക്കളുണ്ടായിരുന്നു. കൂടാതെ തോട്ടടക്ക ടുത്ത് അമ്മൂപ്പറമ്പ്, ആദികടലായി ശ്രീകൃഷ്ണ ക്ഷേത്രപരിസരങ്ങൾ, ചാലക്കുന്നിലെ വെള്ളപ്പാറ, പട്ടയംപറമ്പ്, ബ്ലോക്ക് ഓഫീസ് പരിസരം തുട ങ്ങിയ സ്ഥലങ്ങളിൽ അരനൂറ്റാണ്ട് മുമ്പുവരെ പശു ക്കളെ ഇളക്കി മേക്കുന്നത് കാണാമായിരുന്നു.

പൊതുവിദ്യാലയങ്ങളുടെ ആവിർഭാവത്തോടെ ഗ്രാമത്തിലെ ജനങ്ങൾക്കു വിദ്യാഭ്യാസം കരഗത മാവുകയും മറ്റുതൊഴിൽ മേഖലകൾ തേടി പോവു കയും ചെയ്തതോടെ കൃഷി ഒരു പ്രധാന വരുമാ നമാർഗ്ഗമല്ലാതായി തീർന്നു. കൂടാതെ അമിതമായ ജനസംഖ്യ വർദ്ധനവ് കൃഷി ഭൂമികളെ തുണ്ടം തുണ്ടം മാക്കുന്നതിന് ഇടയാക്കി പാടം നികത്തി

പുരവെക്കുന്ന പ്രവൃത്തി ആരംഭിച്ചതോടെ കൃഷി ഭൂമിയുടെ അളവ് ഗണ്യമായി കുറഞ്ഞു. അതോടെ കൃഷിയുടെ അനുബന്ധമായി വളർത്തിയിരുന്ന കന്നുകാലികളുടെ എണ്ണവും കുറഞ്ഞു.

ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് നാടൻ പശുക്കളിൽ കറവ ഉള്ളതിന്റെയും കറവ ഇല്ലാത്തതിന്റെയും എണ്ണം 453 വീതമാണ്. സങ്കരഇനം പശുക്കളിൽ കറവയുള്ളത് 1225ഉം കറവ ഇല്ലാത്തത് 955 ഉം ആകുന്നു. എരുമയിൽ കറവുള്ളത് രണ്ടും കറവയില്ലാത്തത് ഒമ്പതും ആണ്. 3 പോത്തും 2440 ആടുകളും ഉണ്ട്. ആനയില്ല. മുയൽ നാമമാത്രമായി വളർത്തപ്പെടുന്നുണ്ട്. (പട്ടിക ഒന്ന് കാണുക)

വിനോദത്തിനുവേദി ചില വീടുകളിൽ പക്ഷികളെ വളർത്തുന്നുണ്ടെങ്കിലും പ്രധാനപ്പെട്ട വളർത്തുപക്ഷി കോഴിയാണ്. ഇവയിൽ 1040 പൂവൻ കോഴികളാണ്. പിടക്കോഴികളിൽ മുട്ടഇടുന്നത്. 2220ഉം മുട്ടയിടാത്തത് 1195ഉം ആണ്. 452 പശുകൾക്ക് കൃത്രിമ ബീജസങ്കലനവും 32 പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പും നടത്തിയിട്ടുണ്ട്.

ദഹന സംബന്ധമായ രോഗങ്ങളും പരാദരോഗങ്ങളുമാണ് പശുക്കളിൽ കൂടുതലായി കണ്ടുവരുന്നത്. 861 ദഹനസംബന്ധമായ കേസുകളും 717 പരാദസംബന്ധമായ കേസുകളും രേഖപ്പെടുത്തിയിട്ടുണ്ട്. ആടുകളിൽ 287 എണ്ണത്തിന് ദഹന സംബന്ധമായ അസുഖവും 4 എണ്ണത്തിന് പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട അസുഖവുമാണ് ഉണ്ടായിരുന്നത്. കോഴികളിൽ 336 ശ്വാസകോശ സംബന്ധമായ രോഗങ്ങളും 113 പരാദരോഗങ്ങളും 41 ത്വക്ക് രോഗങ്ങളും ആയിരുന്നു കണ്ടിരുന്നത്. (പട്ടിക രണ്ട് മൂന്ന് കാണുക). ഏതാനും കോഴിവളർത്തൽ യൂണിറ്റുകളും ക്ഷീരസഹകരണ സംഘങ്ങളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയെല്ലാം താരതമ്യേന ലാഭത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ഈ മേഖലയിൽ ഇനിയും സാധ്യതയുണ്ട്.

## പ്രശ്നങ്ങൾ

1. പശുവളർത്തലിൽ ശാസ്ത്രീയ രീതി അവലംബിക്കുന്നില്ല.
2. പശുക്കൾക്ക് പെട്ടെന്നുണ്ടാക്കുന്ന രോഗങ്ങളും മരണവും കർഷകർക്ക് താങ്ങാവുന്നതിലേറെയാണ്.
3. തീറ്റകളുടെ വില ക്രമാതീതമായി കൂടുന്നു.
4. അന്യസംസ്ഥാനങ്ങളിൽനിന്നാണ് വൈക്കോൽ ഇറക്കുമതി ചെയ്യുന്നത്.
5. മൃഗാശുപത്രിയുടെ സേവനം എല്ലാ പ്രദേശത്തുകാർക്കും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
6. പേപ്പട്ടിശല്യം ഗൗരവമായി ഭീഷണിതന്നെയാണ്.
7. നല്ലയിനം കോഴികളെയും ആടുകളെയും വളർത്തുന്നതിൽ വൈമുഖ്യം കാണുന്നു.
8. കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഏജൻസിയിൽനിന്നും ആവശ്യമുള്ളപ്പോൾ കുഞ്ഞുങ്ങളെ കിട്ടാറില്ല.
9. പന്നിവളർത്തു കേന്ദ്രങ്ങളില്ല.

## സാദ്ധ്യതകൾ

1. നല്ലയിനം പശുക്കളെ ലഭ്യമാക്കാൻ വായ്പ പദ്ധതി ഉദാരാക്കണം, സബ്സിഡി ലഭ്യമാക്കണം.
2. കന്നുകാലി ഇൻഷുറൻസ് നിർബന്ധമാക്കണം.
3. ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണം, ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം.
4. കാലിത്തീറ്റ സൗജന്യനിരക്കിൽ അനുവദിക്കണം.
5. എല്ലാ ക്ഷീരകർഷകർക്കും പുൽവിത്ത് നൽകണം, കൂടാതെ പാൽ സൊസൈറ്റിതന്നെ സ്ഥലം പാട്ടത്തിന് വാങ്ങി പുൽകൃഷി നടത്തണം.
6. കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന് സാദ്ധ്യതയുണ്ട്.
7. കൂടുതൽ പശുക്കളെ വളർത്തുന്നവരിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് പ്രേരിപ്പിക്കണം.
8. ആട് വളർത്താൻ കർഷകരെ പ്രേരിപ്പിക്കണം. സാമ്പത്തിക സഹായവും, വായ്പയും അനുവദിക്കണം. ഇതുവഴി ഇറച്ചി ഉൽപാദനവും പാൽ ഉല്പാദനവും വർദ്ധിപ്പിക്കുവാൻ കഴിയും.
9. മുട്ടക്കോഴി ഇറച്ചികോഴി വളർത്തൽ യൂണിറ്റിന് സാദ്ധ്യതയുണ്ട്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം.
10. നല്ലവരുമാനം ലഭിക്കുന്ന പന്നിവളർത്തൽ യൂണിറ്റിന് സാദ്ധ്യതയുണ്ട്.
11. പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടില്ലാത്തതും അലഞ്ഞുതിരിയുന്നതുമാ പട്ടികളെ നശിപ്പിക്കണം.
12. കോഴികളുടെ പ്രജനന കേന്ദ്രം ആവശ്യമാണ്.
13. കോഴിമുട്ടകളുടെ സംഭരണ വിതരണകേന്ദ്രം വേണം.
14. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കാലിത്തീറ്റ പരിശോധനാകേന്ദ്രം മൃഗാശുപത്രിയോട് അനുബന്ധിച്ച് സ്ഥാപിക്കണം.
15. തരിശായി കിടക്കുന്ന സ്ഥലങ്ങളിലും തെങ്ങിൻ തോപ്പുകളിലും ഇടവിളയായി തീറ്റ പുൽകൃഷി ചെയ്യാവുന്നതാണ്.
16. അറവുമാടുകളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം പഞ്ചായത്തിനകത്ത് ഏർപ്പെടുത്തണം.

# മത്സ്യബന്ധനം

പഞ്ചായത്തിന്റെ പടിഞ്ഞാറതിർ കടൽത്തീരമാണ്. ഏതാണ്ട് 7 കി.മീ ലധികം വരുന്ന കടൽ തീരം ആറു വാർഡുകളെ സ്പർശിക്കുന്നു. അതുകൊണ്ട് ജലവിഭവത്തെ അടിസ്ഥാനമാക്കി നമ്മുടെ പഞ്ചായത്തിനെ ഒരു കടലോര പഞ്ചായത്ത് എന്ന് വിശേഷിപ്പിക്കാവുന്നതാണ്.

പക്ഷെ മത്സ്യബന്ധവും വിപണനവും ജീവിത മാർഗമാക്കിയവർതന്നെ ചെറിയ ഒരു ശതമാനം മാത്രമെ ഇന്നുള്ളൂ. കേന്ദ്രീകൃതമായ മത്സ്യബന്ധനമുള്ളത് ഏഴര, കടലായി എന്നിവിടങ്ങളിലാണ്. ഏഴരയിൽ നാല് തോണികൾ രണ്ട് ഫൈബർ ബോട്ടും രണ്ടു മരത്തോണിയും ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നു. ഇതിനു പുറമെ 30തോളം സാധാരണ തോണികളിൽ തീരക്കടലിൽ മത്സ്യം പിടിക്കുന്നുണ്ട്. അയിലവല, മത്തിവല, വേളൂരിവല ഇങ്ങനെ പലതരം വലകൾ ഉപയോഗിക്കുന്നു. കടലായി പ്രദേശത്ത് സാധാരണ തോണിയിൽ വേപ്പുവല, വീച്ചവല എന്നിവ ഉപയോഗിച്ച് മത്സ്യം പിടിക്കാറുണ്ട്. വർഷത്തിൽ രണ്ടുമാസം ഒഴികെയുള്ള കാലങ്ങളിൽ കല്ലുമ്മക്കായിയുടെ സമൃദ്ധിയുണ്ട്. ഒക്ടോബർ, ഡിസംബർവരെ കല്ലുമ്മക്കായുടെ സീസണാണ്. അന്യപ്രദേശത്തുകാർ മത്സ്യബന്ധനത്തിന് എത്താറുള്ളത് ചിലപ്പോൾ കടൽകരയിൽ ചില പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. മത്സ്യങ്ങൾ കടൽ കരയിൽതന്നെ വിറ്റഴിയുകയാണ് പതിവ്. വിശാലമായ കടലോരത്തിന്റെ സാദ്ധ്യത പൂർണ്ണമായും ഉപയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിനു പുറമെ തോട്ടട, കുറ്റിക്കകം, ചാല, ഈരാഞ്ഞിപ്പാലം നടാൽ മുനമ്പ് തുടങ്ങിയ സ്ഥലങ്ങൾ പുഴയെ കേന്ദ്രീകരിച്ചുള്ള മത്സ്യബന്ധനവും ഉണ്ട്. ചില കുടുംബങ്ങൾക്ക് ഇതൊരു വരുമാനമാർഗ്ഗമാണ്.

## പ്രശ്നങ്ങൾ

1. മത്സ്യം വളർത്തുകേന്ദ്രങ്ങളില്ല.
2. മുമ്പ് ബണ്ടിൽനിന്ന് ചെമ്മീൻ പിടിക്കുന്നത് ലേലം ചെയ്യുന്നരീതി 5 കൊല്ലമായി നിലവിലില്ല.
3. 7. കി.മീറ്ററോളം വരുന്ന കടൽ തീരം ഈ പഞ്ചായത്തുകാർക്ക് വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
4. മത്സ്യബന്ധനത്തൊഴിലാളികൾ അവർ പിടിച്ചെടുത്ത മത്സ്യം മറ്റ് പ്രദേശങ്ങളിൽ കൊണ്ടുപോയി വിറ്റഴിക്കാൻ നിർബന്ധിക്കപ്പെടുന്നു.
5. മത്സ്യസംഭരണ കേന്ദ്രങ്ങളില്ല.
6. ഫൈബർ തോണി, മറ്റ് തോണികൾ എന്നിവ കടലിൽ സുരക്ഷിതമായി നിർത്തിയിടാൻ സൗകര്യങ്ങളില്ല.
7. അശാസ്ത്രീയമായ രീതിയിൽ കല്ലുമ്മക്കായ വിളവെടുപ്പ് നടക്കുന്നു.
8. കല്ലുമ്മക്കായ സംഭരിക്കാനോ, വിപണനം ചെയ്യാനോ സംസ്കരിക്കാനോ പറ്റിയ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.
9. ആഴക്കടലിൽ മത്സ്യബന്ധനത്തിന് പറ്റിയ സങ്കേതിക രീതികൾ വേണ്ടത്രയില്ല.
10. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ശരിയായി പ്രവർത്തിക്കുന്നില്ല.
11. മത്സ്യവിഭവങ്ങളെ വേണ്ടതോതിൽ ചൂഷണം ചെയ്യാൻ പഞ്ചായത്ത് സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല.
12. ഏഴര കടൽതീരത്തിലേക്ക് നല്ല ഗതാഗതമാർഗങ്ങൾ ഇല്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ നല്ല കുളങ്ങളുണ്ട്. നല്ലയിനം മത്സ്യങ്ങളെ വളർത്തുന്നതിനും മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നതിനും പഠന ക്ലാസിനും സൗകര്യമുണ്ടാക്കണം.
2. മുനമ്പ് ബണ്ടിൽനിന്നും ചെമ്മീൻ പിടിക്കൽ ലേലം കൊണ്ടാൽ പഞ്ചായത്തിന് വരുമാനവും സാധാരണക്കാർക്ക് ചെമ്മീൻ ലഭ്യമാക്കുകയും ചെയ്യും. ഇപ്പോൾ അവിടെ നിയന്ത്രണം ഇല്ല.
3. മത്സ്യമാർക്കറ്റിന് സാദ്ധ്യതയുണ്ട്.
4. 7.കി.മീറ്ററോളം വരുന്ന നമ്മുടെ കടൽതീരം കേന്ദ്രമാക്കി മത്സ്യബന്ധനത്തിന് സാധ്യതകളുണ്ട്.
5. മത്സ്യസംഭരണശാലകളും ഐസ്പ്ലാന്റും സ്ഥാപിക്കണം.
6. ആനാക്കുഴിഭാഗം തോണിയടുപ്പിക്കാൻ കടലിൽ ആഴംകൂട്ടണം.
7. മത്സ്യബന്ധനത്തിലേർപ്പെട്ട തൊഴിലാളികളുടെ സഹകരണസംഘം സ്ഥാപിക്കണം.
8. മത്സ്യത്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
9. മത്സ്യബന്ധനകേന്ദ്രത്തിലേക്ക് ഗതാഗത സൗകര്യം വർദ്ധിപ്പിക്കമം.
10. കിഴുന്ന കടൽത്തീരഭിത്തി ശാസ്ത്രീയമായ രീതിയിൽ പുനർനിർമ്മാണ് ചെയ്യണം.
11. കല്ലുമ്മക്കായ സംസ്കരണ-വിപണന കേന്ദ്രം സ്ഥാപിക്കണം.
12. വളർച്ചയെത്താത്ത കല്ലുമ്മക്കായ നശിപ്പിക്കുന്ന രീതിയിൽ ഇന്നു പറിച്ചെടുക്കുന്ന സമ്പ്രദായം തടയണം.

# വ്യവസായം




വ്യവസായ മേഖലയിൽ എടക്കാട് പഞ്ചായത്തിന് പഴയകാലം മുതൽ ഗണ്യമായ സ്ഥാനം നിലനിന്നുപോന്നിരുന്നു. എങ്കിലും എടുത്ത പറയുവുന്ന നേട്ടങ്ങൾ കൈവരിച്ച വ്യവസായങ്ങൾ ഇല്ലെന്നു തന്നെ പറയാം. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. ചെറുകിട മേഖലയിൽ സഹകരണാടിസ്ഥാനത്തിലും സ്വകാര്യമാനേജ്മെന്റിലും വ്യവസായങ്ങൾ പ്രവർത്തിക്കുന്നു.

കൈത്തറി വ്യവസായം പണ്ടു മുതൽത്തന്നെ നിലനിന്ന് പോന്നിരുന്നു. പിന്നീട് പവർലൂം വ്യവസായങ്ങളും ആരംഭിച്ചു. ബനിയൻ നിർമാണ കമ്പിനി, റെഡിമെയ്ഡുകൾ നിർമ്മിക്കുന്ന വസ്ത്ര നിർമാണ യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. നാമമാത്രനിലയാലാണെങ്കിലും എഞ്ചിനീയറിംഗ് മേഖലയിൽ നേരിയ പുരോഗതിവന്നതായി കാണുന്നു. വെൽഡിംഗ് യൂണിറ്റുകൾ വർക്ക്ഷോപ്പുകൾ, ഫർണീച്ചർ നിർമാണ യൂണിറ്റുകൾ എന്നിവയും അടുത്തകാലത്തായി വളർന്നുവന്നിട്ടുണ്ട്.

വെസ്റ്റ് കോസ്റ്റ് അയേൺ ആൻഡ് സ്റ്റീൽ കമ്പനി വൻനേട്ടങ്ങൾ കൊയ്യുമെന്നാണ് പ്രതീക്ഷ. തദ്ദേശീയരായ ധാരാളം പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്നായിരുന്നു കരുതപ്പെടുന്നത്. സാങ്കേതിക വൈദഗ്ദ്യവും അദ്ധ്വാന ശേഷിയും ഉള്ളവർക്ക് ഏറെ പ്രതീക്ഷകളാണുണ്ടായിരുന്നത്. അസംസ്കൃത സാധങ്ങളുടെ ദൗർലഭ്യം ഈ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു. ഇന്റസ്ട്രിയിൽ സ്പ്രിംഗുകൾ നിർമിക്കുന്ന സ്വരാജ് മെറ്റൽ ഇന്റസ്ട്രീസ് പ്രതിസന്ധി നേരിടുകയാണ്.

ആണി നിർമാണം, ഡൈനിർമ്മാണം, സ്പോർട്സ് ഉപകരണങ്ങളുടെ നിർമാണം എന്നീ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ഹൾ നേരിയ തോതിൽ മെച്ചപ്പെട്ടു വരുന്നു. ടയർ റീസോളിംഗ്, ആയൂർവേദ മരുന്ന് നിർമാണം, ക്രഷർ യൂണിറ്റ്, മൈദ വ്യവസായം, പ്രിന്റിംഗ് പ്രസ്സുകൾ, പേപ്പർ ബേഗ് നിർമാണം, ബേക്കറികൾ, നൈലോൺകയർ നിർമ്മാണം, ഫ്ളവർ മില്ലുകൾ എന്നിവ മോശമല്ലാത്ത നിലയിൽ പ്രവർത്തിച്ചു വരുന്നു.

സഹകരണ രംഗത്ത് കേരള ദിനേശ് ബീഡി, കൗസല്യ വീവേഴ്സ് ഇൻസ്ട്രിയൽ കോ–ഓപ്പ് സൊസൈറ്റി, എടക്കാട് ബ്ലോക്ക് മെറ്റൽ വർക്കേഴ്സ് ഇന്റസ്ട്രിയിൽ കോ–ഓപ്പ് സൊസൈറ്റി എന്നിവയാണ് പ്രധാന വ്യവസായ സ്ഥാപനങ്ങൾ. ഇവയിൽ കേരള ദിനേശ് ബീഡിയാണ് ഏറെ തൊഴിലവസരങ്ങൾ നൽകുന്ന വ്യവസായ സ്ഥാപനം. ഡിമാന്റുകൾക്കനുസൃതമായി തൊഴിൽ ദിനങ്ങളിൽ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നുണ്ടെങ്കിലും ഇവ നല്ല നിലയിൽ തന്നെയാണ് പ്രവർത്തിച്ചു വരുന്നത്. കൈത്തറി വസ്ത്രനിർമാണ രംഗത്ത് പേരും പേരുമയും ആർജ്ജിച്ച സ്ഥാപനമാണ്

കൗസല്യ വീവേൾഡ് ഇന്റസ്ട്രിയൽ കോ-ഓപ്പ്: സൊസൈറ്റി എന്നിരുന്നാലും സാധ്യതകളുമായി തട്ടിച്ചുനോക്കിയാൽ കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ ഈ സംഘത്തിന് കഴിയുന്നില്ല. മാർക്കറ്റിംഗ് രംഗത്തെ കിടമത്സരങ്ങളും ഡിമാന്റും കുറവും കാരണം പ്രതിസന്ധികൾ നേരിടുകയാണ്. തൊഴിൽ അവരങ്ങൾക്കുനുസരിച്ച് തൊഴിലാളികളെ ലഭിക്കാത്ത പ്രശ്നവുമുണ്ട്. മെറ്റൽ കാസ്ടിംഗ് രംഗത്ത് (ഫൗണ്ടറി) വടക്കൻ കേരളത്തിൽ ആദ്യമായി സ്ഥാപിതമായ സഹകരണ സ്ഥാപനമാണ് എടക്കാട് ബ്ലോക്ക് മെറ്റൽ വർക്കേഴ്സ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. വൻഡിമാന്റുകൾക്ക് സാധ്യതയുള്ള ഈ വ്യവസായ സംരംഭം ഏറെ നല്ല നിലയിലാണ് പ്രവർത്തനമാരംഭിച്ചത്. കെടുകാര്യസ്ഥത കാരണം ഈ വ്യവസായം ഏറെക്കുറെ നിർജ്ജീവമായിക്കഴിഞ്ഞിരുന്നു. ഫർണസ് മറ്റു ഉപകരണങ്ങൾ എന്നിവയെല്ലാം നശിച്ചുപോകുകയും കടബാധ്യതകളിൽപ്പെട്ട് വിസ്തൃതമായ സ്വന്തം സ്ഥലത്തിലേറിയ ഭാഗവും വില്പന ചെയ്യേണ്ടിവന്നിരുന്നു. കാര്യക്ഷമമായ ഒരു മാനേജ്മെന്റും ഫണ്ടിന്റെ ലഭ്യതയും ഉണ്ടായാൽ ഇനിയും വളർന്നു വരാൻ സാധിക്കുന്ന ഒരു യൂണിറ്റാണിത്.

പരമ്പരാഗതമേഖലയിൽ പ്രധാനം കയർ കൈത്തറി, ബീഡി എന്നീ വ്യവസയങ്ങളാണ്. വളരെ കുറഞ്ഞ കൂലി നിരക്കിലാണ് പ്രവർത്തനമെങ്കിലും കൈത്തറി വ്യവസായം തകർച്ചയെ അഭിമുഖീകരിക്കുകയാണ്. ബീഡി വ്യവസായ മേഖലയിൽനിന്ന് തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് തൊഴിൽ അന്വേഷകരായി മാറിക്കൊണ്ടിരിക്കുകയാണ്. കയർ മേഖലയിലെ പ്രശ്നങ്ങളും വ്യത്യസ്തമല്ല.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക I ൽ.

**പട്ടിക I**

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ഫ്ളവർമിൽ | 14 | 14 |
| 2 | പവർലൂം | 93 | 161 |
| 3 | കൈത്തറി സ്വകാര്യ വ്യക്തി | 1 | 5 |
| 4 | കൈത്തറി സഹകരണ സംഘം | 1 | 52 |
| 5 | വെൽഡിംഗ് | 9 | 30 |
| 6 | സ്റ്റീൽ ഫർണിച്ചർ | 4 | 20 |
| 7 | മരം ഫർണിച്ചർ | 3 | 10 |
| 8 | ആയുർവേദ മരുന്നു നിർമ്മാണം | 1 | 5 |
| 9 | വർക്ക്ഷോപ്പ് | 7 | 98 |
| 10 | ഷോഴ്സ് ഉല്പന്നങ്ങളുടെ നിർമ്മാണം | 2 | 40 |
| 11 | സോരാജ് മെറ്റൽ | 1 | 12 |
| 12 | ക്രഷർ | 1 | 18 |
| 13 | മൈദ വ്യവസായം | 1 | 6 |
| 14 | പ്രിന്റിംഗ് പ്രസ് | 3 | 6 |
| 15 | പേപ്പർ ബാഗ് | 2 | 4 |
| 16 | ബനിയൻ കമ്പിനി | 7 | 16 |
| 17 | ആണി നിർമാണം | 1 | 8 |
| 18 | ബ്ലോക്ക് മെറ്റൽ | 1 | 2 |
| 19 | ബേക്കറി | 2 | 11 |
| 20 | ഹോളി റോപ്സ് | 1 | 12 |
| 21 | ഹോംസിയറി | 2 | 4 |
| 22 | ടാക്കീസ് | 1 | 5 |
| 23 | സ്റ്റീൽ കമ്പനി | 1 | 85 |
| 24 | കേരള ദിനേശ് ബീഡി | 110 ബ്രാൻച്ചസ് | 691 |
| 25 | സാധു ബീഡി | 9 ബ്രാൻച്ചസ് | 104 |
| 26 | നാടൻ ബീഡി | -- | 130 |

എടക്കാട് പഞ്ചായത്ത് വ്യാവസായികഭിവൃദ്ധിക്ക് തികച്ചും അനുയോജ്യമായപ്രദേശമാണ്. പ്രകൃതിദത്തമായ വിഭവങ്ങളെ ആധാരമാക്കിയുള്ള ഉൽപ്പനങ്ങൾ നിർമിക്കുന്നതിനുള്ള സാദ്ധ്യതകൾ ഏറെയുണ്ട്. ഗതാഗതം വാർത്താവിതരണം, വൈദ്യുതിയുടെ ലഭ്യത എന്നീ അടിസ്ഥാന സൗകര്യങ്ങൾ മതിമായ നിലയിലെങ്കിലും പഞ്ചായത്തിലുണ്ട്. സ്ഥലലഭ്യതയും പട്ടണപ്രദേശ സാമീപ്യവും കൊണ്ട് ഒട്ടെറെ വ്യവസായ സംരംഭങ്ങൾ ഇതിനകം തന്നെ ഇവിടെ ഉയർന്നു വന്നിട്ടുണ്ട്.

ഉത്പന്നം സ്വന്തനിലയിൽ നിർമിക്കുക, മറ്റുള്ളവരാൽ നിർമ്മിതമായ ഭാഗങ്ങൾ കൂട്ടിച്ചേർക്കുക, ഭാഗികമായി നിർമിച്ച് ഉല്പന്നങ്ങൾ വാങ്ങി, സ്വന്തം ആശയഗതിക്ക് അനുസരിച്ച് രൂപപ്പെടുത്തുക മറ്റ് ഉൽപാദകരുടെ വ്യയം ചെയ്യപ്പെടാത്ത ഉല്പാദന ശേഷി ഉപയോഗിക്കുക, പൂർത്തീകരിച്ച ഉൽപ്പന്നം വാങ്ങി, അവ സ്വന്തം വ്യാപാര മുദ്രയിൽ വിപണിയിലിറക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ബുദ്ധി ശക്തിയും വിദ്യാഭ്യാസവും കാര്യശേയും തികഞ്ഞ ഒരു സമൂഹമാണ് ഏറേയും മെച്ചമായ സേവനം ലഭ്യമാക്കുന്ന ധനകാര്യസ്ഥാപനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് പഞ്ചായത്തിൽ കൂടുതലായുണ്ട്. അഭ്യസ്ഥ വിദ്യരായ യുവതീ യുവാക്കൾ തൊഴിലില്ലാത്തവരായി ധാരാളമുണ്ട്. സർക്കാർ ഉദ്യോഗമന്വേഷിച്ച് അനന്തമായ കാത്തുനില്ക്കുന്നതിൽ പകരം സ്വന്തം കാര്യശേഷി ഉപയോഗിച്ച് നിലനില്പിന് ആധാരമായി എന്തെങ്കിലും ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഉന്നതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കൂടതലുണ്ട്. ജെ.ടി.എസ്സ്, ഐ.ടി.ഐ പോളിടെക്നിക്ക് എന്നീ സർക്കാർ സ്ഥാപിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ട് അനുഗ്രഹീതമാണ് ഈ പഞ്ചായത്ത്.

പഞ്ചായത്തിന്റെ വ്യവസായിക പുരോഗതി ചെറുകിട ഗാർഹിക വ്യവസായ പദ്ധതികളിലൂടെയല്ലാതെ വൻകിട വ്യവസായങ്ങളിലൂടെ സാദ്ധ്യമല്ല. നമ്മുടേതായ കാർഷികോൽപ്പനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഗാർഹിക ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതാണ് നമുക്ക് ഉത്തമം. നിത്യജീവിത്തിന് ആവശ്യമായ ഉപ്പുമുതൽ കർപ്പൂരം വരെയുള്ള ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ നിർമാണ സാധ്യതകളാണ് നാം കണ്ടെത്തേണ്ടുന്നത്. കേരളം ഇന്ന് ഒരു ടൂറിസ്റ്റ് സംസ്ഥാനമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ഏഴര കടപ്പുറം ഉൾക്കൊള്ളുന്ന കിഴുന്ന കടലോരമേഖല വിദേശ ടൂറിസ്റ്റുകളേയും സ്വദേശികളായ സഞ്ചാരികളേയും ആകർഷിക്കത്തനിലയിലുള്ളതാണ്. പ്രസ്തുത മേഖല ഒരു ടൂറിസം കേന്ദ്രമായി അംഗീകരിക്കുകയാണെങ്കിൽ പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷിടക്കുന്ന നിരവധി പദ്ധതികൾക്ക് രൂപം നൽകാൻ കഴിയും. ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ പലതരത്തിൽ ആവിർഭവിക്കുന്നു. സഞ്ചാരികൾക്ക് ഗതാഗത സൗകര്യങ്ങൾ, ഷോപ്പിംഗ്, ഉല്ലാസ സൗകര്യങ്ങൾ, കൗതുകകാഴ്ചകൾ, ഷോപ്പിംങ്ങ് ഉല്ലാസ സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിലൂടെയാണ് തൊഴിലവസരങ്ങൾ പ്രധാനമായും ഉണ്ടാവുക. സുവനീർ കുടകൾ, കൈത്തറി വില്പനശാലകൾ, സൈക്കിൾ, മോട്ടോർ സൈക്കിൾ സർവീസ്, ചിത്രപ്രദർശനശാലകൾ, സൈക്കിൾ, മോട്ടോർ സൈക്കിൾ സർവീസ്, ചിത്രപ്രദർശനശാലകൾ, കരകൗശല വില്പനശാലകൾ, കേരളീയ ഭോജനശാലകൾ, മ്യൂറൽ ചിത്രപ്രദർശന വിപണന ശാലകൾ, ടീഷേർട്ട് കടകൾ ആയുർവേദ കേന്ദ്രങ്ങൾ ഹെർബൽ ബ്യൂട്ടി ക്ലിനിക്കുകൾ, വീഡിയോ ഗയിംസ്, സമുദ്രതീര വിശ്രമോപകരണങ്ങളും ട്രക്കിങ്ങ് ഉപകരണങ്ങളും വാടകയ്ക്ക് ലഭ്യമാക്കൽ, ഫ്ളോറസ്റ്റുകൾ, വാഷിങ്ങ് മിഷൻ ഹയറിങ്ങ് സർവീസ്, കമ്പ്യൂട്ടർ ജാതക സർവീസ് തുടങ്ങിയവയിലൂടെ നിരവധി തൊഴിലവസരങ്ങൾ സംജാതമാകും.

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർഥങ്ങൾ ഉപയോഗപ്പെടുത്തി ടോയ്ലര്റ് സോപ്പ്, വാഷിംഗ് സോപ്പ്, ലിക്വിഡ് സോപ്പ്, വാഷിംഗ് പൗഡർ, ദന്തചൂർണ്ണം, റബർഫോ, മെത്തകൾ, കയറ്റുമെത്ത, മിഠായി, ട്രോഫി, ജാം, ജില്ലി, പപ്പടം, മസാലപ്പൊടി, ചന്ദനത്തിരി, പുളിമ്പൊടി സ്റ്റാർച്ച്, മരച്ചീനി സ്റ്റാർച്ച്, മെഴുകുതിരികൾ, നാളികേരപ്പൊടി, തുകൽ പേഴ്സുകൾ, ഹാൻഡ് ബാഗുകൾ, ബെൽറ്റുകൾ, ജൈവവളങ്ങൾ, ബോൾപെൻ, പേപ്പർ കപ്പും, പ്ലേറ്റും, തുടങ്ങിയ നിരവധി വ്യവസായ പദ്ധതികൾക്ക് രൂപം നൽകാൻ കഴിയും.

## പട്ടിക–2
## ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞചെലവിൽ ആരംഭിക്കാവുന്ന യൂണിറ്റുകൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ എസ്.എസ്.ഐ | 1 | തെങ്ങുകൊണ്ട് കെട്ടിടനിർമാണ സാമഗ്രികളും ഫർണിച്ചറുകളും |
| | 2 | വെളിച്ചെണ്ണ |
| | 3 | കാലിത്തീറ്റ |
| | 4 | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതിള പാനിയങ്ങൾ |
| | 5 | ചിപ്പ്സ് നിർമാണം നേത്രക്കായ കപ്പ |
| | 6 | മരം ഫർണിച്ചർ |
| വനിത | 1 | തെങ്ങ്, ചിരട്ട ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ കൈയിൽ ചട്ടുകം, സ്പ്യൂൺ മുതലായ ഗ്രഹോപകരണങ്ങൾ |
| | 2 | പഴം ജാമുകൾ കൈതച്ചക്ക, നേത്രപ്പഴം, ചക്ക, മാങ്ങ |
| | 3 | ഫാൻസി ഫൈബർ വാഴ നാര് |
| | 4 | ഉന്നതനിലവാരമുള്ള റെഡിമെയ്ഡുകൾ |
| | 5 | പേപ്പർ കവർ നിർമാണം |
| സഹകരണ സംഘം ജനറൽ | 1 | നേട്ടുബുക്ക് നിർമാണം |
| | 2 | കറിപൗഡർ നിർമാണം |
| | 3 | സ്റ്റീൽ ഫർണിച്ചർ |
| | 4 | പവർലൂംതുണി നിർമാണം |
| | 5 | കിടക്ക നിർമാണം |
| | 6 | അഗർബത്തി നിർമാണം |

## വ്യവസായ മേഖല പ്രശ്നങ്ങൾ

1.മുഖ്യകാർഷിക വിളയായ നാളികേരം വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല

2.കൈത്തറി ബീഡി മേഖലകളിൽ കൂലിക്കുറവ്

3.ചെറുകിട വ്യവസായങ്ങൾ കുറവ്

4.വൈദ്യുതി ലഭിക്കാനുള്ള കാലതാമസവും വോൾട്ടേജ് ഇല്ലായ്മയും

5.ബേങ്ക് വായ്പകൾ ലഭിക്കാനുള്ള സാങ്കേതിക തടസ്സം

6.വനിതകൾക്ക് തൊഴിലവസരങ്ങൾ പൊതുവേ കുറവ്.

7.സാങ്കേതിക പരിശീലനം ലഭിച്ച അഭ്യസ്ത വിദ്യർക്കും. തൊഴിൽ പരിശീലനം കിട്ടയവർക്കും തൊഴിൽ ലഭിക്കായ്മ

8.വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്

9.വ്യവസായ വികസന കാര്യത്തിൽ ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ കുറവ്

10.വ്യവസായ സംരഭകർ ലൈസൻസ് കിട്ടുവാനും മറ്റുള്ള നിയമപരമായ പ്രശ്നങ്ങൽ

11.പ്രദേശിക ഉൽപ്പനങ്ങൾ വിപണിയിൽ തിരസ്കരിക്കപ്പെടുന്നു.

12.കുത്തകളുടെ വമ്പിച്ച പരസ്യ പ്രവർത്തനങ്ങോട് മത്സരിക്കാൻ ചെറുകിട വ്യവസായകർക്ക് കഴിയാത്ത അവസ്ഥ

13.ചെറുകിട വ്യവസായ യുണിറ്റ്കൾക്ക് വേണ്ടി ചെറിയ നിർമ്മിത വസ്തുകൾ വീട്ടിൽ നിന്നും ഉണ്ടാക്കികിട്ടാത്ത അവസ്ഥ.

14.ഇറച്ചികോഴി വളർത്തൽ, കാലിത്തീറ്റ നിർമാണം, കോഴിത്തീറ്റ നിർമാണം, കൗൺകൃഷി, മത്സ്യകൃഷി, ശുദ്ധജല കൊഞ്ചുകൃഷി, ചെമ്മിൻ കൃഷി എന്നിവയുടെ സാദ്ധ്യതയും വർധിപ്പിച്ച തോതിൽ ഉണ്ട്.

## സാധ്യതകൾ

**ടോയലറ്റ് സോപ്പ്:** സാക്ഷരതയും ശുചിത്വവും പ്രതിശീർഷ വരുമാനവും വർധിച്ചു വരുന്നതിനാൽ ഈ ഉല്പന്നങ്ങലുടെ ഉപഭോഗ വർധനവ് വളരെയധികം ഉണ്ടാകും എന്നു കരുതപ്പെടുന്നു. വർധിച്ചുവരുന്ന ഉപയോഗം, ചെറുകിട മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങൾക്കായുള്ള വിശ്വാസ്യത എന്നിവ കാരണം ഈ വ്യവസായത്തിന് വിപണിയിൽ വിജയിക്കുവാനുള്ള സാദ്ധ്യത വളരെയുണ്ട്. പൊതുവെ വൻകിടക്കാർ ടോയ്ലറ്റ് സോപ്പുകൽക്ക് വലിയ വില ഇട്ടുകൊണ്ട് കൊള്ള ലാഭം എടുക്കുന്ന വിപണന നയമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ കാരണത്താൽ ഗ്രാമീണ സോപ്പ് നിർമാണ പദ്ധതികൾക്ക് വിജയസാധ്യതകൾ വളരെയേറെ ഉണ്ട്. അസംസ്കൃത സാധനങ്ങൾ: വെളിച്ചെണ്ണ, കാസ്റ്റിക് സോഡ തുടങ്ങിയവയാണ്

**വാഷിംഗ് സോപ്പ്:** ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രവർത്തനങ്ങൾ വഴി കേന്ദ്രഗവൺമെന്റ് ചെറുകിട മേഖലയിൽ വളരെയധികം പ്രോത്സാഹനം നൽകുന്നുണഅട്. വിപണനത്തിലും അവർ വളരെയധികം സഹായിക്കുന്നുണ്ട്. വളരെ കുറഞ്ഞ മുതൽ മുടക്കോടുകൂടിയ വളരെ വലിയതോതിലും നടത്താവുന്ന ഒരു വ്യവസായ പദ്ധതിയാണ്. ചെറുകിട വ്യവസായ `സംരംഭകർക്ക് പട്ടണ പ്രദേശങ്ങളിലും ഗ്രാമങ്ങളിലും വിപണിയിൽ വേരുറപ്പിക്കാൻ വലിയ ബുദ്ധിമുട്ടുണ്ടാവില്ല. അസംസ്കൃത സാധനങ്ങൾ: വിവിധതരം എണ്ണകൾ, കാസ്റ്റിക് സോഡ തുടങ്ങിയവയാണ്

**ലികിഡ് സോപ്പ്:** കൈ കുഴുകുന്നതിനും മറ്റുമുള്ള ഉപയോഗത്തിന് കൂടുതലായി നല്ലത് ലികിഡ് സോപ്പാണ് (ദ്രാവക സോപ്പ്) ഹോട്ടലുകൾ, പൊതു സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് വളരെയേറെ ആവശ്യകതകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അസംസ്കൃത സാധനങ്ങളായ വെളിച്ചെണ്ണ, ആവണക്കെണ്ണ, പാമോലിൽ, കാസിറ്റിക് പൊട്ടാഷ് തുടങ്ങിയ യഥേഷ്ടം ലഭ്യമാണ്.

**വിഷിംഗ് പൗഡർ:** വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കാൻ ഉപയോഗിക്കാവുന്ന വാഷിംഗ് പൗഡർ അഥവാ ഡിറ്റർജന്റ് പൗഡർ ആധുനിക ലോകത്തിൽ അത്യാവശ്യ സാനനങ്ങളുടെ പട്ടികയിൽപ്പെടുന്നു. കേരളത്തിൽ ഇതിന്റെ വിപണന സാധ്യത വളരെയധികമാണ്. മൊത്തം ഉപഭോത്തിന്റെ ഇരുപത് ശതമാനം കേരളത്തിലാണ്. അതുകൊണ്ടുതന്നെ വിപണന സാധ്യത വളരെയധികമാണ്.

അസംസ്കൃത സാധനങ്ങൾ: അലക്കുകാരം, ആസിഡ്, സ്കുറി തുടങ്ങിയവയാണ്.

**ക്ലീനിംഗ് പൗഡർ:** ഡിറ്റർജന്റ് പൗഡർ പോലെത്തന്നെം ഉപഭോഗം വർധിച്ചുവരുന്ന ഉല്പന്നമാണ് ക്ലീനിംഗ് പൗഡർ. കേരളത്തിൽ ഇതിന്റെ ഉപഭോക്താക്കളുടെ എണ്ണവും ഉപയോഗത്തിന്റെ അളവും കൂടി വരികയും ഗ്രാമങ്ങ്ഹളിലേയ്ക്ക് വ്യാപിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. പാത്രങ്ങൾ, തറ സെറാമിക് വസ്തുക്കൾ തുടങ്ങി വൃത്തിയാക്കേണ്ടി വരുന്ന എല്ലാ വസ്തുകളും ശുദ്ധമാക്കാൻ ഇതു സഹായിക്കുന്നു. (വസ്ത്രവും ശരീരവും ഒഴികെ) ഫാക്ടറികൾ, ഹോട്ടലുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഈ ഉല്പന്നം മൊത്തമായി ചിലവഴിക്കപ്പെടും.

അസംസ്കൃത സാധനങ്ങൾ: ആസിഡ്, സ്കൂറി, അലക്കുകാരം, ആലുവകാരം തുടങ്ങിയവ

**ദന്തചൂർണ്ണം:** ടൂത്ത് പേസ്റ്റുകൾക്കൾ ടൂത്ത് പൗഡറുകൾക്ക് പ്രാധാന്യം ഏറി വരികയാണ്. അത്യാവശ്യം ഉപഭോക്തൃ ഉല്പന്നങ്ങളിൽ ഒന്നാകാൽ പൊടി രൂപത്തിലുള്ള ദന്തശൂചികരണ വസ്തുകകൾക്ക് ഏറെ വിപണിയുണ്ട്. നിർമാണത്തിനും പാക്കിംഗിനും മറ്റും വളരെയെളുപ്പമാണ്.

അസംസ്കൃത സാധനങ്ങൾ: എളുപ്പം ലഭ്യമാണ്.

**കയറ്റുമെത്ത:** ചവിട്ടുമെത്തകളുടെയും കാർപ്പേറ്റുകളുടേയും അടി ഭാഗത്തായി റബർ ഉപയോഗിക്കുന്ന രീതി വളരെകാലമായി നിലവിലുള്ളതാണ്. ചവിട്ടുമ്പോൾ മൊത്ത നിരക്കി നീങ്ങാതിരിക്കാനും നാരുകളുടെ പരസ്പര ബന്ധം ഉറപ്പിക്കുന്നതുമാണിത് ഉപയോഗിക്കുന്നത്. ഇവയ്ക്ക് വളരെയധികം പ്രചാരമുണ്ട്. കയറും, ലാറ്റക്സും കേരളീയ ഉൽപ്പനങ്ങളായാൽ ഇവ കേരളത്തിൽ തന്നെ ചെയ്യാവുന്ന ഒരു വ്യവസായമാണിത്. കയറ്റുമെത്തകളും കാർപ്പെറ്റുകളും നിർമ്മിക്കുന്നവരിൽ നിന്ന് അവ വാങ്ങി പിൻഭാഗത്ത് റബർ പിടിപ്പിക്കുന്ന ജോലിമാത്രം ചെയ്യുന്ന ഒരു യൂണിറ്റായും പ്രവർത്തിക്കാവുന്നതാണ്.

**മിഠായി:** പ്രധാനമായും പഞ്ചസാരയെ ആശ്രയിച്ചുള്ള വ്യവസായമാണ് മിഠായി നിർമാണം രുചി നിറം ആകൃതി തുടങ്ങിയ ഡോഡ്സ്, ലോലിപൊസ്, ട്രോഫി, ച്യൂയിംഗ് ഇങ്ങനെ കുട്ടികൾക്കും മുതിർന്നവർക്കും വളരെയെറെ പ്രിയങ്കരമായ മിഠായികൾ വ്യാവസിക രംഗത്ത് ഒരു ഉയർന്ന സ്ഥാനം നേടികഴിഞ്ഞിട്ടുണ്ട്.

ട്രോഫി: പഴഞ്ചൻ രീതിയുള്ള മിഠായികളെക്കാൽ പാല്, വെണ്ണ, നെയ്യ്, പഞ്ചസാര, ഗ്ലൂക്കോസ്, കൊക്കോ പൗഡർ തുടങ്ങിയവ ഉപയോഗിച്ച് പാശ്ചാത്യ രീതിയിൽ നിർമിക്കുന്ന ട്രോഫികൾക്കാണ് കുടുതൽ വിപണി.

മിഠായികളിൽ പ്രധാനമായും മധുരം നല്കുന്ന പഞ്ചസാര മാത്രം പ്രധാധഘടകമായിരിക്കുമ്പോൾ ട്രോഫികളിൽ സ്വാദും വ്യമൂല്യവും പോഷക വസ്തുക്കളും അടങ്ങുന്ന നിർമ്മാത്കൾക്ക് പ്രദേശികമായി ധാരാലം വിപണി നിലവിലുണ്ട്. കൂടാതെ വളരെവേഗം വളരുന്ന ഒരു പിവണിയുമാണിത്.

**ജാം ജെല്ലി:** റൊട്ടിയും തത്തുല്യമായ ബേക്കറി സാധനങ്ങളും ഉപയോഗിക്കുന്നവർക്ക് ഒരു ആവശ്യ ഘടകമാണ് ജാം, ജെല്ലി തുടങ്ങിയവ. ഗാർഹിക വ്യവസായമായും ചെറുകിട വ്യാവസായമായും നടത്താവുന്ന ഒരു പദ്ധതിയാണിത്. പഴങ്ങളുടെ തൊലി കളയുക, കക്ഷണങ്ങളാക്കുക, പഴച്ചാറുകളും പൾപ്പുകളും തിളപ്പിക്കുക, കുപ്പികളിൽ നിറക്കുക തുടങ്ങിയ പ്രക്രിയകളായാൽ വനിതകൾക്ക് ധാരാളം തൊഴിലവസരങ്ങൾ വളർത്തിയെടുക്കാൻ കഴിയും. പൊതുവെ ജാമുകൾ പഴങ്ങളും പഞ്ചസാരകലും കൊണ്ടാണ്. എന്നാൽ പ്രദേശിക വിഭവങ്ങളെ അടിസ്ഥാമാക്കി വ്യവസായം വളർത്തിയെടുക്കാൻ കഴിയും.

**സ്ക്വാഷുകളും സിറപ്പുകളും:** പഴച്ചാറുകൽ സംസ്കരിച്ചെടുക്കുന്ന സ്വാഷുകൾക്കും സിറപ്പുകൾക്കും വളരെയധികം വിപണിയുണ്ട്. കൃത്രിമ രുചിദായക വസ്തുക്കൾ ഉപയോഗിച്ചു നിർമിക്കുന്ന ഫ്രൂട്ട് ജൂസുകളേക്കാൾ പ്രകൃതിദത്തമായ പഴച്ചാറുകൾക്ക് പ്രിയം കുടി വരുന്നതിനാൽ ഇവയുടെ വിപണി വർധിച്ചുകൊണ്ടിരിക്കും.

സ്ക്വാഷുകൾ മധുരം ചേർത്ത പഴച്ചാറുകളാണ്. ഇവയിൽ 35–40ശതമാനം പഞ്ചാസാരയുടെ അംശം അടങ്ങിയിരിക്കും. സിറപ്പുകളിൽ അരി

ച്ചെടുക്കുന്ന തെളിഞ്ഞ പഴച്ചാറും പഞ്ചാസാരയും ആയിരിക്കും ഉള്ളത്. പഞ്ചസാരയുടെ അംശം കൂടുതലുള്ള സിറപ്പിൽ 25 ശതമാനം എങ്കിലും സ്വാഭാവിക പഴച്ചാറുകൾ അടങ്ങിയിരിക്കും. തെളിഞ്ഞ പഴനീരും പഞ്ചാസാരയുമടങ്ങിയ കോർഡിയലുകളിൽ പഞ്ചസാരയുടെ അംശം വളരെ കുറവായിരിക്കും.

പൈനാപ്പിൾ, ഓറഞ്ച്, നാരങ്ങാ തുടങ്ങിയവയിൽ നിന്നും സിറപ്പുകളും, ഓറഞ്ച്, ലമൺ, പൈനാപ്പിൾ, ജാക്ക്ഫ്രൂട്ട്, തണ്ണീർമത്തങ്ങ (ബത്തക്ക)തുടങ്ങിയവയിൽ നിന്നും സ്ക്വാഷുകലും പൊതുവായി നിർമിക്കാം.

**സോഫ്റ്റ് ഡ്രിങ്ക്സ്:** ഉഷ്ണമേഖലാ പ്രദേശങ്ങിൽ വളരെയധികം വിപണിയുള്ള ഒന്നാണ് സോഫ്റ്റ് ഡ്രിങ്ക്സും സോഡായും. വിതരണ സംവിധാനം കാര്യക്ഷമമായിരുന്നാൽ വിജയപ്രദമാകും കാർബൺ ഡയോക്കൈസൈഡ് വാതകം നന്നായിലയിച്ച് പൂരിതമായ സോഡായും അതുപോലെയുള്ള ശീതള പാനീയങ്ങളും നിർമ്മിക്കുന്നതിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളും ആവശ്യമായ മെഷിനറികളും ചെറുകിട മേഖലയിൽ ലഭ്യമാണ്. ഓറഞ്ച്, നാരങ്ങാ, പൈനാപ്പിൾ, മാങ്ങാ, മുന്തിരിങ്ങാ തുടങ്ങിയവയുടെ നീരുകൾ ചേർത്ത് സിറപ്പുകൾ നിർമിക്കാം.

**പെപ്സികോള:** ചെറിയ മൂലധന നിക്ഷേപത്തോടുകൂടി തുടങ്ങാവുന്ന ഒരു ഗാർഹിക വ്യവസായ പദ്ധതി എന്ന നിലയിലും വേനൽകാലത്ത് ഇപ്പോൾ പ്രചുര പ്രചാരമേറിയ ഒരു ഉല്പന്നമെന്ന നിലയിലും ഇതിൽ ഏറെ പ്രധാന്യമുണ്ട്. നാരങ്ങാ, ഓറഞ്ച്, കൈതച്ചക്ക ഇവയുടെ നീരുകളാണ് പ്രധാമായും ഇതിനാവശ്യം. വിവിധ നിറങ്ങളും രുചികളും ചേർത്ത ജലം പ്ലാസ്റ്റിക് കവറുകളിലാക്കി തണുപ്പിച്ച് ഘനീഭവിക്കുക എന്നതാണ് ഇതിന്റെ സാങ്കേതിക വശം.

**പപ്പടം:** സാങ്കേതികമായി ഈ ഉത്പന്നം നിർമ്മിക്കുവാൻ വളരെ എളുപ്പമാണ്. യന്ത്രോപകരണങ്ങളുടെ കാര്യത്തിലും ഇവയ്ക്ക് വളരെ കുറഞ്ഞ മുതൽ മുടക്കേ ആവശ്യമുള്ളു-പ്രചുര പ്രചാരമേറിയ ഒരു ഭക്ഷണ പദാർഥമെന്ന നിലയിൽ വളരെയേറെ പ്രാധാന്യമുണ്ട്. കയറ്റുമതി രംഗത്തും ധാരാളം സാധ്യതകളുണ്ട്. പരിപ്പുകളുടെ പൊടികളുപയോഗിച്ച് മറ്റു സുഗന്ധ വ്യഞ്ജനങ്ങളും സോഡാക്കാരവും ചേർത്ത് നിർമിക്കപ്പെടുന്നു. ഗാർഹിക വ്യവസായമെന്ന നിലയിലോ ഒരു ചെറുകിട വ്യവസായമായോ ഇത് നടത്താവുന്നതാണ്.

**ചിപ്സ്:** ഹോട്ടലുകളിലും, വീടുകളിലും യാത്രാവേളയിലും, കോൺഫ്രൻസ് ഹാളുകളിലും ലഘുഭക്ഷണമായി ഇവ ഇതിനുള്ളത് നേന്ത്രപ്പഴം, മരച്ചീനി, കാച്ചിൽ ഇവ തയ്യാർ ചെയ്യുന്നത് തൊലി കളഞ്ഞ കായ്ഫലം വളരെ നേരിയ ഘനത്തിൽ ചിപ്പുകളാക്കി മാറ്റിയ ശേഷം അവയെ എണ്ണയിൽ വറുത്തെടുക്കുയോ എണ്ണ ഉപയോഗിക്കാതെ വറുത്തെടുക്കുകയോ, പുഴുങ്ങിയ ശേഷം ഉണക്കിയെടുക്കുകയോ, പുഴുങ്ങി ഉറങ്ങിയെടുത്തശേഷം എണ്ണയിൽ വറുത്തെടുക്കുകയോ ചെയ്യാം. ഗാർഹിക വ്യവസായങ്ങളായി നടത്താവുന്ന ഒരു ഉല്പന്നമാണിത്.

**ടൊമാറ്റോ സോസ്:** ആധുനിക ജീവിത ശൈലി ഭക്ഷണ ക്രമത്തിൽ വരുത്തിയ മാറ്റത്തോടൊപ്പം ക്രമാനുഗതമായി വിപണി പിടിച്ചെടുക്കായി ഉൽപ്പനങ്ങളിലൊന്നാണ് ടൊമാറ്റോ കെച്ചപ്. ഗ്രാമവാസികളിൽ പണക്കാരും ഇടത്തരക്കാരും പട്ടണവാസികളുടെ ജീവിതശൈലി അനുകരിച്ചു കൊണ്ടിരിക്കുന്നതനുസരിച്ച് ഇത്തരം ഉല്പന്നങ്ങളുടെ വിപണി കുതിച്ചുകയറുകയാണ്. മുൻപ് സ്റ്റാക്ക് ബാറുകളിലും ഹോട്ടലുകള്ളിലും മാത്രം കണ്ടിരുന്ന ഇത്തരം ഭക്ഷണ പദാർത്ഥങ്ങൾ ഇപ്പോൾ ഇടത്തരക്കാരുടെ തീൻമേശകളിലും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. നെയ്യ്, അരിപ്പോടി, കരുമുളക് പൊടി, ഉപ്പ്പൊടി, പാല്, ഉള്ളി, ടൊമാറ്റോ പൾപ്പ്, സുഗന്ധദ്രവ്യങ്ങൾ, കറുവാപ്പട്ട, ഗ്രാമ്പു, ഏലക്കാ, ജീരകം, പഞ്ചസാര, കാന്താരി മുളക്, വിന്നാഗിരി, ചുവന്ന മുളക് എന്നിവയാണ് അസംസ്കൃത സാധനങ്ങൾ.

**മസാലപ്പൊടി:** വിവിധ സുഗന്ധ വ്യജനങ്ങൾ വ്യത്യസ്ഥ അളവിൽ സങ്കലനം ചെയ്തുകൊണ്ടും വ്യത്യസ്ത രൂപങ്ങളിൽ ലഭിക്കുന്ന സുഗദ്ധവ്യഞ്ജനങ്ങൾ പ്രത്യേകം പ്രത്യേകം പൊടികളാക്കുകയും ചെയ്യുന്ന കറിപൗഡർ എന്നറിയപ്പെടുന്ന പദ്ധതിയാണിത്. ഓരോതരം

വസ്തുക്കളും പ്രത്യേകം പ്രത്യേകമായി ഗ്രൈൻഡറിൽ പൊടിച്ച് ഉപഭോക്താകൾക്ക് താല്പര്യമുള്ള തൂക്കങ്ങളിൽ പാക്കറ്റുകളാക്കി സീലു ചെയ്യാവുന്നതാണ്. സുഗന്ധ വ്യഞ്ന ങ്ങൾ കാലഭേദവും വിലക്കുറവും അനുസരിച്ച് അസംസ്കൃത സാധനങ്ങൾ ശേഖരിക്കുക എന്നതാണ് ഈ വ്യവസായത്തിന്റെ ഒരു പ്രധാന ഘടകമാണ്. വിളവെടുപ്പുകാലത്ത് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന മുളകും മല്ലിയും മറ്റും തല്സമയം തന്നെ ആവശ്യനുസരണം സ്റ്റോക്ക് ചെയ്യേണ്ടതാണ് ഈ വ്യവസയം ലാഭകരമായി നടത്തുന്നതിന് ആവശ്യമാണ്.

**ജലാംശം നീക്കിയ പഴങ്ങൾ:** സൂര്യപ്രകാശത്തിൽ പഴങ്ങളും പച്ചക്കറികളും ഉണക്കി സൂക്ഷിക്കുക മാത്രമായിരുന്നു പഴയകാലം തൊട്ടുള്ള സസ്യ സംസ്കരണപദ്ധതി. പഴങ്ങളിലും സസ്യങ്ങളി ലുമുള്ള ജലാംശം നീക്കുക എന്നതാണ് ഉണ ക്കിസൂക്ഷിക്കുന്നതുകൊണ്ടുദ്ദേശിക്കുന്നത്. ആവശ്യത്തിനുള്ള ജലാംശം ഇല്ലാതിരിക്കു മ്പോൾ അണുജീവികൾക്ക് വളരാൻ സാധി ക്കാതെ വരികയും ഈ പദാർത്ഥങ്ങൾ സംര ക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഡി.ഹൈഡ്രേറ്റ് ചെയ്തെടുത്ത പദാർത്ഥങ്ങൾക്ക് പുതിയ പഴങ്ങ ളുടെ രുചി തന്നെ നല്കുവാൻ സാധിക്കുന്നു. നേത്രപ്പഴം, മാങ്ങ, കൈതച്ചക്ക തുടങ്ങിയവ ഈ രീതിയിൽ കൈകാര്യം ചെയ്യപ്പെടാൻ സാധിക്കും.

**ചന്ദനത്തിരി:** ഇന്ന് ജാതിഭേനമന്യേ എല്ലാ വീടുക ളിലും ചന്ദനത്തിരി കത്തിക്കപ്പെടുന്നു. ആരാധ നാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, ഭവന ങ്ങൾ എന്നിവിടങ്ങളിലും ഇവ ഉപയോഗിക്കപ്പെ ടുന്നു. ഇവയുടെ നിർമാണം പ്രധാനമായും ഒരു കൈത്തൊഴിലായതിനാൽ ഈ വ്യവസായം വള രെയേറെ തൊഴിലവസരം സൃഷ്ടിക്കുന്ന ഒന്നാണ്. തെക്കേ ഇൻഡ്യയിൽ മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങിലാണ് ഈ വ്യവസായം ഏറ്റവുമധികം വ്യാപിച്ചിരിക്കുന്നത്. ഈ സ്ഥല ങ്ങളിൽ നിന്ന അസംസ്കൃതത്തിരികൾ വാങ്ങി ആവശ്യാനുസരണം സുഗന്ധം ചേർത്ത് റീപാക്ക് ചെയ്യുന്ന താവും കൂടുതൽ പാദകരം. തടിപൊടി, കരിപൊടി, കാൽസൈറ്റ് ചന്ദനമര പൊടി, മുള ക്കമ്പുകൾ എന്നിവയാണ് അസംസ്കൃത വസ്തു ക്കൾ.

**അച്ചടിമഷി:** പ്രിന്റിംങ് പ്രസുകൾ ഏറ്റവും ലാഭക രമായി പ്രവർത്തിക്കുന്ന കേരളത്തിൽ ഉപയോ ഗിക്കപ്പെടുന്ന അച്ചടിമഷികൾ 90 ശതമാനവും കേരളത്തിന് പുറത്തുനിന്നാണ് ഇറക്കുമതി ചെയ്യുന്നത്. വിലകുറഞ്ഞയിനം അച്ചടിമഷി കൾക്കാണ് കേരളത്തിൽ വില്പന സാധ്യത ഉള്ളത്. യന്ത്രസാമഗ്രികൾക്ക് വൻമുതൽ മുടക്കു കൂടാതെ ഇവ നിർമിക്കാൻ സാധിക്കും. പത്രമാ സികകൾ, പരസ്യങ്ങൾ, നോട്ടീസുകൾ തുടങ്ങി യവ അച്ചടിക്കുന്നതിനാവശ്യമായ അച്ചടിമഷി കൾക്കാണ് ഏറെ പ്രാധാന്യം.

**മരച്ചീനി/പുളിമ്പൊടി സ്റ്റാർച്ച്:** ഭക്ഷ്യോപയോഗമ ല്ലാത്ത വിലകുറഞ്ഞ സ്റ്റാർച്ച് ടെക്സ്റ്റയിൽ വ്യവ സായങ്ങൾക്കും പശ ഉൽപ്പന നിർമാണത്തിനും അത്യാവശ്യമാണ്.ഇവയുടെ വ്യാവസായിക പ്രാധാന്യവും നിലവിലുള്ള ആവശ്യകതയും വളരെവളരെ വലുതാണ്. പുളിങ്കുരുവലിൽ നിന്നും മരച്ചീനിയിൽ നിന്നും വ്യവസായ പ്രാധാ ന്യമുള്ള സ്റ്റാർച്ച് പൗഡർ ഉല്പാദിപ്പിക്കാം. താര തമ്യേന കുറഞ്ഞ ചെലവിൽ അസംസ്കൃത വസ്തു ലഭ്യമാക്കുന്നതിനാൽ ഈ വ്യവസായ ത്തിന് സാധ്യതകൾ വളരെയുണ്ട്.

**ജലാംശം നീക്കിയ നാളികേരപൊടി:** ഉണക്കി പേക്ക് ചെയ്ത നാളികേരപൊടി ഗാർഹിക ഉപ യോഗിത്തിനും വ്യവസായികാവശ്യങ്ങൾക്കും അനിവാര്യമാണ്. ഈ ഉല്പാദനത്തിന് വിദേശ വിപണിയും ധാരാളമായി ഉണ്ട്. 60, 70 ശതമാനം എണ്ണമയമുള്ള തേങ്ങയിൽ നിന്നും എണ്ണയുടെ രാസഘടനയ്ക്ക് വ്യത്യയനം വരുത്താതെ ജലശം നീക്കി ചെയ്ത പൊടികളാക്കി കേടുവ രാതെ സൂക്ഷിക്കുകയാണ് ചെയ്യുന്നത് സാധാ രണ നാളികേരം കൊണ്ടുള്ള എല്ലാ ഉപയോ ഗവും ഈ നാളികേര പൊടികൊണ്ട് നിർവഹി ക്കാവുന്നതാണ്. കൂടാതെ മിഠായികൾ, സുഗന്ധ മുറുക്കാൻ തുടങ്ങിയവയ്ക്കും ഇവ ചേർക്കാ റുണ്ട്.

**ജപ്പാൻ ബ്ലാക്ക് / വാഗൺ ബ്ലാക്ക്:** വാഹനങ്ങ ളുടെ അടിഭാഗത്തും ദൃഷ്ടി ഗോചരമാവാത്ത സ്ഥലങ്ങളിലും രൂപഭംഗി ആവശ്യമില്ലാത്ത ഭാഗ

ങ്ങളിലും സംരക്ഷണത്തിനായി ഉപയോഗിക്കുന്നവയാണിത് – ഇവ രണ്ടു തരത്തിലുണ്ട്. ആദ്യത്തേത് കാർബൺ ബ്ലാക്ക് പിഗ്മെന്റിനെ അടിസ്ഥാനപ്പെടുത്തിയുള്ള പെയിന്റുകളാണ്. ഇവയ്ക്ക് ചെലവ് കൂടുതലാണ്. കോൾടാർ, പിച്ച്, താർമഷി ഇവയെ അടിസ്ഥാനമാക്കിയുള്ള ചെലവു കുറഞ്ഞ തരത്തിലുള്ള നിർമാണ രീതിയാണ് അനുയോജ്യം. ഉപഭോക്തൃ വൈപുല്യം പരിഗണിക്കുമ്പോൾ വളരെ വലിയ ഒരു വിപണി ഇപ്പോൾ നിലവിലുണ്ട്. സ്റ്റീൽ, കോൺക്രീറ്റ്, തടി മുതലായ ഫിഷിംഗ് ബോട്ടുകൾ ചെലവു കുറഞ്ഞ സംരക്ഷണത്തിന് ഇവ ഉപയുക്തമാക്കുന്നു. ജലം, രാസവസ്തുക്കൾ ഇവയോടുള്ള പ്രതിരോധന ശക്തി, വൈദ്യുതി വിതരണശക്തി, കുറഞ്ഞ ചെലവ് എന്നിവയാണ് ഇവയുടെ ഉപയോഗം വർധിപ്പിക്കാനുള്ള ഘടകങ്ങൾ. കുറഞ്ഞ സ്ഥിര മൂലധന നിക്ഷേപംകൊണ്ട് തുടങ്ങാവുന്ന ഒരു പദ്ധതിയാണിത്.

തുകൽ പേഴ്സുകൾ, ഹാൻഡ് ബാഗുകൾ, ബെൽറ്റുകൾ

തുകൽകൊണ്ട നവീന രീതിയിലും ആകർഷകമായ വിധത്തിലും നിർമിക്കുന്ന ഉൽപന്നങ്ങളാണ് പേഴ്സുകൾ, ഹാൻഡ് ബാഗുകൾ, ബെൽറ്റുകൾ, താക്കോലുറകൾ മുതലായവ. ഈ ഉൽപന്നങ്ങൾ പരിഷ്കൃത സമൂഹത്തിൽ നല്ല വിപണന സാധ്യതയുള്ളവയാണ്. ജീവിത നിലവാരം വർധിക്കുന്നതനുസരിച്ച് ആകർഷകങ്ങളായ പേഴ്സുകൾ ബാഗുകൾ മുതലായവയുടെ ഉപയോഗങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ തന്നെ വൻ വിപണന സാധ്യതകളാണ്. യു.എസ്.എ, ജപ്പാൻ, യൂറോപ്പ്, കാനഡ തുടങ്ങിയ വിദേശ കമ്പോളങ്ങളിൽ ഈ ഉൽപന്നങ്ങളുടെ ഡിമാന്റ് വൻതോതിൽ വർധിക്കുകയാണ്. കയറ്റുമതി രംഗത്ത് ഗണ്യമായ വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ഈ ഉൽപന്നങ്ങളുടെ വിപണന സാധ്യത കൂടിക്കൊണ്ടിരിക്കുന്നു. തുകൽ, സിൽക്ക് തുണി, കളർ ബട്ടൺ, നൂൽ, ബക്കിൾസ് എന്നിവയാണ് അസംസ്കൃത സാധനങ്ങൾ.

തുരിശ്

കേരളത്തിലെ കാർഷികമേഖലയിൽ വ്യാപകമായ തോതിൽ ഉപയോഗിക്കപ്പെടുന്ന പദാർഥമാണ് തുരിശ്. സസ്യജാലങ്ങൾക്കുണ്ടാകുന്ന കുമിൾ രോഗങ്ങൾക്കെതിരെ തയ്യാറാക്കപ്പെടുന്ന ഔഷധങ്ങളിൽ മിക്കവാറും പ്രധാനഘടകം കോപ്പർ സൾഫേറ്റായിരിക്കും. റബ്ബർ പ്ലാന്റേഷൻ മേഖലയിൽ തുരിശ് അനിവാര്യ ഘടകമാണ്. കേരവൃക്ഷങ്ങളിൽ കാണപ്പെടുന്ന പലവിധ രോഗങ്ങൾക്കും കവുങ്ങുകൾക്കുണ്ടാവുന്ന കുമിൾ രോഗങ്ങൾക്കും കോപ്പർ സൾഫേറ്റുൾപ്പെടുന്ന ബോർഡോ മിശ്രിതം തന്നെയാണ് ഔഷധവിധി. ടെക്സ്റ്റൈൽ, ഫോട്ടോഗ്രാഫി വ്യവസായങ്ങൾക്ക് പിന്നിലെ പല രാസവസ്തുക്കളുടെ നിർമാണത്തിനും കോപ്പർ സൾഫേറ്റ് അവശ്യ ഘടകമാണ്. അതിവിപുലമായ വിപണന ശാഖയാണ് ഈ ഉൽപന്നത്തിന് കേരളത്തിലുള്ളത് സഹകരണമേഖലയിൽ ചെറുകിട വ്യവസായമായി ആരംഭിക്കുകയാണെങ്കിൽ സർക്കാരിന്റെ നിരവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

ജൈവവളങ്ങൾ

ജൈവവളങ്ങളുടെ വിപണന സാധ്യത എന്നത്തേക്കാളും അധികം വർധിച്ചിരിക്കുകയാണിന്ന്. ഇടക്കാലത്ത് കൃത്രിമ വളപ്രയോഗത്തിന്റെ സാധ്യതകളെക്കുറിച്ചുള്ള വൻ പ്രചാരണങ്ങളിൽ കുടുങ്ങി കർഷകർ പൊതുവെ എല്ലാ തരം ജൈവ വളങ്ങളെയും നിഷേധിച്ചിട്ടുണ്ട്. കർഷക ജനത ഇന്ന് പരമ്പരാഗത കൃഷിരീതികളിലേക്ക് ചിന്തിച്ചു തുടങ്ങിയതോടെ ജൈവവള പ്രയോഗങ്ങൾക്കുള്ള പ്രാധാന്യം അനുദിനം വർധിച്ചു കൊണ്ടിരിക്കുകയാണ്. നിലക്കടലപ്പിണ്ണാക്ക്, തുകൽപ്പൊടി, എല്ലുപൊടി, മത്സ്യപ്പൊടി എന്നിവയാണ് അടിസ്ഥാന അസംസ്കൃത വസ്തുക്കൾ.

അലുമിനിയം ഫർണിച്ചർ

ധനാഢ്യരുടെ ഇടയിൽ ഇന്ന് അലുമിനിയം നിർമിതമായ ജംഗമ സാധനങ്ങൾക്ക് പ്രിയം കൂടി വരികയാണ്. ഓഫീസുകൾ, ബാങ്കുകൾ, ഹോട്ടലുകൾ, വീടുകൾ എന്നുവേണ്ട എല്ലായിടത്തും ഇന്ന് അലുമിനിയം കൊണ്ടുള്ള സാധനങ്ങൾ ധാരാളമായി ഉപയോഗിക്കുന്നു. ഇവ തടികൊണ്ട് നിർമിതമായ സാധനങ്ങളേക്കാൾ ഭാരക്കുറവും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റി വയ്ക്കാനും സൗകര്യപ്രദമാണ്. കൂടാതെ കാഴ്ചക്ക് വളരെ ഭംഗിയുള്ളതും തുരുമ്പിക്കാത്തതും ഈടുള്ളതുമാണ്. ജനസംഖ്യാവർധനവ് അനുസരിച്ചും ആളുകളുടെ ജീവതനിലവാരം

വർധിച്ചുവരുന്നതിനുസരിച്ചും ഈ സാധനങ്ങളുടെ ഉപയോഗം കൂടി വരുന്നു. ചെറുകിട വ്യവസായ മേഖലയിൽ ഈ വ്യവസായത്തിന് വൻ സാധ്യതകളാണുള്ളത്.

**കടലാസ് കൈലേസുകൾ:** ഭോജനശാലകളുടെ വർധനവനുസരിച്ച് കടലാസുകൊണ്ടുള്ള തൂവാലകളുടെ ഉപയോഗം വർധിച്ചുവരുന്നു. കനക്കുറവ്, കൈകാര്യം ചെയ്യുന്നതിനുള്ള ലാഘവത്വം, മനോഹരമായ ചിത്രപ്പണി മുതലായ കാരണങ്ങളാൽ ഇവ വളരെ ആകർഷകമാവുന്നു. ഉപയോഗത്തിനുശേഷം കളയുന്നതിനാണ് ഇവ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വൻകിട ഹോട്ടലുകൾ, ഭോജനശാലകൾ, സിനിമാശാലകൾ മുതലായ സ്ഥലങ്ങളിലാണ് ഇവയുടെ വൻതോതിലുള്ള ഉപയോഗം. ടൂറിസം വികസനത്തോടനുബന്ധിച്ച് വൻകിട ഹോട്ടലുകൾ, ടൂറിസ്റ്റ് സങ്കേതം, അവധിക്കാല ക്യാമ്പുകൾ തുടങ്ങിയവയ്ക്ക് വളരെ പ്രാധാന്യം ലഭിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളിലെല്ലാംതന്നെ കടലാസ് നിർമിതമായ ടവ്വലുകൾക്ക് വളരെ വിപണനസാധ്യതയുണ്ട്. ടിഷ്യൂ പേപ്പർ, പേപ്പർ, കാർട്ടൺ, കോർഡ്, മഷി, തിന്നർ എന്നിവയാണ് അസംസ്കൃത പദാർഥങ്ങൾ.

**പേപ്പർ കപ്പും പ്ലേറ്റും:** ഐസ്ക്രീം ഉൽപാദിപ്പിക്കുന്ന ഫാക്ടറികൾ, ഹോട്ടലുകൾ, ലഘുഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ, വിവാഹ പാർട്ടികൾ ഇവയ്ക്കെല്ലാം വൻതോതിൽ ഈ ഉൽപന്നങ്ങൾ ആവശ്യമുണ്ട്. വെള്ള പൾപ്പ്, ബോർഡ്, പശ, പാക്കിംഗ് പേപ്പർ, മെഴുക് തുടങ്ങിയവയാണ് അസംസ്കൃത സാധനങ്ങൾ.

**പപ്പായിൻ (Pappain from Pappaya Milk):** പപ്പായിൻ വെള്ളത്തിൽ അലിയുന്ന വെള്ളയോ മഞ്ഞയതോ ആയ നിറത്തോടുകൂടിയ പൊടിയാകുന്നു. ഇത് പപ്പായകറയിൽ നിന്നുണ്ടാക്കുന്നു. സാധാരണയായി ആഹാരം, മരുന്ന്, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ നിർമാണത്തിന് ഉപയോഗിക്കുന്നതിനാൽ ഇവയുടെ ആവശ്യകത ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യാന്തര വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ഈ ഉല്പന്നത്തിന് വിപണന സാധ്യതയുണ്ട്.

**സ്ട്രോ (Drinking Strow):** പാത്രങ്ങൾ, കുപ്പികൾ തുടങ്ങിയവയിൽനിന്നും പാനീയങ്ങൾ കുടിക്കുന്നതിനായി സ്ട്രോ പ്രയോജനപ്പെടുത്തുന്നു. കൂൾ ബാറുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെല്ലാം ഇവ ധാരാളമായി ഉപയോഗിച്ചുവരുന്നു. ഇവയുടെ ആവശ്യം ദിനംപ്രതി വർധിച്ചുവരികയാണ്. പേപ്പർ, പശ, മെഴുക്, അച്ചടിക്കാനുള്ള മഷി എന്നിവയാണ് അസംസ്കൃത വസ്തുക്കൾ

**യന്ത്ര, തടി, നിർമ്മിത കളിപ്പാട്ടങ്ങൾ:** എല്ലാകാലത്തും വിപണന സാധ്യതയുള്ള ഉല്പന്നമാണ് കളിപ്പാട്ടങ്ങൾ. ആകർഷണതയിൽ ഉണ്ടാക്കുന്ന കളിപ്പാട്ടങ്ങൾ, നഴ്സറി സ്കൂൾ, ശിശുവിഹാര കേന്ദ്രങ്ങൾ, കുട്ടികൾക്ക് പാരിതോഷികം കൊടുക്കുന്നതിന് എന്നുവേണ്ട എല്ലാവരും വാങ്ങുന്നു. അതനുസരിച്ച് ഉല്പാദനവും കൂടിക്കൊണ്ടിരിക്കുന്നു. ഡമ്മി, കളിപ്പാട്ടങ്ങൾ, സ്പ്രിംഗ് കൊണ്ടോ ഭാരംകൊണ്ടോ പ്രവർത്തിക്കുന്നവ, ബാറ്ററികൊണ്ട് പ്രവർത്തിക്കുന്നവ, തടികൊണ്ടുള്ളവ എന്നിങ്ങനെ കളിപ്പാട്ടങ്ങൾ വിവിധ തരത്തിലുണ്ട്. സ്വയം പ്രവർത്തിക്കുന്ന ഡ്രമ്മർ, ജറ്റ് വിമാനം, ഡാൻസ് ചെയ്യുന്ന പാവ, കാർ, ട്രെയിൻ, ജോക്കർ, സൈക്കിൾ, ഹെലികോപ്റ്റർ, സ്കൂട്ടർ ആംബുലൻസ് തുടങ്ങിയവയ്ക്കാണ് കൂടുതലാവശ്യം.

**കോഴിത്തീറ്റ:** ഗവൺമെന്റിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ഫലമായി ശാസ്ത്രീയമായ കോഴിവളർത്തൽ കേന്ദ്രങ്ങൾ നാടിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഒപ്പം തന്നെ ഇവയ്ക്ക് നൽകുവാനുള്ള സമീകൃതാഹാര നിർമാണ സ്ഥാപനങ്ങളും വളരെ അത്യാവശ്യമാണ്. കോഴിത്തീറ്റയുടെ അനുദിനം വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. മഞ്ഞച്ചോളം, ഗോതമ്പ് തവിട്, സാധാരണ തവിട്, നിലക്കടല പിണ്ണാക്ക്, മത്സ്യം, ബോൺമീൽ തുടങ്ങിയ അസംസ്കൃത സാധനങ്ങളാണാവശ്യം.

**കടലാസ് കവറുകൾ (Paper Envelope):** പല ആകൃതിയിലും വലിപ്പത്തിലും ഉള്ള കവറുകൾ വളരെ വേഗം വിറ്റഴിയുന്ന ഉൽപ്പന്നമാണ്. ഓഫീസുകളിലും എല്ലാ ബിസിനസ് സ്ഥാപനങ്ങളിലും ഇവ

യുടെ ഉപയോഗം അത്യന്താപേക്ഷിതമാണ്. പല തരത്തിലുള്ള പേപ്പറുകളും പശയുമാണ് അസംസ്കൃത സാധനങ്ങളായി ഉപയോഗിക്കുന്നത്.

**ഷൂലേസ്, ഫയൽ ടാഗ്, പാക്കിംഗ് ടാപ്പ് (Shoe laces, File tags and Packing taps)**

ഷൂലേസ്, ഫയൽ ടാഗ്, പാക്കിംഗ് ടാപ്പ് എന്നിവ ധാരാളം ഉപയോഗമുള്ള ഉല്പന്നമാണ്. ഇതിന്റെ ആവശ്യം പൊതുവെ വർധിച്ചുകൊണ്ടാണിരിക്കുന്നത്. ഇവ നിർമിക്കുന്നതിനുവേണ്ട യന്ത്രോപകരണങ്ങളും സ്വദേശത്തു തന്നെ ലഭ്യമാണ്. കൂടാതെ സാങ്കേതിക വിദ്യയും ലളിതമാണ്. ആയതിനാൽ അനായാസം ആരംഭിക്കാനും നടത്തിക്കൊണ്ടു പോകാനും സാധിക്കുന്നതാണ്. ഷൂ ലേസിന്റെ ഉപയോഗമെന്താണെന്ന് പ്രത്യേകം പറയേണ്ടതില്ല. പാക്കിംഗ് ടാപ്പുകൾ ഗവൺമെന്റ് ഓഫീസുകളിലും സ്വകാര്യ ഓഫീസുകളിലും പേപ്പറുകൾ ഭംഗിയായി ക്രമീകരിച്ച് വയ്ക്കുന്നതിന് ഉപകരിക്കുന്നു. പരുത്തിനൂൽ, കാർഡ്ബോർഡ്പെട്ടി, ക്രാഫ്റ്റ് പേപ്പർ തുടങ്ങിയവയാണ് അസംസ്കൃത സാധനങ്ങൾ.

**കൂൺകൃഷി:** ഭക്ഷ്യോൽപാദന രംഗത്ത് ഏറെ പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്ന മാംസ്യ സമ്പന്നമായ ഒരു വിഭവമാണ് കൂൺ. പച്ചക്കറികളിൽ ഉള്ളതിനേക്കാൾ ഇരട്ടിയോളം മാംസ്യം പ്രധാനം ചെയ്യുന്നവയാണ് ഇവ. നമ്മുടെ നാട്ടിൽ മാവിൻ തടികളിലും മറ്റും കണ്ടുവരാറുള്ള മരക്കൂൺ തന്നെയാണ് ചിപ്പി കൂൺ എന്ന പേരിലറിയപ്പെടുന്ന ഏറെ പ്രചാരമുള്ള കൂൺകൃഷി. ചിപ്പി കൂണിൽ മൃഗക്കൊഴുപ്പ് തീരെയില്ലാത്തതിനാൽ ഹൃദ്രോഗികൾക്കും രക്തസമ്മർദക്കാർക്കും ഇത് മാംസ്യത്തിന് പകരമുള്ള വിശിഷ്ട ഭോജനമാണ്. 90% ലധികം ജലാംശം അടങ്ങിയ ചിപ്പി കൂണുകൾ ഉണക്കി സൂക്ഷിച്ചാൽ എത്രകാലം കഴിഞ്ഞും ഉപയോഗിക്കാവുന്നതാണ്.

വമ്പിച്ച കൃഷിവിപണന സാധ്യതയുള്ള ചിപ്പി കൂൺ നമ്മുടെ ഭക്ഷണത്തിലെ മാംസ്യത്തിന്റെ അപര്യാപ്തതയ്ക്ക് ഒരളവുവരെ പരിഹാരമായേക്കും. തിരുവനന്തപുരത്തെ വെള്ളനാട്ടുള്ള മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിലും വെള്ളാനി കാർഷിക കോളജിലും ചിപ്പി കൂൺ കൃഷിക്കാവശ്യമായ വിത്തുകൾ ലഭ്യമാണ്. ഏറെ ആദായകരമായ കൂൺ കൃഷി വനിതകൾക്കായുള്ള ഗാർഹിക വ്യാവസായമായി വളർത്തിയെടുക്കാവുന്നതാണ്.

**ഇറച്ചിക്കോഴി വളർത്തൽ:** എന്നും ഡിമാൻഡ് വർധിച്ചുകൊണ്ടിരിക്കുന്ന ഉൽപന്നമാണ് കോഴിയിറച്ചി. ജീവിത നിലവാരത്തോതിൽ വർധനവും സുഖജീവിതത്തിന് അനായാസമായ മാർഗങ്ങൾ കണ്ടെത്താനുള്ള പ്രവണതയും ഇത്തരം ഉല്പന്നങ്ങളുടെ ഉപഭോഗ വർധനവിലേക്കാണ് നയിക്കപ്പെടുന്നത്. കേരളത്തിലെ ചെറുതും വലുതുമായ ഏതു നഗരത്തിലും കോൾഡ് സ്റ്റോറേജുകളിൽ ഏറ്റവും അധികം വിൽക്കപ്പെടുന്നത് കോഴിയിറച്ചിയാണ്.

**മത്സ്യക്കൃഷി:** അത്യുല്പാദനക്ഷമമായ മത്സ്യവിത്ത് ജലാശയങ്ങളിൽ നിക്ഷേപിച്ച് വളപ്രയോഗത്തിലൂടെ കുറഞ്ഞ കാലയളവുകൊണ്ട് കൂടുതൽ വിളവു ലഭ്യമാക്കുന്നതിന് ശാസ്ത്രീയ മത്സ്യകൃഷി എന്നുപറയുന്നു. ജലാശയം മത്സ്യവിത്ത് സാങ്കേതിക പരിജ്ഞാനം പണം എന്നിവയാണ് മത്സ്യകൃഷിക്കുവേണ്ട ഘടകങ്ങൾ. കാട്ല, രോഹു, മൃഗാൽ, ബാറ്റ, സൈപ്രിനസ്, ഗ്രാസ്കാർപ്പ് എന്നിവയാണ് അത്യുല്പാദനശേഷിയുള്ള മത്സ്യവിഭവങ്ങൾ. മത്സ്യകർഷക വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ മത്സ്യകൃഷി ചെയ്യാൻ താല്പര്യവും സ്വന്തമായി വെള്ളക്കെട്ടും ഉള്ളവർക്ക് (പൊതുജലാശയങ്ങളെ സ്വകാര്യ ജലാശയങ്ങളെ ദീർഘകാല പാട്ടത്തിന് എടുത്തിട്ടുള്ളവർക്കും) ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നൽകിവരുന്നു.

**ശുദ്ധജല കൊഞ്ചുകൃഷി:** 500 ടണ്ണിലേറെ ശുദ്ധജലകൊഞ്ച് പ്രതിവർഷം ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്. പശ്ചിമ യൂറോപ്പിലും ഇതര പടിഞ്ഞാറൻ രാജ്യങ്ങളിലും കൊഞ്ചിനുള്ള പ്രിയം വളരെ വലുതാണ്. അഷ്ടമിക്കൊഞ്ച്, കാലൻകൊഞ്ച് എന്നിവയാണ് ജലാശയങ്ങളിൽ വളർത്താൻ പറ്റിയ ഇനമായി കണ്ടെത്തിയിട്ടുള്ളത്. കൂട്ടുകൃഷി അടിസ്ഥാനത്തിൽ കൊഞ്ചുകൃഷി ഏറെ ലാഭകരമായിരിക്കും.

**ചെമ്മീൻകൃഷി:** ഇന്ത്യയ്ക്ക് ഏറ്റവുമധികം വിദേശനാണ്യം നേടിത്തരുന്ന ഉല്പന്നങ്ങളിൽ

ഒന്നാണ് ചെമ്മീൻകൃഷി. അമേരിക്കയും ജപ്പാനുമാണ് ചെമ്മീനിന്റെ പ്രധാന ഉപഭോക്താക്കൾ. അനേകയിനങ്ങളിൽപ്പെട്ട ചെമ്മീനുൾ ഉണ്ടെങ്കിലും നമ്മുടെ പരിതസ്ഥിതിയിൽ കാർഷിക യോഗ്യമായിട്ടുള്ളത്. നാരൻ, കാര എന്നിയിനം ചെമ്മീനുകളാണ്.

## സാധ്യതകൾ – ബി

സാധ്യതകളായി നമ്മുടെ പ്രദേശത്തിന് പറ്റിയ ഏതാനും വ്യവസായ യൂണിറ്റുകളെ മേൽപ്രസ്ഥാവിച്ചു കഴിഞ്ഞു. ഇതിനുപുറമേ മറ്റ് നിരവധി സാധ്യതകൾ നമ്മുക്ക് കണ്ടെത്താവുന്നതാണ്.

1. നാളികേരം, ചിരട്ട, ചികരി, തെങ്ങിൻതട്ടി എന്നിവ ഉപയോഗിച്ചുള്ള വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.
2. ഒരുഅസംസ്കൃത വസ്തു എന്ന നിലയിൽ മറ്റ് എണ്ണകൾക്ക് പകരമായോ, കൂട്ടിചേർത്തോ വെളിച്ചെണ്ണ ഉപയോഗിക്കണം.
3. കൈത്തറി മേഖലയിൽ പരമ്പരാഗത തുണി നിർമ്മാണത്തിന് പകരം പുതിയ പാറ്റേണുകൾ കണ്ടെത്തണം.
4. ബീഡിമേഖലയിലെ തൊഴിലാളികളെ പുതിയ സംരഭങ്ങൾ കണ്ടെത്തി പുനരധിവസിപ്പിക്കാം.
5. വൈദ്യുതി ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കണം. വ്യവസായ സംരഭങ്ങൾക്ക് ഒരുപരിധി വരെ മുൻഗണനനൽകണം.
6. വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ ചെറു നിർമ്മിതികൾ ഏതെന്ന് കണ്ടെത്തി അവ നിർമ്മിച്ച് വനിതകളുടെതൊഴിൽ പങ്കാളിത്തം ഉറപ്പാക്കണം.
7. തൊഴിൽപരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുക.
8. വ്യവസായരംഗത്തെ നൂതന പ്രവണതകളും സാങ്കേതിക രീതികളും വ്യവസായികൾക്ക് ലഭ്യമാക്കണം. ശാസ്ത്രീയ ബോധവൽക്കണം നടക്കണം.
9. വ്യവസായലൈസൻസുകൾ ഉദാരമാക്കണം.
10. പ്രദേശിക ഉൽപന്നങ്ങളുടെ ഗുണമേന്മയെക്കുറിച്ചു ബോധവൽക്കരണം നടത്തണം.
11. പ്രാദേശികഉൽപ്പനങ്ങൾക്ക് റിബേറ്റ് അനുവദിക്കുക.
12. ഉത്സവമേളകളിലും പ്രദർശനശാലകളിലും പവലിയനുകൾക്ക് അനുവദിച്ച് പ്രാദേശിക ഉൽപ്പനങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

# വിദ്യാഭ്യാസം



**എ**ടക്കാട് പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുമ്പോൾ പഴയകാലത്ത് ഇതിന് തുടക്കം കുറിച്ച ഗുരുനാഥൻമാരെ ഓർക്കുന്നത് നന്നായിരിക്കും. മുന്നൂറ് വർഷങ്ങൾക്ക് മുമ്പു തന്നെ ഇവിടെ കാര്യക്ഷമമായ രീതിയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പനക്കാട്ട് വിഷ്ണു നമ്പൂതിരി, എടക്കാട്ട് ശങ്കരൻ കോക്കണിയാൻ എന്നീ മഹൽ വ്യക്തികളുടെ പേരുകൾ ചരിത്രരേഖകളിൽ കാണുന്നു. നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിൽ സ്മരണീയരായ മഹൽ വ്യക്തികളായിരുന്നു സർവ്വശ്രീ അപ്പാവു മാസ്റ്റർ, അനന്തൻ ഗുരിക്കൾ, കേളൻ ഗുരിക്കൾ, പി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ, ശങ്കുണ്ണി നമ്പ്യാർ, വിദ്വാൻ കെ.വി. ചന്തുപ്പണിക്കർ, ചാത്തുക്കുട്ടി വൈദ്യർ, കുമാരൻ വൈദ്യർ തുടങ്ങിയവർ.

പണ്ടത്തെ കുടിപ്പള്ളിക്കൂടങ്ങളാണ് ഇന്നത്തെ പ്രാഥമിക വിദ്യാലയങ്ങളിൽ പലതും. വിരൽ തുമ്പുകൊണ്ട് മണൽതരികൾ 'ഹരി:ശ്രീ' പഠനമാരംഭിച്ച സ്മരണ ഇന്നും പഴമക്കാരുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. നാട്ടുകാരുടെ സമ്പൂർണ സഹായത്തോടെ നടത്തിയിരുന്ന അന്നത്തെ വിദ്യാലയങ്ങളിൽ ശാസ്ത്രം, സംഗീതം, കല, വൈദ്യം എന്നിവ അഭ്യസിപ്പിച്ചിരുന്നു.

കിഴുന്ന എൽ.പി. (1882), കുറ്റിക്കകം നോർത്ത് എൽ.പി. (1883), എടക്കാട് എൽ.പി., തോട്ടട എൽ.പി, ഏഴര മാപ്പിള എൽ.പി, ചിറക്കുതാഴ എൽ.പി. ഊർപ്പഴശ്ശിക്കാവിനോടനുബന്ധിച്ച് നടത്തിയിരുന്ന അനന്തൻ ഗുരിക്കളുടെ സ്കൂൾ എന്നിവയായിരുന്നു ആദ്യകാല വിദ്യാലയങ്ങൾ. പണ്ട് ഈ പഞ്ചായത്തിൽ പ്രാഥമിക വിദ്യാലയങ്ങൾ ഒഴികെ മറ്റു വിദ്യാലയങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അതിനാൽ ഉന്നതവിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ കണ്ണൂരിലേയും തലശ്ശേരിയിലേയും വിദ്യാലയങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത്. പഞ്ചായത്തിലെ ആദ്യത്തെ യു.പി.സ്കൂൾ 1928ൽ സ്ഥാപിതമായ ഊർപ്പഴശ്ശിക്കാവ് യു.പി.സ്കൂളാണ്. നാട്ടുകാരുടെ ഇടയിൽ 'വലിയ സ്കൂൾ' എന്നറിയപ്പോട്ടിരുന്ന ഈ വിദ്യാലയം പണ്ടത്തെ ഊർപ്പഴശ്ശിക്കാവ് എൽ.പിസ്കൂൾ രൂപാന്തരപ്പെട്ടുണ്ടായതാണ്. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ തോട്ടട ഗവൺമെന്റ് ഹൈസ്കൂൾ 1974–ൽ നാട്ടുകാരുടെ ശ്രമഫലമായി സ്ഥാപിതമായി. ഇന്ന് ഇവിടെ ഒരു ഹൈസ്കൂളും 6 യു.പി.സ്കൂളുകളും 13 എൽ.പി. സ്കൂളുകളുമാണ് ഉള്ളത്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളായ ടെക്നിക്കൽ ഹൈസ്കൂൾ, ഗവൺമെന്റ് ഐ.ടി.ഐ, ഗവൺമെന്റ് വനിത ഐ.ടി.ഐ, ഗവൺമെന്റ് പോളിടെക്നിക്ക്, സ്വകാര്യ മേഖലയിൽ ഒരു ഐ.ടി.സി എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ നിലവിലുള്ള വിദ്യാലയങ്ങളുടെ കണക്കും പട്ടികയും ചുവടെ ചേർക്കുന്നു.

**പട്ടിക–1A**

| നമ്പ്ര് സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അധ്യാപകർ |
|---|---|---|---|---|---|
| 1. ഗവ. എച്ച്.എസ്. തോട്ടട | ഗവ: | 329 | 318 | 647 | 25 |
| 2. തോട്ടട വെസ്റ്റ് യു.പി. | എയ്ഡഡ് | 257 | 247 | 504 | 21 |
| 3. കിഴുന്ന സൗത്ത് യു.പി. | ” | 278 | 237 | 515 | 15 |
| 4. ഊർപ്പഴശ്ശിക്കാവ് യു.പി. | ” | 128 | 119 | 247 | 14 |
| 5. ആറ്റടപ്പ സൗത്ത് യു.പി. | ” | 143 | 135 | 278 | 13 |
| 6. കുറുവ യു.പി. | ” | 208 | 214 | 422 | 17 |
| 7. കടലായി സൗത്ത് യു.പി. | ” | 229 | 199 | 428 | 18 |
| 8. ആറ്റടപ്പ എൽ.പി. | ” | 25 | 35 | 60 | 4 |
| 9. ആറ്റടപ്പ NO11എൽ.പി. | ” | 22 | 39 | 61 | 4 |
| 10. തോട്ടട നോർത്ത് എൽ.പി. | ” | 19 | 25 | 44 | 4 |
| 11. ചാലദേവി വിലാസം എൽ.പി. | ” | 75 | 57 | 132 | 6 |
| 12. ചിറക്കുതാഴ എൽ.പി. | ” | 47 | 42 | 89 | 4 |
| 13. കിഴുന്ന സെൻട്രൽ എൽ.പി | ” | 57 | 46 | 103 | 5 |
| 14. ഏഴരമാപ്പിള എൽ.പി. | ” | 89 | 98 | 187 | 9 |
| 15. കിഴുന്ന എൽ.പി. | ” | 24 | 13 | 37 | 4 |
| 16. കുറ്റിക്കകം സൗത്ത് എൽ.പി | ” | 35 | 49 | 84 | 5 |
| 17. കുറ്റിക്കകം നോർത്ത് എൽ.പി. | ” | 49 | 54 | 103 | 3 |
| 18. കുറ്റിക്കകം എൽ.പി. | ” | 45 | 40 | 85 | 6 |
| 19. ചാല പടിഞ്ഞാറെക്കര എൽ.പി. | ” | 67 | 64 | 131 | 6 |
| 20. എടക്കാട് എൽ.പി | ” | 36 | 32 | 68 | 5 |
| **Total** | | **2162** | **2063** | **4225** | **188** |

(അവലംബം ദ്വിതീയ വിവര ശേഖരണം).

## പട്ടിക 1 (B)

### LP, UP, HS വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 4225 | 590 | 594 | 50.16% | 1243 | 1151 | 48.07 | 329 | 318 | 49.14 |
| | | | | | ആകെ | | 2063 | | 48.82 |

## പട്ടിക 1 (C)
### പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1184 | 58 | 4.89 | 2394 | 74 | 3.09 | 647 | 17 | 2.62 |
| | | | ആകെ | | | 149 | | 3.52% |

സാമ്പത്തിക സാമൂഹ്യകാരണങ്ങളാൽ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തിയിട്ടുണ്ട്. 1996-97 വിദ്യാഭ്യാസ വർഷത്തിൽ 'കൊഴിഞ്ഞുപോയവരുടെ' വിവരം പട്ടിക 1(D)യിൽ കൊടുത്തിരിക്കുന്നു.

ആകെയുള്ള സ്കൂളുകളിൽ ഒരണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. മൊത്തം അധ്യാപകരിൽ 13.29 ശതമാനവും വിദ്യാർത്ഥികളിൽ 15.31 ശതമാനവുമാണ് ഉള്ളത്. (പട്ടിക 11)

## പട്ടിക 1(D)
### പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 2 | - | 2 | 29 | 10 | 39 |
| | | | ആകെ | | 41 |

## പട്ടിക 11
### ഗവ. സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | ഗവ. വിദ്യാലയത്തിലെ അധ്യാപകരുടെ എണ്ണം | ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 188 | 25 | 13.29 | 4225 | 647 | 15.31 |

ഇന്നുള്ള 13 എൽ.പി. സ്കൂലുകളിൽ 5 എണ്ണത്തിന് അഞ്ചാം തരംവരെ ക്ലാസ്സുകളുണ്ട്. എൽ.പി. വിഭാഗത്തോട് കൂടിയവയാണ്. യു.പി. സ്കൂളുകൾ എല്ലാം ഗവൺമെന്റ് ഹൈസ്കൂളിൽ 8–ാം ക്ലാസ് മുതലാണ് ഉള്ളത്. തോട്ടട വെസ്റ്റ് യു.പി.സ്കൂളിൽ പി.ടി.എ. നടത്തിവരുന്ന ബാലഭവൻ മറ്റു വിദ്യാലയങ്ങളിൽ കൂടി മാതൃകയാകേണ്ട തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. ദശാബ്ദങ്ങൾക്ക് മുമ്പുതന്നെ സ്ഥാപിക്കപ്പെട്ട ഇവിടുത്തെ വിദ്യാലയങ്ങളിൽ എല്ലാംതന്നെ ഒട്ടേറെ പരിമിതികൾ നിലനിൽക്കുന്നു. എല്ലാ വിദ്യാലയങ്ങൾക്കും സ്വന്തമായി സ്ഥലമുണ്ടെങ്കിലും മിക്കതിനും ആവശ്യത്തിനില്ല. അഞ്ച് വിദ്യാലയങ്ങളിൽ മാത്രമെ ചെറിയ കളിസ്ഥലമുള്ളു.

മിക്ക വിദ്യാലയങ്ങളും പ്രീ. കെ.ഇ.ആർ. പ്രകാരമുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ചുമരില്ലെങ്കിലും മിക്കതും ഓടിട്ടതാണ്. ഭൂരിപക്ഷം കെട്ടിടങ്ങൾക്കും മൺമറയാണ്. ആവശ്യത്തിന് ഫർണിച്ചറുകളും പഠനോപകരണങ്ങളും ഇല്ലെന്നുള്ളതാണ് മറ്റൊരു പ്രശ്നം. മൂത്രപ്പുര ഇല്ലാത്ത 9 സ്കൂളുകളും കക്കൂസ്സില്ലാത്ത 16 സ്കൂളുകളും, കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന 8 സ്കൂളുകളും ഉണ്ട്. തോട്ടട വെസ്റ്റ് യു.പി.സ്കൂളിലും ഗവ:ഹൈസ്കൂളിലും മാത്രമെ വൈദ്യുതി ഉള്ളൂ.

വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത കാണിക്കുന്ന പട്ടിക IIIൽ ചേർത്തിരിക്കുന്നു.

## പട്ടിക III
## ഭൗതീക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| 1. ഗവ. ഹൈസ്കൂൾ തോട്ടട | 647 | 25 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. തോട്ടട വെസ്റ്റ് യു.പി. | 504 | 21 | ” | ” | ” | ” |
| 3. കിഴുന്ന സൗത്ത് യു.പി. | 515 | 15 | ” | ഇല്ല | ” | ഇല്ല |
| 4. ഊർപ്പഴശ്ശിക്കാവ് യു.പി. | 247 | 14 | ” | ” | ” | ” |
| 5. ആറ്റടപ്പ സൗത്ത് യു.പി. | 278 | 13 | ” | ” | ” | ” |
| 6. കുറുവ യു.പി. | 422 | 17 | ഇല്ല | ” | ” | ” |
| 7. കടലായി സൗത്ത് യു.പി. | 428 | 18 | ഉണ്ട് | ഉണ്ട് | ” | ” |
| 8. ആറ്റടപ്പ എൽ.പി. | 60 | 4 | ഇല്ല | ഇല്ല | ” | ” |
| 9. ആറ്റടപ്പ No.11 എൽ.പി. | 61 | 4 | ” | ” | ഇല്ല | ” |
| 10. തോട്ടട നോർത്ത് എൽ.പി. | 44 | 4 | ” | ” | ” | ” |
| 11. ചാല ദേവിവിലാസം എൽ.പി. | 132 | 6 | ഉണ്ട് | ” | ഉണ്ട് | ” |
| 12. ചിറക്കുതാഴ എൽ.പി. | 89 | 4 | ” | ” | ” | ” |
| 13. കിഴുന്ന സെൻട്രൽ എൽ.പി. | 103 | 5 | ” | ” | ഇല്ല | ” |
| 14. ഏഴര മാപ്പിള എൽ.പി. | 187 | 9 | ” | ” | ” | ” |
| 15. കിഴുന്ന എൽ.പി. | 37 | 4 | ഇല്ല | ” | ” | ” |
| 16. കുറ്റിക്കകം സൗത്ത് എൽ.പി. | 84 | 5 | ” | ” | ” | ” |
| 17. കുറ്റിക്കകം നോർത്ത് എൽ.പി. | 103 | 3 | ഉണ്ട് | ” | ഉണ്ട് | ” |
| 18. കുറ്റിക്കകം എൽ.പി. | 85 | 6 | ഇല്ല | ” | ഇല്ല | ” |
| 19. ചാല പടിഞ്ഞാറെക്കര എൽ.പി. | 131 | 6 | ” | ” | ഉണ്ട് | ” |
| 20. എടക്കാട് എൽ.പി | 68 | 5 | ” | ” | ഇല്ല | ” |

(അവലംബം സെക്കണ്ടറി ഡാറ്റ)

അക്കാഡമിക് സൗകര്യങ്ങൾ ഒരു വിദ്യാലയത്തെ സംബന്ധിച്ചെടുത്തോളം പരമപ്രധാനമാണ്. വിദ്യാർത്ഥികൾക്ക് ഉണർവും ഉൻമേഷവും നൽകുന്നതിന് വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. പരിമിതമായ ഉപകരണങ്ങൾ മാത്രമെ ഇവിടെ ഉള്ളൂ. ദൃശ്യ- ശ്രവ്യ ഉപകരണങ്ങൾ ഹൈസ്കൂളൊഴികെ മറ്റൊരിടത്തും ഇല്ല എന്നത് ഒരു വലിയ പോരായ്മയാണ്. വിദ്യാലയങ്ങളിലെ അക്കാഡമിക് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ രക്ഷാകർത്തൃ സമിതി മുൻകൈ എടുക്കണം.

വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. നിരന്തരമായുണ്ടാകുന്ന വിദ്യാർത്ഥി സമരങ്ങളും ടി.വി.യുടെ അതിപ്രസരവും, പൈങ്കിളി സാഹിത്യ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണവും പഠനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഓൾ പ്രമോഷൻ സമ്പ്രദായം വിദ്യാർത്ഥികളിലെ അക്ഷര ബോധമുറക്കായ്കക്ക് കാരണമാക്കുന്നു. അധ്യാപകരോടൊപ്പം രക്ഷിതാക്കളും വിദ്യാർത്ഥികളുടെ പഠനകാര്യത്തിൽ കൂടുതൽ താല്പര്യമെടുത്താൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. 96ലെ ദ്വിതീയ വിവരശേഖരണത്തിലെ അക്കാദമിക് നിലവാരം സംബന്ധിച്ച പട്ടിക IV താഴെ കൊടുക്കുന്നു.

### പട്ടിക IV
### 96 – കാൽ പാദ പരീക്ഷ

| ക്ലാസ് | 30% നു താഴെ മാർക്ക് ലഭിച്ചവർ | 30%നും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40%നും 50%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 50%നും 60%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 60 % നു മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| III | 46 | 62 | 97 | 138 | 115 |
| IV | 44 | 64 | 96 | 139 | 169 |
| V | 43 | 74 | 102 | 103 | 180 |
| VI | 66 | 76 | 123 | 108 | 108 |
| VII | 70 | 74 | 117 | 122 | 121 |
| VIII | 13 | 181 | 9 | 3 | 1 |
| IX | 3 | 152 | 20 | 17 | 3 |

ഹൈസ്കൂളിൽ എത്തുമ്പോൾ 50%തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ശരാശരി മാർക്ക് 40നും 45നും ഇടയിലാണ്. എസ്.എസ്.എൽ.സി കഴിഞ്ഞ് ഭൂരിഭാഗം വിദ്യാർത്ഥികളും ചൊവ്വ കണ്ണൂർ എന്നീ സ്ഥലങ്ങളിലെ പാരലൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്.

തോട്ടട ഗവൺമെന്റ് ഹൈസ്കൂളിലെ കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം താഴെ കൊടുക്കുന്നു.

| 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 54.4% | 44.2% | 38.6% | 40.8% | 36.9% |

എസ്.എസ്.എൽ.സി. വിജയശതമാനം കുറഞ്ഞുവരുന്നതായി കാണുന്നു. അതിൽതന്നെ ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളിൽ വിജയശതമാനം വളരെ ശോചനീയമാണ്. ഈ വിഷയങ്ങളിൽ പ്രത്യേകിച്ചു മറ്റു വിഷയങ്ങളിൽ പൊതുവായും വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും രക്ഷിതാക്കളുടേയും സത്വര ശ്രദ്ധപതിയേണ്ടതാണ്.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയതാണ് ഗുരുകുലം പദ്ധതി. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ പുത്തൻ പരീക്ഷാ സമ്പ്രദായം വിദ്യാർത്ഥികളിലും അധ്യാപകരിലും മാറ്റത്തിന്റെ നാന്ദി കുറിച്ചു. തോട്ടട വെസ്റ്റ് യു.പി, കറുവ യു.പി., ചാല ദേവി വിലാസം എൽ.പി എന്നീ സ്കൂളുകളിലെ എൽ.പി. ക്ലാസ്സുകളിൽ പാലയാട് ഡയറ്റിന്റെ മേൽനോട്ടത്തിലുള്ള എം.എൽ.എൽ. ക്ലാസ്സുകളാണ് നടക്കുന്നത്. ഇതിനുവേണ്ടി അധ്യാപകർക്ക് നിരന്തരമായി ക്ലാസ്സുകളും ശില്പശാലകളും പഠനോപകരണനിർമ്മാണ പ്രവർത്തനങ്ങളുമൊക്കെ നടന്നു വരുന്നുണ്ട്. ഇത് മറ്റു വിദ്യാലയങ്ങളിലും കൂടി വ്യാപിച്ചാൽ വിദ്യാഭ്യാസ രംഗത്ത് ഒരു പുത്തൻ ഉണർവ്വുണ്ടാക്കാൻ സാധിക്കും. കുട്ടികളുടെ നാനാമുഖമായ കഴിവുകളും താല്പര്യങ്ങളും വളർത്തിയെടുക്കുന്നതിനും അവരെ ഉത്തമ പൗരന്മാരാക്കുന്നതിനും സ്കൗട്ട് / ഗൈഡ് സംഘടനകൾ വഹിക്കുന്ന പങ്ക് അളവറ്റതാണ്. തോട്ടട വെസ്റ്റ് യു.പി., കടലായി സൗത്ത്

യു.പി. എന്നീ സ്കൂളുകളിൽ സ്കൗട്ട് ട്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

മിക്ക വിദ്യാലയങ്ങളിലും പി.ടി.എ. സജീവമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില സ്കൂളുകളിൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വിദ്യാലയത്തിന്റെ ഭൗതീകസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഇവർ ആത്മാർത്ഥമായി ശ്രമിച്ചുവരുന്നുണ്ട്. മാതൃ സമിതികൾ സജീവമായതോടെ വിദ്യാഭ്യാസനിലവാരം ഗുണപരമായി മെച്ചപ്പെടാൻ തുടങ്ങിയിട്ടുണ്ട്.

സമൂഹത്തിൽ ഇന്ന് നിലവിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടുള്ള ഭ്രമം ഈ പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം ലഭിച്ചെങ്കിലെ തങ്ങളുടെ കുട്ടികളുടെ ഭാവി സുരക്ഷിതമാവുകയുള്ളു എന്ന തെറ്റായ ധാരണയും ഇതിന്റെ കാരണങ്ങളാണ്. ഗ്രാമീണ വിദ്യാലയങ്ങളിലേക്ക് അതാത് പ്രദേശത്തെ കുട്ടികൾ എത്തുന്നതിന് വേണ്ട സാഹചര്യം ഉണ്ടാവേണ്ടതാണ്.

## സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് സാങ്കേതിക വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചത്. മാറിവരുന്ന ലോകക്രമത്തിന്നനുസൃതമായി ഭാരതത്തെ മാറ്റിയെടുക്കുവാൻ സാങ്കേതിക വിദ്യ അത്യാവശ്യമാണെന്ന് കണ്ടതിനാലാണ് ഈ പദ്ധതി ഉടലെടുത്തത്. ഇതിന്റെ ഭാഗമായി ടെക്കനിക്കൽ ഹൈസ്കൂൾ തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപീകൃതമായി. ഇന്നും ഈ മേഖലയിൽ മലബാറിന് വേണ്ടത്ര പ്രതിനിധ്യം ലബിച്ചു കാണുന്നില്ല. കണ്ണൂർ ജില്ലയിലെ നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങലായ ഗവൺമെന്റ് പോളിടെക്കനിക്ക്, ഗവ: ഐ.ടി.ഐ, ഗവ. വനിതാ ഐ.ടി.ഐ, ടെക്കനിക്കൽ ഹൈസ്കൂൾ എന്നിവ ഈ പഞ്ചായത്തിലാണ്. അവിടെയുള്ള വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും എണ്ണം പട്ടിക Vൽ കൊടുത്തിരിക്കുന്നു.

### പട്ടിക V

| ക്രമ നമ്പർ | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ | വിദ്യാർത്ഥികൾ | അധ്യാപകർ/ അധ്യാപകേതര ജീവനക്കാർ |
|---|---|---|---|
| 1. | ഗവൺമെന്റ് പോളിടെക്കനിക്ക് | 783 | 111 |
| 2. | ഗവ. ഐ.ടി.ഐ | 888 | 128 |
| 3. | ഗവ. വനിത ഐ.ടി.ഐ | 116 | 21 |
| 4. | ടെക്കനിക്കൽ ഹൈസ്കൂൾ | 257 | 29 |
| | വൊക്കേഷനൽ - ഹയർസെക്കന്ററി സ്കൂൾ | 83 | 11 |
| | ആകെ | 2145 | 300 |

കണ്ണൂർ ടെക്കനിക്കൽ ഹൈസ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വൊക്കേഷനൽ ഹയർ സെക്കന്ററി തലത്തിൽ നിലവിലുള്ള കോഴ്സുകൾ കാര്യക്ഷമമായി നടത്തുകയും പുതിയ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ 4 ടൈപ്പ് റൈറ്റിങ്ങ് സ്ഥാപനങ്ങളിലായി 300ൽപരം പേർ ടൈപ്പ് റൈറ്റിങ്ങ് പരിശീലനം നടത്തുന്നു. നല്ലനിലയിൽ പ്രവർത്തിക്കുന്ന രണ്ട് യോഗ സ്റ്റഡിസെന്ററുകൾ ഉണ്ട്. അവയിൽ ഒന്ന് തോട്ടട പോസ്റ്റാഫീസിന്നടുത്തുള്ള പരിവ്രജകാചാര്യ യോഗ സ്റ്റഡിസെന്ററും മറ്റൊന്ന് ചാല ദേവി വിലാസം എൽ.പി.സ്കൂൾ കേന്ദ്രമായി നടത്തുന്ന ശ്രീരാമകൃഷ്ണ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സൗജന്യ യോഗസ്റ്റഡി സെന്ററുമാണ്. പരിവ്രജകാചാര്യകേന്ദ്രത്തിൽ മന്ദബുദ്ധികൾക്കായുള്ള പ്രത്യേക പരിശീലന വിഭാഗവും ഉണ്ട്. ഇവകൂടാതെ മന്ദബുദ്ധികൾക്കായി നടത്തപ്പെടുന്ന ആശ്രയം ഇന്നർവീൽ സ്കൂളും തൗട്ടയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ 8 മദ്രസകൾ ഉണ്ട്. ഇപ്പോൾ നിലവിലുള്ള മദ്രസാ പഠനസമയം സാധാരണ സ്കൂൾ പ്രവർത്തനത്തെ ബാധിക്കുന്നതായി പരാമർശം ഉണ്ട്. 3 മലയാളം നഴ്സറി, ഒര് ഇംഗ്ലീഷ് മീഡിയം നഴ്സറി, 17 അംഗൻവാടികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നാടിന്റെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന 14 വായനശാല/ഗ്രന്ഥാലയങ്ങളും 4-ാംവാർഡിൽ 1-ാം സാംസ്കാരിക നിലയവും 3-ാം വാർഡിലും 8-ാം വാർഡിലും ഓരോ ജനശിക്ഷണ നിലയവും ഉണ്ട്. 3 മലയാളം നഴ്സറികളിൽ ഒന്ന് ചാല പടിഞ്ഞാറകരയിൽ പഞ്ചായത്ത് വക സ്ഥാപിച്ചിട്ടുള്ളതാണ്.

## പ്രശ്നങ്ങൾ

1. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
2. ഗുരുകുലം പരിപാടി സജീവമല്ല.
3. ഭൗതീക സാഹചര്യങ്ങളും അക്കാഡമിക്ക് സൗകര്യങ്ങളും കുറവാണ്.
4. സ്കൂളുകളിൽ കളിസ്ഥലം കുറവാണ്.
5. സ്കൂളുകളിലെ പഠനനിലവാരം വളരെ കുറവാണ്.
6. വിദ്യാലയങ്ങളിൽ അക്ഷരബോധം ഉറയ്ക്കാത്തവരുടെ എണ്ണം കൂടിവരുന്നു.
7. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം കൂടിവരുന്നു.
8. പ്രൈമറി വിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി വിതരണത്തിന് അനുവദിച്ച സംഖ്യ കുറവാണ്.
9. ഏഴാം വാർഡിൽ യു.പി. സ്കൂൾ ഇല്ലാത്തത് കാരണം മുസ്ലിം പെൺകുട്ടികൾ പഠനം നിർത്തുന്നു.
10. അംഗൻ വാടികളിൽ പ്രാഥമിക സൗകര്യങ്ങൽ അപര്യാപ്തമാണ്.
11. ടെക്കനിക്കൽ ഹൈസ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വൊക്കേഷനൽ ഹയർ സെക്കന്ററി കോഴ്സ് തീർത്തും അവഗണിക്കപ്പെട്ടിരിക്കുകയാണ്.
12. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവ അപര്യാപ്തമാണ്.
13. തോട്ടട ഹൈസ്കൂളിൽ ഒരു കളിസ്ഥലം ഇല്ലാത്ത ബുദ്ധിമുട്ടുണ്ട്.
14. ടി.വി. സീരിയലുകൾ കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ, സാധ്യതകൾ

1. എല്ലാം വിദ്യാലയങ്ങളിലും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ – മൂത്രപ്പുറ, കക്കൂസ്, കുടിവെള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുക.
2. തോട്ടട ഗവ. ഹൈസ്കൂൾ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുക. ചുറ്റുമതിലും കളിസ്ഥലവും അടിയന്തിരമായും ആവശ്യമാണ്.
3. യഥാസമയത്ത് അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകളും വിദ്യാർത്ഥികൾക്ക് കലാ കായിക മത്സരങ്ങളും സംഘടിപ്പിക്കുക.
4. മികച്ച വിദ്യാലയങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുക.
5. വിദ്യാലയങ്ങളിൽ ലൈബ്രറി, ലാബ്രട്ടറി, മറ്റ് പഠനോപകരണങ്ങൾ ഇവ ലഭ്യമാക്കുകയും പരിപൂർണ്ണായി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
6. നിലവിലുള്ള സിലബസ് ലഘൂകരിക്കുക. പാഠപുസ്തകങ്ങൾ യഥാസമയത്ത് ലഭ്യമാക്കണം.
7. ഗുരുകുലം പരിപാടി ഊർജിതപ്പെടുത്തുന്നതിന് വേണ്ടി അയൽകൂട്ടം രൂപീകരിക്കുക.
8. അയൽവക്ക വിദ്യാലയ സമ്പ്രദായത്തിനുവേണ്ടിയുള്ള ബോധവത്കരണ പരിപാടി ആരംഭിക്കുക.
9. പി.ടി.എ. മദർ പി.ടി.എ പ്രവർത്തനം കാര്യക്ഷമമാക്കണം.
10. സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികകള നിലനിർത്തികൊണ്ട് വിദ്യാർത്ഥികളുടെ പാഠ്യേതര കഴിവുകൾ വർദ്ധിപ്പിക്കുക.
11. ഏഴാം വാർഡിലെ ഏഴരമാപ്പിള എൽ.പി.യും മൂന്നാം വാർഡില ചാല ദേവിവിലാസം എൽ.പി.യും യു.പി.സ്കൂൾ തലത്തിലേക്ക് ഉയർത്തുക.
12. പഞ്ചായത്തിലെ അൺ എക്കണോമിക്ക് സ്കൂളുകൾ നിലനിർത്തുക.
13. തോട്ടട വെസ്റ്റ് യു.പി, ഒ.കെ.യു.പി. എന്നീ സ്കൂളുകൾക്ക് നടപ്പാത ഉണ്ടാക്കുക.
14. കളിസ്ഥലമില്ലാത്ത സ്കൂളുകൾക്ക് കളിസ്ഥലം ഉണ്ടാക്കണം.
15. കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കുകയും ഉള്ളവയ്ക്ക് ആവശ്യമായ അറ്റക്കുറ്റപ്പണികൾ നടത്തുകയും ചെയ്യണം.
16. പതിനൊന്നാം വാർഡിൽ ചിറഭാഗത്തും രണ്ടാം വാർഡിൽ ചാല കുന്നുഭാഗത്തും ആറാം വാർഡിൽ കുറ്റിക്കകം തെരു പരിസരത്തും ഓരോ അംഗൻവാടി അത്യാവശ്യമാണ്.
17. പന്ത്രണ്ടാം വാർഡിലെ അംഗൻവാടി ഇപ്പോൾ മൂന്നാം വാർഡിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അത് പന്ത്രണ്ടാം വാർഡിൽതന്നെ പ്രവർത്തിക്കാൻ ആവശ്യമായ കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കണം.

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | ആകെ | [illegible] | [illegible] | D.T.A. വരവ് | [illegible] വരവ് | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| [illegible] L.P. | 5/000 | 1/000 | 2/000 | 650 | 1/500 | 800 | 1400 | 1/300 | 3460 | — | 3460 | 1650 | — | 1500 | — | 6520 |
| [illegible] | 9/000 | 8/000 | 540 | 330 | 1/800 | 190 | 2/500 | 400 | [illegible] | 2/100 | 2/100 | 1520 | 400 | — | 18740 | 22760 |
| [illegible] | 1400 | — | 250 | 350 | 400 | 300 | 600 | — | 1491 | 1533 | 3300 | 1176 | — | 6110 | — | 10300 |
| [illegible] | 500 | 1200 | 200 | 125 | 125 | 100 | 3000 | — | 1593 | 813 | 2406 | 680 | 505 | 475 | — | 1600 |
| [illegible] (W) [illegible] | 5000 | 3500 | 250 | 500 | 2000 | 250 | 4500 | 1000 | 1300 | 2100 | 3400 | 1260 | 300 | 1000 | 1500 | 4260 |
| [illegible] L.P. | 2500 | 800 | 700 | 300 | 1000 | 500 | 4500 | 500 | 271 | — | 271 | 105 | — | — | — | 376 |
| [illegible] L.P. | 500 | 350 | — | — | — | — | 2306 | 600 | 3156 | | 3156 | — | — | — | 1076 | 1076 |
| [illegible]-II L.P. | 4500 | 500 | — | 100 | 100 | — | 1330 | — | 1330 | 467 | 934 | [illegible] | — | 365 | — | 1309 |
| [illegible] L.P. | 4000 | 500 | — | 100 | 200 | — | 2780 | — | 400 | 400 | 800 | — | — | — | 80 | 880 |
| [illegible] L.P. | 777 | 179 | 29 | 203 | 307 | — | 5900 | — | 1555 | 1132 | 2687 | 183 | — | 504 | — | 3394 |
| [illegible] L.P. | 3000 | — | — | — | — | — | 2173 | — | 620 | 542 | 1162 | 216 | — | — | 410 | 1788 |
| [illegible] L.P. | 375 | 200 | — | 100 | 100 | — | 4150 | 500 | 1500 | 350 | 1850 | — | — | — | — | 1850 |
| [illegible] (S) L.P. | — | 228 | — | — | — | — | 1028 | 338 | 1130 | 464 | 1594 | — | — | — | — | 1594 |
| [illegible] L.P. | 5000 | — | — | — | — | — | 1535 | — | 502.60 | 502.60 | 1005.20 | — | — | 182 | 120 | 1307 |
| [illegible] L.P. | 1500 | 1000 | — | 200 | 500 | 250 | 6000 | — | 800 | 1500 | 2300 | 360 | — | — | 250 | 610 |
| [illegible] (N) L.P. | 2000 | 3000 | 500 | 800 | 400 | 3500 | — | — | — | — | 9980 | — | — | — | — | 9980 |
| [illegible] L.P. | 13000 | 2000 | 200 | 300 | 1800 | 200 | 3500 | 250 | — | 1200 | 21900 | 4000 | — | — | — | 4000 |
| [illegible] (E) L.P. | 2000 | 1800 | — | — | 350 | — | 4750 | 700 | 1053 | — | 1843 | | — | — | — | 1843 |
| [illegible] G.H.S. | 1000 | 2500 | — | 410 | 1423 | 1180 | — | 700 | — | — | — | 9320 | — | 11010 | — | 20330 |
| [illegible] (W) L.P. [illegible] | — | — | — | — | | | | | | | | | | | | |

18. ആവശ്യമായ സ്ഥലങ്ങളിൽ പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രീ–പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.
19. പഞ്ചായത്തിൽ തുടർസാക്ഷരതാ പ്രവർത്തനം ഊർജിതമാക്കുക, പ്രത്യേകിച്ച് അവേര ഹരിജൻ കോളനിയിലും തോട്ടട സമാജ്വാദി കോളനിയിലും.
20. വിദ്യാലയങ്ങളിൽ പച്ചക്കറി തോട്ടം നിർമ്മിക്കുക.
21. ടെക്കനിക്കൽ ഹൈസ്കൂളിലെ വൊക്കേഷനൽ ഹയർ സെക്കന്ററി വിഭാഗത്തിൽ സ്ഥിരം അധ്യാപകരെ നിയമിക്കണം. പഠനസാമഗ്രികൾ, പ്രായോഗിക പരിശീലനം നൽകാൻ ആവശ്യമായ യന്ത്രോപകരണങ്ങൾ എന്നിവ ലഭ്യമാക്കണം. പി.വി.ടി.സി. നിർത്തലാക്കിയ സാഹചര്യത്തിൽ ആ കെട്ടിടം പുതിയ V.H.S.C കോഴ്സുകൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.
22. ഐ.ടി.ഐ ഹോസ്റ്റൽ അറ്റകുറ്റപ്പണി നടത്തി താമസയോഗ്യമാക്കുക.
23. പഞ്ചായത്തിൽ ഒരു വനിതാ ഹോസ്റ്റൽ നിർമ്മിക്കുക.
24. ഗവ. പോളിടെക്നിക്കിൽ ഡിപ്ലോമ തലത്തിൽ ഈവിനിങ്ങ് കോഴ്സ് ആരംഭിക്കണം.
25. ഗവ. ഐ.ടി.ഐ യോടുബന്ധിച്ച് യോജിച്ച ട്രെയിഡുകളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുക, ഇലക്ട്രോ പ്ലെയ്റ്റിങ്ങ് തുടങ്ങിയ പുതിയ കോഴ്സുകൾ അനുവദിക്കുക.
26. വിദ്യാലയങ്ങളിലെ പഠന നിലവാരം വിലയിരുത്തി മികവ് കാട്ടിയവയിലെ അനുകൂലഘടകങ്ങളും പിന്നോക്കം നിൽക്കുന്നവയിലെ പ്രതികൂല ഘടകങ്ങളും കണ്ടെത്തി അവ പരിഹരിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാവണം.
27. തോട്ടട ഹൈസ്കൂളിൽ സ്പോർട്സ് & ഗെയിംസ് മത്സരങ്ങൾ നടത്താവുന്ന ഒരു കളിസ്ഥലം നിർമ്മിക്കണം.
28. ടി.വിസീരിയലുകൾ കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത തരത്തിൽ ക്രമീകരിക്കുക. വിദ്യാഭ്യാസ, സാംസ്കാരിക പരിപാടികൾ വൈകുന്നേരം 6 മണിമുതൽ പ്രക്ഷേപണം ചെയ്യുക.

# കുടിവെള്ളം, പൊതുജനാരോഗ്യം



ജീവജാലങ്ങൾക്കായി പ്രകൃതി കനിവാർന്ന് വർഷിക്കുന്ന ജീവജലം രണ്ടുവിധത്തിൽ നാം നഷ്ട മാക്കിക്കളയുന്നു. ഒന്ന്, മണ്ണുപരിരക്ഷയോടുള്ള അലംഭാവം. രണ്ട് വൃക്ഷങ്ങളും പൊന്തക്കാടുകളും നശിപ്പിക്കുന്നതുനിമിത്തം. ഭൂമി കാർഷിക വസ്തു എന്നതിനുപകരം കൈമാറ്റവസ്തുവായി അതി വേഗം മാറുകയാണ്. അതിന്റെ ഫലമായി യഥാസ മയം ആവശ്യമായ മണ്ണുപരിചരണം നടക്കുന്നില്ല. കാലവർഷാരംഭത്തിൽ പറമ്പ് 'കുതിരിട്ടു' കൊത്തു കയും വർഷാവസാനം കുതിരു തട്ടിയുടച്ചു 'ചിള്ളുക'യുമാണ് പരമ്പരാഗതമായ രീതി. വരമ്പു സംരക്ഷണവും നിർബന്ധമായിരുന്നു. അതുമാറി ഇപ്പോൾ 'ഒറ്റക്കൊത്താണ്'ണ് പതിവ്. ഇതുതന്നെ ഇടവിട്ട വർ,ങ്ങളിലോ വല്ലപ്പോഴുമോ ചെയ്യുന്നവർ വളരെയുണ്ട്. ഇതുനിമിത്തം ലഭിക്കുന്ന മഴയുടെ വലിയഭാഗം കുത്തിയൊലിച്ച് മിനിട്ടുകൾക്കുള്ളിൽ കടലിലെത്തുന്നു. ഇങ്ങനെ കുത്തിയൊലിച്ചുപോ കുന്ന ജലത്തോടൊപ്പം ഏറ്റവും കൂടുതൽ ജലാഗി രണശേഷിയുള്ള മേൽമണ്ണും തോടുകളിലും പുഴ കളിലും കടലിലും എത്തിച്ചേരുന്നു. ഇത് നമ്മുടെ പരിതഃസ്ഥിതിയിൽ ഒട്ടനവധി പ്രശ്നങ്ങൾ സൃഷ്ടി ക്കുന്നു.

പെയ്യുന്ന മഴയുടെ 75%ത്തിലധികം ഇങ്ങനെ നഷ്ടപ്പെടുന്നു എന്നാണ് കണക്ക്. മരങ്ങളും കാവു കളും പൊന്തക്കാടുകളും നശിക്കുന്നതിനാൽ മണ്ണിൽ വേരുകൾ വഴിയുള്ള ജലാഗിരണം നടക്കാ താകുന്നു. മാത്രമല്ല. ബാഷ്പീകരണം രൂക്ഷമാകു കയും ചെയ്യുന്നു. ഇതാണ് അടുത്തകാലത്തായി നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന രൂക്ഷമായ കുടിവെ ള്ളക്ഷാമത്തിന്റെ ഏറ്റവും പ്രധാനമായ കാരണം. ജനസംഖ്യയുടെ സ്ഫോടനാത്മകമായ വർദ്ധനവ് ഇതോടൊപ്പം ചേർത്തുവെക്കേണ്ടതാണ്. വീട്ടുമു റ്റവും പരിസരവും സിമന്റുചെയ്ത് മഴവെള്ളം മുഴു വൻ പൊതുവഴിയിലേക്ക് വിടുകയാണ് ചെയ്യു ന്നത്. തുണ്ടുഭൂമിയിൽ വീടുനിർമ്മിക്കുന്ന നമ്മുടെ നാട്ടിൽ ഇത് ജലക്ഷാമത്തിന് വലിയ കാരണാ കുന്നു.

എടക്കാടു പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും കടുത്ത ജലക്ഷാമം അനുഭവപ്പെ ടുന്ന പ്രദേശങ്ങളാണ്. തീരദേശങ്ങളിലും പുഴയോ

രങ്ങളിലും ഉള്ള കിണറുകളിൽ ഓരുവെള്ളത്തിന്റെ ശല്യമുണ്ട്. ജനസംഖ്യയുടെ 98% കിണറുകളിൽ നിന്നുള്ള വെള്ളമാണ് ഉപയോഗിക്കുന്നത്. പൈപ്പു വെള്ളം ഉപയോഗിക്കുന്നവർ രണ്ടു ശതമാനത്തിലധികം വരില്ല.

ധാരാളം പൊതുകിണറുകളുണ്ടെങ്കിലും ജലക്ഷാമം പരിഹരിക്കുന്നതിന് തീരെ അപര്യാപ്തമാണ്. ധാരാളം ജലം സംഭരിക്കപ്പെടുന്ന നാട്ടിൻപുറത്തെ കുളങ്ങൾ നാം കുടിവെള്ളത്തിനായി ഉപയോഗിക്കുന്നില്ല. ഓരോ വർഷം കഴിയുന്തോറും ക്ഷാമത്തിന്റെ രൂക്ഷതയും ഏറുകയാണ്. 28 പൊതു കിണർ, 15 കുഴൽ കിണറുകൾ 16 വാട്ടർ ടാപ്പുകൾ എന്നിവ പഞ്ചായത്തിലുണ്ട്.

## പൊതുജനാരോഗ്യം

പൊതുജനാരോഗ്യകാര്യത്തിൽ വളരെയേറെ മുന്നേറാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഉയർന്ന സാക്ഷരത, വ്യക്തിശുചിത്വബോധം കുടുംബസംവിധാനത്തിലുള്ള താൽപര്യം, എന്നിവയും ജില്ലകേന്ദ്രത്തിൽ നിന്നുള്ള അകലക്കുറവും നമ്മുടെ ആരോഗ്യപരിപാലനത്തെ സഹായിച്ച ഘടകങ്ങളാണ്. പഴയകാലങ്ങളിൽ നൂറുക്കണക്കിനാളുകളെ കൊന്നുമുടിക്കാറുള്ള പകർച്ചവ്യാധികളെ നിയന്ത്രിക്കാൻ കഴിഞ്ഞു.

എന്നാൽ, ഒരു കാലത്ത് നമ്മുടെ പ്രദേശത്തു നിന്നും നിർമ്മാർജനം ചെയ്യപ്പെട്ടു എന്ന് കരുതിയിരുന്നു. മലമ്പനിപോലുള്ള രോഗങ്ങൾ സാവധാനം വീണ്ടും പതുങ്ങിവരുന്നുണ്ട്. അന്യസംസ്ഥാനങ്ങളിലെ ആളുകൾ വഴിയും അവിടെ താമസിച്ച് തിരിച്ചുവരുന്നവരിലൂടെയുമാണ് ഇതുണ്ടാക്കുന്നത്. ശിശുമരണങ്ങൾ നാമമാത്രമാണ്. അതുപോലെ ഭ്രൂണനാശവും. ജീവിതകാലം ശരാശരിയിൽനിന്നും അല്പം മേഖലയാണ്. എടക്കാടുപഞ്ചായത്തിൽ ഒരു പബ്ലിക് ഹെൽത്തു സെന്ററും രണ്ടു മാതൃശിശുസംരക്ഷണ കേന്ദ്രവും ഉണ്ട്. എന്നാൽ, സർക്കാർ ഉടമയിലുള്ള പൊതുജനാരോഗ്യകേന്ദ്രങ്ങളെ രോഗശാന്തിക്കായി സമീപിക്കുന്നവർ കുറഞ്ഞുവരുന്നുണ്ട്. പ്രസവം, കുടുംബാസൂത്രണം, ഗർഭകാല പരിചരണം എന്നിവക്കാണ് സർക്കാർ സംവിധാനത്തെ സമീപിക്കുന്നവർ അധികവും മരുന്നിന്റെ അഭാവം, ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും അലംഭാവം, മോശമായ പെരുമാറ്റം, ആധുനിക സംവിധാനങ്ങളുടെ പരിമിതി എന്നിവ സാധാരണക്കാരെപോലും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും അകറ്റിനിർത്തുന്നു.

പട്ടണങ്ങളിൽ തഴച്ചുവളർന്ന സ്വകാര്യ ആശുപത്രികളുടെ കുത്തിവാരലിന് ഇരയാവുകയാണ് സാധരണജനങ്ങൾ. അതിനാൽ അടുത്തകാലത്തായി ഉയർന്നുവരുന്ന ഏറ്റവും വലിയ ആരോഗ്യപ്രശ്നം അനാവശ്യമരുന്നുകളുടെ ഉപയോഗവും അമിത ചികിത്സയുമാണ്.

എണ്ണത്തിൽ നിസ്സാരമല്ലാത്ത ഒരു വിഭാഗം ഇപ്പോഴും മലമൂത്ര വിസർജ്ജനം നടത്തുന്നത് തുറന്ന സ്ഥലത്താണ്. വാഹനങ്ങളുടെ പെരുപ്പവും പൊതുസ്ഥലത്തെ പുകവലിയും വിനകളാവുന്നു. സമീപകാലത്ത് പ്രചരിക്കുന്ന വ്യാജമദ്യം ഭാവിയിൽ അനിയന്ത്രതവും ഭീകരവുമായ ആരോഗ്യ പ്രശ്നത്തിന് വഴിതെളിക്കുമെന്ന് തീർച്ച.

കുട്ടികളിൽ പോഷണക്കുറവ് അനുഭവപ്പെടുന്നതും പ്രായപൂർത്തിയായവരിൽ മാനസികസംഘർഷ.പും പരിമുറുക്കവും കൂടിവരുന്നു. പുകവലിയും മദ്യപാനവും ഇതിനു അനുബന്ധമാവുന്നു.

സ്ത്രീകളിൽ ഉണ്ടാകുന്ന ഒട്ടനവധി രോഗങ്ങൾക്ക് കാരണമാകുന്നത് പുകനിറഞ്ഞ അടുക്കളതന്നെയാണ്. വ്യായാമമില്ലായ്മ നിരവധി ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പ്രാഥമികാരോഗ്യ സ്ഥാപനങ്ങൾ വഴിയും അംഗൻവാടികളിലൂടെയുമുള്ള പ്രതിരോധകുത്തിവെപ്പുകൾ നമ്മുടെ ആരോഗ്യപരിപാലനത്തെ നല്ലനിലയിൽ സഹായിച്ചിട്ടുണ്ട്.

## കുടിവെള്ളം പൊതുജനാരോഗ്യം

| ആകെ കിണറുകൾ | പൊതുകിണറുകൾ | കുഴൽ കിണറുകൾ | വാട്ടർ ടാപ്പുകൾ |
|---|---|---|---|
| 4046 | 28 | 15 | 16 |

(പട്ടിക–1 അവലംബം ദ്വതീയ വിവരശേഖരണം)

### ജനനമരണനിരക്ക്, രോഗങ്ങൾ കഴിഞ്ഞ 3 വർഷങ്ങളിൽ

| വർഷം | ജനനം | മരണം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 93–94 | 336 | 130 | 302 | 1405 | 205 | 5226 | 7138 |
| 94–95 | 192 | 140 | 218 | 1208 | 200 | 1624 | 3248 |
| 95–96 | 408 | 141 | 201 | 1006 | 196 | 1399 | 2802 |

(പട്ടിക–2 അവലംബം ദ്വതീയ വിവരശേഖരണം)

## ഔട്ട് പേഷ്യന്റ്സ് –മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ

| വർഷം | ത്വക്ക് രോഗം | വാതരോഗം | പകർച്ചവ്യാധികൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 92–93 | 2000 | 205 | 1200 | 5957 | 9362 |
| 93–94 | 1534 | 188 | 1115 | 4301 | 7138 |
| 94–95 | 1223 | 196 | 936 | 3118 | 5473 |
| 95–96 | 1432 | 202 | 902 | 3298 | 5834 |

(പട്ടിക–3 അവലംബം ദ്വിതീയ വിവരശേഖരണം.)

## പ്രശ്നങ്ങൾ

1. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സാ സൗകര്യം വളരെ പരിമിതമാണ്.
2. കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം നാമമാത്രമാണ്.
3. ഫാക്ടറികളിൽ നിന്ന് മലിനജലം പൊതുസ്ഥലത്തേക്ക് ഒഴുക്കുന്ന പ്രവണതയുണ്ട്.
4. വീട്ടുപറമ്പുകളിൽ ശവസംസ്കാരം വളരെ അധികമായി നടക്കുന്നു.
5. അശാസ്ത്രീയമായ സംവിധാനം ചെയ്ത അടുപ്പുകളിൽനിന്നുള്ള പുകയും ചൂടും നിമിത്തം സ്ത്രീകൾക്ക് ധാരാളം ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നുണ്ട്.
6. സാമ്പത്തിക പരാധീനതകൾ കാരണം മിക്ക വീടുകളിലും കക്കൂസില്ല.
7. കുടിവെള്ളം അണുവിമുക്തമാക്കാനുള്ള സംവിധാനമില്ല.
8. അശാസ്ത്രീയമായ വനവൽക്കരണം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

## സാധ്യതകൾ

1. പരമ്പരാഗതജലസ്രോതസ്സുകൾ സംരക്ഷിച്ച് ശുദ്ധജല വതിരണത്തിനുള്ള ചെറുപദ്ധതികൾ നടപ്പിലാക്കുക.
2. തോടുകളിൽ അവിടവിടെതടയണകൾ സ്ഥാപിക്കുക. ഇതുവഴി ഒരളവുവരെ ഉപ്പുവെള്ളം തടയാനും സമീപപ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പ് ഉയർത്തുവാനും കഴിയും.
3. നിലവിലുള്ള ശുദ്ധജലവിതരണപദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുക.
4. പാഴായികിടക്കുന്ന കുളങ്ങൾ വൃത്തിയാക്കി ചെറുശുദ്ധജലപദ്ധതികൾ നടപ്പിലാക്കുക.
5. പ്രാഥമികാരോഗ്യകേന്ദ്രത്തോടുനു ബന്ധിച്ചുള്ള പത്തുകിടക്കകളുള്ള വാർഡിന്റെ നിർമ്മാണ പ്രവർത്തനം ബഹുജനപങ്കാളിത്തോതോടുകൂടി പൂർത്തിയാക്കുക.
6. P.H.C ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാക്കുക.
7. ആഴ്ചയിൽ ചുരുങ്ങിയത് ഒരു ദിവസമെങ്കിലും സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.
8. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമമായ ജനകീയ മേൽനോട്ടും ഉറപ്പുവരുത്തുക
9. ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും കോർട്ടേഴ്സ് പണിയുക.
10. കിഴുണപ്പാറയിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിനു സംഭാവനയായി ലഭിച്ച ഒരേക്കർ സ്ഥലത്ത് ആയുർവേദ ഡിസ്പൻസറി സ്ഥാപിക്കുക.
11. പഞ്ചായത്തിന്റെ മധ്യത്തിലായി ശിശുരോഗചികിത്സാകേന്ദ്രം ആരംഭിക്കുക.
12. വാർഡുകൾ തോറും മെഡിക്കൽ കേമ്പുകൾ സംഘടിപ്പിക്കുക.
13. ആവശ്യമായ ഇടങ്ങളിൽ പ്രാഥമികാരോഗ്യത്തിന്റെ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
14. പൊതുജനാരോഗ്യ ക്ലാസുകളും ബോധവൽക്കരണ പരിപാടിയും സംഘടിപ്പിക്കുക.
15. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
16. കൊതുക്, എലി തുടങ്ങിയവയെ നശിപ്പിക്കുന്നതിന് സന്നദ്ധ പർത്തനം സംഘടിപ്പിക്കുക.
17. ഫാക്ടറികളിൽനിന്ന് മലിനജലം പൊതുസ്ഥലങ്ങളിലേക്ക് ഒഴുക്കുന്നത് കർശനമായി തടയണം.
18. അറവുശാലകൾ മത്സ്യവില്പന കേന്ദ്രങ്ങൾ എന്നിവ വഴിയുണ്ടാകുന്ന മലിനീകരണത്തിനു പരിഹാരം കാണുക.
അറവുശാലകളും മത്സ്യമാർക്കറ്റുകളും പൊതുകിണറുകളുടേയും പുഴയോരങ്ങളുടെയും സമീപത്തുനിന്നുമാറ്റുക.
19. ചെറു ടൗൺഷിപ്പുകളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.
20. സൗകര്യപ്രദമായ സ്ഥലത്ത് ഒരു പൊതുശ്മശാനം സ്ഥാപിക്കുക.
21. ലക്ഷംവീട്, ഹരിജൻ കോളനി എന്നിവിടങ്ങളിൽ സാനിറ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
22. താഴ്ന വരുമാനക്കാർക്ക് കക്കൂസ് നിർമിക്കുന്നതിനു സഹായധനം നൽകുക.
23. സമാജ്വാദി കോളനിയിലെ മലിനീകരണ പ്രശ്നം അടിയന്തിരമായി പരിഹരിക്കുക.
24. പൊതുവിതരണത്തിനുള്ള വെള്ളം അണുവിമുക്തമാണെന്ന് ഉറപ്പുവരുത്തുക.
25. പൊതുസ്ഥലങ്ങളിൽ വഴിയോരങ്ങളിലും ഫലവൃക്ഷതൈകൾ വെച്ചുപിടിപ്പിക്കുക.

# കുടിവെള്ളം പ്രശ്നപ്രദേശങ്ങളും പരിഹാര നിർദേശങ്ങളും

**വാർഡ് I**: ലക്ഷം വീട് കോളനി ഡിസ്പെൻസറിക്ക് സമീപം, പറമ്പിൽ ഭാഗം, കാട്ടാമ്പള്ളി വീടിന് സമീപം.

പഞ്ചായത്ത് കിണറിന്റെ ആഴം കൂട്ടുക, മിനി ജല സംവിധാനം ഏർപ്പെടുത്തുക.

**വാർഡ് II**: ചാലക്കുന്ന് കോളനികൾ വെള്ളപാറ കോളനി

നിലവിലുള്ള കിണർ ആഴംകൂട്ടുക, മിനി ജലവിതരണസംവിധാനം ഏർപ്പെടുത്തുക.

**വാർഡ് III**: ITI പോളിടെക്നിക്ക് സമീപം, ദിനേശ്ഭവനം പിൻവശം.

കുഴൽകിണർ സ്ഥാപിക്കുക

**വാർഡ്IV**: വിജയൻ നമ്പ്യാർ വീടിനുസമീപം കൗസല്യക്ക് സമീപം, ചിക്കുതാഴെ വായനശാലയ്ക്ക് സമീപം

പൊതുകിണർ സ്ഥാപിക്കുക, മിനി സ്കീം നടപ്പിലാക്കുക.

**വാർഡ് V**: വില്ലാരത്ത് കുന്ന്, ആലിങ്കൽ, വലിയ വീട് കന്നിരാശിക്ഷേത്രസമീപം.

കുഴൽകിണർ സ്ഥാപിക്കുക, മിനി സ്കീം നടപ്പിലാക്കുക.

**വാർഡ് VI**: കുറ്റിക്കകം മണ്ഡപത്തിന് സമീപം, കുണ്ടിവളപ്പ്, നാരായണത്ത് പാലത്തിന് സമീപം.

പൊതുകിണർ സ്ഥാപിക്കുക, മാളികാപറമ്പ് ശുദ്ധജലവിതരണപദ്ധതി പൂർത്തിയാക്കുക.

**വാർഡ് VII**: കടൽതീരം, ചതുപ്പ് പ്രദേശം

മാളികാപറമ്പ് ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കുക.

**വാർഡ് VIII**: മാളികാപറമ്പ് കോശോർമൂല, മരുപ്പൻകാവിന് സമീപം.

മാളികാപറമ്പ് ശുദ്ധജലവിതരണപദ്ധതി കാര്യക്ഷമകാക്കുക, നിലവിലുള്ള കുളങ്ങളും കിണറുകളും ഉപയുക്തമാക്കുക.

**വാർഡ് IX**: അവേര ഹരിജൻ കോളനി

പഞ്ചായത്ത് കിണറിന്റെ ആഴം കൂട്ടുക.

**വാർഡ് X**: ഭട്ട്പാറ

മിനി സ്കീം നടപ്പിലാക്കുക

**വാർഡ് XI**: വാർഡ് മുഴുവനും

പൊതുകിണർ നന്നാക്കുക.

മിനിസ്കീം നടപ്പിലാക്കുക.

**വാർഡ് XII**: വാർഡിന്റെ മിക്കഭാഗങ്ങളും

പൊതുകിണർ സ്ഥാപിക്കുക

**വാർഡ് XIII**: മണിയാട്ടംപാറ, കോരച്ചാംകുന്ന്, കോൺഗ്രസ് ഭവന് സമീപം

പൊതുകിണറുകളുടെ ആഴംകൂട്ടുക, മിനിജലവിതരണ പദ്ധതി നടപ്പിലാക്കുക.

ഒന്നാം വാർഡിലെ ഉയർന്ന പ്രദേശങ്ങളായ ലക്ഷം വീട് കോളനി ഡിസ്പെൻശറിക്ക് സമീപം പറമ്പിൽഭാഗം, കാട്ടാമ്പള്ളി വീടിന് സമീപം എന്നിവിടങ്ങളിൽ ജലവിതരണത്തിന് കുഴൽകിണർ സ്ഥാപിച്ച് പൈപ്പ് വഴി ജലവിതരണം നടത്താവുന്നതാണ്.

രണ്ടാവാർഡിൽ ചാലക്കുന്ന്, ലക്ഷംവീട് കോളനി, വെള്ളപ്പാറകോളനി എന്നിവിടങ്ങളിലുള്ള ജലക്ഷാമം പരിഹരിക്കുവാൻ ലക്ഷംവീട് കോളനിയിൽ നിലവിലുള്ള കിണർ ആഴംകൂട്ടി പമ്പ് സെറ്റ് വഴി ജലവിതരണം സാധ്യമാക്കാവുന്നതാണ്.

മൂന്ന്, നാല് വാർഡുകളിലേക്ക് തോട്ടട ദിനേശ ഭവന് സമീപം പൊതുകിണർ സ്ഥാപിച്ച് പൈപ്പ് ലൈൻ വഴി ജലവിതരണം സാധ്യമാക്കാവുന്നതാണ്.

അഞ്ചാംവാർഡിൽ ആലിങ്കലിൽ കുഴൽ കിണർ സ്ഥാപിച്ച് വില്ലാരത്ത്കുന്ന്, കന്നിരാശിക്ഷേത്രം, കുറ്റിക്കകം മണ്ഡപത്തിന് സമീപം എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ വഴി ജലവിതരണം സാധ്യമാക്കാവുന്നതാണ്.

ആറ്, ഏഴ്, എട്ട് വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ മാളികാപറമ്പിൽ സ്ഥാപിച്ച് ജലവിതരണപദ്ധതി പൂർണായും പ്രാവർത്തികമാക്കിയാൽ .

ആറ് ഏഴ്, എട്ട് വാർഡുകളിലേക്ക് ആവശ്യമായ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ വെള്ളം തുറന്ന് വിടുന്നില്ല. കോശോർമൂലയിൽ സ്ഥാപിച്ച കുളത്തിൽനിന്നും മാളികാപറമ്പിലുള്ള ടാങ്കിലേക്ക് വെള്ളംപറമ്പ് ചെയ്യുന്നസമയത്ത് പൈപ്പുകൾ അധികവും പൊട്ടിയതിനാൽതന്നെ വെള്ളം 60 %വും പുറത്തേക്കാണ് പോകുന്നത്. ഇത് കാര്യക്ഷമമാക്കുകയാണെങ്കിൽ പ്രസ്തുത മൂന്ന് വാർഡുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

ഒമ്പതാം വാർഡിലെ അവേര ഹരിജൻ കോളനിയിൽ നിലവിലുള്ള പഞ്ചായത്ത് കിണറിന്റെ ആഴം കൂട്ടിയാൽ ഇവിടുത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

പത്താം വാർഡിലെ ഭട്ട്പാറ, പതിനൊന്നാം വാർഡിലെ കോട്ടുമ്മൽ, കടൽതീരം എന്നിവിടങ്ങളിലേക്കും കടലായി സ്കൂൾ ഭാഗത്തേക്കും കടലായി പാറക്ക് സമീപം സ്ഥാപിച്ചിരിക്കുന്ന കുഴൽ കിണറിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ജലവിതരണം സാധ്യമാക്കാവുന്നതാണ്.

പന്ത്രണ്ടാം വാർഡ് ഭൂനിരപ്പിൽനിന്നും വളരെ ഉയർന്ന് നിൽക്കുന്നതിനാൽതന്നെ ഇവിടെ ആവശ്യമായ സ്ഥലങ്ങളിൽ കുഴൽകിണർ സ്ഥാപിക്കുകമാത്രമാണ് ഏകവഴി.

പതിമൂന്നാം വാർഡിൽ നിലവിലുള്ള പൊതുകിണറുകളുടെ ആഴും കൂട്ടേണ്ടതാണ്. മുത്തപൻ ക്ഷേത്രത്തിന് സമീപം കുഴൽകിണർ സ്ഥാപിച്ച് വള്ളം പമ്പ് ചെയ്ത് കോൺഗ്രസ് ഭവന് സമീപം കോരപ്പാംകുന്ന്, മണിയാട്ടംപാറ എന്നിവിടങ്ങളിൽ ജലവിതരണം സാധ്യമാക്കാവുന്നതാണ്.

## പഞ്ചായത്ത് തലപദ്ധതി

ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധജലക്ഷാമ അനുഭവപ്പെടുന്നുണ്ട്. ഉയർന്ന പ്രദേശങ്ങളും കടൽതീരവും ചതുപ്പുനിലങ്ങളും പഞ്ചായത്തിന്റെ പലഭാഗങ്ങളിലുമുണ്ട്. ഇതിന് ഏറ്റവും അനുയോജ്യമായ പദ്ധതി മാളികാപറമ്പിലേയും ചാലകുന്നിലേയും ശുദ്ധജലവിതരണപദ്ധതി എത്രയുംപ്പെട്ടന്ന് നടപ്പിലാക്കുകമാത്രമാണ്. ഈ പദ്ധതികൾ പൂർത്തി ആവുകയാണെങ്കിൽ പഞ്ചായത്തിലെ മിക്കവാറും കുടിവെള്ളക്ഷാമത്തിനും അറുതിവരും എന്നത് നിസംശയമാണ്.

## പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദേശങ്ങൾ

ഉയർന്നസ്ഥലങ്ങളിൽ നീർകുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ളത്തെ സംഭരിക്കുക, കക്കറ, മാളികാപറമ്പ് എന്നീ സ്ഥലങ്ങളിൽ ഇത്തരം ബണ്ടുകൾ സ്ഥാപിക്കാവുന്നതാണ്. എട്ടാം വാർഡിലെ പടിക്കേരിതോടിൽ താൽകാലിക തടയണകൾ ഉണ്ടാക്കി മഴക്കാലത്തിന്റെ അവസാന ഭാഗത്തുള്ള വെള്ളം തടഞ്ഞു നിർത്താവുന്നതാണ്.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



പഞ്ചായത്തിന്റെ എല്ലാ ഭാഗതത്തും റോഡുകളുണ്ടെങ്കിലും അവയുടെ അവസ്ഥ വളരെ ശോചനീയമാണ്. താഴെ പറയുന്ന പ്രശ്നങ്ങളാണ് പഞ്ചായത്തിലെ റോഡുകൾ ഇന്ന് നേരിടുന്നത്. 1. ആവശ്യത്തിന് വീതിയില്ല. 2. ഡ്രെയിനേജ് നിർമ്മിക്കാത്തതുകൊണ്ട് മഴവെള്ളം റോഡിൽകൂടി ഒഴുകുന്നു. 3. പലതും മൺറോഡുകളായതുകൊണ്ട് അറ്റക്കുറ്റപ്പണി കൂടെക്കൂടെ നടത്തേണ്ടിവരുന്നു. 4. ചിമ്മിണിയൻ വളവിൽ ഉണ്ടാകുന്ന വാഹനാപകടങ്ങൾ പ്രധാന പ്രശ്നങ്ങളാണ്. 5. നടാൽ ഗെയിറ്റ് അടച്ചു കഴിഞ്ഞാൽ കണ്ണൂർ – തലശ്ശേരി റോഡ് ബ്ലോക്കാവുകയും ഗതാഗതം തടസ്സപ്പെടുകയും ചെയ്യുന്നു. 6. നേഷനൽ ഹൈവെക്ക് പല സ്ഥലങ്ങളിലും വീതി പോര.

പട്ടികയിൽ പറയുന്ന വാർഡുകളിലെ റോഡുകൾ റിപ്പേർ ചെയ്യുകയും പുതുതായി ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

## ഗതാഗതം

എടക്കാട് പഞ്ചായത്തിൽ നേഷനൽ ഹൈവേയും സ്റ്റേറ്റ് ഹൈവെയും പി.ഡ്ബ്ല്യു.ഡി. റോഡുകളും പഞ്ചായത്തു റോഡുകളും എല്ലാം ചേർന്ന് 126.77 കിലോമീറ്ററിലധികം വരുന്ന റോഡുകളുടെ ശൃംഖലകൾ ഉണ്ട്. എങ്കിലും സംസ്ഥാന ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ റോഡിന്റെ ലഭ്യത ഇവിടെ കുറവാണ്. എൻ.എച്ച്. 17ന്റെ നാലര കിലോമീറ്റർ ഭാഗവും സ്റ്റേറ്റ് ഹൈവേയുടെ 2 കിലോമീറ്റർ ഭാഗവും ഈ പഞ്ചായത്തിൽകൂടി കടന്നു പോകുന്നു. റെയിൽവേ ലവൽ ക്രോസ് ഈ പഞ്ചായത്തിൽ ഉണ്ട്. നടാൽ ഗെയിറ്റാണ് അത്.

### റോഡിന്റെ സ്വഭാവം (നീളം) മീറ്ററിൽ

| | | |
|---|---|---|
| കച്ച | | 15660 |
| പക്ക | | 26922 |
| മെറ്റൽ | | 18553 |
| പഞ്ചായത്ത് | ടാർ | 48785 |
| പി.ഡബ്ല്യൂ.ഡി | ടാർ | 12350 |
| എൻ.എച്ച് | ടാർ | 4500 |
| മറ്റുള്ളവ | | – |
| **ആകെ** | | **126770** |

## സാധ്യതകൾ

1.ഗ്രാമസഭകളിൽ ഉയർന്നു വന്നതും പട്ടികയിൽ പറഞ്ഞതുമായ റോഡുകൾ അറ്റകുറ്റപണി നടത്താനും പുതുതായി നിർമ്മിക്കാനും ആവശ്യമായത് പഞ്ചായത്തുകൾ ജനപങ്കാളിത്തത്തോടെ ചെയ്യേണ്ടതാണ്.

2.ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പഞ്ചായത്തിലെ റോഡുകളെല്ലാം താറിടേണ്ടതാണ്.

3.എല്ലാ റോഡുകൾക്കും ഓവുചാലുകൾ ഉണ്ടാകേണ്ടതാണ്.

4.കണ്ണൂർ-തലശേരി റോഡിനു സമാന്തരമായി ബൈപ്പാസ് നിർമിക്കേണ്ടതാണ്.

5.ചിമ്മിണിയൻ വളവിലെ അപകടം ഒഴിവാക്കാൻ ആവശ്യമായത് അടിയന്തിരമായി ചെയ്യേണ്ടതാണ്.

6.ഈ പഞ്ചായത്തലെ നാഷണൽ ഹൈവെക്കെടുത്ത പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികൾ ഇന്നു നേരിടുന്ന യാത്രാപ്രശ്നം പരിഹരിക്കാനാവശ്യമായതു ചെയ്യുക.

## റെയിൽ ഗതാഗതം

1.ഈ പഞ്ചായത്തിൽ ആദ്യകാലത്തു പ്രവർത്തിച്ചു വന്നിരുന്ന ചാല റെയിൽവേ സ്റ്റേഷൻ പുന: സ്ഥാപിച്ചു കിട്ടേണ്ടതാണ്.

## ഗതാഗതം

### പുതുതായി ആവശ്യമുള്ള റോഡുകൾ

1.**വാർഡ് I:** മനക്കൽ കുന്നുമ്പ്രം മുതൽ അറക്കൽ ചാൽ മുക്ക് വരെ .

2. ഉത്തമൻ വീട് മുതൽ മുട്ടോളം പാറവരെ

3. ചാലകോയ്യോട് റോഡിൽനിന്നും പുതിയാമ്പ്രത്ത് കുന്നുമ്മൽ കൂടി ചിന്മയകോളേജ് വഴി ചാല റോഡ്.

4. തിരുമംഗലത്ത്വീട് മുതൽ മനയത്ത് മൂല വഴി pwd റോഡ്വരെ.

5. **വാർഡ് II:** ബാങ്കൻ മുകുന്ദന്റെ വീട്മുതൽ ചിന്മയ സ്കൂൾവരെ.

6.**വാർഡ് III** ചാല അമ്പലത്തിന്റെ പടിഞ്ഞാറെ നടയിൽ നിന്നും കണ്ണോത്ത് കൈവശം വയൽ വരെ.

7.ചാല ടാക്കീസ് മുതൽ ചാല വയൽ ഈരാണിപ്പാലം വരെയുള്ള റോഡ്.

8.ബാബ കമ്പനിക്ക് സമീപത്തുനിന്നും ഡയിംഗ് മുക്കുവരെ.

9. **വാർഡ് IV:** എവൺ കോള മുതൽ ചിൽഡ്രൻസ് റോഡു വരെ.

10.തോട്ടട മാർക്സിസ്റ്റ് സ്റ്റഡി ഗ്രൂപ്പ്മുതൽ റയിൽവേലയിൻ വരെ.

11.കാമരാജ് റോഡ്-കാഞ്ഞങ്ങാട്ട് പളളിമുതൽ ഈരാണി പ്പാലംവരെ.

12. എടക്കാട് പഞ്ചായത്ത് ഓഫീസ് മുതൽ കക്കം വായനശാല വരെ ബാക്കിഭാഗം

13. **വാർഡ് V:** ആദികടലായി-കീഴുന്ന-കുറ്റിക്കകം റോഡ് ബാക്കി നീളം

14.കിഴുന്നപ്പള്ളി-കടപ്പുറം റോഡ്

15.ആലിങ്കിൽ-ചിറക്കുതാഴ റോഡ്

16.തട്ടാൻകണ്ടി-ബനിയൻ കമ്പനി റോഡ്

17. **വാർഡ് VI:** ഉറമ്പും കോട്ടമുതൽ കിന്നാരകണ്ടി കുമാരന്റെ വീടിന്റെ
മുൻവശത്തുകൂടി കടപ്പുറം റോഡ്.

18. **വാർഡ് VII:** കിളക്കുതാഴെ-വലിയപുറം റോഡ്.

19.താഴെ പി.ഡബ്യ്യൂ.ഡി റോഡ് മുതൽ -മുനമ്പ് വഴി പാറപ്പള്ളി റോഡ്.

20.**വാർഡ് VIII III:** വാർഡിൽ പറഞ്ഞ നിർദിഷ്ട ചാല ടാക്കീസ് ഈരാണീപ്പാലം റോഡ് നടാൽ ഗെയിറ്റ് വരെ നീട്ടുക.

21.കൊശേർമൂല മുതൽ നല്ലാം തോട്ടം കുളം മുതൽ- മാളികപ്പറമ്പ് വാട്ടർ ടാങ്ക് വരെ

22. **വാർഡ് IX:** കുറുവപ്പാലം മുതൽ അവേരപ്പാലം വരെ

23.കുറുവപ്പാലം മുതൽ കാനാമ്പുഴ പാലം വരെ

24. **വാർഡ് X:** തച്ചിൽക്കടവ്-കറുവറോഡ്.

25.കാഞ്ഞിര അംഗൻവാടി -പി.ഡബ്യ്യൂ.ഡി റോഡ് വരെ മുട്ടിക്കുക.

26.ചന്ദ്രൻ റൈയ്റ്റർ പറമ്പ് മുതൽ പി.ഡബ്യ്യു.ഡി. റോഡ് വരെ

27. ബാങ്ക് റോഡ്-കാഞ്ഞിരറോഡ്

28. **വാർഡ് XI:** കടലായി ലക്ഷം വീട് കോളനി -കടലായി സ്കൂൾ റോഡ്.

29.കടലായി നടയിൽ നിന്നും തയ്യിൽ റോഡ്-നീളം കൂട്ടൽ

30. **വാർഡ് XII:** ചക്കര മാത്തൽ ലക്ഷ്മണന്റെ വീട് മുതൽ ഇല്ലിക്കുന്നുമായി ബന്ധിപ്പിക്കുന്ന റോഡ്.

## നിലവിലുള്ള റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തൽ

**വാർഡ് I:**

1. ആറ്റടപ്പ ചൂള റോഡ്
2.നീലത്ത് താഴേ പുതിയ ബ്രത്ത് റോഡ്
3.നീലഞ്ചേരി- ചാലക്കുന്ന് റോഡ്
4.നാലംകുറ്റി കൊട്ടറക്കൽ കിള-സത്രം റോഡ്
5.മാതൃഭൂമിറോഡ്-പൂവൻചാൽ നുച്ചിലോട്ട് കാവ് ആറ്റടപ്പ

**വാർഡ് II:**

6.ചാലപ്പാലം -ഗോപാലൻവീട് എൽ.പി.സ്കൂൾ ഫുട്പാത്ത് വീതികൂട്ടി റോഡാക്കുക.
7.മനേത്ത് മൂല ബസ് സ്റ്റോപ്പ് മുതൽ തട്ടാങ്കുനി പള്ളിവരെ
8.എൻ.സി.സി. റോഡ്
9.ശ്രീനാരായണ വെയിറ്റിംഗ് ഷെൽട്ടർ മുതൽ ലക്ഷം വീട് കോളനിവരെയുള്ള റോഡ്.

**വാർഡ് III:**

10.തോട്ടട ദിനേശ് ഭവൻ പാറവഴി ജനാർദനൻ ആശാരിയുടെ വീട് വരെയുള്ള റോഡ്.
11.അമ്മൂപ്പറമ്പ് ചാല റോഡ് അമ്പലത്തിന് പടിഞ്ഞാറ് വശം കൽവർട്ട് നിർമിക്കുക.
12.അണ്ടിക്കമ്പനി കക്കര റോഡിൽ ഓവ് ചാൽ നിർമാണം
13.എൻ.എച്ച് സുജാത ഹോട്ടൽ-ടി.പി.എസ്.വരെയുള്ള റോഡ്
14.തോണിയാട്ട് കാവ് കക്കറ കട്ട് റോഡ്

**വാർഡ് IV:**

15.തോട്ടട കൗസല്യ കമ്പിനി -ചിൽഡ്രൻസ് റോഡ്
16.എടക്കാട് പഞ്ചായത്ത് ആഫീസ് കക്കറ റോഡ്
17.ചൊവ്വകോ ബാങ്ക് തോട്ടട ബ്രാഞ്ച് മുതൽ കൗസല്യ റോഡ്
18. പി.വി.എസ്. കമ്പിനി പഞ്ചായത്ത് പടിഞ്ഞാറ്ഭാഗം റോഡ്.
20.ചിറക്ക് താഴേ വായനശാല -എൽപി.സ്കൂൾ റോഡ്

**വാർഡ് V:**

21. ഭഗവതിമുക്ക് കിഴുന്ന എൽ.പി.സ്കൂൾ പൊയിൽ കുന്ന് മേലേത്തുംകാവ് റോഡ്.
22. പീച്ചിത്തോടിന് പാലം കെട്ടി കിഴുന്ന പാറ റോഡുമായി ബന്ധിപ്പിക്കുക.
23.കീഴുന്ന മുച്ചിലോട്ട് കാവ്-സൗത്ത് യു.പി.സ്കൂൾ റോഡ് പീച്ചി തോട് വരെ എത്തിക്കുക.
24.കീഴുന്നപ്പള്ളി ശ്മശാനം-കടപ്പുറം റോഡ്

**വാർഡ് VI:**

25.കുറ്റിക്കകം തെരുമണ്ഡപം എൽ.പി.സ്കൂൾ ക്ലീനാംകണ്ടി-ഏഴരകടപ്പുറം റോഡ്.
26. തെരുവ് മണ്ഡപം മുതൽ രാഘവൻ വീട് വരെയുള്ള റോഡ്
27.ഭാസ്കരൻ വീട് വഴി അച്ചുതൻ പീടികവരെയുള്ള റോഡ്
28.കിരൺ ടെക്സ്റ്റയിൽ- നടാൽ റോഡ്.

**വാർഡ് VII:**

29.നടാൽ നാരായണത്ത് പള്ളി കുറ്റിക്കകം സൗത്ത് റോഡ് മുനമ്പ് റോഡുമായി ബന്ധിപ്പിക്കുക.
30. എരിഞ്ഞിക്കൽ അമ്പലം റോഡ് മുനമ്പ്റോഡുമായി ബനന്ധിപ്പിക്കുക.
31. അയാറത്ത് പാലത്തിനടുത്ത് റോഡിന്റെ ഇരുവശവും ചേർത്ത്
ബസ് തിരിക്കാനുള്ള സൗകര്യം ചെയ്യുക.

**വാർഡ് VIII:**

32. ഒ.കെ.യു.പി. സ്കൂൾ മാളികപ്പറമ്പ് റോഡ്.
33.പച്ചേത്ത് വീട് - മാളികപ്പറമ്പ് റോഡ്.

**വാർഡ് IX:**

34. കാഞ്ഞിര വായനശാലമുതൽ വടക്കോട്ട്. (ഓവുചാൽ നിർമ്മാണം,കൾവർട്ട് നിർമ്മാണം)

**വാർഡ് X:**

35ഓവുചാൽ നിർമ്മാണം(വാർഡിലെ എല്ലാ റോഡുകഴൾക്കും).

**വാർഡ് XI:**

36. തോണിയോട്ട്കാവ്-കക്കറ ചിൽഡ്രൻസ്റോഡ്.

**വാർഡ് XII:**

37.കനോത്ത്കാവ്-ചിൽഡ്രൻസ് റോഡ്.
38.തോട്ടട വെസ്റ്റ് യു.പി.സ്കൂൾ-ബണ്ട് റോഡ്.
39. വട്ടക്കുളം കേശവൻ ആശാരി- കിഴക്കോട്ട്.
40. കൗസല്യ കമ്പനി- തോട്ടട വയൽ റോഡ്. (പാലം നിർമാണം ഉൾപ്പെടെ)
41.പീച്ചിതോടിനുള്ള പാലം പുതുക്കി പണിയുക.(ഈ ആവശ്യം V-ാം വാർഡും ഉന്നയിച്ചിട്ടുണ്ട്.)

വാർഡ് XIII:

42. കോൺഗ്രസ് ഭവൻ -തോട്ടട വെസ്റ്റ് യു.പി.സ്കൂൾ (കലുങ്ക്).

## പട്ടിക – 5
## പുതുതായി ടാർ ചെയ്യേണ്ടുന്ന റോഡുകൾ

വാർഡ് I

1. നീലിയത്ത് താഴെ- പുതിയാമ്പ്രത്ത് റോഡ്.

വാർഡ് II

2. ചാലക്കുന്ന് (JRY) മുത്തപ്പൻ ക്ഷേത്രം- ആറ്റടപ്പ റോഡ്.
3. ചാല S.N ഹൌസിങ്ങ് കോളനിക്കകത്തേക്കുള്ള റോഡ്.
4.ചാലക്കുന്ന് – നൂഞ്ഞീങ്കാവ് റോഡ്.

വാർഡ് III

5. NH-തോണിയോട്ട് കാവ് -വട്ടക്കുളം-ആദികടലായി റോഡ്.
6.കൗസല്യക്കമ്പനി-ചാല അമ്പലം റോഡ്
7.തോട്ടട ഹൈസ്കൂൾ -ചാല റോഡ്
8.അമ്മൂപറമ്പ്-ചാല റോഡ്- റീടാറിങ്ങ്

വാർഡ് IV

9.N.H. കക്കര റോഡ് -ബാക്കിഭാഗം
10.തോട്ടട കൗസല്യക്കമ്പനി മുതൽ ചിൽഡ്രൻസ് റോഡ് വരെ

വാർഡ് V

11. ബ്ലോക്ക് ഓഫീസ് – കീഴുന്നപ്പാറ റോഡ്
12. എംഎൽഎ റോഡ് -വില്ലാരം കുന്ന് ഭഗവതി മുക്ക് ബാക്കി ഭാഗം
13.കുന്നിരാശി -ബീച്ച് റോഡ്.

വാർഡ് VI

14. കുറ്റിക്കകം തെരു-തെരുമണ്ഡപം-താഴെ തെരു മണ്ഡപം.
15.കുറ്റിക്കകം തെരു- നാറാത്തു പാലം
16. ആയിച്ചംകണ്ടിപീടിക -ഏഴര റോഡ്
17. ഉറുമ്പിൽ കോട്ടം – കൊപ്പരക്കുളം -കടപ്പുറം
18. കുറ്റിക്കകം തെരു -കതിര് ഗംഗാധരൻ-പഞ്ചായത്ത് കിണർ വരെ

വാർഡ് VII

19.നാറാത്തുപാലം -ഏഴര കടപ്പുറം
20.ഇട്ടാൻ പള്ളി- ഏഴര കടപ്പുറം റോഡ്

വാർഡ് VIII

21. ഈർപ്പഴശ്ശിക്കാവ് -കൊശേർമൂല -മാളികപറമ്പ് -റബർ എസ്റ്റേറ്റ് വഴി
22.ഒ.കെ.യു.പി.സ്കൂൾ-കുണ്ടത്തിൽ മൂല-മാളികപ്പറമ്പ് റോഡ്

വാർഡ് IX

23. കറുവപ്പള്ളി -അവരേ ഹരിജൻ കോളനി റോഡ്
24. അവേര ഹരിജൻ കോളനി -കുറവകട്ട് റോഡ്.

വാർഡ് X

25. തട്ടാൻ കണ്ട്- തയ്യിൽകാവ് റോഡ്
26.കാഞ്ഞിരവയൽ – S.N. കോളേജ് വരെ

വാർഡ് XI

27. കടലായി നട -കുറുവറോഡ്
28. ആദികടലായി അമ്പലം -ലക്ഷം വീട് കോളനി

വാർഡ് XII

29. വട്ടക്കുളം -തോട്ടട വെസ്റ്റ് യു.പി.സ്കൂൾ
30.വട്ടക്കുളം -കക്കറ റോഡ്

വാർഡ് XIII

31. ESI -കോൺഗ്രസ് ഭവൻ- തോട്ടട യു.പി.സ്കൂൾ ആദികടലായി റോഡ്.

## പട്ടിക 6
## ഗതാഗതം
## പുതുതായി ഫുട്ട് പാത്തുകൾ (നടപ്പാത) നിർമിക്കേണ്ടുന്ന സ്ഥലങ്ങൾ

വാർഡ് I

1. പുതിയമ്പ്രത്ത് താഴെ -ആറ്റടപ്പ് യു.പി.സ്കുൾ
2.പുതിയമ്പ്രത്ത് താഴെ പലേരി RD ജംഗ്ഷൻ
3.പുതിയമ്പ്രത്ത് താഴെ കുന്നാകുനി താഴെ
4. MCയുടെ വീട് മുതൽ ഡിസ്പൻസറി വരെ
5. ആറ്റടപ്പ യു.പി. മെയിൻ റോഡ്

വാർഡ് II

ഫുട്ട്പാത്ത് ആവശ്യമില്ല

വാർഡ് III

6.കണ്ണൻ പീടിക മുതൽ ചാലവയൽതോടുവരെ.
7.ചാലടാക്കിസു മുതൽ ഈരാണിപ്പാലം വരെ.

**വാർഡ് IV**

8.ചിറക്കുതാഴെ ഒരു പൊതുവഴി.

**വാർഡ് V**

ഫുട്ട് പാത്ത് ആവശ്യമില്ല.

**വാർഡ് VI**

ഫുട്ട് പാത്ത് ആവശ്യമില്ല.

**വാർഡ് VII**

9.കുറ്റ്ക്കകം സൗത്ത് L.P സ്ക്കൂൾ –നടാൽ

10.പൊടിക്കളം പാറവളവ്–വടക്കോട്ട്.

11.ചോവുന്നത്ത്പറമ്പ് –കിഴക്ക്ഭാഗം.

12.O.K.U.P. സ്ക്കൂൾ വഴി.

**വാർഡ് VIII**

13 പടിക്കുതാഴെ പീടിക റോഡ് – O.K.U.P സ്ക്കൂൾ വരെ.

14. പടിക്കേരിത്തോട് റെയിൽ ലൈനിനുശേഷം കുറ്റിക്കകം നോർത്ത് L.p സ്ക്കൂൾ വരെ.

**വാർഡ് IX മുതൽ XIII വരെ ആവശ്യപ്പെട്ടിട്ടില്ല.**

## ഗതാഗത പ്രശ്നങ്ങൾ

1.മിക്ക റോഡുകൾക്കും ഓവ് ചാലുകൾ ഇല്ല

2.റോഡുകൾ യഥാസമയം റിപ്പയർ ചെയ്യുന്നില്ല

3.ഗതാഗത യോഗ്യമായ എല്ലാ റോഡുകളിലും ബസ് സർവീസ് നടത്തുന്നില്ല

4.ടെലിഫോൺ കേബിളിടുന്നതിനും, പൈപ്പ് ലൈനിനുമായി കുഴിക്കുന്ന ചാലുകൾ യഥാസമയം മണ്ണിട്ടു നികത്തുന്നില്ല

5.തീരെ വാഹന സൗകര്യം എത്താത്ത സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്

6.തങ്കേക്കുന്ന് റോഡ് വീതി കുറഞ്ഞതും കുണ്ടും കുഴിയും നിറഞ്ഞതുമായതിനാൽ ഇത് വഴി ഓടുന്ന 4 ബസുകൾക്കും ബുദ്ധി മുണ്ടാവുന്നു.

7.ടാക്സി സ്റ്റാന്റ്, ബസ് സ്റ്റാന്റ് സൗകര്യം ഇല്ല.

## സാധ്യതകൾ

1. തോട്ടടയിൽ ഒരു ടാക്സി സ്റ്റാന്റും തോട്ടയിലും കിഴുന്നപ്പാറയിലും ബസ് സ്റ്റാന്റ് കംഷോപ്പിംങ്ങ് കോംപ്ലക്സും നിർമിക്കണം.

2. റോഡുകൾക്ക് ഓവുചാലുകൾ കീറുകയും അറ്റകുറ്റപ്പണികൾ ചെയ്യുകയും വേണം.

3.ഗതാഗത യോഗമായ റോഡുകളിലെല്ലാം ബസ് സർവീസ് അനുവദിച്ച് കിട്ടുന്നതിന് ശ്രമം നടത്തണം.

4. റോഡരുകിൽ കീറുന്ന ചാലുകൾ എത്രയും പെട്ടെന്ന് മൂടുവാൻ ഏർപ്പാടുണ്ടാക്കണം

5.തങ്കേക്കുന്ന് റോഡ് വീതി കൂട്ടുകയും ഇന്നുള്ള ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണുകയും വേണം.

6.വാഹന സൗകര്യം തീരെയില്ലാത്ത പ്രദേശങ്ങളിൽ അതുണ്ടാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കണം

# ഊർജ്ജം

ഊർജ്ജം മനുഷ്യ പുരോഗതിയ്ക്ക് അവിഭാജ്യമായ ഒരു ഘടകമാണ് നാമിന് എറ്റവും അധികം പ്രതിസന്ധി നേരിടുന്നതും ഈ മേഖലയിലാണ്. മനുഷ്യൻ ഭക്ഷണം പാകം ചെയ്തു കഴിക്കാൻ തുടങ്ങിയ കാലം മുതൽ ഊർജ്ജം ഉപയോഗിക്കാൻ തുടങ്ങി. ഇന്ന് ജീവിതത്തിന്റെ ഒട്ടുമിക്ക ആവശ്യങ്ങൾക്കും ഊർജ്ജം അത്യാവശ്യഘടകമായി തീർന്നിരിക്കുന്നു. കുടിക്കൊണ്ടിരിക്കകുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഊർജ്ജ ശ്രോതസുകൾ കണ്ടെത്താൻ കഴിയുന്നില്ല. എന്നതാണ് ഇതിലെ പരിമിതി. വിറക്, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവയാണ് ദൈനംദിനം ആവശ്യങ്ങൾക്കായി നാം മുഖ്യമായി ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ വെളിച്ചത്തിനായി വൈദ്യുതിയും പാചകത്തിനായി വിറക്, മണ്ണെണ്ണയും ഗ്യാസും ഉപയോഗിച്ചുള്ള പാചകം അനുദിനം കൂടി വരികയാണ്. ഭൂരിപക്ഷം വീടുകളിലും ഇന്ധന ക്ഷമത കുറഞ്ഞ അടുപ്പുകളാണ് ഉപയോഗിക്കുന്നത്. അത്കൊണ്ട് തന്നെ വളരെയധികം വിറക് ഉപയോഗിക്കേണ്ടിവരുന്നുണ്ട്. ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ സാർവ്വത്രികമായി പ്രചരിപ്പിച്ചാൽ വിറകിന്റെ ഉപയോഗം ഇന്നുള്ളതിന്റെ പകുതി ആയി കുറയ്ക്കാൻ കഴിയും. മാത്രമല്ല അടുക്കളയിലെ പുകശല്യവും ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും. ദക്ഷത കൂടിയ പരിഷത്ത് അടുപ്പിന് പഞ്ചായത്ത് പ്രോത്സാഹനവും സഹായവും നൽകണം.

വൈദ്യുതി എല്ലാ വാർഡുകളിലും എത്തിയെങ്കിലും ചില പ്രദേശങ്ങളിൽ വൈദ്യുതി എത്താതെയുണ്ട്. എടക്കാട് പഞ്ചായത്തിലെ വൈദ്യുതി വിതരണം 3 ഇലക്ട്രിക്കൽ സെഷ്ഷനുകൾ വഴിയാണ്.

വോൾട്ടേജ് ക്ഷാമം സർവത്രികമാണ്. ചില മേഖലകളിൽ മിന്നാമിനുങ്ങിന്റെ വെളിച്ചം പോലും ഇല്ല വൈദ്യുതി സെക്ഷൻ, ഉപഭോക്താക്കൾ തുടങ്ങിയ പട്ടിക കാണുക

പഞ്ചായത്തിൽ 450 തെരുവ് വിളക്കുകൾ ഉണ്ട് (406 ബൾബ്, 44 ട്യൂബ്) തെരുവുവിളക്കുകളുടെ ചാർജായി പഞ്ചായത്ത് പ്രതിവർഷം 68416 രൂപ അടക്കുന്നുണ്ട്. മിക്കപ്പോഴും തെരുവ് വിളക്കുകൾ പ്രകാശിക്കാറില്ല. ബൾബ് പോയാൽ സമയസമയങ്ങളിൽ മാറ്റാറില്ല. തകരാറുകൾ ഇല്ലാതാക്കുന്നതിൽ ശ്രദ്ധിക്കാറില്ല. വൈദ്യുതി വിതരണത്തിലെ കാര്യക്ഷമത ഇനിയും വർധിപ്പിക്കേണ്ടിയിരിക്കുന്നു. ആവശ്യത്തിന് ട്രാൻസ്ഫോർമറുകളും മറ്റ് ഉപകരണങ്ങളും സ്ഥാപിക്കുകയും വിതരണത്തിലെ അപാകതകൾ പരിഹരിക്കുകയും ചെയ്താൽ വോൾടേജ് കമ്മിക്ക് കുറച്ചൊക്കെ പരിഹാരം കാണാൻ കഴിയും. വിശദമായ ഒരു പവർ ലൈൻ മാപ്പിങ്ങ് അത്യാവശ്യമാണ്. അതിനോടൊപ്പം തന്നെ വിവിധ വൈദ്യുത ഉപകരണങ്ങളുടെ ശാസ്ത്രീയ ഉപയോഗം സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതായും ഉണ്ട്. വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം 551 ആണ്. അതിൽ തന്നെ ധാരണ അപേക്ഷകൾ 91 മുതൽ കാത്തിരിക്കുകയാണ്. കാർഷിക ആവശ്യത്തിന് കണക്ഷന് അപേക്ഷിച്ചവരും വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നുണ്ട്. നിലവിൽ 29 ട്രാൻസ്ഫോമറുകൾ ഉണ്ട്.

### നിലവിലുള്ള ഉപഭോക്താക്കൾ

| വിഭാഗം | എണ്ണം |
|---|---|
| ഗാർഹികം | 5650 |
| വ്യാപാരം | 476 |
| വ്യാവസായികം | 191 |
| കാർഷികം | 179 |
| **ആകെ** | **6496** |

### കണക്ഷൻ സംബന്ധിച്ച വിവരം

| വിഭാഗം | തൻവർഷം കണക്ഷൻ കൊടുത്തത് | കണക്ഷൻ കൊടുക്കാൻ ബാക്കി | അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി |
|---|---|---|---|
| ഓർഡിനറി | 44 | 377 | 9-10-91 |
| ഒ.ടി.പി | 6 | 16 | 1-9-95 |
| ഒ.വൈ.സി | 105 | 158 | 1-9-95 |

## പട്ടിക1
## നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

### ചൊവ്വ സെക്ഷൻ

| ട്രാൻസ്ഫോർമറിന്റെ സ്ഥാനം | കപ്പാസിറ്റി |
|---|---|
| 1. ജെ.ടി.എസ് | 160 KVA |
| 2. സ്വരാജ്(കാഞ്ഞിര) | 100 KVA |
| 3. കുറുവ | 100 KVA |
| 4. കടലായി | 100 KVA |
| 5. കടലായി നട | 100 KVA |
| 6. ക്ലാസിക്ക് (വട്ടക്കുളം) | 100 KVA |
| 7. ഐ.ടി.ഐ | 50 KVA |
| 8. അമ്മൂപറമ്പ് | 100 KVA |
| 9. പ്ലാസ്റ്റിക് (അമ്മൂപറമ്പ്) | 100 KVA |
| 10. ബിവറേജ് | 160 KVA |
| 11. തോട്ടട | 100 KVA |
| 12. ശ്രീനിവാസ് | 100 KVA |
| 13. പോളി റോഡ് | 160 KVA |
| 14. ഇ.എസ്.ടി. | 60 KVA |
| 15. കിഴുന്ന കോൺഗ്രസ് ഭവൻ | 100 KVA |
| 16. കുറ്റിക്കകം | 160 KVA |
| 17. ബ്ലോക്ക് | 160 KVA |
| 18. കിഴുന്നപാറ | 160 KVA |
| 19. ഏഴര | 160 KVA |
| 20. താഴെ തെരു മണ്ഡപം | 160 KVA |

### കാടാച്ചിറ സെക്ഷൻ

1. ആറ്റടപ്പ
2. ആഞ്ഞിങ്കാവ്
3. ആറ്റടപ്പ ഡിസ്പെൻസറി
4. ചാല വെസ്റ്റ്
5. ചാല പാലം
6. ഊർപ്പഴശ്ശിക്കാവ്
7. എക്സോൺ റബ്ബർ
8. കേനന്നൂർ റോള്ളർ ഫ്ളവർ മിൽ
9. സ്റ്റോൺ ക്രഷർ മാളികപ്പറമ്പ്.

## ഊർജ്ജം പ്രശ്നങ്ങൾ

1. പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും എല്ലാ പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.
2. ഓരോ ട്രാൻസ്ഫോർമറിന്റേയും കപ്പാസിറ്റിയേക്കാളും കൂടുതൽ കണണക്ഷനുകൾ നല്കിക്കൊണ്ടിരിക്കുന്നതിനാൽ വോൾട്ടേജ് ക്ഷാമം, ഇടക്കിടെ ഫ്യൂസ് പോകൽ തുടങ്ങിയ പ്രശ്നങ്ങൾ.
3. മരച്ചില്ലകൾ, തെങ്ങിന്റെ ഓല മുതലായവ ലൈനിൽ മുട്ടുന്നതിനാൽ വൈദ്യുതി നഷ്ടം, ഫ്യൂസ് അടിച്ചു പോകൽ തുടങ്ങിയ പ്രശ്നങ്ങളുണ്ട്.
4. നിലവിലുള്ള തെരുവുവിളക്കുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കൃത്യസമയത്ത് കത്തിക്കുവാനും കെടുത്തുവാനും സംവിധാനമില്ല. ഫ്യൂസായ ബൾബുകൾ യഥാസമയം മാറ്റുന്നില്ല.
5. ചാല അമ്പലം റോഡിൽ മനയത്ത്മൂല കഴിഞ്ഞാൽ അര കിലോമീറ്റർ ദൂരം ലൈൻ വലിക്കുകയോ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുകയോ ചെയ്യാത്തതിനാൽ രാത്രി അതുവഴി കാൽനടയായി പോകുന്നവർക്ക് ബുദ്ധിമുട്ടുണ്ട്.
6. മിക്ക വീടുകളിലും സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നതുകൊണ്ട് മറ്റുള്ളവർക്ക് തീരെ വെളിച്ചമില്ല.
7. വിറകിന്റെ ദൗർലഭ്യം വർധിച്ചുവരുന്നു.
8. ഗ്യാസ് കണക്ഷൻ അപേക്ഷിച്ചാൽ ഉടനെ കിട്ടുന്നില്ല. പ്രൈവറ്റ് മേഖലയിൽ വലിയ ചാർജ് കൊടുക്കേണ്ടി വരുന്നു.
9. ഇന്ധന ക്ഷമത കൂടിയ പരിഷത്ത് അടുപ്പുകൾ വ്യാപകമായി പ്രചാരത്തിലില്ല. അതുകൊണ്ട് വിറക് കൂടുതൽ ചെലവാകുകയും അടുക്കളയിൽ പുകശല്യം കൂടുകയും ചെയ്യുന്നു.
10. വിവിധ വൈദ്യുതി ഉപകരണങ്ങളുടെ ശാസ്ത്രീയമായ ഉപയോഗക്രമത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ലാത്തതുകൊണ്ട് വൈദ്യുതി പാഴാവുന്നു.

## ഊർജ്ജം സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കണം. പ്രധാന റോഡുകളിലെ സ്ട്രീറ്റ് ലൈറ്റില്ലാത്ത സ്ഥലങ്ങളിലെങ്കിലും അത് സ്ഥാപിക്കണം.
2. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. നിലവിലുള്ളവയുടെ ശക്തി കൂട്ടുക.
3. പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കണം.
4. പ്രസരണ നഷ്ടം ഒഴിവാക്കാൻ സംവിധാനം ഏർപ്പെടുത്തണം. ലൈനിൽ മുട്ടുന്ന മരച്ചില്ലകൾ മുറിച്ചു കളയാൻ മുൻകൈയെടുക്കണം.
5. സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം.
6. പരിഷത്ത് അടുപ്പുകളും മറ്റ് പുകയില്ലാത്ത ക്ഷമത കൂടിയ അടുപ്പുകളും പ്രചരിപ്പിക്കണം.
7. ക്ഷീര കർഷകർക്ക് ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ വേണ്ട സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നല്കണം.
8. വീടുകളിൽ സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തണം.
9. വിറകിന്റെ ക്ഷാമം തീർക്കുന്നതിന് സാമൂഹ്യ വനവൽക്കരണം പ്രോത്സാഹിപ്പിക്കണം. വഴിയോരങ്ങളിലും റോഡരികിലും മരങ്ങൾ വച്ചു പിടിപ്പിക്കണം.
10. വിവിധ വൈദ്യുത ഉപകരണങ്ങളുടെ ശാസ്ത്രീയമായ ഉപയോഗക്രമം ജനങ്ങളെ പഠിപ്പിക്കണം.
11. തെരുവുവിളക്കുകൾ കൃത്യസമയത്ത് കത്തിക്കുകയും കെടുത്തുകയും ചെയ്യുമെന്നും ബൾബ് ഫ്യൂസായാൽ അടുത്ത ദിവസം തന്നെ അവ മാറ്റുമെന്നും ഉറപ്പു വരുത്തണം.

# മാർക്കറ്റ്

തേങ്ങ, അടക്ക, കശുവണ്ടി മുതലായവയാണ് പഞ്ചായത്തിലെ പ്രധാന കാർഷികോത്പന്നങ്ങൾ. കുരുമുളക് മുതലായ സുഗന്ധദ്രവ്യങ്ങളും ഉത്പാദിപ്പിക്കപ്പെടുന്നു. ഐ.ആർ.ഡി.പി, ഡി.ഡബ്ല്യു.സി. ആർ.എ. മുതലായ സ്കീമുകളിലൂടെയും അല്ലാതെയും സ്വയം തൊഴിൽ കണ്ടെത്തിയ ആളുകൾ മറ്റ് ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ ഉത്പാദിപ്പിക്കുന്നുമുണ്ട്. ഇവർക്കും പുതുതായി തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്കും അവയുടെ മാർക്കറ്റിംഗ് ഒരു പ്രശ്നമാണ്.

സ്വന്തം വീട്ടാവശ്യം കഴിച്ച് ബാക്കി വരുന്ന തേങ്ങ ഉണക്കി കൊപ്രയാക്കി കർഷകൻ മാർക്കറ്റിലെത്തിക്കുന്നു. കർഷകന് യഥാർഥ വില കിട്ടുന്നുവെന്ന് പറഞ്ഞുകൂട. ഉണക്കക്കുറവിന്റെയും മറ്റും പേരു പറഞ്ഞ് തൂക്കത്തിൽ കുറവു വരുത്തൽ സർവ്വസാധാരണമാണ്. അതുപോലെ തന്നെയാണ് അടക്ക, കരുമുളക് എന്നിവയുടെയും സ്ഥിതി.

ഗാർമെന്റ്സ്, കത്തി മറ്റ് പണിയായുധങ്ങൾ തുടങ്ങിയ സാധനങ്ങൾ ഉത്പാദിപ്പിക്കുന്നവർക്ക് വിപണനം ഇന്നൊരു പ്രശ്നമാണ്. കോഴി കർഷകർ മുട്ടയും മാംസവും വിപണനം ചെയ്യുമ്പോഴും ചൂഷണം ചെയ്യപ്പെടുന്നു. അതുപോലെ തന്നെ മാർക്കറ്റ് സൗകര്യമില്ലാതെ മത്സ്യതൊഴിലാളികളും വിഷമിക്കുകയാണ്. ചില ഗ്രാമസഭകൾ മത്സ്യ മാർക്കറ്റ് വേണമെന്ന് ആവശ്യമുന്നയിച്ചിട്ടുണ്ട്. ഇപ്പോൾ എല്ലാ സ്ഥലത്തും റോഡരികിലാണ് മത്സ്യ വിപണനം. നടാലിൽ മാത്രമാണ് മത്സ്യമാർക്കറ്റുള്ളത്.

## മാർക്കറ്റ് സാധ്യതകൾ

1. തോട്ടടയിൽ കാഷ്യൂയാർഡിന്റെ സ്ഥലം ഏറ്റെടുത്ത് ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സാക്കി മാറ്റിയാൽ ആഴ്ച ചന്തകളും മറ്റും സംഘടിപ്പിക്കാൻ പറ്റും.
2. തോട്ടട, നടാൽ, കടലായി, കുറുവ എന്നിവിടങ്ങളിൽ പൊതു മാർക്കറ്റുകൾ സ്ഥാപിക്കണം.

# പാർപ്പിടം സാമൂഹ്യക്ഷേമം



എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും വീട്, എല്ലാവർക്കും വസ്ത്രം സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ മുദ്രാവാക്യങ്ങളിലൊന്ന് ഇതായിരുന്നു. എന്നാൽ ഈ സ്വപ്നങ്ങൾ ഇനിയും സാധിത പ്രായ മായിട്ടില്ല. ഇന്ത്യാ രാജ്യത്ത് മൊത്തത്തിലും നമ്മുടെ സംസ്ഥാനത്ത് വിശേഷിച്ചു പാർപ്പിട പ്രശ്നം രൂക്ഷ മായിക്കൊണ്ടിരിക്കുകയാണ്. പാമ്പുകൾക്ക് മാളമുണ്ട്. പറവകൾക്ക് ആകാശമുണ്ട് മനുഷ്യപുത്രന് തലചാ യ്ക്കാൻ മണ്ണിലിടമില്ല എന്ന കവിവാക്യം ഇന്നും പ്രസക്തമാണ്. നമ്മുടെ പഞ്ചായത്തിനെ മാത്രമെടു ത്താൽ പാർപ്പിടപ്രശ്നം അത്രത്തോളം രൂക്ഷമല്ലെന്ന് കാണാം. വാടക വീടുകളിലും ലൈൻമുറികളിലും ചെറുകൂരകളിലും താമസിക്കുന്നവരുടെ എണ്ണം നിസാരമല്ല. സ്വന്തമായി ഭൂമിയില്ലാത്തവർ, ഭൂമിയു ണ്ടെങ്കിലും വീട് വെക്കാൻ കഴിയാത്തവർ, വീട് പണി തുടങ്ങിയിട്ട് പൂർത്തിയാക്കാൻ കഴിയാത്തവർ ഇവരെല്ലാം ഒരു പാർപ്പിടം എന്ന സ്വപ്നവുമായി കഴി യുകയാണ് എല്ലാവർക്കും പാർപ്പിട സൗകര്യമുണ്ടാ ക്കുന്നതിന് അടിസ്ഥാന സൗകര്യമുണ്ടാക്കിക്കൊടു ക്കേണ്ടത് ആധുനിക സമൂഹത്തിൽ ഗവൺമെന്റു കൾ തങ്ങളുടെ ഉത്തരവാദിത്തമായി ഏറ്റെടുക്കേണ്ട താണ്.

പഴയകാലത്ത് ജനങ്ങൾ കൂട്ടുകുടുംബവ്യവസ്ഥ യിൽ കഴിഞ്ഞുവന്നത് കൊണ്ട് അത്രയേറെ പാർപ്പി ടങ്ങളുടെ ആവശ്യകത ഉണ്ടായിരുന്നില്ല. കൂട്ടുകുടും ബവ്യവസ്ഥ തകർന്നതോടെ വീടുകൾ വമ്പിച്ചതോ തിൽ വർദ്ധിച്ചതായി കാണാൻ കഴിയും. സമീപപ ഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ വീടുകളുടെ വർദ്ധനവ് വളരെ കൂടുതലാണ്. അതിന് ഒരു പ്രധാന കാരണം മറ്റ് പ്രദേശങ്ങളിൽന നിന്നുള്ള കുടിയേറ്റമാണ്. ഇന്ന് നാഷണൽ ഹൈവേ കടന്നു പോകുന്ന ഭാഗങ്ങളിൽ 50 കൊല്ലം മുമ്പ് വീടുകൾ അപൂർവ്വമായിരുന്നു. ITI, പോളിടെക്നിക്ക്, എസ്.എൻ. കോളേജ്, JTS മുതലായ സ്ഥാപനങ്ങളും വന്നതോടെ ആ മേഖലകൾ ജനങ്ങൾ തിങ്ങിപാർക്കുന്നവയായി തുടങ്ങി. വീട് നിർമ്മിക്കുന്നതിന് യോജിച്ച സ്ഥല ത്തിന്റെ ലഭ്യത കുറഞ്ഞുവന്നതോടെ വയൽ നികത്തി വീടെടുക്കുന്ന പ്രവണത കൂടിവരുന്നു. ഇന്നത്തെനി ലക്ക് പോയാൽ ഈ നൂറ്റാണ്ടിൽതന്നെ എടക്കാട് പഞ്ചായത്തിൽ നെൽകൃഷി അപ്രത്യക്ഷമായാൽ അത്ഭുതപ്പെടേണ്ടതില്ല. ഈ പ്രവണത നിരുത്സാഹ പ്പെടുത്തുന്നതിന് എല്ലാ ആളുകളും ശ്രദ്ധവെക്കേ ണ്ടതാണ്.

മുൻകാലത്ത് പ്രധാനമായും മൺകട്ടയും ഓലയും ഉപയോഗിച്ചായിരുന്നു വീടുകൾ അധികവും നിർമ്മിച്ചുവന്നിരുന്നത്. ഇടക്കാലത്ത് മൺകട്ടയും ഓടും, കല്ലും ഓടും എന്ന മാറ്റം വന്നു. ഇപ്പോൾ കല്ലും കോൺക്രീറ്റും ഉപയോഗിച്ചാണ് സാർവ്വത്രികമായി വീടുകൾ നിർമ്മിക്കുന്നത്. അപൂർവ്വം ഇഷ്ടികയും കോൺക്രീറ്റും കല്ലും ഓടും ഉപയോഗിച്ചുള്ള വീടുകളും നിർമ്മിക്കപ്പെടുന്നുണ്ട്. മൺകട്ടയും ഓലയും ഉപയോഗിച്ചുള്ള വീട് നിർമ്മാണം തീരെ ഇല്ലെന്ന് തന്നെ പറയാം.

പാർപ്പിടനിർമ്മാണരംഗത്ത് ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനം ഗൃഹനിർമ്മാണത്തിന് ആവശ്യമായ സാധനങ്ങളുടെ വിലക്കയറ്റമാണ്. അതുപോലെ കൂലിചിലവിലും ഭീമമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വായ്പ വാങ്ങിയല്ലാതെ വീട് നിർമ്മിക്കാൻ കഴിയുന്നവർ അപൂർവ്വമാണ്. വായ്പ ലഭിക്കുന്നതിന് സാദ്ധ്യത വളരെ കുറവും. വായ്പ നൽകുന്ന സ്ഥാപനങ്ങളുടെ വ്യവസ്ഥകൾ പാലിക്കപ്പെടാൻ ബുദ്ധിമുട്ടുള്ളവയുമാണ്. പലിശ നിരക്ക് ഒരിക്കലും കടക്കെണിയിൽനിന്ന് രക്ഷപ്പെടാൻ സാധിക്കാത്ത നില വായ്പക്കാരനുണ്ടാക്കുന്നു. ബാങ്കുകൾ, കൂടിയ പലിശ നിരക്ക് ഒരിക്കലും കടക്കെണിയിൽനിന്ന് രക്ഷപ്പെടാൻ സാധിക്കാത്ത നില വായ്പക്കാരനുണ്ടാക്കുന്നു. ബാങ്കുകൾ, കൂടിയ പലിശകൊടുത്തു കാങ്ങുന്ന നിക്ഷേപം ഉപയോഗിച്ച് വായ്പ കൊടുക്കേണ്ടി വരുന്നത് കൊണ്ടാണ് ഗൃഹനിർമ്മാണവ്യാപയ്ക്കും വലിയ പലിശ നിരക്ക് ഏർപ്പെടുത്തുന്നത്. അതുകൊണ്ട് ഗൃഹനിർമ്മാണ വായ്പകൊടുക്കുന്നതിന് ബാങ്കുകൾക്ക് കുറഞ്ഞ പലിശനിരക്കിൽ തുക ലഭ്യമാക്കുകയോ അല്ലെങ്കിൽ പലിശ സബ്സിഡി അനുവദിക്കുകയോ വേണം. വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുകയും വേണം.

മുമ്പ് ആരാധനാലയങ്ങളുടെ പാർശ്വങ്ങളാണ് ആവസാസകേന്ദ്രങ്ങളായിരുന്നത്. ഇന്ന് റോഡുകളുടെ പാർശ്വങ്ങൾ എത്ര കൂടിയ വിലകൊടുത്തായാലും വാങ്ങി അടുത്തടുത്ത് വീട് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഒരു പരിണിതഫലം അത്തരം ആളുകൾക്ക് സ്വന്തമായ ആവശ്യത്തിന്, ചില സാധനങ്ങളെങ്കിലും കൃഷി ചെയ്യാനുള്ള സ്ഥലം ഉണ്ടാകുന്നില്ല എന്നുള്ളതാണ്.

നമ്മുടെ പഞ്ചായത്തിൽ ഹൗസിംഗ് കോളനികൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾതന്നെ 5 ഹൗസിംഗ് കോളനികൾ ഉണ്ട്. ഒരു ഹൗസിംഗ് കോളനി ആയുധിക സജീകരണങ്ങളോടെ തോണിയോട്ട് ശ്രീ കൂറുമ്പക്ഷേത്രത്തിനടത്തു പണിതുകൊണ്ടിരിക്കുന്നുണ്ട്. ഇത് ഒരു സ്വകാര്യ സ്ഥാപനമാണ് നിർമ്മിക്കുന്നത്.

നാനാതരത്തിലുള്ള പുതുപണക്കാരും ഗൾഫ് പണക്കാരും ആധുനിക സൗകര്യങ്ങളോടെ പടുകൂറ്റൻ മണിമാളികകൾ നമ്മുടെ പഞ്ചായത്തിനകത്ത് ഉയർത്തിക്കൊണ്ടിരിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾക്ക് പോലും ഒരു വലിയ വിഭാഗം ജനങ്ങൾ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുകയാണ്. അവരിൽ ഗണ്യമായ വിഭാഗം ലക്ഷംവീട് കോളനി നിവാസികളും ഹരിജൻ കോളനി നിവാസികളും സമാജ്‌വാദി കോളനി നിവാസികളും ആണ്. നമ്മുടെ പഞ്ചായത്തിൽ 4 ലക്ഷം വീട് കോളനിനകളും ഒരു ഹരിജൻ കോളനിയും ഒരു സമാജ്‌വാദി കോളനിയും ആണ് ഉള്ളത്. കോളനികളിലെല്ലാം തന്നെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപതമാണ്. ഇതിൽ ഏറ്റവും ശോചനീയം സമാജ്‌വാദി കോളനിയിലെ കാര്യമാണ്. ഏകദേശം 84 വീടുകളിലായി 362 ആളുകൾ ഇവിടുത്തെ താമസക്കാരായുണ്ട്. പ്രാഥമിക ആവശ്യങ്ങൾക്ക് പരിമിതമായ സൗകര്യം പോലും ഇവിടെയില്ല. സമീപത്തുള്ള വെളിപ്രദേശങ്ങൾ ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് ഒരു സാമൂഹ്യ പ്രശ്നമായി മാറുകയാണ് ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ഇതിൽ പതിയുകയും അടിയന്തിര പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്.

ഏറ്റവും പുതിയ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 9156 കെട്ടിടങ്ങളാണുള്ളത്. ഇതിൽ 657 എണ്ണത്തിന് ഒന്നിൽ കൂടുതൽ നിലകളുണ്ട്. ഓലകെട്ടിടം 567ഉം ഓടിട്ടത് 6604ഉം കോൺക്രീറ്റ് കെട്ടിടങ്ങൾ 2255ഉം ആണ്. ആകെ വീടുകൾ 7100 ഉം അതിൽ കോൺക്രീറ്റ് വീടുകൾ 2500ഉം ഓടിട്ടത് 4075ഉം ഓലമേഞ്ഞത് 250ഉം കുടിലുകൾ 275ഉം ആണ്.

| ആകെ വീടുകൾ | കോൺക്രീറ്റ് | ഓട് മേഞ്ഞത് | ഓല മേഞ്ഞത് | കുടിലുകൾ | കക്കൂസുള്ള വീടുകൾ | സെപ്റ്റിക് ടാങ്ക് | ESP | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| 7100 | 2500 | 4075 | 250 | 275 | 5900 | 4005 | 1100 | 795 |

**പട്ടിക-1 അവലംബം ദ്വതീയ വിവരശേഖരണം**

## സാമൂഹ്യക്ഷേമം: –

സാമൂഹ്യക്ഷേമരംഗത്ത് നടക്കുന്ന ക്ഷേമപ്രവർത്തനങ്ങളെ രണ്ടായിതരംതിരിക്കാം. ഒന്ന് പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന, ക്ഷേമപദ്ധതികൾ മറ്റൊന്ന് തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ.

1995-96ലെ കണക്കനുസരിച്ച് 1243 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നത്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട് 10 കുടുംബങ്ങൾ ഉൾപ്പെടെ 56 കുടുംബങ്ങൾക്കാണ് 1994-95 സാമ്പത്തിക സഹായം ലഭിച്ചത്. സാമ്പത്തിക സഹായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 11 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയത്.

ട്രൈസം പദ്ധതി പ്രകാരം 84 പേർക്കാണ് ഇതുവരെ പരിശീലനം ലഭിച്ചിട്ടുള്ളത്. ഇവരിൽ 53 പേർ സ്വയം തൊഴിൽ കണ്ടെത്തി. 28 പേർ ഇതര തൊഴിൽ ചെയ്യുന്നു. 3 പേർ തൊഴിലില്ലാത്തവരുണ്ട്.

IRDP സ്കീം പ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ള ഭവനരഹിതർ 278 ആണ്. ഇവരിൽ 57 പേർക്ക് വീടുകൾക്ക് സഹായധനം അനുവദിക്കുകയും അതിൽ 47 വീടുകളുടെ പണി പൂർത്തി ആവുകയും ചെയ്തിട്ടുണ്ട്. 10 വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ വിധവാ പെൻഷൻ, വികലാംഗപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയിലായി 120 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. ഒരാൾക്ക് കാൻസർ പെൻഷനും ലഭിക്കുന്നുണ്ട്. 1994-95ൽ 259 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിച്ചിരുന്നു. ഇത് 95-96ൽ 244 ആയി ചുരുങ്ങി. ഏറ്റവും അധികം പേർ തൊഴിലില്ലായ്മ വേതനം വാങ്ങിയത് 1993-94ൽ ആയിരുന്നു. 268 പേർ. 95-96ൽ 333 പേർക്കാണ് കർഷക തൊഴിലാളിപെൻഷൻ ലഭിച്ചത് IRDP സർവ്വെ അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട 142 കൈതൊഴിലുകാരിൽ 29 പേർക്ക് സഹായം ലഭിച്ചു. ഇനി 113 പേർക്ക് സഹായം ലഭിക്കാൻ അർഹതയുണ്ട്.

## അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ 17 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. അംഗൻവാടി മുഖേന അവിടെ ചേർത്ത കുട്ടികൾക്ക് പരിപാലനം ലഭിക്കുന്നതിന് പുറമെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരങ്ങളും അത്യാവശ്യമരുന്നുകളും നൽകിവരുന്നുണ്ട്. പകർച്ചവ്യാധികൾക്കെതിരായ കുഞ്ഞിവെപ്പുകളും ഇടക്കിടെയുള്ള മെഡിക്കൽ പരിശോധനകളും അംഗൻവാടി മുഖേന ലഭ്യമാകുന്നുണ്ട്.

ഇത്തരം കാര്യങ്ങളൊന്നും ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചരിക്കപ്പെടുന്നില്ല എന്നതാണ് ഇതിന്റെ ഏറ്റവും വലിയ ദൂഷ്യവശം അതുകൊണ്ട് യഥാർത്ഥത്തിലുള്ള ആവശ്യക്കാരും അർഹരും പലപ്പോഴും ഇവ ലഭിക്കാതെ ഒഴിവാക്കപ്പെടുന്നു.

ക്ഷേമ പദ്ധതികൾ മുഖേന നൽകുന്ന പെൻഷനുകളെല്ലാം തന്നെ നാമമാത്രമായ തുകയാണ് നൽകിവരുന്നത്. അതുതന്നെ നിയമത്തിന്റെ ഊരാക്കുടുക്കുകളിൽ പെട്ട് പലപ്പോഴും മുടങ്ങിപ്പോകുന്നു. ഉദാഹരണത്തിന് ഈ വർഷം വിധവാ പെൻഷൻ വിതരണം ചെയ്തിട്ടേയില്ല. ഓണത്തിന് മുമ്പ് വിതരണം ചെയ്യാൻ പഞ്ചായത്തുകളെ ഏല്പിച്ചെങ്കിലും സാങ്കേതികത്വം പറഞ്ഞ് ഇപ്പഴും വിതരണം ചെയ്യാതെ കിടക്കുകയാണ്. ഇത്തരം അപാകതകൾ പരിഹരിച്ചുകൊണ്ട് ക്ഷേമപദ്ധതികൾ അത് കാത്തിരിക്കുന്ന പാവങ്ങളിൽ പാവങ്ങളായ ആളുകൾക്ക് എത്രയും പെട്ടെന്ന് അവ എത്തിച്ചുകൊടുക്കാനുള്ള ശുഷ്കാന്തി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ കാണിക്കേണ്ടതാണ്.

സ്കൂളുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഉച്ചഭക്ഷണ പരിപാടിയും ശ്ലാഘനീയമായ ഒരു ക്ഷേമ പ്രവർത്തനമാണ്. പഞ്ചായത്തുകൾ ഇതിലേക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ പ്രയോജനം വളരെകുറച്ച് കുടുംബങ്ങൾക്കേ ലഭിക്കുന്നുള്ളൂ.
2. പദ്ധതികളുടെ വിവരം അറിയില്ല.
3. പ്രഖ്യാപിച്ച ആനുകൂല്യംതന്നെ യഥാസമയം കിട്ടുന്നില്ല.
4. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധരുടെ അഭാവം
5. പല കോളനികളിലും പശ്ചാത്തല സൗകര്യങ്ങളില്ല.
6. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വമ്പിച്ച വിലക്കയറ്റം
7. ഭൂമിയുടെ ദൗർലഭ്യവും വിലക്കയറ്റവും
8. ഭവന നിർമ്മാണ വായ്പ ലഭിക്കാനുള്ള പ്രയാസം
9. സാമൂഹ്യക്ഷേമ പദ്ധതി അനുസരിച്ച് പെൻഷൻ വാങ്ങുന്നവർക്ക് അത് കൃത്യമായി ലഭിക്കുന്നില്ല.
10. വിവിധ തരം പെൻഷനുകൾക്കുള്ള അപേക്ഷയിന്മേൽ തീരുമാനമെടുക്കുമ്പോൾ മക്കളുടെ വരുമാനം കണക്കിലെടുക്കുന്നു.
11. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിന് നടത്തുന്ന സർവ്വേ കാര്യക്ഷമമല്ല.
12. മാതൃശുശു സംരക്ഷണ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.
13. നിലവിലുള്ള അംഗൻവാടികൾ വാർഡിലെ മുഴുവൻ ആളുകൾ ഉയോഗപ്രദമാകുന്നില്ല.
14. 3 വയസ്സിൽ താഴെയുള്ള കുട്ടികളെ പരിപാലിക്കുന്നതിനായി ക്രഷുകൾ ഇല്ല.
15. ITI പോളി വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല.
16. സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവത്കരണം നടക്കുന്നില്ല. പ്രധാന ഉദ്യോഗസ്ഥർ അത്തരം ക്ലാസ്സുകളിൽ പങ്കെടുക്കുന്നില്ല.

## സാദ്ധ്യതകൾ: –

1. ദുർബ്ബല വിഭാഗങ്ങൾക്കുള്ള സർക്കാർ സഹായങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വേണ്ടി വാർഡ് തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം. ബോധവതൽക്കരണത്തിനായി സിനിമപോലുള്ള മാധ്യമങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്.
2. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ഏക്രകണക്കിന് ഭൂമി നൽകുന്ന ഇന്നത്തെ സമ്പ്രദായം മാറ്റി ആ വിഭാഗത്തിലെ എല്ലാ ഭൂരഹിതർക്കും 5 സെന്റ് വീതമെങ്കിലും ഭൂമി വീട് വെക്കുന്നതിന് അനുവദിക്കണം.
3. പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് ദുർബ്ബല വിഭാഗങ്ങൾക്കും ഇടത്തരം വരുമാനക്കാർക്കും പാർപ്പിടം നിർമ്മിക്കുന്നതിനായി കുറഞ്ഞ പലിശക്ക് വായ്പ സൗകര്യം ഏർപ്പെടുത്തണം. നിർമ്മിക്കുന്ന വീടു തന്നെ വായ്പക്കുള്ള ഈടായി സ്വീകരിക്കണം. ഭവന നിർമ്മാണ സാമഗ്രികൾ ചുരുങ്ങിയ വിലക്ക് ലഭിക്കാനായി പഞ്ചായത്തിൽ സൊസൈറ്റി രൂപീകരിച്ച് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കണം.
5. ഈ പഞ്ചായത്തിലെ ഓലമേഞ്ഞ മുഴുവൻ വീടുകളും ഓട് മേഞ്ഞുകൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഇതിനും വീട് തന്നെ ഈടായി സ്വീകരിച്ചുകൊണ്ട് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കണം.
6. വാർഡ് തലത്തിൽ സന്നദ്ധ സംഘടനകൾ രൂപീകരിച്ച് വിവിധതരം പദ്ധതികൾ മുഖേന ലഭിക്കുന്ന പണം സ്വരൂപിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ദുർബ്ബല വിഭാഗങ്ങൾക്കും വീട്, കക്കൂസ് നിർമ്മിച്ചു കൊടുക്കണം.
7. പട്ടയം നല്കാത്ത കോളനി നിവാസികൾക്ക് പട്ടയം വിതരണം ചെയ്യണം.
8. കുടീർ ജ്യോതി പദ്ധതി വീണ്ടുമാരംഭിച്ച് എല്ലാ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതോടൊപ്പം ലക്ഷം വീട് കോളനിയിലും പ്രസ്തുത സ്കീം നടപ്പിലാക്കണം.
9. ഭവന നിർമ്മാണത്തിന് ചിലവഴിക്കാവുന്ന സംഖ്യക്ക് പരിധി ഏർപ്പെടുത്തണം.

10. പരമ്പരാഗത വാസ്തുശില്പ മാതൃകകൾ സംരക്ഷിക്കണം.
11. തൊഴിലാളികളുടെ വൈദഗ്ദ്യം ഉയർത്താനുള്ള പരിശീലനം നൽകണം.
12. ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ പ്രചരിപ്പിക്കണം.
13. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലകുറക്കാനുള്ള നടപടിവേണം. 14. കെട്ടിടമെയിന്റെനൻസിന് വേണ്ടി സംഘങ്ങൾ രൂപീകരിക്കണം.
15. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനും ജനകീയ സംവിധാനം വേണം.
16. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കാനുള്ള പരിപാടികൾ
17. വനിതകൾക്ക് പുതിയ OWCRA യൂണിറ്റുകൾ സ്ഥാപിക്കണം.
18. യഥാസമയം ക്ഷേമപദ്ധതിയുടെ ഭാഗമായ സഹായങ്ങളും പെൻഷനുകളും വിതരണം ചെയ്യുക.
19. ചെലവ് കുറഞ്ഞ ഭവനങ്ങൾ രൂപകല്പന ചെയ്യുന്നതിന് കൈരളി നഗരിലുള്ള കോസ്റ്റ് ഫോർഡിന്റെ സഹായം ഉപയോഗപ്പെടുത്തണം.
20. വനിതാ വികസന കോർപറേഷന്റെ സേവനം ഉപയോഗപ്പെടുത്തി നമ്മുടെ പഞ്ചായത്തിലെ വനിതകൾക്ക് പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.
21. IRDP, DWCRA തുടങ്ങിയ സ്കീമുകളിലൂടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ പഞ്ചായത്തിനകത്ത് ഒരു ഏകീകൃത് കമ്പോളം സംഘടിപ്പിക്കണം.
22. വിവിധതരം ക്ഷേമപദ്ധതികളെക്കുറിച്ച് ജനങ്ങൾക്കിന്നും പൂർണ്ണമായ അറിവില്ല. പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി ബോധവല്കരണ കേസമ്പുകൾ വാർഡ് തലത്തിൽ സംഘടിപ്പിക്കണം. ഇത്തരം കേമ്പുകളിൽ പ്രാപ്തരായ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുക്കണം.

# സംസ്കാരം




നമ്മുടെ പഞ്ചായത്തിനു സമുന്നതമായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. കാവുകളും അമ്പലങ്ങളും പള്ളികളും നമ്മുടെ തനതായ ജീവിത മൂല്യങ്ങളെ നല്ലനിലയിൽ പരിപോഷിപ്പിച്ചു.

കൃഷിയും കള്ളുചെത്തും മത്സ്യബന്ധനവും തൊഴിലാക്കിയ ഒരു സമൂഹമായിരുന്നു ഇവിടെ പഴയകാലത്തുണ്ടായിരുന്നത്. പാരമ്പര്യ തൊഴിലുകളിൽ ഏർപ്പെട്ടുപോയിരുന്നവർ പ്രധാനമായും തീയ്യർ, ചാലിയർ, ചക്കാലനായർ, കുശവൻ, വണ്ണാൻമാർ, കാവുതീയ്യർ, കണിയാൻമാർ, പണിക്കൻമാർ (മലയർ), കമ്മാളർ എന്നിവരായിരുന്നു. എഴുത്തുപഠിപ്പിക്കലും കണക്കെഴുത്തും ജോതിഷവും ചികിത്സയുമായിരുന്നു അഭ്യസ്ഥവിദ്യരുടെ തൊഴിൽ. വലിയ തോതിലുള്ള ജന്മി–കുടിയാൻ സംഘങ്ങൾ ഇക്കാലത്തുണ്ടായിരുന്നതായി കാണുന്നില്ല. ഈ പ്രദേശത്തുള്ള സ്ഥലനാമങ്ങൾ എല്ലാ ഭുപ്രകൃതിയുമായി ബന്ധപ്പെട്ടതാണ്.

ക്ഷേത്രകലകൾക്കു പുറമെ, കളരിപ്പയറ്റും അക്ഷരശ്ലോകവും ഉണ്ടായിരുന്നു. കളരിപ്പയറ്റിൽ ശ്രീ കാതികോരൻ ഗുരുക്കൾ പ്രസിദ്ധനായിരുന്നു. തെയ്യം, തിറ, വാദ്യമേളങ്ങൾ ദഫ്മുട്ട്, കുത്തു റാത്തീബ് എന്നിവയായിരുന്നു പ്രധാന അനുഷ്ഠനകലകൾ. ഈ പ്രദേശത്തെ സാമൂഹ്യ ജീവിതത്തിൽ ആശയപരമായ ചലനങ്ങൾ ഉണ്ടാക്കിയത്. ശ്രീനാരായണ ദർശനങ്ങളാണ്. സമൂഹത്തിൽ അടിമുടി കുടികൊണ്ടിരുന്ന ജാതീയതക്കും മറ്റു അനാചരങ്ങൾക്കും എതിരെ ലക്ഷ്യബോധമുള്ള സാംസ്കാരിക പ്രവർത്തനം ആരംഭിക്കുന്നത്. ഈ കാലഘട്ടത്തിലാണെന്നു പറയാം. അതിന് വാഗ്ഭടാനന്ദ ഗുരുദേവരുടെയും സ്വാമി ബ്രഹ്മവ്രതന്റെയും പ്രൗഢോജ്വലമായ പ്രഭാഷണങ്ങൾ ഏറെ സഹായിച്ചു. നിരവധി ചർച്ചാ യോഗങ്ങളും അക്ഷര ശ്കോ സദസ്സുകളും മഹാസമ്മേളനങ്ങളും ഈ കാലത്തു സംഘടിപ്പിക്കപ്പെടുകയുണ്ടായി. വിവിധ മത വിഭാഗങ്ങളിലെ ആത്മീയ നേതാക്കൾ ഈ കാലഘട്ടത്തിൽ ഒരേ വേദിയിൽ ഒത്തുചേർന്നു. ഇത്തരം വേദികളിൽ ക്ഷണിക്കപ്പെടാതെ എത്തുമായിരുന്ന കാരുണ്യസ്വാമി ഈ നാടിനെ തന്റെ പുല്ലാങ്കുഴലിലൂടെ സംഗീതത്തിന്റെ നറും പാലൂട്ടി. സ്വാമി ബ്രഹ്മ വ്രതന്റെയും വാമനൻമാസ്റ്ററുടേയും കഥകാലക്ഷേപങ്ങളും യുവമനസുകളിൽ നൂനതാശയങ്ങൾ മുളക്കാനുള്ള മണ്ണൊരുക്കി.

പുരാണങ്ങളിലെ അനുകരണീയ കഥാപാത്രങ്ങളെ ഉപജീവിച്ച് നാടകങ്ങളുണ്ടായി. ഈ നാടകങ്ങളിലെ നടൻമാർ സ്വന്തം പേരിനോടൊപ്പം കഥാപത്രങ്ങളുടെ പേർ ചേർത്തു വിളിക്കപ്പെട്ടിരുന്നു. നളൻ പൊക്കൻ, ദമയന്തി രാമുണ്ണി, ശൂർപ്പണഖ രാമൻനായർ എന്നീ പേർ ഉദാഹരങ്ങളാണ്.

1930–കളോടെ ദേശീയപ്രസ്ഥാനത്തിന്റെ സന്ദേശവും ഇവിടെ മാറ്റൊലി ക്കൊണ്ടു. ചിറക്കൽ താലൂക്കിന്റെ ചില ഭാഗങ്ങളിൽ ദേശീയ നേതാക്കൾക്ക് നൽകിയ സ്വീകരണങ്ങളിൽ പങ്കെടുത്ത യുവാക്കൾ നെയ്ത്തുശാലകളിലും ചായപ്പീടികകളിലും സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള തീപ്പാറുന്ന ചർച്ചകൾ നടത്തി. ഖാദി പ്രചാരണവും ഹിന്ദി വിദ്യാഭ്യാസവും പരസ്പര സഹായസമിതികളും ഇക്കാലത്തു രൂപമെടുത്തു. മലബാറിന്റെ കർഷക പ്രസ്ഥാനം രൂപ കൊള്ളുമ്പോൾ തന്നെ ഗ്രന്ഥശാലാ പ്രസ്ഥാനവും ജന്മം കൊണ്ടു. വായനശാലകളും ഗ്രന്ഥാലയങ്ങളും ഇക്കാലത്ത് എടക്കാട് പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഉയർന്നുവന്നു. അവയുടെ പേരുകളിൽപ്പോലും ദേശസ്നേഹത്തിന്റെ മുദ്രകൾ തെളിഞ്ഞുനിന്നു. അന്യദേശങ്ങളിൽ ഊർച്ചപ്പണിക്കും മറ്റും പോയവർ ജന്മിത്വത്തിനെതിരായി പോരാടുകയും നെല്ലെടുപ്പു സമരവും ഈ നാട്ടിലും ചർച്ചാ വിഷയമാക്കി. പടപ്പാട്ടിന്റെ ഈണവും താളവും ഇവിടെയും അനുരണനങ്ങൾ സൃഷ്ടിച്ചു. 'വരിക വരിക സഹജരേ.....എന്ന് തറിത്താളത്തിനൊത്ത് ഉയർന്നു കേൾക്കാത്ത നെയ്തു കമ്പികൾ ഉണ്ടായിരുന്നില്ല. വായനശാലകൾ വഴി ലോകത്തിന്റെ നാനാഭഗങ്ങളിലും നടക്കുന്ന സംഭവങ്ങൾ ഏവർക്കും അറിയാമെന്നായി.

ഒക്ടോബർ വിപ്ലവത്തെക്കുറിച്ചുള്ള അറിവ് തൊഴിലാളികളിൽ പുതിയ ചാലനങ്ങളുണ്ടാക്കി. നാസികൾക്കെതിരായ സോവിയറ്റ് യൂണിറ്റിന്റെ യുദ്ധവിജയം വമ്പിച്ച മാറ്റത്തിന് തിരികൊളുത്തി. ചുരുട്ടു ബീഡിക്കമ്പിനികൾ കേന്ദ്രീകരിച്ചു. നടത്തിയ പത്ര വായന തൊഴിലാളികുടെ ബോധനിലവാരം ഉയർത്തുന്നതിൽ വലിയ പങ്കു വഹിച്ചു. പത്രത്തോടൊപ്പം ലോക ക്ലാസിക്കുകൾ വരെ അവർ സംഘമായി വായിക്കുമായിരുന്നു. വായനശാലകളുടെ വാർഷികവും കലാസമിതികളുടെ ഉദ്ഘാടനവും ജനകീയ ഉൽസവങ്ങളായി മാറി. പ്രൗഢോജ്വലങ്ങളായി പ്രഭാക്ഷണങ്ങൾ ചൂടേറിയ ചർച്ചകൾക്ക് വഴി തെളിച്ചു. കെദാമോദരൻ, മൂർക്കൊത്തു കഞ്ഞിരാമൻ, വൈക്കം ചന്ദ്രശേഖരൻനായർ, എം.ടി.കുമാരൻമാസ്റ്റർ എന്നിവരുടെ പേരുകൾ സ്മരണാർഹങ്ങളാണ്.

ഇക്കാലത്ത് നാട്ടിൽ ഉജ്ജ്വല വികാസം പൂണ്ട മറ്റൊരു രംഗം വിദ്യാഭ്യാസമായിരുന്നു. ചില ഭാഗങ്ങളിൽ സാക്ഷരതാ പ്രസ്ഥാനത്തിന്റെ മുമ്പുതന്നെ ഏതാണ്ട് 90 ശതമാനത്തിലധികം സാക്ഷരത കൈവരിച്ചിരുന്നു. ആശാന്റെയും ചങ്ങമ്പുഴയുടെയും കവിതകൾ വൃദ്ധകൾക്കുപോലും ഹൃദ്യമായിരുന്നു. വിവേകാനന്ദന്റെയും ടാഗോറിന്റെയും മറ്റും നാമധേയത്തിൽ ബാല സമാജങ്ങളും സംഗീതസഭകളും രൂപപ്പെട്ടു. ഇവയുടെ ആഭിമുഖ്യത്തിൽ കൈയെഴുത്തുമാസികളും കോൽക്കളി സംഘങ്ങളും ഉണ്ടായി. കാവുകളും, ക്ഷേത്രങ്ങളും ഉത്സവപ്പറമ്പുകളും നാടകം, കഥകളി, സംഗീതം തുടങ്ങിയ കലാപരിപാടികളുടെ രംഗവേദിയായി

. ശ്രീനാരായണ പ്രസ്ഥാനം, ദേശീയ പ്രസ്ഥാനം എന്നിവയിലൂടെ വികസിച്ച നമ്മുടെ സാംസ്കാരിക രംഗത്തിന്റെ ഉൾച്ചേതന സ്വാതന്ത്ര്യത്തിനുശേഷം സാവധാനം മങ്ങിത്തുടങ്ങി. കലയും സാഹിത്യവും സാംസ്കാരികവുമായി ജീവിതഗന്ധിയായ മുഴുവൻ കാര്യങ്ങളെയും പ്രോജ്ജ്വലിപ്പിച്ചിരുന്ന ഗ്രാമീണ രംഗവേദികൾ സാവധാനം ശൂന്യവും നിശബ്ദവുമായി ജാതിമതഭേദമെന്യേ കൊണ്ടാടപ്പെടേണ്ട ആരാധനാലയങ്ങൾ മനുഷ്യനെ ഭിന്നിപ്പിക്കാനുള്ള വേദിയായി മാറി. 60കളുടെ ആരംഭത്തോടെ മനുഷ്യവിരുദ്ധമായ ആശയങ്ങളും പ്രതിലോകപരമായ ചിന്തകളും സാംസ്കാരിക മേഖലയെ രോഗാതുരമാക്കി. വായനശാലകൾ നീർജ്ജീവമായി. വിജ്ഞാനപ്രദമായ പുസ്തുക സഞ്ചയങ്ങൾ ജടപ്രായങ്ങളായി. ആതുരമായ ഈ അവസ്ഥയെ ഉപരോധിക്കുവാൻ നടത്തിയ ദുർബലമായ ശ്രമങ്ങൾ '70കളോടെ ശക്തിപ്പെട്ടു. ഇക്കാലത്ത് ആയോധനകലകൾ. നാശോന്മുഖമായെങ്കിലും മറ്റു കായികവിനോദങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയ സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ മനുഷ്യവിരുദ്ധമായ ആശയങ്ങളും മറ്റും സാംസ്കാരിക ജീർണതകളും ഗ്രാമമനസുകളും ആക്രമിക്കുന്ന പുതിയ വെല്ലുവിളികളും ഏറ്റെടുക്കേണ്ടതായിട്ടാണിരിക്കുന്നത്. ഉപഭോക്തൃ സംസ്കാരം ഉയർത്തി വിടുന്ന ജീർണതകളിൽ നിന്നും സമൂഹമനസ്സിനെ രക്ഷിച്ച് ദേശസ്നേഹവും സാമൂഹ്യ പ്രതിബദ്ധതയും സ്ത്രീ പുരഷ സമത്വവും അവയിൽ പ്രതിഷ്ഠിക്കാൻ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സാധിക്കണം.

കലാസാഹിത്യമത്സരങ്ങ്ഹൾ, സ്പോർട്സ് മത്സരങ്ങൾ, ഫുട്ബോൾ, ക്രിക്കറ്റ്, ടൂർണമെന്റ്, നഴ്സറി

സ്കൂൾ വാർഷികങ്ങൾ, സ്കൂൾ വാർഷികങ്ങൾ, അമേചർ നാടകങ്ങൾ, കവിയരങ്ങുകൾ, കഥാസായാഹ്നങ്ങൾ, സിമ്പോസിയങ്ങൾ, സാഹിത്യ സദസുകൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. സമീപകാലത്തെ സാംസ്കാരിക പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ ദിവംഗതനായ ശ്രീ ടി.പി.സുകുമാരന്റെ പേർ സ്മരണീയമാണ് .

കലാ സാംസ്കാരിക രംഗത്ത് പഞ്ചായത്ത് അടുത്തകാലത്തായി കാര്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ വകയായി തോട്ടടയിൽ സാംസ്കാരിക നിലയും കമ്മ്യൂണിറ്റി ഹാളും ചാലയിൽ ശിശുമന്ദിരവും, മിനി സ്റ്റേഡിയവും സ്ഥാപിച്ചിട്ടുണ്ട്. ഗവൺമെന്റ് നിർദേശമനുസരിച്ച് എല്ലാ വർഷവും നല്ല നിലയിൽ കേരളോത്സവം സംഘടിപ്പിക്കാറുമുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 17 ഗ്രന്ഥാലയങ്ങളിൽ മൊത്തം 30,0000ത്തോളം പുസ്തങ്ങൾ സമാഹരിച്ചിട്ടുണ്ട്. കൂടാത, വിവിധ സ്കൂളുകളിലായി 5,000 ത്തോളം ഗ്രന്ഥങ്ങളുണ്ടെന്നു കണക്കാപ്പെട്ടിരിക്കുന്നു. നിരവധി വാരികകളും പത്രങ്ങളും വായനശാലകളിൽ വരുത്തുന്നുണ്ട്. 1995–96 കാലഘട്ടത്തിൽ എടക്കാട് ഗ്രാമപഞ്ചായത്ത് 15,904.60 രൂപ വായനശാലയ്ക്കുവേണ്ടി ചെലഴിക്കുകയുണ്ടായി. ഇത് ആകെ വരുമാനത്തിന്റെ 1.5 ശതമാനം വരും.

എടക്കാട് പഞ്ചായത്തിൽ സാക്ഷരതാപ്രവർത്തനം വളരെ ഊർജ്ജസ്വലമായി നടന്നിരുന്നു. 80%ആയിരുന്ന സാക്ഷരതാ നിലവാരം 93.60% ഉയർത്താൻ സാക്ഷരതാ പ്രവർത്തനത്തിനു കഴിഞ്ഞിട്ടുണ്ട്. പുരുഷൻമാർക്കിടയിൽ 96.15 ശതമാനവും സ്ത്രീകൾക്കിടയിൽ 90.7 ശതമാനവുമാണ് ഇവിടുത്തെ സാക്ഷരത.

## പ്രശ്നങ്ങൾ: -

1.വായനശാലകളിൽ വായന ദുർബലമാകുന്നു.
2.ഗൗരവതരമായ വായനക്കുതകുന്ന പുസ്തങ്ങൾ വായനക്കായി എടുക്കുന്നില്ല
3.കലാസമിതിയിൽ ഉദ്ഘാടനത്തോടെ അവസാനിക്കു◌ുന്നു.
4.ഗ്രാമ്യസുഗന്ധം പൂശിയ നാടൻപാട്ടുകളും കലകളും നാശോൻമുഖമായിരുന്നു.
5.സംഗീത കലാഭ്യാസം സാധാരണക്കാർക്ക് ബാലികേറാമലയായി.
6.സ്കൂളിലെ സംഗീത കലാധ്യപകരെക്കൊണ്ട് ഈ രംഗത്ത് കാര്യമായ നേട്ടമുണ്ടാകുന്നില്ല
7.സ്പോർട്സ് രംഗത്തെ പ്രതിഭകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും കഴിയുന്നില്ല.
8.കുട്ടികൾക്ക് കളിസ്ഥലങ്ങൾ നഷ്ടമാകുന്നു.
9.ബോധവൽക്കരണത്തിന്റെ കുറവുമൂലം സാമൂഹ്യമായ ഇച്ഛാശക്തി വിവിധ രംഗങ്ങളിൽ കൈമോശം വന്നു.

## സാധ്യതകൾ: -

1.ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി നവസാക്ഷരർക്കും നാമമാത്ര സാക്ഷരർക്കും തുടർ വിദ്യാഭാസം നൽകുക.
2.വായനശീലം വർധിപ്പിക്കുന്നതിന് പുസ്തങ്ങൾ വീടുവിടാന്തരം എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം അതുവഴി ഗൗരവതരമായ വായനക്കുന്ന പുസ്തകങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം.
3.കലാ സംസ്കാരിക പ്രവർത്തനങ്ങളെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തു പരിധിയിലെ മുഴുവൻ ഗ്രന്ഥാലയങ്ങളും ക്ലബുകളും കലാസമിതികളും അഫിലിയേറ്റു ചെയ്തു കൊണ്ട് ഒരു അസോസിയേഷൻ രൂപീകരിക്കുക.
4.കലാമേളകളിലെ മത്സരയിനങ്ങളിൽ നാടൻ പാട്ട്, നാടൻകലകൾ, വിദ്യവാദനം എന്നിവ ഉൾപ്പെടുത്തുക.
നാടൻ പാട്ടുകൾ അറിയാവുന്ന പഴയ തലമുറക്കാരിൽ നിന്നും അവ നേരിട്ടു റക്കോർഡ് ചെയ്തു സൂക്ഷിക്കുക.
5.പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കപ്പെടുന്ന അസോസിയേഷൻ മുഖേന സംഗീതം, നൃത്തം ചിത്രരചന തുടങ്ങിയ പരിശീലിപ്പിക്കുക.
സ്കൂളുകളിലെ സംഗീത അധ്യാപകരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുക.

6.നിർദിഷ്ട ആഴ്ചചന്തകളോനുബന്ധിച്ച് കലാപരിപാടികൾ സംഘടിപ്പിക്കുക. പഞ്ചായത്തു പരിധിയിലുള്ള കലാകാരൻമാർക്കും സമിതികൾക്കും

പങ്കാളിത്തം ഉറപ്പുവരുത്തുക. പരിപാടിയുടെ മുന്നോടിയായി വിജ്ഞാനപ്രദങ്ങളായ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക.

7. യുവജനങ്ങളെ സ്വാധീനിക്കുന്ന സംസ്കാരിക ജീർണതകളുടെ വേരുകൾ കണ്ടെത്തി അവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

8. സ്കൂളുകളോടനുബന്ധിച്ച കളിസ്ഥലങ്ങൾ സംരക്ഷിക്കുക. ഒന്നോ രണ്ടോ വാർഡുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ കുട്ടികൾക്കായി കളിസ്ഥലങ്ങൾ ഉണ്ടാക്കുക. എടക്കാടു പഞ്ചായത്തിലെ 5, 6,7,13, വാർഡുകളുടെ മധ്യത്തിലായി ഒരു മിനി സ്റ്റേഡിയം പണിയുക. അസോസിയേഷൻ നിയന്ത്രണത്തിൽ കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

9. കേരളോത്സവ പരിപാടികൾ കൂടുതൽ ആകർഷകമാക്കുക.

10. സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, കൃഷി, പൊതുജനാരോഗ്യം, വ്യവസായം, വിദ്യാഭ്യസം എന്നിങ്ങനെ ആവശ്യമായ തുറകളിലെല്ലാം ബോധവൽക്കരണവും പുനർവിദ്യാഭ്യാസ പ്രവർത്തനങ്ങളും റീ ഓറിയന്റേഷൻ കോഴ്സുകളും സംഘടിപ്പിക്കുക.



# വനിത

**സാ**മൂഹ്യരംഗത്ത് വളരെകാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടുകൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്ക് വഹിക്കാൻ കഴിയുകയുള്ളു. ഏറ്റെടുത്ത കാര്യങ്ങൾ ഭംഗിയായി ഉത്തരവാദിത്തത്തോടെ നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും, ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവിദിത്വങ്ങൾ ഏല്പിക്കാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാര അവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നില്ക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജിച്ചിട്ടുണ്ടെങ്കിലും അത് പ്രടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏത് രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്. ഈ മാർഗം തന്നെയാണ് മോചനത്തിനുള്ള പാത എന്നു സ്ത്രീകൾ തിരിച്ചറിയേണ്ടതുണ്ട്.

എടക്കാട് പഞ്ചായത്തിലെ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിൽ സ്ത്രീകളുടെ പങ്ക് അത്രയൊന്നും ശ്രദ്ധേയമായിട്ടില്ല. 1996ലെ ജനസംഖ്യയുടെ കണക്ക് നോക്കുമ്പോൾ എടക്കാട് പഞ്ചായത്തിൽ പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകൾ ഉള്ളതായി കാണാൻ കഴിയും. ആകെ ജനസംഖ്യ 34413 ഉം അതിൽ പുരുഷന്മാർ 16639ഉം സ്ത്രീകൾ 17774 ഉം ആണ്. എന്നാൽ തൊഴിൽ മേഖലകളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ അധ്യാപന രംഗത്തെഴിച്ച് മറ്റെല്ലാ മേഖലകളിലും സ്ത്രീകൾ വളരെയധികം പുറകിലാണെന്ന് കാണാവുന്നതാണ്. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് കൂടിയ തോതിലുള്ള വിവേചനമാണ് അനുഭവിക്കേണ്ടി വരുന്നത്. ചില മേഖലകളിലൊഴിച്ച് മിക്കവാറും നൽകി വരുന്ന വേതനത്തിലും ഭീമമായ അന്തരമുണ്ടെന്ന് കാണാൻ കഴിയുന്നതാണ്. പുരുഷന്മാർ ചെയ്യുന്ന അതേ ജോലിക്ക് സ്ത്രീകൾക്ക് കുറഞ്ഞ കൂലിനൽകി ചൂഷണം ചെയ്യപ്പെടുകയാണ്.

കലാശാലാ വിദ്യാഭ്യാസം ലഭിച്ച സ്തീകളുടെ എണ്ണം വർധിച്ചു വരുന്നുണ്ടെങ്കിലും അവരിൽ അതിനുസരിച്ചുള്ള നേതൃത്വ ഗുണം പൊതുവിൽ കണ്ടു വരുന്നില്ല. മഹാളാ സമാജം പോലുള്ള സംഘടനകൾ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം വ്യാപകമാക്കി പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളേയും അത്തരം പ്രസ്ഥാനങ്ങളിൽ ഉൾക്കൊള്ളിക്കണം. അപൂർവ്വമായെങ്കിലും മഹിളാ സമാജങ്ങൾ ചൂഷണത്തിനുള്ള വേദികളായി തീരുന്നുമുണ്ട്. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നു കയറ്റം സ്ത്രീകളെ അലസരാക്കുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എങ്കിലും സ്ത്രീകൾ പൊതുരംഗത്ത് വരുന്നതിൽ ഏറ്റവും വലിയ തടസ്സമായി നില്കുന്നത് സമയക്കുറവും ബോധക്കുറവും തന്നെയാണ് ഭർതൃപരിപാലനം, ഗൃഹ പരിപാലനം, ശിശു പരിപാലനം മുതലായവ സ്ത്രീകൾക്ക് വിശ്രമില്ലാത്ത അവസ്ഥ സൃഷ്ടിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന് ശേഷം പെൺകുട്ടികളിൽ ഗണ്യമായ ഒരു വിഭാഗം തൊഴിൽ പരിശീലനത്തിലേർപ്പെടുന്ന ഒരു പ്രവണത അടുത്ത കാലത്തായി കാണാൻ കഴിയുന്നുണ്ട്. ഗുണപരമായ ഒരു മാറ്റമാണത്. ട്രൈസം പരിശീനലത്തിൽ ഉൾപ്പെടുത്തി ബൈന്റിങ്ങ്, പ്രിന്റിങ്ങ് ആൻഡ് കംപോസിങ്ങ്, ടൈലറിങ്ങ്, ഹോസിയറി, ബീഡി നിർമാണം, ലെതർ വർക്സ് മുതലായ മേഖലകളിൽ പരിശീലനം ലഭ്യമാക്കുന്നുണ്ടെങ്കിലും പിന്നീട് അത് പൂർണ്ണമായും പ്രയോജപ്പെടാത്ത നിലവരുന്നു. പരിശീലനം നേടുന്ന മുഴുവൻ വനിതകൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊടുക്കാൻ കഴിയേണ്ടതുണ്ട്. അത്പോലെ കുലി നിരക്ക് ഏകീകരിക്കാനും കഴിയേണ്ടതുണ്ട്. സ്ത്രീകൾ തൊഴിലെടുക്കുന്ന മേഖലകളിൽ കൂലി നിരക്ക് പൊതുവെ കുറവാണ്. പല തൊഴിലിലും യാത്രപ്പടി മാത്രമാണ് സ്ത്രീകൾക്ക് ലഭിക്കുന്നത് മെഡിക്കൽ രംഗവും നഴ്സറി സ്കൂളുകളും അംഗൻവാടികളും എല്ലാ ഇതിന് തെളിവുകളാണ് ഇത് മാറ്റണം. നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യമായ ഉയർന്ന സ്ഥാപനങ്ങളിൽ വനിതകളുടെ സാന്നിധ്യമുണ്ട്. നമുടെ പഞ്ചായത്ത് പ്രസിഡന്റ് വനിതയാണ്. കൃഷി ആഫീസറും ഒരു സഹകരണ ബാങ്കിന്റെ സെക്രട്ടറിയും ആകെയുള്ള 20 സ്കൂളുകളിൽ 12 സ്കൂളുകളുടെ പ്രധാനാധ്യാപകരും വനിതകളാണ്. വനിതകൾക്ക് നമ്മുടെ പഞ്ചായത്തിൽ പരിഗണന ലഭിക്കാൻ തുടങ്ങിയിട്ടുണ്ടെന്നാണ് ഇത് കാണിക്കുന്നത്.

വനിതകളുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലന രംഗത്ത് ഗവൺമെന്റ നിരവധി പദ്ധതികൾ നടപ്പിക്കുന്നുണ്ടെങ്കിലും അവയൊന്നും വേണ്ടത്ര ഉപയോഗിക്കപ്പെടുന്നില്ല എന്നാണ് കണക്കുകൾ കാണിക്കുന്നത്. അംഗൻവാടികളിൽ നിന്ന് ലഭിച്ച വിരമനുസരിച്ച് 169 ഗർഭിണികളും 193 മുലയൂട്ടുന്ന അമ്മമാരുമാണുള്ളത്. 1995–96ന് ആകെ ജനനം 191 ഉം ഒരു വയസിന് താഴെയുള്ള കുട്ടികളുടെ മരണം 8ഉം ആണ്. ഗർഭ സംബന്ധമായ കാരണങ്ങളാൽ സ്ത്രീകൾ മരണപ്പെട്ടിട്ടില്ല. മറ്റ് കാരണങ്ങളാൽ 207 സ്ത്രീകൾ മരണപ്പെടുകയുണ്ടായി. അനുപ്പൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികൾ 520 ആണ്. അനുപൂരകപോഷകാഹാരം ലഭിക്കുന്ന അമ്മമാർ 32 ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ലഘുവായ പോഷണക്കുറവുള്ള ആൺകുട്ടികൾ 805ഉം പെൺകുട്ടികൾ 814 ഉം ആണ്. മിതമായ പോഷണക്കുറവുള്ള കുട്ടികളുടെ അനുപക്തം തുല്യമാണ്. 28 വീതം അതുപോലെ ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികളും തുല്യമാണ്. 3വീതം അംഗൻവാടികൾ വിഴി ബി.സി.ജി, ഡി.പിറ്റി, പോളിയോ, മീസിൽസ്, ടൈറ്റൻസ്, ടോക്സോയിഡ് എന്നിവ കുത്തിവയ്ക്കുകയുണ്ടായി. ഇരുമ്പ് ഫോളിക്കാസിഡ് ഗുളികൾ ലഭിച്ച ഗർഭിണികൾ 169 ഉം കുട്ടികൾ 25558 ഉം 2558 ആണ്. ഇത്രയും കൂട്ടികൾക്ക് വിറ്റാമിൻ 'എ' തുള്ളി മരുന്നുകളും നൽകിയിട്ടുണ്ട്. ഇതിൽ നിന്ന് ലഭിക്കുന്ന ഒരു വസ്തുത അംഗൻവാടികളിൽ കുടിയും മറ്റും സ്ത്രീകൾക്കും കുട്ടികൾക്കും വലിയ സഹായങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗം സ്ത്രീകളും അത് ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളതാണ്. അത്കൊണ്ട് അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

വി.ഇ.ഒയുടെ ഓഫീസിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് 3 ഡി.ഡബ്യൂ.സി.ആർ.ഐ യൂണിറ്റുകളാണ് എടക്കാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഗ്രാമീണ വനിതാവേദി, ഹോസിയറി യൂണിറ്റ് കുറ്റിക്കകം 15 അംഗങ്ങളുമായി 1991–92 ലാണ്

ഇത് സ്ഥാപിച്ചത്. ഇപ്പോൾ 13 പേർ പ്രവർത്തിക്കുന്നുണ്ട്. വായ്പകൾ മുഴുവൻ തിരിച്ചടച്ച് നല്ല നിലയിൽ പ്രവർത്തിക്കുന്നു. അതേപോലെ 10 അംഗങ്ങളുമായി 1992-ൽ പ്രവർത്തനമാരംഭിച്ച കരാറിനകം മഹിളാവേദി വട്ടക്കുളം -ഗാർമെന്റ് മെയ്തിങ്ങ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. വായ്പ പൂർണ്ണമായു തിരിച്ചടച്ചു കഴിഞ്ഞ ഈ സ്ഥാപനത്തിൽ ഇപ്പോൾ 9 പേർ പ്രവർത്തിക്കുന്നുണ്ട്. മൂന്നാമത്തത് ഗ്രാമശ്രീ മഹിളാ സമാജം കടലായി ആണ്. 10 അംഗങ്ങളോടെ പുതുതായി സ്ഥാപിച്ച ഈ സ്ഥാപനം 1996 നവംബർ 1ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. സ്ത്രീകൾക്ക് കാര്യക്ഷമമായി സ്ഥാപനം നടത്താൻ കഴിയുമെന്ന് ഈ അനുഭവങ്ഹൾ കാണിച്ചു തരുന്നു. വനിതകൾ കൂടുതൽ കൂടുതലായി ഇത്തരം സംരംഭങ്ങൾ ആരംഭിച്ച് തങ്ങളുടെ ഇടയിലെ തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്.

## വിദ്യാർഥികളിൽ ആൺ പെൺ താരതമ്യ പഠനം:-

സ്കൂളിൽ പഠിച്ചു കൊണ്ടിരിക്കുന്ന 4225 വിദ്യാർഥികളിൽ 2162 ആൺകുട്ടികളും 2063 പെൺകുട്ടികളുമാണുള്ളത്. അതിൽ എൽ.പി. വിഭാഗത്തിൽ പെൺകുട്ടികളും യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ ആൺകുട്ടികളുമാണ് കൂടുതൽ. എൽ.പിവിഭാഗത്തിൽ 590 ആൺകുട്ടികളും 594 പെൺകുട്ടികളും പഠിക്കുന്നു. യു.പി.വിഭാഗത്തിൽ 1243 ആൺകുട്ടികളും 1151 പെൺകുട്ടികളുമാണുള്ളത്.

| | ആകെ വിദ്യാർഥികൾ | ആൺ | പെൺ | ശതമാനം |
|---|---|---|---|---|
| എൽ.പി | 1184 | 590 | 594 | 50.16 |
| യു.പി | 2394 | 1243 | 1151 | 48.07 |
| ഹൈസ്കൂൾ | 647 | 329 | 318 | 49.14 |
| **ആകെ** | **4225** | **2162** | **2063** | **48.82** |

(പട്ടിക 1. അവലംബം ദ്വിതീയ വിവര ശേഖരണം)

# പ്രശ്നങ്ങൾ

1.കുടുംബ ഭാരം ചുമക്കേണ്ടതായുള്ളത് കൊണ്ട് പൊതുപ്രവർത്തനത്തിന് സമയമില്ല.

2.സ്ത്രീകളുടെയിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.

3.പലരംഗങ്ങളിലും ഒരേ തൊഴിലിന് കൂലിയിൽ വലിയ അന്തരമുണ്ട്

4.വാർഡുകളിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വേണ്ടത്രയില്ല.

5.തങ്ങളുടെ കഴിവുകളെക്കുറിച്ചോ അവകാശങ്ങളെക്കുറിച്ചോ വനിതകൾ വേണ്ടത്ര ബോധവതികളല്ല

6.മദ്യപാനം കുടുംബകലഹത്തിനും സ്ത്രീകളുടെ ദുരിതത്തിനു വഴി വെക്കുന്നു.

7.സ്ത്രീധന സമ്പ്രദായം വ്യാപകമായി ഇല്ലെങ്കിലും സ്വർണാഭരണങ്ങളോടുള്ള പ്രതിപത്തി പല പ്രശ്നങ്ങൾക്കും വഴി വെക്കുന്നു.

8.സ്ത്രീകളിൽ ഭൂരിപക്ഷം പേരും അടുക്കളിയിൽ തളച്ചിടപ്പെടുന്നു.

9.ശാസ്ത്രീയ ചിന്താഗതി വേണ്ടത്ര വളർത്തി എടുക്കാത്തത് കൊണ്ട് അന്ധവിശ്വാസങ്ങളും അജ്ഞതകളും വനിതകളെ സ്വാധീനിക്കുന്നു

10.ഭൂരിപക്ഷം വിദ്യാലയങ്ങളിലും പെൺകുട്ടികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളില്ല.

11.പുകയില്ലാത്ത അടുപ്പുകൾ സാർവ്വത്രികമല്ലാത്തത് കൊണ്ട് സ്ത്രീകൾ വളരെയധികം വിഷമം നേരിടുന്നു.

12.സ്ത്രീകൾക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളെക്കുറിച്ചും അവർക്കറിവില്ലാത്തതുകൊണ്ട് ഉപയോഗപ്പെടുത്താതെ പോകുന്നു.

13. ടിവി മുതലായ മാധ്യമങ്ങൾ സ്ത്രീകളുടെ സമയത്തിൽ കൂടുതലും അപഹരിക്കുന്നതുകൊണ്ട് വായനാശീലം ഇല്ലാതാകുന്നു.

14. സാങ്കേതിക വിദ്യാലയങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തത്തിന്റെ കുറവ് അനുഭവപ്പെടുന്നു.

15. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

## സാധ്യതകൾ

1. തൊഴിൽ വേതനത്തിൽ സ്ത്രീ–പുരുഷാന്തരം ഇല്ലാതാക്കണം. തുല്യ ജോലിക്ക് തുല്യ വേതനം എന്ന നയം അംഗീകരിക്കണം.
2. അതാതു വാർഡുകളുടെ സാധ്യത മനസിലാക്കി ചെറുകിട വ്യവസായ ശാലകളും പരിശീലന കേന്ദ്രങ്ങളും ആരംഭിക്കുക.
3. ഐ.ആർ.ഡി.പി, ഡി.ഡബ്ല്യു.സി.ആർ.ഐ എന്നുള്ളവയിൽനിന്നുള് സഹായം വഴി സ്വയം തൊഴിൽ സംരംഭത്തിന് അവസരമുണ്ടാക്കുകയും നിയമത്തിന്റെ ഊരാക്കുടുക്കുകൾ ലളിതമാക്കുകയും ചെയ്യുക.
4. പായ മടയൽ, കുട്ടനിർമ്മാണം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
5. അച്ചാർ, ഗാർമെന്റ്സ്, മെഴുകുതിരി, ചെരിപ്പ്, കറിപൗഡർ മുതലായവയും ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ മുതലായ ഉണ്ടാക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
6. അടുക്കളത്തോട്ട നിർമാണം, കോഴി വളർത്തൽ തുടങ്ങിയവയിൽ സ്ത്രീകൾക്ക് പ്രോത്സാഹനവും സഹായവും നൽകണം.
7. ഗ്രന്ഥശാല പ്രവർത്തനങ്ങളിൽ കൂടുതൽ പങ്ക് സ്ത്രീകൾക്ക് നൽകുകയും സ്ത്രീകൾക്ക് സൗകര്യപ്രദമായ സമയത്ത് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നതിന് സംവിധാനമുണ്ടാക്കുകയും വേണം.
8. കലാ–കായികരംഗങ്ങളിൽ പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള കേന്ദ്രങ്ങളുണ്ടാവണം.
9. പഞ്ചായത്തിൽ വനിതാ ക്ഷേമത്തിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുക
10. ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര വിതരണം ഉറപ്പ വരുത്തുക.
11. അംഗൻവാടി സൗകര്യങ്ങളിൽക്കൂടി അമ്മമാർക്ക് കൂടുതൽ ബോധവൽക്കരണം നടത്തുകയും ശിശുസംരക്ഷണത്തെക്കുറിച്ചും മാതൃത്വത്തെക്കുറിച്ചും അറിവ് നൽകുകയും ചെയ്യുക.
12. നിയമങ്ങളെക്കുറിച്ചും വനിതാക്ഷേമ പദ്ധതികളെക്കുറിച്ചും പഠിക്കാനുള്ള ക്ലാസുകൾ സംഘടിപ്പിക്കണം.
13. ചെറു ടൗൺഷിപ്പുകളിൽ പഞ്ചായത്ത് വക കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കണം.
14. വനിതകൾക്ക് തൊഴിലവസരങ്ങൾ വർധിപ്പിക്കണം.
15. സ്ത്രീപീഡനങ്ങൾ, അശ്ലീല ചിത്രങ്ങൾ മുതലയാവയ്ക്കെതിരെ കർശന നടപടി വേണം.
16. കുടുംബത്തിന്റെ സ്വസ്ഥതയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും പരിപൂർണമായി മദ്യനിരോധനം നടപ്പിലാക്കണം.
17. സ്ത്രീകളുടെ ഉന്നമനത്തിനായി വാർഡുതോറും മിഹളാസമാജങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ഊർജിതമാക്കുക.
18. ജോലിയിൽ സംരക്ഷണം നൽകണം.
19. സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കണം.
20. ആവശ്യമുള്ള വാർഡുകളിൽ ക്രഷേ സംവിധാനം സ്ഥാപിക്കുക.
21. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കുള്ള മൂത്രപ്പുര ഉറപ്പുവരുത്തണം.
22. ഇന്നു നടക്കുന്ന വിവാഹ ധൂർത്ത് പരമാവധി കുറയ്ക്കുവാൻ എല്ലാവരും സഹകരിക്കണം.

# സഹകരണ മേഖല

സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെ നമ്മുടെ പഞ്ചായത്തിൽ സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നു. കർഷകർക്ക് വായ്പാസൗകര്യം നൽകി ഹുണ്ടികക്കാന്റെ കൈകളിൽ നിന്നും അവരെ രക്ഷിക്കുന്നതിന് വേണ്ടി സ്ഥാപിക്കപ്പെട്ട ഐക്യനാണയ സംഘങ്ങളാണ് നമ്മുടെ പഞ്ചായത്തിലും സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ചാല കേന്ദ്രമാക്കി ചാല വിവിധോദ്ദേശ ഐക്യനാണയസംഘവും നടാൽ കേന്ദ്രമാക്കി എടക്കാടപ്പൻ ഐക്യനാണയസംഘവും കുറ്റിക്കകം ദേശം മാത്രം പ്രവർത്തന പരിധി

ആയിക്കൊണ്ട് കുറ്റിക്കകം ഐക്യനാണയസംഘവും സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെ പ്രവർത്തനമാരംഭിച്ചിരുന്നു. ഈ സംഘങ്ങൾ ഇന്ന് സർവ്വീസ് സഹകരണ ബേങ്കായി പ്രവർത്തിക്കുന്നു.

ഇവയെക്കൂടാതെ കരാറിനകം സർവ്വീസ് സഹകരണ ബേങ്കും അടുത്തകാലത്ത് സ്ഥാപിച്ച രണ്ട് വനിതാ സഹകരണ സംഘങ്ങളും വായ്പാവിതരണ രംഗത്ത് പ്രവർത്തിക്കുന്നു. ആരംഭിച്ച വർഷം മുതലായവ മനസ്സിലാക്കുന്നതിന് പട്ടിക ഒന്ന് കാണുക

സർവ്വീസ് സഹകരണ ബേങ്കുകളെ കൂടാതെ ചൊവ്വ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കും കണ്ണൂർ ഭൂവികസന ബേങ്കും ചേലോറ റൂറൽ ഹൌസിങ്ങ് സഹകരണ സംഘവും വായ്പാ വിതരണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

സർവ്വീസ് സഹകരണ ബേങ്കുകളും ഭൂവികസന ബേങ്കും കാർഷിക മേഖലയിലേക്ക് ആവശ്യമായ വായ്പനല്കി വരുന്നുണ്ടെങ്കിലും ആ വായ്പ മുഴുവനും ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്ക് തന്നെ ഉപയോഗിക്കപ്പെടുന്നില്ല എന്നുള്ളതാണ് വസ്തുത. ഈ ബാങ്കുകൾ കാർഷിക വായ്പകളേക്കാൾ കൂടുതൽ മറ്റ് വായ്പകൾ നല്കിവരന്നുണ്ടെന്ന കാര്യം പട്ടിക രണ്ട് പരിശോധിച്ചാൽ മനസിലാക്കാവുന്നതാണ്.

വായ്പ നല്കുന്നതിനുള്ള പ്രവർത്തന മൂലധനം പ്രധാനമായും സ്വരൂപിക്കുന്നത് നിക്ഷേപങ്ങളിലൂടെയാണെന്ന് പട്ടിക മൂന്ന് പരിശോധിച്ചാൽ മനസിലാക്കാവുന്നതാണ്. മൊത്തം പ്രവർത്തന മൂലധനത്തിന്റെ വളരെ ചെറിയ ശതമാനം മാത്രമേ ഓഹരിയായി ശേഖരിക്കപ്പെട്ടിട്ടുള്ളൂ. ഓഹരി വിതരണം അർഹതയുള്ള മുഴുവനാളുകളിലും എത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ ബാങ്കുകൾ ശ്രദ്ധിക്കേണ്ടതാണ്. സഹകരണ സ്ഥാപനങ്ങൾ സമാഹരിക്കുന്ന നിക്ഷേപങ്ങൾ മുഴുവൻ ഈ പഞ്ചായത്തിലെ ജനങ്ങൾക്കു തന്നെ വായ്പയായി വിതരണം ചെയ്യപ്പെടുന്നുണ്ടെന്ന കാര്യം കണക്കുകൾ പരിശോധിച്ചാൽ മനസിലാക്കാൻ കഴിയുന്നതാണ്.

വർധിച്ചു വരുന്ന കുടിശ്ശിഖയാണ് വായ്പാ മേഖലയിലെ സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കൃഷിക്കാർ വായ്പാസംഖ്യ കൃത്യമായും കാർഷികാവശ്യത്തിനു തന്നെ ഉപയോഗിക്കുകയും വിളവെടുപ്പു സമയത്ത് വായ്പ തീർത്തടക്കുകയും വേണം. അങ്ങനെ ചെയ്യാത്തതുകൊണ്ട് വായ്പാമേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളെല്ലാംതന്നെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം നഷ്ടത്തിലാവുകയാണ്.

ഭവനനിർമാണ വായ്പ നൽകുന്ന ചേലോറ ഹൗസിംഗ് സൊസൈറ്റിക്ക് വളരെ പരിമിതമായ തോതിൽമാത്രമേ വായ്പ നൽകാൻ കഴിയുന്നുള്ളൂ. നമ്മുടെ പഞ്ചായത്തിനകത്തുള്ള മുഴുവനാളുകളും തങ്ങളുടെ മിച്ച സമ്പാദ്യങ്ങൾ സഹകരണ ബാങ്കുകളിൽ തന്നെ നിക്ഷേപിച്ചാൽ അത് ഉപയോഗിച്ചുകൊണ്ട് പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് ഇവിടുത്തെ വായ്പാവശ്യങ്ങൾ നിർവഹിക്കാൻ കഴിയുമെന്നുള്ള കാര്യം തീർച്ചയാണ്. കരാറിനകം ബാങ്കിന്റെ നാല് ശാഖകളും ചാല ബാങ്കിന്റെ രണ്ട് ശാഖകളും എടക്കാടപ്പൻ ബാങ്കിന്റെ ഒരു ശാഖയും പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നുണ്ട്.

## കൺസ്യൂമർ സംഘങ്ങൾ

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിൽ നല്ലൊരു പങ്ക് നിർവഹിക്കാൻ കഴിയുന്നത് കൺസ്യൂമർ സംഘങ്ങൾക്കാണ്. നമ്മുടെ പഞ്ചായത്തിൽ രണ്ട് കൺസ്യൂമർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് തോട്ടട ബീഡി വർക്കേഴ്സ് ആൻഡ് സ്റ്റാഫ് കോ–ഓപ്പറേറ്റീവ് സ്റ്റോർ. മറ്റൊന്ന്, കടലായി സഹകരണ കൺസ്യൂമർ സ്റ്റോർ.

കൺസ്യൂമർ രംഗത്ത് നിത്യോപയോഗ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും കുറവുവരാതെ കുറഞ്ഞ വിലയ്ക്ക് നല്ല സാധനങ്ങൾ ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ സംഘങ്ങൾക്ക് കഴിയും. എല്ലാ വാർഡിലും പ്രത്യേകം പ്രത്യേകം സംഘങ്ങൾ രൂപീകരിച്ചോ നിലവിലുള്ള സംഘത്തിന്റെ ബ്രാഞ്ചുകൾ തുറന്നോ പൊതുവിതരണം ഉറപ്പാക്കേണ്ടതാണ്.

## ഡയറി സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പാൽ സംഭരണ വിതരണ രംഗത്ത് ഒരു സഹകരണ സംഘവും രണ്ട് ചാരിറ്റബിൾ സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്. സഹകരണ സംഘം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കറവ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റി കറവകേന്ദ്രങ്ങളില്ലാതെ കറന്നെത്തിക്കുന്ന പാൽ വിതരണം നടത്തുകയാണ് ചെയ്യുന്നത്. മൂന്ന് സംഘങ്ങളും കൂടി ഏകദേശം ആറ് ലക്ഷം ലിറ്റർ പാൽ പ്രതിവർഷം വിതരണം നടത്തുന്നു. ഒരു മനുഷ്യൻ പ്രതിദിനം 250 ഗ്രാം പാലെങ്കിലും ഉപയോഗിക്കണമെന്നാണ് കണക്ക്. പഞ്ചായത്തിലെ ജനസംഖ്യ 34413 ആണ്. അതനുസരിച്ച് 32 ലക്ഷം ലിറ്ററോളം പാൽ ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ തോതിൽ പുതിയ സംഘങ്ങൾ രൂപീകരിച്ചോ നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചോ നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ള മുഴുവൻ പാലും നമ്മൾ തന്നെ ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കണം.

## വ്യവസായ സഹകരണ സംഘങ്ങൾ

ദിനേശ് ബീഡിയുടെ ഒരു പ്രൈമറി സംഘവും, കൗസല്യ വീവേഴ്സിന്റെ കോ–ഓപ്പറേറ്റീവ് സൊസൈറ്റി, എടക്കാട് ബ്ലോക്ക് മെറ്റൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണ് വ്യവസായ മേഖലയിലുള്ള സഹകരണ സംഘങ്ങൾ. കൗസല്യ വീവേഴ്സ് സൊസൈറ്റിയിൽ 32 നെയ്ത്തുകാരുണ്ട്. നല്ലിക്കാരും ജീവനക്കാരും കൂടി വേറെ ഇരുപതു പേരും ജോലി ചെയ്യുന്നു. 60ഓളം മഗ്ഗങ്ങൾ ജോലിക്കാരില്ലാതെ വെറുതെ കിടക്കുകയാണ്. അത്രയും നെയ്ത്തുകാരെ കിട്ടിയാൽ ജോലി കൊടുക്കാൻ അവർ തയാറുണ്ടെങ്കിലും നെയ്ത്തുകാരെ കിട്ടാനില്ല എന്നതാണ് വസ്തുത. തോട്ടട ബസ് സ്റ്റോപ്പിൽ നിന്ന് കിഴുന്നപാറയിലേക്ക് പോകുന്ന റോഡിൽ ടൗണിന്റെ ഹൃദയഭാഗത്ത് തന്നെ രണ്ട് ഏക്കറോളം സ്ഥലവും കെട്ടിടവും സ്വന്തമായുള്ള വമ്പിച്ച തൊഴിൽ സാധ്യതയുള്ള സംഘമാണ് മെറ്റൽ വർക്കേഴ്സ് സംഘം. അനാസ്ഥയും കെടുകാര്യസ്ഥതയും മൂലം ഈ സ്ഥാപനം നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു.

ശ്രദ്ധവച്ച് ഈ സംഘത്തെ രക്ഷിക്കുന്നതിനുള്ള പ്രവർത്തനം നടത്തേണ്ടതാണ്.

കേരളത്തിൽ സഹകരണ മേഖല കടന്നു ചെല്ലാത്ത ഒരു മേഖലയുമില്ല. അനന്തമായ സാധ്യതയുള്ള സഹകരണ മേഖലയിൽ ഇനിയും ധാരാളം സംഘങ്ങൾ രൂപീകരിക്കാനുള്ള സാധ്യത നമ്മുടെ പഞ്ചായത്തിനകത്തുണ്ട്. വനിതകൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനുവേണ്ടി ഗാർമെന്റ് മേക്കിംഗ്, സോപ്പ്, മെഴുകുതിരി, കുട, ചെരിപ്പ്, കരകൗശലവസ്തുക്കൾ തുടങ്ങി നമ്മുടെ പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള വസ്തുക്കൾ നിർമിക്കാൻ സംഘങ്ങൾ രൂപീകരിച്ചാൽ തൊഴിലില്ലായ്മക്ക് പരിഹാരമാകുന്നതാണ്. കാലിത്തീറ്റകളും തീറ്റപ്പുല്ലും നിർമിച്ച് വിതരണം ചെയ്യുന്നതിന് സംഘം രൂപീകരിക്കാവുന്നതാണ്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സംഘങ്ങൾക്ക് സാധ്യതയുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട സഹകരണ മേഖലയെ ശക്തിപ്പെടുത്തിയാൽ പഞ്ചായത്തിന്റെ സ്കീമുകളുടെ വിജയത്തിന് വളരെ വലിയ പങ്കുവഹിക്കാൻ സഹകരണ മേഖലയ്ക്ക് കഴിയും. നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ ഇറച്ചിക്കോഴിയും മുട്ടയും മുഴുവൻ തമിഴ്നാട്ടിൽനിന്ന് ഇറക്കുമതി ചെയ്യുകയാണ്. ഒരു സഹകരണ സംഘം രൂപീകരിച്ച് വ്യാപാരാടിസ്ഥാനത്തിൽ ഇറച്ചിക്കോഴികളെയും മുട്ടക്കോഴികളെയും വളർത്തിയാൽ പഞ്ചായത്തിന്റെ വരുമാനമാർഗത്തിൽ വർധനവും തൊഴിലില്ലായ്മക്ക് പരിഹാരവുമാകും. ഈ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ സംഘങ്ങളൊന്നും പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. വായ്പാവശ്യങ്ങൾ പൂർണമായു നിറവേറ്റപ്പെടുന്നില്ല.
2. തൊഴിലില്ലായ്മ വർധിച്ചുവരുന്നു. വനിതകളുടെ ഇടയിൽ വിശേഷിച്ചും.
3. ക്ഷീരകർഷകർക്ക് കാലിത്തീറ്റ, നല്ലയിനം കന്നുകാലികൾ, തീറ്റപ്പുല്ല് എന്നിവ ലഭിക്കുന്നതിന് സാധ്യതയില്ല.
4. കാർഷികോത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സംവിധാനമില്ലാത്തുതകൊണ്ട് കൃത്യമായി വില ലഭിക്കുന്നില്ല.
5. കാർഷിക വായ്പ യഥാർഥ ആവശ്യക്കാർക്ക് 5000 ക. എന്നുള്ള പരിധി നിശ്ചയിച്ചതിനാൽ വായ്പയുടെ അപര്യാപ്ത നേരിടുന്നു.
6. കൺസ്ട്രക്ഷൻ തൊഴിലാളികൾക്കും കർഷക തൊഴിലാളികൾക്കും പണിയായുധങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനങ്ങളൊന്നും നിലവിലില്ലാത്തതുകൊണ്ട് ലഭിക്കുന്ന സാധനങ്ങൾക്ക് ഗുണക്കുറവും വിലക്കൂടുതലും അനുഭവപ്പെടുന്നു.
7. ഇറച്ചിക്കോഴിക്കും മുട്ടക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതുകൊണ്ട് വിലക്കയറ്റവും ദൗർലഭ്യവും അനുഭവപ്പെടുന്നു.
8. സഹകരണ മേഖലയിൽ കാർഷികോത്പന്നങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനമില്ലാത്തതുകൊണ്ട് ഇടത്തട്ടുകാരുടെ ചൂഷണം വർധിക്കുന്നു.
9. ചില സഹകരണ സംഘങ്ങൾ അർഹതയുള്ളവർക്ക് അംഗത്വം കൊടുക്കുന്നതിന് വിമുഖത കാണിക്കുന്നതുകൊണ്ട് കർഷകന് വായ്പ ലഭിക്കാത്ത സ്ഥിതിയുണ്ടാക്കുന്നു.
10. സഹകരണ ബാങ്കിൽ നിന്ന് വായ്പ വാങ്ങുമ്പോൾ ഓഹരി ഇനത്തിൽ വായ്പ ക്ലോസ് ചെയ്യുന്ന അവസരത്തിൽ ചില ബേങ്കുകൾ വക മാറ്റി കൊടുക്കുന്നില്ല.

അത് കൃഷിക്കാർക്ക് വലിയ നഷ്ടത്തിനിടയാക്കുന്നു.

11. ക്ഷീരസംഘങ്ങൾ വിതരണം ചെയ്യുന്ന പാലിന്റെ ഗുണമേൻമ ഉറപ്പു വരുത്താതുകൊണ്ട് ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയാവുന്നു. അതുവഴി വിശ്വാസ്യത കുറയുന്നു.
12. മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല തുടങ്ങിയവ ലഭിക്കുന്നതിന് സംവിധാനമില്ല.
13. കാർഷിക മേഖലയിൽ വായ്പ കൊടുക്കുന്നതിന് നിരവധി സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർക്കാവശ്യമായ വിത്ത്, വളം, കീടനാശിനി കാർഷികോപകരണങ്ങൾ എന്നിവ ലഭിക്കുന്നതിന് സംവിധാനമില്ല.
14. അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് കൺസ്യൂമർ സ്റ്റോറുകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ട് ജനങ്ങൾ അമിതവില കൊടുത്ത് മായം ചേർത്ത സാധനങ്ങൾ വാങ്ങാൻ ഇടയാവുന്നു.
15. എടക്കാട് പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോറില്ല.

പട്ടിക III

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | പരമാവധി കടം എടുക്കാവുന്ന തുക | പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ: സ്ഥിരം | പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ: ഹ്രസ്വകാലം |
|---|---|---|---|---|---|---|---|
| 1 | കരാറിനകം സർവ്വീസ് സഹകരണ ബാങ്ക് | 2050000 - | 1109941 - | 100000 - | 55497050 - | 26430756 - | 1136143 - |
| 2 | എടക്കാടപ്പൻ സർവ്വീസ് സഹ: ബാങ്ക് | 170000 - | — | 28750 - | 2200000 - | 9000000 - | 2040000 - |
| 3 | ചൊവ്വ കോ-ഓപ്പ് റൂറൽ ബാങ്ക് / തൊട്ടട ബ്രാഞ്ച് | - - | - - | - - | - - | 23524162 - | 7679290 - |
| 4 | ചാല സർവ്വീസ് സഹകരണ ബാങ്ക് | 2000000 - | 1119350 - | 366500 - | 56000000 - | 4948215 - | 9396245 - |
| 5 | എടക്കാട് പഞ്ചായത്ത് വനിതാ സഹ: സംഘം | 590000 - | 87975 - | 25000 - | — - | 2385115 - | 2831001 - |
| 6 | കുന്നിക്കരം സർവ്വീസ് സഹകരണ ബാങ്ക് | 460000 - | 207942 - | 63000 - | 7642495 - | 9980251 - | 7613678 - |
| | ആകെ | 5270000 - | 2525208 - | 583250 - | 121339545 ~~[illegible]~~ - | 76268499 - | 40921644 - |

പട്ടിക IV

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ (ജില്ലാ സഹ: ബാങ്ക്): ഹ്രസ്വകാല കാർഷികം | മദ്ധ്യകാല കാർഷികം | ദീർഘകാല കാർഷികം | IRDP | കാർഷികേതര വായ്പ | നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞു കിട്ടാനുള്ളവ: ഹ്രസ്വകാല കാർഷികം | ഹ്രസ്വകാല കാർഷികേതരം | മദ്ധ്യകാല കാർഷികം | മദ്ധ്യകാല കാർഷികേതരം | ദീർഘകാല കാർഷികേതരം | IRDP. | Establishment charges & Contingencies |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കരാറിനകം സർവ്വീസ് സഹകരണ ബാങ്ക് | 939200- | 69027- | 551120- | 108099- | 143437- | 155211- | 353888- | — | 607588- | — | 22317- | 1819141 - |
| 2 | എടക്കാടപ്പൻ സർവ്വീസ് സഹ: ബാങ്ക് | 700000- | — | — | — | — | 460000- | — | — | — | — | — | 1677700 - |
| 3 | ചൊവ്വ കോ-ഓപ്പ്. റൂറൽ ബാങ്ക് / തൊട്ടട ബ്രാഞ്ച് | — | — | — | — | — | — | 507052- | — | 123275- | 39895- | 3735- | — - |
| 4 | ചാല സർവ്വീസ് സഹകരണ ബാങ്ക് | 1170000- | 236426- | 573789- | 57154- | — | 691660- | — | 258898- | — | 5268- | — | 644394 - |
| 5 | എടക്കാട് പഞ്ചായത്ത് വനിതാ സഹ: സംഘം | — | — | — | — | — | — | 343542- | — | — | — | — | 332291 - |
| 6 | കുന്നിക്കരം സർവ്വീസ് സഹകരണ ബാങ്ക് | 181050- | — | 58639- | — | 654941- | 33437- | 544096- | 15589- | 26009- | — | — | 959764 - |
| | ആകെ. | 2990250 | 305453- | 1183548 | 165253 | 798378- | 1340308 | 1748578 | 274487- | 756872- | 45163- | 26052- | 5433290 - |

## പട്ടിക I

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രഡിറ്റ്/നോൺക്രഡിറ്റ് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഓഹരിയുടെ വില. |
|---|---|---|---|---|---|---|
| 1 | കാറിനകം സർവ്വീസ് സഹകരണ ബാങ്ക് | കാഞ്ഞിര, അരവേര, കരുവ, കടലായി, തോട്ടട ദേശങ്ങൾ | ക്രഡിറ്റ് | 1954 | 4861 | 10.00 |
| 2 | എടക്കാടപ്പൻ സർവ്വീസ് സഹ: ബാങ്ക് | എടക്കാട്, കിഴുന്ന, ചിറക്കുതാഴ, തോട്ടട ദേശങ്ങൾ | " | 1980 | 3319 | 10.00 |
| 3 | ചൊവ്വ കോ-ഓപ്പ്. റൂറൽ ബാങ്ക്/തോട്ടട ബ്രാഞ്ച് | എടക്കാട് പഞ്ചായത്ത് | " | | 4600 | 50.00 |
| 4 | ചാല സർവ്വീസ് സഹകരണ ബാങ്ക് | ചാലവെസ്റ്റ്, ചാല 12 കണ്ടി, ആറ്റടപ്പ, ചിറക്കുതാഴ ദേശങ്ങൾ | " | 1946 | 3500 | 10.00 |
| 5 | എടക്കാട് പഞ്ചായത്ത് വനിതാ സഹ. സംഘം | എടക്കാട് പഞ്ചായത്ത് | " | 1992 | 900 | 25.00 |
| 6 | കുറ്റിക്കകം സർവ്വീസ് സഹകരണ ബാങ്ക് | കുറ്റിക്കകം ദേശം. | " | 1946 | 1720 | 10.00 |
| | | | | | 18900 ~~14300~~ | |

## പട്ടിക II

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാർഷിക വായ്പകൾ | | | മറ്റു വായ്പകൾ | | | പ്രത്യേക വായ്പകൾ. | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ഹ്രസ്വകാലം | മദ്ധ്യകാലം | ദീർഘകാലം | ഹ്രസ്വകാലം | മദ്ധ്യകാലം | സ്വർണ്ണ പണയം | I.R.D.P. | സ്വയം തൊഴിൽ | ഭവന നിർമ്മാണ | വിദ്യാഭ്യാസ വായ്പ |
| 1 | കാറിനകം സർവ്വീസ് സഹകരണ ബാങ്ക് | 1066044 | 102717- | 530565- | 3528785- | 9071542- | 19122490- | 95036- | 14027- | 8983- | 1487922- |
| 2 | എടക്കാടപ്പൻ സർവ്വീസ് സഹ: ബാങ്ക് | 600000 | — | — | 520000 | — | — | — | — | — | — |
| 3 | ചൊവ്വ കോ-ഓപ്പ്. റൂറൽ ബാങ്ക്/തോട്ടട ബ്രാഞ്ച് | — | — | — | — | 4142233- | 23408225- | — | 211520- | 7162225- | 1313630 |
| 4 | ചാല സർവ്വീസ് സഹകരണ ബാങ്ക് | 1277620 | 70131- | 371242- | 11015- | 7205829- | 5648405- | 82422- | — | 932246 | — |
| 5 | എടക്കാട് പഞ്ചായത്ത് വനിതാ സഹ. സംഘം | ~~[illegible]~~ | ~~[illegible]~~ | — | 2600781 | 102500 | — | — | 46250- | — | 191330 |
| 6 | കുറ്റിക്കകം സർവ്വീസ് സഹകരണ ബാങ്ക് | 191050 | — | 58633- | 7243050- | 599050- | — | 99426- | 78300- | — | — |
| | ആകെ | ~~[illegible]~~ ~~[illegible]~~ 3134784 | 172848 ~~245348~~- | 960446- | 13903631 ~~[illegible]~~- | 21121154 ~~27018654~~- | 48179120- | 276884- | 350097- | 8103454- | 2986882 |

## സഹകരണ മേഖലയിലെ സാധ്യതകൾ

1. സഹകരണ മേഖലയിൽ എല്ലാവർക്കും അംഗത്വം നൽകി വായ്പാ സമ്പ്രദായം ഉദാരമാക്കുക.
2. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗാർമെന്റ്സ് യൂണിറ്റ്, ലതർവർക് യൂണിറ്റ്, ടൈലറിംഗ് യൂണിറ്റ്, മെഴുകുതിരി നിർമാണ യൂണിറ്റ്, കുട നിർമാണ യൂണിറ്റ്, അച്ചാർ നിർമാണ യൂണിറ്റ്, കരകൗശല വസ്തു നിർമാണ യൂണിറ്റ് എന്നിവ തുടങ്ങണം.
3. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമാണ ഫാക്ടറി ആരംഭിച്ച് കാലിത്തീറ്റ ഉല്പാദിപ്പിച്ച് അവ ക്ഷീര കർഷകർക്ക് വിതരണം ചെയ്യണം.
4. എല്ലാ സഹകരണ ബാങ്കുകളും കാർഷികോത്പന്നങ്ങൾ സംഭരിക്കുന്ന കേന്ദ്രങ്ങൾ പ്രധാന കേന്ദ്രങ്ങളിൽ ആരംഭിക്കണം.
5. ഭൂപരിധിക്കനുസരിച്ച് കാർഷിക മേഖലയിലെ കർഷകർക്ക് ആവശ്യമായ തുക വായ്പയായി നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം.
6. സഹകരണ ബാങ്ക് മുഖാന്തിരം ക്ഷീരകർഷകർക്ക് മേൽത്തരം കന്നുകാലികളെ ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാകണം.
7. നെൽക്കൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നല്ലതോതിലുണ്ടാകണം. പച്ചക്കറി കൃഷി, മറ്റ് ഇടവിളകൾ മുതലായവ നടത്തുന്ന കർഷകരിൽനിന്ന് ഉൽപ്പന്നങ്ങൾ ശേഖരിച്ച് പ്രധാന കേന്ദ്രങ്ങളിൽ ആഴ്ചച്ചന്തകൾ നടത്തി അവയ്ക്ക് വിപണനം കണ്ടെത്തണം.
8. കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി അവർക്കാവശ്യമായ പണിയായുധങ്ങൾ വിതരണം ചെയ്യുന്നതിനായി സഹകരണ ബാങ്കുകൾ ശ്രദ്ധിക്കണം.
9. സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കണം.
10. സഹകരണാടിസ്ഥാനത്തിൽ കൊപ്രയാട്ട് വ്യവസായങ്ങൾ തുടങ്ങണം.
11. കാൽക്കുലേറ്റർ, ടിവി തുടങ്ങിയ ഇലക്ട്രോണിക് വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാവണം.
12. സഹകരണാടിസ്ഥാനത്തിൽ ഒന്നോ രണ്ടോ പവർലൂം ഫാക്ടറികൾ സ്ഥാപിക്കണം.
13. മത്സ്യത്തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവർക്കാവശ്യമായ വള്ളം, വല തുടങ്ങിയ മത്സ്യ ബന്ധനോപകരണങ്ങൾ വാങ്ങിക്കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.
14. കർഷകർക്കാവശ്യമായ വിത്ത്, വളം കീടനാശിനി മറ്റ് കാർഷികോപകരണങ്ങൾ എന്നിവ സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യണം.
15. നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി സഹകരണാടിസ്ഥാനത്തിൽ സംവിധാനമുണ്ടാകണം.
16. എടക്കാട് പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കണം.
17. പാൽ വിതരണം നടത്തുന്നതിനു മുമ്പായി അത് പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തണം. കറവുകേന്ദ്രം വർധിപ്പിക്കണം.

# പട്ടികജാതി–പട്ടികവർഗ ക്ഷേമം



ഏതൊരു ഭരണ സംവിധാനത്തിന്റെയും പ്രഥമവും പ്രധാനവുമായ കർത്തവ്യം ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ടുകിടക്കുന്ന അധഃസ്ഥിതരുടെ ഉന്നമനമായിരിക്കണം. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗമാണല്ലോ പട്ടികജാതി/പട്ടികവർഗ്ഗക്കാർ. ഇവരുടെ പുരോഗതിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ളതായിരിക്കണം ഏതൊരു ആസൂത്രണവും ധാരാളം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പട്ടികജാതി– പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കു വേണ്ടി നടത്തിയിട്ടുണ്ടെങ്കിലും ഇവരിൽ ഭൂരിഭാഗവും ഇന്നും സാമ്പത്തികമായി പിന്നിൽതന്നെ നില്ക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പൂർണ്ണമായി കടന്നുവരാൻ അവർക്ക് സാധിച്ചിട്ടില്ല.

എടക്കാട് പഞ്ചായത്തിൽ പട്ടികജാതി ജനസംഖ്യ 740 ആണ്. പട്ടികവർഗക്കാർ ഇല്ല. പരമ്പരാഗതമായി ഇവിടെ കഴിഞ്ഞുവരുന്ന മലയ, പുലയ വണ്ണാൻ തുടങ്ങിയ പട്ടികജാതിക്കാർക്ക് പുറമെ ഈ പഞ്ചായത്തിലേക്ക് കുടിയേറ്റക്കാരായ മറ്റ് സംസ്ഥാനക്കാരായ പട്ടികജാതിക്കാരും ഇവിടെയുണ്ട്. ആദ്യകാലങ്ങളിൽ ഓരോ ജാതിക്കാരും ചെയ്തുവന്നിരുന്ന കുലത്തൊഴിലുകളിൽ പലതും ഇന്ന് അന്യംനിന്നുപോയിരിക്കുന്നു. അനുഷ്ഠാന കലകളിൽ നിന്നുള്ള വരുമാനത്തിലൂടെയാണ് മലയ, വണ്ണാൻ എന്നീ വിഭാഗക്കാർ ജീവിക്കുന്നത്. എന്നാൽ, ചെറുപ്പക്കാർ പുതിയ തൊഴിൽമേഖല കണ്ടെത്താൻ ശ്രമിച്ച് പരാജയപ്പെട്ട് പോകുന്ന കാഴ്ച സാധാരണയാണ്. കൃഷിപണിയിൽ ഏർപ്പെട്ട പുലയ ജാതിക്കാർക്ക് നെൽകൃഷി ആദായകരമല്ലാതായ അവസ്ഥയിൽ തൊഴിൽ ലഭിക്കാതായിരിക്കുന്നു. പായ നെയ്ത്, കുട്ട മടയൽ എന്നീ പരമ്പരാഗത തൊഴിൽ ഏതാനും കുടുംബങ്ങൾ മാത്രം ചെയ്തു വരുന്നു.

എടക്കാട് പഞ്ചായത്തിൽ 334 പട്ടികജാതി വീടുകളാണ് ഉള്ളത്. രണ്ടുഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ട്. അവേര ഹരിജൻ കോളനിയും തോട്ടമസ്ദുർ കോളനിയും മാളികപ്പറമ്പിലെ ഹരിജൻകേന്ദ്രം ഒരു കോളനിയായി അംഗീകരിക്കണമെന്ന ആവശ്യം പലപ്പോഴായി ഉയർന്നുവന്നതാണ്. ഒമ്പതാം വാർഡിലും 10–ാം വാർഡിലും ധാരാളം പട്ടികജാതിക്കാർ ഉണ്ടെങ്കിലും അവ പ്രത്യേകം കോളനികളായി അംഗീകരിക്കപ്പെട്ടിട്ടില്ല.

കണ്ണൂർ ബസ് സ്റ്റാൻഡു നിൽക്കുന്ന സ്ഥലത്ത് ചെറിയ കുടിലുകൾ കെട്ടി പാർത്തിരുന്ന നൂറോളം കുടുംബക്കാരെ അടിയന്തരാവസ്ഥക്കാലത്ത് കണ്ണൂർ ജില്ലാ കളക്ടർ തോട്ടട അഭയനികേതൻവക സ്ഥലത്ത് കൊണ്ടുവന്ന് പാർപ്പിച്ചു. രണ്ടുസെന്റ് സ്ഥലം വീതം ഓരോ കുടുംബത്തിനും കൊടുത്തും. ഈ കോളനിയിലെ താമസക്കാരുടെ പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ബഹുജനശ്രദ്ധ ഈ വിഷയത്തിലേക്ക് ആകർഷിക്കുന്നതിനും ശ്രീ. എ.പി. കൃഷ്ണൻ വഹിച്ച പങ്ക് എടുത്തു പറയേണ്ട

താണ്. 13–ാം വാർഡിൽ തോട്ടട കിഴുന്ന റോഡിന്റെ പടിഞ്ഞാറുഭാഗത്തായി ഈ കോളനി സ്ഥിതി ചെയ്യുന്നു. തമിഴ്, തെലുങ്ക് ഭാഷകൾ സംസാരിക്കുന്ന ചക്കിലിയ വിഭാഗത്തിൽപെട്ട ചെരുപ്പ് പണിക്കാരാണ് ഇവരിൽ കുറെ കുടംബക്കാർ. കൈരേഖാശാസ്ത്രം തൊഴിലായി സ്വീകരിച്ച മറാത്തി സംസാരിക്കുന്ന 20ഓളം കുടുംബങ്ങളും ഉണ്ട്. ബാക്കിയുള്ളവർ മലയാളികൾ തന്നെയാണ്. ഇപ്പോൾ 84 വീടുകളിലായി 362 പേർ ഇവിടെ താമസിക്കുന്നു. 190 പുരുഷൻമാരും 172 സ്ത്രീകളും. പാർപ്പിടങ്ങളെല്ലാം കുടിലുകളാണ്. ഇതിൽ 7 എണ്ണം ഓടുമേഞ്ഞതും ബാക്കിയെല്ലാം ഓലമേഞ്ഞതും ആണ്. 6 വീടുകളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. ഒരാൾക്കും സ്ഥലത്തിന്റെ പട്ടയം കൊടുത്തിട്ടില്ല. പട്ടയം കൊടുക്കേണ്ടത് സ്വന്തം സ്ഥലവും വീടുമാണെന്ന സുരക്ഷിതത്വബോധത്തിന് അത്യാവശ്യമാണ്. കോളനിയോടു തൊട്ടടുത്ത് തന്നെ ധാരാളം ഏക്ര വെറുതെ സ്ഥലം അഭയനികേതന്റേതായി വൈദ്യുതി കിടക്കുന്നുണ്ട്. അതിൽ ഒരു ഭാഗം സ്ഥലം കോളനി നിവാസികൾക്ക് പതിച്ചു കൊടുക്കാവുന്നതാണ്.

സ്കൂൾ പ്രായത്തിലുള്ള നൂറോളം കുട്ടികൾ ഉണ്ടെങ്കിലും 50 കുട്ടികൾ മാത്രമേ സ്കൂളിൽ പോകുന്നുള്ളൂ. ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്നവർ 3 പേർ മാത്രം. ഇതുവരെ ആയി ആരും തന്നെ എസ്.എസ്.എൽ.സി. പാസ്സായിട്ടില്ല. കോളനിയിൽ രണ്ട് കിണറുകളും ഒരു കുഴൽ കിണറുമാണുള്ളത്. വേനൽക്കാലത്ത് കിണറുകളിലെ വെള്ളം വറ്റുന്നതിനാൽ ജലക്ഷാമം രൂക്ഷമാണ്.

ഏറ്റവും വലിയ നിർഭാഗ്യം 362 ആളുകൾക്ക് ഒരു കക്കൂസ് പോലും ഇല്ല എന്നുള്ളതാണ്. അടുത്തുള്ള പറമ്പുകളിൽ പോയി കോളനി നിവാസികൾ വിസ ജ്ജനം ചെയ്യുന്നത് ഒരു സാമൂഹ്യ പ്രശ്നമായി വളരുകയാണ്. അടുത്ത രണ്ട് പറമ്പുകളിൽ അന്ധരുടെ പുനരധിവാസകേന്ദ്രവും മന്ദബുദ്ധികളായ കുട്ടികളുടെ 'ആശ്രയ' എന്ന വിദ്യാലയവും വന്നതോടെ എല്ലാവരും സൂരജ് ടാക്കീസിന് പുറകിലുള്ള പാറ പ്രദേശമാണ് ഉപയോഗിക്കുന്നത്. അവിടെയും എന്തെങ്കിലും സ്ഥാപനം വന്നാലുള്ള അവസ്ഥ ആലോചിക്കാൻ പോലും കഴിയാത്തതാണ്. അവിടെ ഹൗസിംങ്ങ് കോളനിയുടെ പണി നടന്നു കൊണ്ടിരിക്കുകയാണ്. ഇത് വിഷമങ്ങൾ വർധിപ്പിച്ചിരിക്കുകയാണ്. റോഡുകളും വഴിയോരങ്ങളും വൃത്തികേടാക്കി കോളറ മുതലായ മഹാരോഗങ്ങൾക്ക് ഇടവരുത്താതെ ശ്രദ്ധിക്കേണ്ടത്. സാമൂഹ്യബോധമുള്ള നാട്ടുകാരുടെയും പഞ്ചായത്തിന്റെയും അടിയന്തിര ആവശ്യമാണ് ആരോഗ്യ ഡിപ്പോർട്ടുമെന്റുമായി ആലോചിച്ച് കോളനിക്കാരുടെ കക്കൂസ് പ്രശ്നം എത്രയും വേഗം പരിഹരിക്കേണ്ടത് മുൻഗണന ലിസ്റ്റിൽ പ്രഥമസ്ഥാനം അർഹിക്കുന്ന പ്രശ്നമാണ്.

ഇവരിൽ കുറെ പുരുഷന്മാർ ചെരുപ്പ് പണി, കൂലി പണി ചുമട്ട് പണി എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. കുറെ സ്ത്രീകൾ വീടുകളിൽ പണിക്ക് പോകുന്നുണ്ട്. എന്നാൽ ഒരു തൊഴിലുമില്ലാത്ത ഇരുനൂറോളം പേർ മുതിർന്ന കുട്ടികൾ ഉൾപ്പെടെ കോളനിയിലുണ്ട്. ഇവർക്ക് തൊഴിൽ കണ്ടെത്തികൊടുത്തില്ലെങ്കിൽ സാമൂഹ്യവിരുദ്ധരായി തീരാനുള്ള സാധ്യത തള്ളിക്കളഞ്ഞുകൂട. തുകൽ പണികൾ, ബാഗ്, പ്ലാസ്റ്റിക്ക് മടയൽ തുടങ്ങിയ പണികൾ ആലോചിക്കാവുന്നതാണ്. അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുകയും നിർമ്മിത വസ്തുക്കൾ വിറ്റഴിക്കുകയും ചെയ്യുന്നതിന് ഒരു സഹകരണ സ്ഥാപനം തുടങ്ങുന്നത് നന്നായിരിക്കും.

അതുപോലെ കോളനിനിവാസികളെ മുഴുവൻ സാക്ഷരരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വിനോദത്തിനും വിജ്ഞാനത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കേണ്ടതുമാണ്. ക്ലബ്ബ്, വായനശാല, സാംസ്കാരിക കേന്ദ്രം മുതലായവ ആരംഭിക്കാൻ സാധിക്കുകയാണെങ്കിൽ അത് വലിയ അനുഗ്രഹമായിരിക്കും. ഇവയുടെ നിർമ്മാണത്തിന് വേണ്ട ശ്രമദാനങ്ങൾ കോളനി നിവാസികളെക്കൊണ്ട് തന്നെ നിർവ്വഹിപ്പിക്കുവാൻ കഴിയുന്നതാണ്.

വിദ്യാഭ്യാസരംഗത്ത് ഹരിജൻ കോളനിയിലും കോളനിയിലല്ലാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പട്ടികജാതിക്കാരുടെയും നില തീരെ തൃപ്തികരമല്ല. കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളിൽ ഏറിയ പങ്കും ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. എസ്.എസ്.എൽ.സി. കഴിഞ്ഞാൽ ഉപരിപഠനത്തിനായി യത്നിക്കുന്നില്ല. നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളെ പറ്റിവേണ്ടത്ര അറിവില്ല. അതുകൊണ്ടുതന്നെ ഉന്നമനത്തിനുള്ള പദ്ധതികളൊന്നും അവരുടെ പടിക്കലെത്തുന്നില്ല. അഭ്യസ്ത വിദ്യരായ

വരിൽതന്നെ തൊഴിലില്ലായ്മ പ്രശ്നവുമുണ്ട്. പരമ്പരാഗത തൊഴിലുകളായ പായമടയൽ കുട്ടനിർമ്മാണം മുതലായവയിൽ ഏർപ്പെടുന്നവർ താരതമ്യേന കുറവാണ്. പ്രധാനമായും കൃഷിപണിയിലും നിർമ്മാണ തൊഴിലിലുമാണ് ഈ വിഭാഗക്കാർ ഏർപ്പെടുന്നത്. സ്വയം തൊഴിലിനുള്ള ഏർപ്പാടുകളെക്കുറിച്ച് വേണ്ടത്ര അറിവില്ല. ആത്മവിശ്വാസമില്ലാത്തതും ഇവരുടെ ഒരു പ്രശ്നമാണ്.

മലയവിഭാഗത്തിൽപ്പെട്ട പലരും തെയ്യം കലാകാരന്മാരായുണ്ട്. ചിലർ കൂലിപ്പണിയിലും മറ്റ് ചിലർ ബീഡി പണിയിലും ഏർപ്പെട്ട് ഉപജീവനം കഴിയുന്നു. പത്താം വാർഡിൽ ചന്ദ്രൻ വിദഗ്ധനായ ഒരു നാദസ്വര കലാകാരനാണ്. 6-ാം വാർഡിലെ ചന്തുക്കുട്ടി പ്രസിദ്ധനായ ഒരു തെയ്യം കലാകാരനാണ്. ജാതീയമായ ഉച്ചനീചത്വങ്ങൾ പ്രകടമായി ഇവിടെ കാണാനില്ല. സ്വാതന്ത്ര്യ സമരകാലത്ത് തന്നെ അയിത്തത്തിനെതിരായുള്ള സമരം ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഊർപ്പഴശി അമ്പലത്തിൽ ഹരിജനങ്ങളെ പ്രവേശിപ്പിക്കുന്നതിനുവേണ്ടി മാർച്ച് നടത്തിയിട്ടുണ്ട്. മറ്റു ചില ക്ഷേത്രങ്ങളിലേക്ക് കൂടി ക്ഷേത്രപ്രവേശന ജാഥ നടന്നിട്ടുണ്ട്. കുറുവയിൽ മിശ്ര ജാതിക്കാരുടെ പന്തിഭോജനം നടന്നതായി അറിവുണ്ട്. ക്ഷേത്രോത്സവം, മറ്റ് സാമൂഹ്യച്ചടങ്ങുകൾ എന്നിവയിലൊന്നും പ്രത്യക്ഷമായ വിവേചനമില്ല. സ്വന്തമായി ഇവരിൽ പലർക്കും ഭൂമിയില്ല. ഹരിജൻ കോളനിയിൽ പലതിലും ആവശ്യത്തിന് കക്കൂസുകളോ ശുദ്ധജല വിതരണ പദ്ധതികളോ ഇല്ല. ഈ അടിയന്തിര ആവശ്യങ്ങൾ എത്രയും വേഗം നിറവേറ്റപ്പെടേണ്ടതുണ്ട്. ശുദ്ധജല വിതരണത്തിന്റെ അഭാവത്തിൽ ജലജന്യരോഗങ്ങൾ ഭീഷണി ഉയർത്താറുണ്ട്.

ഗൃഹനിർമ്മാണത്തിന് വളരെ തുച്ഛമായ സഹായം മാത്രമാണ് ഇവർക്ക് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ പലർക്കും പൂർത്തീകരിക്കാൻ കഴിയുന്നില്ല. കൃത്യമായ വരുമാനമാർഗമില്ലാത്തതുകൊണ്ട് കടക്കെണിയിൽ വീഴുകയും ചെയ്യുന്നു.

ഇവരിലെ കലാപരമായ കഴിവുകൾ ഉപയോഗപ്പെടുത്തുകയും സാംസ്കാരിക പ്രവർത്തനങ്ങളുമായി ഇവരെ ബന്ധിപ്പിക്കുകയും വേണം.

**ആകെ വിദ്യാർത്ഥികളിൽ പട്ടികജാതി ശതമാനം**

| | ആകെ വിദ്യാർത്ഥികൾ | SC/ST | ശതമാനം |
|---|---|---|---|
| LP | 1184 | 58 | 4.89 |
| UP | 2394 | 74 | 3.09 |
| HS | 647 | 17 | 2.62 |

പട്ടിക-1 അവലംബം ദ്വതീയ വിവരശേഖരണം

## പ്രശ്നങ്ങൾ :-

1. തൊഴിലില്ലായ്മ പ്രശ്നം
2. വിദ്യാഭ്യാസാനുകൂല്യങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. കൊഴിഞ്ഞുപോക്കും ഈ വിഭാഗത്തിലാണ് കൂടുതൽ.
3. വീട് വെക്കാൻ സ്വന്തമായ സ്ഥലമോ വീട് നിർമ്മാണം പൂർത്തിയാക്കാൻ മതിയായ സാമ്പത്തിക സഹായമോ ലഭിക്കുന്നില്ല.
4. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ല.
5. ആരോഗ്യ പരിപാലനത്തിന് മതിയായ സൗകര്യമില്ല.
6. സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള വായ്പാ പദ്ധതികൾ നിയമത്തിന്റെ ഊരാക്കുടുക്കുകൾ നിമിത്തം പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു.
7. ശുദ്ധജലം, വൈദ്യുതി മുതലായവ എല്ലാ കോളനികൾക്കും എല്ലാ വീടുകൾക്കും ലഭ്യമാകുന്നില്ല.

## സാദ്ധ്യതകൾ

1. കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജലവിതരണത്തിൽ പട്ടികജാതി കോളനികൾക്ക് മുൻഗണന കൊടുക്കുക.
2. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക. അവയ്ക്കുള്ള വിപണന കേന്ദ്രങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
3. പട്ടികജാതി സർവ്വീസ് സഹകരണ സംഘം സ്ഥാപിക്കുക.
4. പാരമ്പര്യ തൊഴിലുകളിൽ ചെറുകിട യന്ത്രങ്ങൾ നടപ്പിലാക്കുക
5. വിദ്യാഭ്യാസരംഗത്ത് കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിന് ബോധപൂർവ്വമായ ശ്രമം വേണം.
6. റോഡുകളുടെ നിർമ്മാണവും സംരക്ഷണവും
7. കോളനികളോടനുബന്ധിച്ച് വായനാ കേന്ദ്രങ്ങൾ സ്ഥാപിക്കുക.



# വിഭവസമാഹരണം

വികസനപ്രവർത്തനങ്ങൾക്ക് ഏറ്റവും വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ആവശ്യമായ വിഭവമില്ല എന്നുള്ളതാണ്. ആസൂത്രണത്തിന്റെ ആവശ്യം തന്നെ ഉണ്ടാകുന്നത് ഗ്രാമത്തിന്റെ ആവശ്യങ്ങൾ കൂടുതലും വിഭവങ്ങൾ കുറവുമായതുകൊണ്ടാണ്. മതിയായ വിഭവങ്ങൾ സമാഹരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ നമ്മുടെ പഞ്ചായത്തിന് കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യാനും അവ വിജയകരമായി പൂർത്തിയാക്കാനും കഴിയുമായിരുന്നു. പക്ഷെ, നികുതി വഴിയും അല്ലാതെയും സ്വരൂപിക്കുന്ന ധനം ഭരണച്ചെലവുകളും മറ്റു ചെലവുകളും കഴിയുമ്പോൾ തന്നെ സിംഹഭാഗവും തീരുന്നതായി കാണാൻ കഴിയുന്നതാണ്. ഇതിനു പരിഹാരമായി കൂടുതൽ വിഭവങ്ങൾ സമാഹരിക്കാൻ നമുക്ക് കഴിയേണ്ടതാണ്. ചെലവുകൾ വളരെ കുറയ്ക്കാൻ കഴിയില്ല എന്നതുകൊണ്ട് വിഭവസമാഹരണം വളരെയധികം പ്രാധാന്യമർഹിക്കുന്നു. കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി മുതലായവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ. കെട്ടിട നികുതി ഇപ്പോൾതന്നെ വിമർശന വിധേയമാവുകയാണ്. അതിൽ വളരെയൊന്നും വർധനവ് വരുത്തിക്കൊണ്ട് വിഭവ സമാഹരണം സാധ്യമല്ല. എന്നാൽ, അപാകതകൾ പരിഹരിക്കാൻ ശ്രമിച്ചാൽ നിസാരമല്ലാത്ത വർധനവ് ഉണ്ടാക്കാൻ കഴിയും. അതുപോലെ ലൈസൻസ് ഫീസുകൾ കാര്യക്ഷമമാക്കിയാൽ ആ ഇനത്തിലും വർധനവ് ഉണ്ടാക്കാൻ കഴിയുന്നതാണ്. തൊഴിൽ നികുതി ഗവ. ഉദ്യോഗസ്ഥരും സഹകരണ ജീവനക്കാരും മാത്രമാണ് കൃത്യമായി നൽകുന്നത്. തൊഴിൽ ചെയ്യുന്ന എല്ലാ ആളുകളെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരികയും കൂടുതലായി വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ തുടങ്ങാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിന് പഞ്ചായത്ത് മുൻകൈയെടുക്കുകയും ചെയ്താൽ ഈ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർധിപ്പിക്കാൻ കഴിയുന്നതാണ്. പിന്നെയുള്ള ഏറ്റവും ഫലപ്രദമായ വരുമാന മാർഗമാണ് വിനോദ നികുതി.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ രണ്ട് സിനിമാ തിയേറ്ററുകളാണ് ഉണ്ടായിരുന്നത്. ഒന്ന് തോട്ടടയിലും മറ്റൊന്ന് ചാലയിലും. നല്ല വരുമാനമുണ്ടായിരുന്ന ചാലയിലെ തിയേറ്റർ പ്രവർത്തിക്കാതായിട്ട് വർഷങ്ങളായി. അത് വീണ്ടും പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ ഒരു ഇടപെടൽ നടത്തിയാൽ അത് പഞ്ചായത്തിന്റെ വിഭവസമാഹരണപ്രവർത്തനത്തിന് ഏറ്റവും നല്ല ഒരു മുതൽക്കൂട്ടായിരിക്കും. അതുപോലെ നമ്മുടെ പഞ്ചായത്തിന്റെ വിസ്തൃതവും സുന്ദരവുമായ സമുദ്രതീരം ഗ്രാമപ

ഞ്ചായത്ത് മുൻകൈയെടുത്ത് മത്സ്യബന്ധനത്തിനും ടൂറിസത്തിനും ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിന് അത് നല്ലൊരു വരുമാന മാർഗവും കൂടിയായിരിക്കും.

പുറമ്പോക്കായി കിടക്കുന്നതും മത്സ്യകൃഷിക്കും തൊണ്ട് പൂഴ്ത്തുന്നിതനും ഉപയോഗപ്പെടുത്താവുന്നതുമായ സ്ഥലങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഉണ്ട്. അവ ഉപയോഗപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുകയും അത്തരം സ്ഥലങ്ങൾ ലീസിന് കൊടുക്കുകയും ചെയ്തുകൊണ്ട് വിഭവ സമാഹരണം നടത്താവുന്നതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ പ്രധാന കാർഷിക വിളവുകളായ തേങ്ങ, അടക്ക്, കശുമാവ്, ചക്ക മുതലായവ സംസ്കരിച്ച് ഉല്പന്നങ്ങളാക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകിയാൽ കൂടുതൽ തൊഴിലവസരങ്ങളും വിഭസമാഹരണവും സാധ്യമാകുന്നതാണ്.

കല്ലുമ്മക്കായ വളർത്തൽ, കൂൺകൃഷി മുതലായവ ശാസ്ത്രീയമായി പ്രോത്സാഹിപ്പിച്ചാൽ തൊഴിലവസരങ്ങളുണ്ടാക്കാനും വിഭവസമാഹരണത്തിനും സാധ്യതയുണ്ട്.

ഇതൊക്കെ ചെയ്തു കഴിഞ്ഞാലും പഞ്ചായത്തിന് ആവശ്യമായ വിഭവങ്ങൾ സമാഹരിക്കാൻ കഴിയുകയില്ല. ഈ അപര്യാപ്തത പരിഹരിക്കുന്നതിന് യുവജനങ്ങളുടെ കർമ്മശേഷി പ്രയോജനപ്പെടുത്താവുന്നതാണ്. തോട് ആഴം കൂട്ടൽ, ശുദ്ധജല ആവശ്യത്തിനും കൃഷി ആവശ്യത്തിനും കുളങ്ങളും കിണറുകളും കുഴിക്കൽ റോഡ് നിർമാണം, ഓവുചാൽ നിർമാണം, പൊതു കക്കൂസ് നിർമാണം എന്നീ മേഖലകളിൽ ഒരു നിശ്ചിത ശതമാനം മനുഷ്യാധ്വാനം സമാഹരിച്ചുകൊണ്ട് വിഭവ സമാഹരണം നടത്താവുന്നതാണ്. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിദേശ മലയാളികളിൽനിന്നും ലാഭകരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി വിഭവസമാഹരണം നടത്താവുന്നതാണ്.

## എടക്കാട്

### 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

**Ref. C.B.**

| | | | |
|---|---|---|---|
| കെട്ടിട നികുതി | 393255 | - | 55 |
| സർവ്വീസ് ചാർജ്ജ് | 49160 | - | 41 |
| തൊഴിൽ നികുതി | 262208 | - | 00 |
| വിനോദ നികുതി | 18525 | - | 59 |
| അഡി. വിനോദനികുതി | 11193 | - | 61 |
| പ്രദർശന നികുതി | 2136 | - | 00 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ് | 534 | - | 00 |
| ലൈസൻസ് ഫീസ് | 14209 | - | 50 |
| വസ്തു കൈമാറ്റ നികുതി 75% | 92366 | - | 00 |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 8455 | - | 00 |
| ഡെപ്പോസിറ്റ് | 38142 | - | 00 |
| ലൈബ്രറി സെസ്സ് | 19609 | - | 03 |
| ആകെ | 909785 | - | 35 |

## എടക്കാട്

### 1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref. C.B.

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 384475-80 |
| പൊതുമരാമത്ത് | 256799-00 |
| വിദ്യാഭ്യാസം | 13556-00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 1520 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 68415-50 |
| മറ്റുള്ളവ | 44185-00 |
| ആകെ | 768951-60 |

### 1.25 പൊതുസാമ്പത്തിക നില

Ref. B

| | പൊതു കണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 1775463-68 | 400000 | 126168-37 |
| ചെലവ് | 1821143-84 | 200000 | 130835-95 |

### 1.26 പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ Ref. Work Bill Register

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 206917 | - | 206917 | 206917 |
| നടപ്പാലം | 15131 | - | 15131 | 15131 |
| ആകെ | 222048 | - | 222048 | 222048 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ വർധനവുണ്ടാകുന്നില്ല.
2. സർക്കാരിന്റെ സാമ്പത്തിക സഹായം വേണ്ടത്ര ലഭിക്കുന്നില്ല. അർഹമായ വിഹിതംപോലും യഥാസമയം ലഭിക്കുന്നില്ല.
3. ധനകാര്യ സ്ഥാപനങ്ങളുടെ ഫണ്ട് വികസന പദ്ധതികൾക്കായി ഉപയോഗിക്കുന്നില്ല.
4. മനുഷ്യാധ്വാനം സമാഹരിച്ച് വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നില്ല.
5. അൺ ടൈഡ് ഫണ്ടുകൾ പോലും ഉല്പാദന മേഖലയിലേക്ക് തിരിച്ചു വിടുന്നില്ല.

## സാധ്യതകൾ

1. നികുതി വരുമാനം വർധിപ്പിക്കുക
2. ഗ്രാന്റുകൾ യഥാസമയം ലഭ്യമാക്കാൻ ശ്രമിക്കുക.
3. ഗൾഫ് മലയാളികളുടെ സാമ്പത്തിക നിക്ഷേപം ആകർഷിക്കാൻ കഴിയുന്ന സ്കീമുകൾ തയാറാക്കുക.
4. ഷോപ്പിംഗ് കോംപ്ലക്സ് പോലെ സ്ഥിരവരുമാനമുള്ള ആസ്തികൾ നിർമിക്കുക.
5. പഞ്ചായത്തധീനതയിലുള്ള പുറമ്പോക്കിൽ നിന്നുള്ള മത്സ്യബന്ധന അവകാശം പാട്ടത്തിന് കൊടുക്കുക.
6. പൊതുമരാമത്ത് പ്രവർത്തികളിൽ കരാർ സമ്പ്രദായം കുറച്ച് കൊണ്ടു വരികയും ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നിനുള്ള സംവിധാനം രൂപപ്പെടുത്തുകയും ചെയ്യുക.
7. എല്ലാ നിർമാണ പ്രവർത്തികളിലും നിശ്ചിത ശതമാനം സന്നദ്ധ പ്രവർത്തനം സമാഹരിക്കുക.

## കേരളം




രാഷ്ട്രദീപിക പ്രസ് കണ്ണൂർ-4